# DEPARTMENT OF PRE – UNIVERSITY EDUCATION

# MALAYALAYAM

**First Year Pre-University Text Book**

# 2015-2016

## മലയാള മഞ്ജരി

ഒന്നാം വർഷ പ്രി–യൂണിവേഴ് സിറ്റി പാഠപുസ്തകം

# Malayalam Text Book

An anthology of Malayalam Poetry and Prose compiled by Text Book Committee, Constituted by the Department of PUE, Bangalore and Prescribed as a detailed text book for the First Year Pre-University Course.

First Published in the year 2013.

No.of Pages: 206

## Director’s Message

Dear Students,

We at the Department of Pre-university Education, Karnataka strive to empower each student to dream big and equip them with the tools that enable them to reach new heights and successfully deal with the challenges of life. As Swami Vivekananda said, "**Real education is that which enables one to stand on one's own legs**".

The course contents in this book are designed with the objective of equipping you well for the next level of study.

We wish you well on your journey and look forward to you becoming a responsible citizen of the nation and give back to the betterment of the society.

With best wishes,

Sd/-
**C. Shikha, IAS**
Director
Department of Pre University Education
Bengaluru

# Malayalam Text Book

An anthology of Malayalam Poetry and Prose and Non-detailed items in Malayalam, compiled by Text Book Committee, appointed by the Director, Department of PUE, Bangalore.

## Text Book Development Committee

## Committee Members


1. Prof.P.V. Kochubaby — Chair Person
   HOD Malayalam
   Teresian College
   Mysore – 570011

2. Sri.Babu.P — Member
   Lecturer in Malayalam
   St.Philomena's College
   Mysore -570015

## അധ്യാപകർക്ക്

ശുദ്ധമായ ഭാഷയിൽ ആശയവിനിമയത്തിന് പ്രീ–യൂണിവേഴ്സിറ്റി വിദ്യാർത്ഥികളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടെയാണ് കർണ്ണാടക പ്രീയൂണീവേഴ്സിറ്റി ബോർഡ് ഭാഷകൾക്കായുള്ള പാഠ്യപദ്ധതി ക്രമീകരിച്ചിട്ടുള്ളത്. സാഹിത്യവാസന വിദ്യാർത്ഥി കളിൽ വളർത്തേണ്ട ചുമതല സാധിച്ചെടുക്കേണ്ടത് പാഠപുസ്തകത്തിലൂടെയാണല്ലോ. ഈ ആശയങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് ഇതിലെ പദ്യഭാഗവും ഗദ്യഭാഗവും തെരഞ്ഞെടുത്തിട്ടുള്ളത്. നമ്മുടെ ഭാഷയിലുള്ള പ്രധാനപ്പെട്ട സാഹിത്യപ്രസ്ഥാനങ്ങളിലെ ഭാഗങ്ങൾ ഇതിൽ ഉൾക്കൊള്ളിക്കാൻ കഴിയുന്നത്ര ശ്രദ്ധിച്ചിട്ടുണ്ട്. ഓരോ പാഠവും പഠിക്കുന്ന അവസരത്തിൽ പ്രസ്തുത പ്രസ്ഥാനത്തെക്കുറിച്ചുള്ള അവബോധം വിദ്യാർത്ഥികൾക്ക് ഉണ്ടാവേണ്ടതാണ്. നമ്മുടെ ഭാഷയുടെ ക്രമികമായ വളർച്ച അതിലൂടെ വിദ്യാർത്ഥികൾ മനസ്സിലാക്കുകയും വേണം. ഭാഷാശാസ്ത്രാവബോധം എന്ന നിലയിൽ വൃത്തം, അലങ്കാരം, സന്ധി, സമാസം, തുടങ്ങിയവ പാഠങ്ങളുമായി ബന്ധപ്പെടുത്തി അപ്പപ്പോൾ മനസ്സിലാക്കിക്കൊടുക്കണം. ചർച്ച, രചന, തർജ്ജമ ഇവയും പഠനത്തിന്റെ ഭാഗമായി ഉൾക്കൊള്ളിക്കണം. ലൈബ്രറി പ്രയോജനപ്രദമാക്കുന്നതിൽ വിദ്യാർത്ഥി കളിൽ താൽപര്യം ജനിപ്പിക്കാനും ശ്രദ്ധിക്കണം. മറ്റു ഭാഷകളിലെ സാഹിത്യവുമായുള്ള സമ്പർക്കത്തിനും കുട്ടികൾക്ക് പ്രചോദനം നൽകണം.


പ്രൊഫ. പി.വി.കൊച്ചുബേബി
അധ്യക്ഷ
പാഠപുസ്തക രചനാസമിതി.

# ഉള്ളടക്കം

## പദ്യ വിഭാഗം


| | | |
|---|---|---|
| ലക്ഷ്മണോപദേശം | എഴുത്തച്ഛൻ | 1-09 |
| വേണുഗാനം | ചെറുശ്ശേരി | 10-15 |
| കർമ്മഭൂമിയുടെ പിഞ്ചുകാൽ | വള്ളത്തോൾ | 16-23 |
| സഹതാപം | ബാലാമണിയമ്മ | 24-28 |
| ഇന്നു ഞാൻ നാളെ നീ | ജി. ശങ്കരക്കുറുപ്പ് | 29-34 |
| വാടകവീട്ടിലെ വനജ്യോത്സ്ന | ഒ.എൻ.വി. കുറുപ്പ് | 35-42 |


## ഗദ്യ വിഭാഗം


| | | |
|---|---|---|
| ഹാസ്യത്തിന്റെ ഉൽപത്തി | എം.പി. പോൾ | 43-51 |
| ഏകലോകത്തിലേക്ക് | സുകുമാർ അഴീക്കോട് | 52-62 |
| ജന്തു ശാസ്ത്രം എന്തിന്? | ഡോ. കെ ഭാസ്കരൻ നായർ | 63-73 |
| കരുണ | എം.വി സീതാരമയ്യ | 74-89 |
| മറക്കാത്ത നിമിഷങ്ങൾ | വി.ടി ഭട്ടതിരിപ്പാട് | 90-110 |
| ഭാഷാപ്രശ്നം | പി.കെ പരമേശ്വരൻ നായർ | 111-121 |


## ഉപപാഠ വിഭാഗം


| | | |
|---|---|---|
| കഡുഗണ്ണാവ: ഒരു യാത്രാക്കുറിപ്പ് | എം.ടി. വാസുദേവൻ നായർ | 122-156 |
| ഏകലവ്യൻ | പറവൂർ ജോർജ്ജ് | 157-174 |
| പ്രകൃതിരമണീയമായ സ്വിറ്റ്സർലണ്ടിൽ | എസ്.കെ. പൊറ്റക്കാട്ട് | 175-186 |
| പുഴ പുഴയാകുന്നതെപ്പോൾ | പി.എൻ ദാസ് | 187-194 |

# ലക്ഷ്മണോപദേശം

**എഴുത്തച്ഛൻ**

‘വത്സ സൗമിത്രേ! കുമാര! നീ കേൾക്കണം
മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ
നിന്നുടെ തത്വമറിഞ്ഞിരിക്കുന്നതു
മുന്നമേ ഞാനെടോ, നിന്നുള്ളിലെപ്പോഴും
എന്നെക്കുറിച്ചുള്ള വാത്സല്യപൂരവും
നിന്നോളമില്ല മറ്റാർക്കുമെന്നുള്ളതും
നിന്നാലസാദ്ധ്യമായില്ലൊരു കർമ്മവും
നിർണ്ണയമെങ്കിലുമൊന്നിതു കേൾക്ക നീ.
ദൃശ്യമായുള്ളൊരു രാജ്യദേഹാദിയും
വിശ്വവും നിശ്ശേഷധാന്യധനാദിയും
സത്യമെന്നാകിലേ തൽപ്രയാസം തവ
യുക്ത മതല്ലായ്കിലെന്തതിനാൽ ഫലം?
ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം
വേഗേന നഷ്ടമാമായുസ്സുമോർക്ക നീ.
വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
ചക്ഷുശ്രവണഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിന്നപേക്ഷിക്കുന്നതു പോലെ
കാലാഹിനാ പരിഗ്രസ്തമാം ലോകവു–
മാലോലചേതസാ ഭോഗങ്ങൾ തേടുന്നു.
പുത്രമിത്രാർത്ഥകളത്രാദിസംഗമ–
മെത്രയുമല്പകാലസ്ഥിതമോർക്ക നീ

പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ്കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
മെത്രയും ചഞ്ചലമാലയസംഗമം
ലക്ഷ്മിയുമസ്ഥിരയല്ലോ മനുഷ്യർക്കു
നിൽക്കുമോ യൗവനവും പുനരധ്രുവം?
സ്വപ്നസമാനം കളത്രസുഖം നൃണാ-
മല്പമായുസ്സും നിരൂപിക്ക ലക്ഷ്മണാ!
രാഗാദിസങ്കലമായുള്ള സംസാര-
മാകെ നിരൂപിക്കിൽ സ്വപ്നതുല്യം സഖേ!
ഓർക്ക ഗന്ധർവനഗരസമമതിൽ
മൂർഖന്മാർ നിത്യമനുക്രമിച്ചീടുന്നു
ആദിത്യദേവനുദിച്ചിതു വേഗേന
യാദഃപതിയിൽ മറഞ്ഞിതു സത്വരം
നിദ്രയും വന്നിതു ദയശൈലോപരി
വിദ്രുതം വന്നിതു പിന്നെയും ഭാസ്ക്കരൻ.
ഇത്ഥം മതിഭ്രമമുള്ളോരു ജന്തുക്കൾ
ചിത്തേ വിചാരിപ്പതില്ല കാലാന്തരം
ആയുസ്സുപോകുന്നതേതുമറിവില്ല
മായാസമുദ്രത്തിൽ മുങ്ങിക്കിടക്കയാൽ.
വാർദ്ധക്യമോടു ജരാനരയുംപൂണ്ടു
ചീർത്ത മോഹേന മരിക്കുന്നിതു ചിലർ.
നേത്രേന്ദ്രിയം കൊണ്ടുകണ്ടിരിക്കെ പുന-
രോർത്തറിയുന്നീല മായതൻ വൈഭവം
ഇപ്പോളിതു പകൽ പില്പാടു രാത്രിയും

പില്പാടു പിന്നെപ്പകലുമുണ്ടായ് വരും.

ഇപ്രകാരം നിരൂപിച്ചു മൂഢാത്മക്കൾ

ചിൽപുരുഷൻ ഗതിയേതുമറിയാതെ

കാലസ്വരൂപനാമീശ്വരൻ തന്നുടെ

ലീലാവിശേഷങ്ങളൊന്നുമോരായ്കയാൽ

ആമകുംഭാംബുസമാനമായുസ്സുടൻ

പോമതേതും ധരിക്കുന്നതില്ലാരുമേ.

രോഗങ്ങളായുള്ള ശത്രുക്കളും വന്നു

ദേഹം നശിപ്പിക്കുമേവനും നിർണ്ണയം.

വ്യാഘ്രിയെപ്പോലെ ജരയുമടുത്തുവ–

ന്നാക്രമിച്ചീടും ശരീരത്തെ നിർണ്ണയം.

മൃത്യുവും കൂടൊരു നേരം പിരിയാതെ

ഛിദ്രവും പാർത്തുപാർത്തുള്ളിലിരിക്കുന്നു.

ദേഹം നിമിത്തമഹംബുദ്ധി കൈക്കൊണ്ടു

മോഹം കലർന്നു ജന്തുക്കൾ നിരൂപിക്കും

ബ്രാഹ്മണോഹം നരേന്ദ്രോഹമാഢ്യോഹമെ–

ന്നാമ്രേഡിതം കലർന്നീടും ദശാന്തരേ.

ജന്തുക്കൾ ഭക്ഷിച്ചു കാഷ്ഠിച്ചു പോകിലാം

നന്നല്ല ദേഹം നിമിത്തം മഹാമോഹം.

ത്വങ്മാംസരക്താസ്ഥി വിൺമൂത്ര രേതസാം

സമ്മേളനം പഞ്ചഭൂതകനിർമ്മിതം

മായാമയമായ് പരിണാമിയായൊരു

കായം വികാരിയായുള്ളോന്നിതധ്രുവം

ദേഹാഭിമാനം നിമിത്തമായുണ്ടായ

മോഹേന ലോകം ദഹിപ്പിച്ചതിന്നു നീ

മാനസതാരിൽ നിരൂപിച്ചതും ത

ജ്ഞാനമില്ലായ്കയെന്നറിക നീ ലക്ഷ്മണ!

ദോഷങ്ങളൊക്കവേ ദേഹാഭിമാനിനാം

രോഷേണ വന്നു ഭവിക്കുന്നിതോർക്ക നീ.

ദേഹോഹമെന്നുള്ള ബുദ്ധി മനുഷ്യർക്കു

മോഹമാതാവാമവിദ്യയാകുനതും

ദേഹമല്ലോർക്കിൽ ഞാനായതാത്മാവെന്നു

മോഹൈകഹന്ത്രിയായുള്ളതു വിദ്യ കേൾ.

സംസാരകാരിണിയാതവിദ്യയും

സംസാരനാശിനിയായതുവിദ്യയും

ആകയാൽ മോക്ഷാർത്ഥിയാകിൽ വിദ്യാഭ്യാസ–

മേകാന്ത ചേതസാ ചെയ്ക വേണ്ടുന്നതും

തത്ര കാമക്രോധലോഭമോഹാദികൾ

ശത്രുക്കളാകുന്നതെന്നുമറിക നീ.

മുക്തിക്കു വിഘ്നം വരുത്തുവാനെത്രയും

ശക്തിയുള്ളോന്നതിൽ ക്രോധമറികെടോ

മാതാപിതൃഭ്രാതൃമിത്ര സഖികളെ

ക്രോധം നിമിത്തം ഹനിക്കുന്നിതു പുമാൻ.

ക്രോധമൂലം മനസ്താപമുണ്ടായ് വരും

ക്രോധമൂലം നൃണാം സംസാരബന്ധനം.

ക്രോധമല്ലോ നിജധർമ്മക്ഷയകരം

ക്രോധം പരിത്യജിക്കേണം ബുധജനം

ക്രോധമല്ലോ യമനായതു നിർണ്ണയം

**തുഞ്ചത്തെഴുത്തച്ഛൻ:**

പഴയ മലബാർ പ്രദേശത്ത് പൊന്നാനി താലൂക്കിൽപ്പെട്ട തൃക്കണ്ടിയൂരിലെ തുഞ്ചൻ പറമ്പ് എന്ന സ്ഥലത്തായിരുന്നു എഴുത്തച്ഛന്റെ ജനനം. അദ്ദേഹത്തിന്റെ ജീവിതകാലത്തെക്കുറിച്ച് തിട്ടമായി ഒന്നും പറയാൻ കഴിയില്ല. എങ്കിലും, കൊല്ലവർഷം 600 മാണ്ടിനിടക്ക് എന്ന് കരുതപ്പെടുന്നു. എഴുത്തച്ഛന്റെ കാലം കണക്കാക്കുവാനുതകുന്ന ഒരു സംഗതി, കിളിപ്പാട്ടുകൾക്കുണ്ടായ പ്രചാരമാണ്. 17 ാം നൂറ്റാണ്ടോടു കൂടി കിളിപ്പാട്ടുകൾ ധാരാളമായി ആവിർഭവിക്കാൻ തുടങ്ങി. അതുകൊണ്ട് പതിനാറാം ശതകത്തിൽ എഴുത്തച്ഛൻ ജീവിച്ചിരുന്നു എന്ന് അനുമാനിക്കാം. പതിനാറാം നൂറ്റാണ്ടു വരെ പാട്ട്, മണിപ്രവാളം എന്നീ വ്യത്യസ്തസരണികളിലൂടേ ഒഴുകിയിരുന്ന മലയാള കവിത എഴുത്തച്ഛന്റെ കവിതകളിലാണ് പരസ്പരം അലിഞ്ഞു ചേർന്ന് തനതായ ഒരു പ്രൗഢരൂപം കൈവരിക്കുന്നത്. ആധുനിക മലയാളഭാഷയുടെ പിതാവായി എഴുത്തച്ഛനെ നാം വാഴ്ത്തുന്നത് അതുകൊണ്ടാണ്. തന്റെ കാവ്യസപര്യയിലൂടെ കേരളത്തിന്റെ ആത്മശക്തിയെ ഉന്നമിപ്പിക്കുവാൻ ശ്രമിച്ച ആചാര്യനാണ് തുഞ്ചത്തെഴുത്തച്ഛൻ. അതിന് അദ്ദേഹം കണ്ടെത്തിയ മാർഗ്ഗം ജനഹൃദയങ്ങളെ ഈശ്വരോന്മുഖമാക്കുക എന്നതായിരുന്നു. ഇങ്ങനെ ഭക്തി മാർഗ്ഗത്തിലൂടെ നമ്മെ ചരിപ്പിക്കുന്നവയാണ് അദ്ദേഹത്തിന്റെ പരധാന കാവ്യങ്ങളായ അദ്ധ്യാത്മ രാമായണവും മഹാഭരതവും. അവയിൽ അദ്ദേഹം അവതരിപ്പിച്ച കിളിപ്പാട്ട് രീതി ഒരു പുതിയ കാവ്യപ്രസ്ഥാനതിന് തുടക്കം കുറിച്ചു എന്നതും ശ്രദ്ധേയമാണ്.

ശ്രീരാമന്റെ അഭിഷേക വിഘ്നത്തെ തുടർന്ന് അയോധ്യയിലാകമാനം അമ്പരപ്പും ഉൽക്കണ്ഠയും ഉളവായി. പുത്രന്റെ വനവാസത്തെ ചൊല്ലിയുള്ള കൗസല്യയുടെ വേദനയും പതിയുടെ കൂടെ വനത്തിൽ പോകാനുള്ള സീതയുടെ തീരുമാനവും അറിഞ്ഞതിന് ശേഷം ലക്ഷ്മണൻ അസാധാരണമാം വിധം വികാരാധീനനാകുന്നു. പിതാവിന്റെ

തീരുമാനത്തിൽ അദ്ദേഹം ഏറ്റവുമധികം രോഷം കൊണ്ടു. ആ അവസരത്തിൽ സമചിത്താത കൈവിടാതെ ശ്രീരാമൻ ലക്ഷ്മണനെ ഉപദേശിക്കുന്ന ഭാഗമാണ് താഴെ കൊടുത്തിരിക്കുന്ന കവിതാഭാഗം. രാമായണത്തിലെ അയോധ്യാ കാണ്ഡത്തിൽ നിന്നാണ് ഇത് എടുത്തിട്ടുള്ളത്. ലോകത്തിന്റെ ഗതിവിഗതികളെക്കുറിച്ചുള്ള ശ്രീരാമന്റെ ഈ ഉപദേശം ആധ്യാത്മിക പാതയിലേക്കുള്ള ഒരു ഉൾക്കാഴ്ച കൂടിയാണ്.

**പദങ്ങളുടെ അർത്ഥം:**

സൗമിത്രി = സുമിത്രയുടെ മകൻ (ലക്ഷ്മണൻ). വഹ്നി = അഗ്നി. അംബു = ജലം. പാന്ഥർ = വഴിപോക്കർ. താന്തർ = തളർന്നവർ. അധ്രു വം = നിശ്ചയമില്ലാതെ. കളത്രം = ഭര്യ. ആദിത്യൻ = സൂര്യൻ. സത്വരം =പെട്ടെന്ന്. ചിത്തം = മനസ്സ്. അഹംബുദ്ധി = ഞാനെന്ന ഭാവം. ദർദ്ദുരം = തവള. ഭോഗങ്ങൾ = സുഖങ്ങൾ. വ്യാഘ്രി = പെൺപുലി. വിയോഗം = വേർപാട്. വിഘ്നം = തടസ്സം.

**സന്ധി നിർണ്ണയിക്കുക:**

തത്വമറിഞ്ഞിരിക്കുന്നു, നിന്നോളമില്ല, നിർണ്ണയമെങ്കിലും, മറഞ്ഞിതു, മുങ്ങിക്കിടക്കുക, പെരുവഴിയമ്പലം.

**വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക:**

ധാന്യമണികൾ, രാജ്യദ്രോഹി, മാനസതാര്, മോഹനലോകം, സൗമിത്രി, ഇന്ദീവരാക്ഷൻ, മായാസമുദ്രം, മതിഭ്രമം, നേത്രേന്ദ്രിയം

**പദം പിരിച്ചെഴുതുക:**

1. നിന്നാലസാധ്യമായില്ലൊരു കർമ്മവും
   നിർണ്ണയമെങ്കിലുമൊന്നിതു കേൾക്ക നീ
2. ഇത്ഥം മതിഭ്രമമുള്ളോരു ജന്തുക്കൾ
   ചിത്തേ വിചാരിപ്പതില്ല കാലാന്തരം.

3. സംസാരകാരിണിയായതവിദ്യയും
സംസാരനാശിനിയായതു വിദ്യയും

**പര്യായപദങ്ങളെഴുതുക**

സൂര്യൻ, ശരീരം, സമുദ്രം, ആകാശം

**വിപരീത പദങ്ങൾ എഴുതുക:**

സത്യം, നഷ്ടം, ചഞ്ചലം, ശത്രു

**വൃത്തം:** കാകളി

**ലക്ഷണം:**

മാത്രയഞ്ചക്ഷരം മൂന്നിൽ

വരുന്നോരു ഗണങ്ങളെ

എട്ടുചേർത്തുള്ളീരടിക്ക്

ചൊല്ലാം കാകളിയെന്നുപേർ

**അലങ്കാരങ്ങൾ:**

ഉപമ:

ഒന്നിനൊന്നോട് സാദൃശ്യം

ചൊന്നാലുപമയാമത്.

1. ചക്ഷുശ്രവണ ഗളസ്ഥമാം ദർദ്ദുരം
ഭക്ഷണത്തിനപേക്ഷിക്കുന്നതു പോലെ
2. പാന്ഥർ പെരുവഴിയമ്പലം തന്നിലെ
താന്തരായ് ക്കൂടി വിയോഗം വരും പോലെ

**രൂപകം:**

അവർണ്യത്തോട് വർണ്യത്തി
ന്നഭേദം ചൊൽക രൂപകം.

1. മാനസതാരിൽ നിരൂപിച്ചതും തവ
ജ്ഞാനമില്ലായ്കെന്നറിക നീ ലക്ഷ്മണാ.

2. ആയുസ്സു പോകുന്നതേതുമറിവീല
   മായാസമുദ്രത്തിൽ മുങ്ങിക്കിടക്കയാൽ
3. നേത്രേന്ദ്രിയം കൊണ്ട് കണ്ടിരിക്കെ പുന
   രോർത്തറിയുന്നീല മായതൻ വൈഭവം

**പരാവർത്തനം ചെയ്യുക:**

സത്യമെന്നാകിലോ തൽപ്രയാസം തവ

യുക്ത, മതല്ലായ്കിലെന്തതിനാൽ ഫലം?

ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേന നഷ്ടമാമായുസ്സുമോർക്കനീ

വഹ്നിസന്തപ്ത ലോഹസ്ഥാംബുബിന്ദുനാ

സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം.

**ചോദ്യങ്ങൾ:**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. ലക്ഷ്മണന്റെ ക്രോധത്തിന് ശ്രീരാമൻ കണ്ടെത്തുന്ന കാരണമെന്ത്?
2. മനുഷ്യജീവിതത്തിന്റെ ക്ഷണികതയെ ശ്രീരാമൻ വ്യക്തമാക്കുന്നതെങ്ങനെ?
3. പുത്രമിത്രാദികളുടെ സംഗമവും വിയോഗവും എന്തിനോടാണുപമിക്കുന്നത്?
4. മനുശ്യശരീരത്തിന് രോഗവും ജരാനരകളും സംഭവിക്കുന്നതിനെ ശ്രീരാമൻ ചിത്രീകരിക്കുന്നതെങ്ങനെ?
5. ശരീരത്തിൽ മോഹം വെക്കുന്നവർക്ക് പിന്നീടുണ്ടാകുന്ന ഗതിയെന്ത്?
6. ലോകം ചുട്ടു ദഹിപ്പിച്ച് കളയുമെന്ന് ലക്ഷ്മണൻ പറഞ്ഞതിന് ശ്രീരാമൻ കണ്ടെത്തുന്ന കാരണമെന്ത്?

7. വിദ്യയേയും അവിദ്യയേയും കുറിച്ച് രാമൻ വ്യക്തമാക്കുന്നതെങ്ങനെ?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. ഈലോകം മായയാണെന്ന് ശ്രീരാമൻ സമർത്ഥിക്കുന്നതെങ്ങനെ?
2. ക്രോധത്തെ പറ്റിയുള്ള ശ്രീരാമന്റെ വ്യാഖ്യാനങ്ങളെന്തെല്ലാം?

**നൂറുവാക്കിൽ ഉത്തരമെഴുതുക.**

1. ശ്രീരാമൻ ലക്ഷ്മണന് നൽകിയ ഉപദേശം സംഗ്രഹിച്ചെഴുതുക.
2. ലക്ഷ്മണോപദേശത്തിലൂടെ ശ്രീരാമന്റെ വ്യക്തിത്വം വിലയിരുത്തുക.
3. ഈ കവിതയിൽ സ്ഫുരിക്കുന്ന അധ്യാത്മിക ഭാവത്തെ വിശദമാക്കുക.
4. ഭക്തി പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ് എന്ന നിലയിൽ എഴുത്തച്ഛന്റെ പ്രാധാന്യത്തിന് ലക്ഷ്മണോപദേശം മികച്ച ഉദാഹരണമാണ്. സമർത്ഥിക്കുക.

# വേണുഗാനം

**ചെറുശ്ശേരി**

ചാലേനിറന്നുള്ളൊരാലിൻ മുരടങ്ങു
കോലക്കുഴലുമായ് ചെന്നുടനെ
മേളത്തിൽപ്പാടിനാൻ കോലക്കുഴൽ തന്നെ
താളത്തിൽച്ചേർത്തു വിളിച്ചാൻ പിന്നെ.
രാഗങ്ങളൊരോന്നേ ഗോകുലനായകൻ
മേളം കലർന്നങ്ങ് പാടുന്നേരം
വൃന്ദാവനന്തന്നിലുള്ളോരു ജീവികൾ
നന്ദിച്ചു നിന്നുതേ മന്ദം മന്ദം.
ഷട്പദമാലകളത്ഭുതമായൊരു
പുഷ്പരസത്തെ വെടിഞ്ഞുടനേ
ഗാനമായ് മേവിന തേനെക്കുടിപ്പാനായ്
ആനനം തങ്കലേ ചെന്നു പുക്കു.
കോകിലജാലങ്ങൾ കോലക്കുഴൽ കേട്ടു
മൂകങ്ങളായങ്ങു നിന്നുപോയി.
ചേണുറ്റ വേണു തൻ തേനുറ്റ ഗാനത്തെ
താനുറ്റ നാദത്തിൻ മീതെ കേട്ടു
വേലപ്പെടാതെ താൻ മാനിച്ചു നിന്നിട്ടു
ചാലെപ്പഠിപ്പാനായെന്ന പോലെ
കേകിനിരകളും വേഗത്തിൽച്ചെന്നിട്ടു
കൂകിക്കുഴഞ്ഞൊരു കണ്ഠവുമായ്
നീലത്തഴയായ പീലിപ്പുറന്തന്നെ
ചാലെപ്പരത്തി വിരിച്ചു ചെമ്മേ

പാടിത്തുടങ്ങുമ്പോൾ നീടുറ്റ താളത്തി-
ലാടിത്തുടങ്ങീതേ മെല്ലെ മെല്ലെ.
പുണ്യതരങ്ങളായുള്ള മരങ്ങളും
കണ്ണൻ കുഴൽ വിളി കേട്ട നേരം,
തേനുറ്റു വീഴുന്ന പൂക്കൾ ചൊരിഞ്ഞുടൻ
മാനിച്ചു കൊമ്പെല്ലാം താഴ്ത്തി നിന്നു.
കഞ്ചൻതൻ നെഞ്ചിനോടൊത്ത കരിങ്കല്ലു-
മഞ്ചിതമായൊരു പാട്ടുകേട്ടു
ഉദ്ധവർ മാനസമെന്ന കണക്കെ നി-
ന്നത്ഭുതമായിച്ചമഞ്ഞൂതപ്പോൾ.
വേഗത്തിൽപ്പോകുന്ന കാളിന്ദി താനങ്ങു
രാഗത്തെക്കേട്ടൊരു നേരത്തപ്പോൾ
ഏറിന വീചികജാലമകന്നുട-
നേതുമനങ്ങാതെ നിന്നുപോയി.
ആനായർകോൻ തന്റെ ഗാനത്തെക്കേട്ട പ്പോ-
ളാനന്ദം പൂണ്ടങ്ങു  മീനങ്ങളും
മെല്ലെക്കരയേറി നല്ലൊരു വാൽമിന്നി
ചെല്ലത്തുടങ്ങീതമ്മുന്നിലപ്പോൾ.
മാൺപെഴുന്നോർ ചില മാൻ പേടകളെല്ലാം
ചാമ്പി മയങ്ങിന കൺമിഴിയും
ഒട്ടൊട്ടു ചിമ്മിക്കൊണ്ടിഷ്ടത്തിലൻപൊടു
വട്ടത്തിൽ മേവിതേ പെട്ടെന്നപ്പോൾ.
മന്ഥരമായൊരു കന്ധരം തന്നെയും
മന്ദം നുറുങ്ങി തിരിച്ചുയർത്തി
ചില്ലികളാലൊന്നു മെല്ലെന്നുയർത്തീട്ടു

വല്ലവീനായകൻ തന്നെ നോക്കി.
കർണ്ണങ്ങളാലൊന്നു തിണ്ണം കലമ്പിച്ചു
കണ്ണൻകുഴൽക്കു കൊടുത്തു ചെമ്മേ
വായ്ക്കൊണ്ട പുല്ലെല്ലാം പാതി ചവച്ചങ്ങു
വായ്ക്കുന്ന ബാഷ്പമൊഴുക്കി നിന്നു.
കൈതവമറ്റു താൻ കൈതുടർന്നൂ ചിലർ
പൈതങ്ങളേയും മറന്നുടനേ
ചിത്രത്തിൽ ചേർത്തു ചമച്ച കണക്കെയ–
നിശ്ചലമായൊരു മെയ്യുമായി
തേനുറ്റ ഗാനത്തെക്കേട്ടു തുടങ്ങീത–
ങ്ങാനന്ദബാഷ്പമൊഴുക്കി മെല്ലെ.
മുല്ല തുടങ്ങീന വല്ലികളോരോന്നേ
വല്ലവീവല്ലഭൻ പാടുന്നേരം
മെല്ലെന്നിറങ്ങി മരങ്ങളിൽ നിന്നങ്ങു
പല്ലവമാണ്ടു തൻ മുന്നിൽച്ചെന്നു.
കോകങ്ങളെല്ലാമേ മാഴ്കിത്തളർന്നങ്ങു
കൂകുമ്പോൾ പാട്ടിനെ കേട്ടമൂലം
പേട പിരിഞ്ഞുള്ള വേദന വേറായി
നീടെഴുമാനന്ദം പൂണ്ടു നിന്നു.
സിംഹത്താൻ കോപിച്ചങ്ങാനതൻ മസ്തകം
ആഹനിച്ചങ്ങു പൊളിപ്പതിനായ്
കയ്യൊന്നുയർത്തുമ്പോൾ പാട്ടിനെക്കേൾക്കയാൽ
അവ്വണ്ണമെ തന്നെ നിന്നുപോയി.
മൂഷികമ്പിന്നാലെ പാഞ്ഞൊരു പാമ്പുതാൻ
മൂഷികന്തന്നെ തൊടുന്ന നേരം

ദോഷമകന്നൊരു ഗാനത്തെക്കേൾക്കയാൽ

ഊഷനായങ്ങനെ നിന്നുപോയി.

**ചെറുശ്ശേരി** : പതിനഞ്ചാം ശതകത്തിന്റെ ഉത്തരാർദ്ധത്തിൽ കോലത്തു നാടു വാണിരുന്ന ഉദയവർമ്മ രാജാവിന്റെ സദസ്യനായിരുന്നു ചെറുശ്ശേരി നമ്പൂതിരി. ശ്രീകൃഷ്ണചരിതത്തെ അനുകരിച്ച് മലയാളത്തിലുണ്ടായ ആദ്യത്തെ ബൃഹത് കാവ്യമാണ് അദ്ദേഹത്തിന്റെ കൃഷ്ണഗാഥ. കൃഷ്ണപ്പാട്ടെന്നും അതിന് പേരുണ്ട്. മഞ്ജരി വൃത്തത്തിൽ രചിക്കപ്പെട്ട പ്രസുതകാവ്യം മലായാളികളുടെ സവിശേഷാദരത്തിന് പാത്രമായി.

കോമളമായ രചനാവൈഭവമാണ് കൃഷ്ണഗാഥയുടെ ഏറ്റവും പ്രധാനപ്പെട്ട മഹത്വം. സരളവും ഋജുവുമാണ് ആ ഭാഷാശൈലി. ഭാവമധുരമായ തൂലികാ ചിത്രങ്ങൾ ഇത്ര സമൃദ്ധമായി രചിക്കാൻ കെല്പുള്ള കവികൾ തീരെ ചുരുക്കമെന്ന് വേണം പറയാൻ. ഏതു ചിത്രത്തേയും മാനുഷ്കങ്ങളായ വികാരങ്ങൾ കൊണ്ട് മധുരീകരിക്കാൻ ചെറുശ്ശേരിക്ക് കഴിയും., സാരസ്യത്തിനും ഫലിതത്തിനും സന്ദർഭം ലഭിച്ചാൽ അതിനെ അദ്ദേഹം പരമാവധി പ്രയോജനപ്പെടുത്താറുണ്ട്. ഇങ്ങനെ നോക്കുമ്പോൾ എഴുത്തച്ഛനു മുമ്പ് പുരാണ കഥകൾ കൈകാര്യം ചെയ്ത കവികളിൽ ഏറ്റവും തെളിഞ്ഞ വ്യകിത്വം പുലർത്തിയ കവി ചെറുശ്ശേരിയും കവിത കൃഷ്ണഗാഥയുമാണെന്ന് പറയാം.

**പദങ്ങളുടെ അർത്ഥം:**

ഗോകുല നായകൻ=ശ്രീകൃഷ്ണൻ, കോലക്കുഴൽ– ഓടക്കുഴൽ, പുഷ്പരസം=തേൻ, ആനനം=മുഖം. കോകിലം=കുയിൽ, കേകി=മയിൽ, നീടുറ്റ=നീളമുള്ള, കഞ്ചൻ=കംസൻ, അഞ്ചിതം=മനോഹരം, ഉദ്ധവർ= ഒരു യാദവൻ, ആനായർകോൻ=ശ്രീകൃഷ്ണൻ, കന്ധരം=കഴുത്ത്,

കൈതവം=ദുഃഖം, പല്ലവം = തളിര്, മസ്തകം= തല, ഊഷൻ= എന്ത് ചെയ്യണമെന്നറിയാത്തവൻ.

**സന്ധി നിർണയിക്കുക**

നീലത്തഴ, പെട്ടന്നപ്പോൾ, മെല്ലെക്കരയേറി, പുല്ലെല്ലാം.

**സമാസം നിർണ്ണയിക്കുക**

ഗോകുലനായകൻ, കോകിലജാലം, പുഷ്പരസം, വല്ലവീവല്ലഭൻ.

**പദംപിരിച്ചെഴുതുക**

1. കർണ്ണങ്ങളാലൊന്നു തിണ്ണം കലമ്പിച്ചു
   കണ്ണൻകുഴൽക്കു കൊടുത്തു ചെമ്മേ
2. ഒട്ടൊട്ടു ചിമ്മിക്കൊണ്ടിഷ്ടത്തിലൻപൊടു
   വട്ടത്തിൽ മേവിതേ പെട്ടെന്നപ്പോൾ.

**പര്യായ പദങ്ങളെഴുതുക**

കേകി, മാൻ, സിംഹം, ആന, തേൻ

**വിപരീത പദമെഴുതുക**

മന്ദം, ഉയർത്തി, ദോഷം, കൈതവം

**വൃത്തം**

മഞ്ജരി

ലക്ഷണം

ശ്ലഥകാകളി വൃത്തത്തിൽ
രണ്ടാം പാദത്തിലന്ത്യമാം
രണ്ടക്ഷരം കുറച്ചീടിൽ
അത് മഞ്ജരിയായിടും

**അലങ്കാരം നിർണ്ണയിക്കുക**

**ഉപമ**

ഒന്നിനൊന്നോട് സാദൃശ്യം
ചൊന്നാലുപമയാമത്

'കഞ്ചന്തൻ നെഞ്ചിനോടൊത്ത കരിങ്കല്ലും
അഞ്ചിതമായൊരു പാട്ടുകേട്ടു.'

**ഉൽപ്രേക്ഷ**

മറ്റൊന്നിൻ ധർമ്മയോഗത്താൽ
അതുതാനല്ലയോയിത്
എന്ന് വർണ്യത്തിലാശങ്ക–
യുൽപ്രേക്ഷാഖ്യായലംകൃതി

'തേനുറ്റു വീഴുന്ന പൂക്കൾ ചൊരിഞ്ഞുടൻ
മാനിച്ച് കൊമ്പെല്ലാം താഴ്ത്തി നിന്നു.'

## ചോദ്യങ്ങൾ

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1 രാഗത്തെ കേട്ടപ്പോൾ കാളിന്ദി എന്തു ചെയ്തു?
2 ഓടക്കുഴൽ നാദം കേട്ട ഷഡ്പദങ്ങൾ ചെയ്തതെന്ത്?
3 കോലക്കുഴൽ നാദം കോകില ജാലങ്ങളിലുണ്ടാക്കിയ മാറ്റമെന്ത്?
4 ആരാണ് ചിത്രത്തിൽ ചേർത്ത കണക്കെ നിന്നുപോയത്?
5 ഓടക്കുഴൽ നാദം മൂഷികനെ പിന്തുടരുന്ന പാമ്പിലുണ്ടാക്കിയ മാറ്റമെന്ത്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക**

1 കേകി നിരകൾ വേണുഗാനം ആസ്വദിച്ചതെങ്ങനെ?
2 മാൻ പേട വേണുഗാനം ആസ്വദിച്ചതെങ്ങനെ?

**നൂറു വാക്കിൽ ഉത്തരമെഴുതുക**

1 വേണുഗാനം വൃന്ദാവനത്തിലെ ചരാചരങ്ങളിലുണ്ടാക്കിയ മാറ്റങ്ങൾ വിവരിക്കുക
2 വേണുഗാനത്തിലെ ശബ്ദഭംഗി കൊണ്ട് മികവുറ്റഭാഗങ്ങൾ ഉദാഹരണ സഹിതം വിവരിക്കുക.

# കർമ്മഭൂമിയുടെ പിഞ്ചുകാൽ

**വള്ളത്തോൾ നാരായാണ മേനോൻ**

ആറ്റിലേക്കച്യുത, ചാടൊല്ലേ, ചാടൊല്ലേ,
കാട്ടിലെ പൊയ്കയിൽ പോയി നീന്താം
കാളകൂടോൽക്കടകാകോളമാളിന
കാളിയൻ പാർപ്പുണ്ടിക്കാളിന്ദിയിൽ

ആരിതെറിഞ്ഞു കൊടുത്തു യശോദതൻ
മാറിലെത്തൂമണിമാല്യമതാ,
കാളിന്ദി തന്നുടെ കാളിമാവേന്തിയ
ചേലയിൽച്ചീളെന്നു ചെന്നുവീണു.

പല്ലവം പോലുള്ള രണ്ടിളം കൈകൾ വ–
ന്നുല്ലസല്ലീലമായ്തല്ലുകയാൽ
വെൺമുലപ്പാൽനുര ചിന്നിച്ചിതറി ന്–
ല്ലമ്മയാമന്നദിയ്ക്കാർദ്രനെഞ്ചിൽ!

കണ്ണന്റെ പൊന്നുടൽ കാനനധൂളി വി–
ട്ടുണ്ണിക്കതിരോന്റെ ബിംബം പോലെ
പേർത്തും വെളിവു പൂണ്ടപ്പുഴതന്നല–
ച്ചാർത്തിലിളകി മറിഞ്ഞു മിന്നീ.

മുങ്ങുമൊരേടത്തു; മറ്റൊരേടത്തുപോയ്–
പ്പൊങ്ങു, –മലകൾ മുറിച്ചു നീന്തും–
ഇങ്ങനെ സംസാരനാടകമാടിനാ
നങ്ങവൻ വാരൂണരംഗത്തിങ്കൽ!

ദൂരത്തൊരേടത്തു ശാന്തമായ് മേവിയ
നീരിന്നകത്തൊരെളക്കമുണ്ടായ്!

സ്ഫീതങ്ങളായങ്ങു പൊങ്ങീ കുമിളക –
ളേതോ വിപത്തിൻ മുളകൾ പോലെ
ആറ്റിലൊലിച്ചു വരുന്നതെന്തെന്തിതൊ–
രായിരം കൊമ്പുള്ള മാമരമോ?
അയ്യോ–സഹസ്രഫണോഗ്രക്കരിം പാമ്പെ–
ങ്ങി, യ്യോമൽ ക്കോമളപ്പൈതലെങ്ങോ!

നെഞ്ഞത്തു കൈവെച്ചു കേണാർക്കുമമ്പാടി–
ക്കുഞ്ഞുങ്ങളോടൊപ്പമാറ്റുവക്കിൽ,
മൂക്കു വിടർന്നുയർന്നുള്ള ശിരസ്സോടും
നോക്കി നിൽപ്പായി പകച്ച കണ്ണാൽ,
വൃന്ദാവനത്തിലെ പട്ടിളം പുല്ലുകൾ
തിന്നു തടിച്ചു കൊഴുത്ത പൈക്കൾ.
ആയവർക്കുള്ളേക പ്രാണമരുത്തല്ലോ
പായുന്നു പാമ്പിന്റെ വായിലേക്കായ്!

കുണ്ടാളുമാറ്റിലെ വെള്ളമിടക്കിടെ
രണ്ടായ്പ്പകുത്തു കൊണ്ടപ്ഫണീന്ദ്രൻ
ചീറ്റി മുന്നോട്ടു വിടുന്ന വിഷക്കൊടും–
ക്കാറ്റിക്കിടാവിനു പൂം തെന്നലോ!

തുംഗശരീരനസ്സർപ്പത്താൻ ബാലനു
പൊങ്ങു തടിയായ് നുറുങ്ങുനേരം!
കാലപാശോപമം കാളിയൻ തന്റെ വാ–
ലോലപ്പാമ്പിന്റെ വാലെന്നപോലെ
ചേലിൽപിടിച്ചു വലിച്ചാൻ കുറച്ചിട
പ്പേലവമാകിയ കൈമലരാൽ;
ദംഷ്ട്രാ കരാളമാം വക്ത്രം പിളർത്തതി–
ലിട്ടാൻ കരങ്ങളിടയക്കുട്ടൻ.

വാൽകൊണ്ട് തല്ലിയും വട്ടത്തിൽ ചുറ്റിയും
വാശിയാൽ കീഴ്മേലായ് മറിഞ്ഞും

കാളിന്ദിയിട്ടു കലക്കിനാൻ കാളിയൻ!
കാട്ടാന കൊച്ചു കുളത്തെപ്പോലെ.

പൂം പൈതൽ പിന്നെയാപ്പൂരിത ക്രോധനാം
പാമ്പിന്റെ പൊങ്ങിയ പത്തി തോറും
ചെങ്കഴൽ കൊണ്ടു ചവുട്ടിത്തുടങ്ങിനാൻ,
തങ്കച്ചിലങ്ക കിലുങ്ങും വണ്ണം.
പീലിപ്പുരികുഴൽ കെട്ടഴിഞ്ഞുണ്ണിതൻ
തോളിൽപതിഞ്ഞതിൻ തുമ്പുകളിൽ
വെള്ളത്തിൻ തുള്ളികളൊട്ടൊട്ടു നിന്നാടീ,
വെള്ളിയലുക്കുകളെന്ന പോലെ
ചിന്നിപ്പരന്നിതു ഹാഹാമഹാരവം
മന്നിലും വാനിലും നാലിടത്തും:
ആവൂ, കുരുന്നുകാലാരോമൽക്കുഞ്ഞിനു
നോവുകയില്ലേ! മുറിപ്പെടില്ലേ!
പാരിച്ച പാമ്പിന്റെ പത്തിപ്പരപ്പിതു
പാറയെക്കാളും കഠോരമേറ്റം!
ചൊരതെറിക്കുന്നുവല്ലോ; കുമാരക,
പോരുമേ പോരുമേ സാഹസങ്ങൾ

കൈക്കുഞ്ഞിൻ കാൽച്ചവിട്ടേറ്റു വശം കെട്ടു
മേൽക്കുമേൽ കക്കിയ ശോണിതത്താൽ,
ചീർത്ത പടങ്ങൾ കുനിച്ചിതാ, കുങ്കുമം
ചാർത്തിച്ചു കാളിയൻ കാളിന്ദിയെ!
ആ വിഷം നീങ്ങിയ പുണ്യ സരിത്തിനെ
ദ്യോവിൽ നിന്നീക്ഷിച്ച ദേവർഷിമാർ
ശുഭ്ര മേഘങ്ങളിലൂടെ പൊഴിച്ചൊ, രൊ–
രുൾപ്പൊരുളഞ്ചിന പുഞ്ചിരിയെ
ധ്വസ്തഭുവനമാം ദൗഷ്ട്യമേ, നിൻ തല–
യെത്ര പരത്തിയുയർത്തിയാലും
ഇക്കർമ്മ ഭൂമിതൻ പിഞ്ചുകാൽ പോരുമേ,
ചിക്കന്നതൊക്കെച്ചവുട്ടി താഴ്ത്താൻ.

**വള്ളത്തോൾ നാരായണമേനോൻ:**

തുഞ്ചത്തെഴുത്തച്ഛനുശേഷം മലയാള കവിതയുടെ ചരിത്രത്തിൽ പുരോഗമനപരമായ നൂതന പരിവർത്തനത്തിന് നേതൃത്വം നൽകിയ ശക്തനായ കവിയായിരുന്നു വള്ളത്തോൾ നാരായണമേനോൻ. അദ്ദേഹത്തിന്റെ സാഹിത്യസേവനം ഭാഷാ കവിതയുടെ രൂപത്തിലും ഭാവത്തിലും വലിയ മാറ്റങ്ങൾ ഉണ്ടാക്കി. താൻ ജീവിച്ചിരിക്കുന്ന കാലത്തിന്റെ കണ്ണാടിയായ മഹാകവി കൂടിയായിരുന്നു വള്ളത്തോൾ. സ്വാതന്ത്ര്യ സമരം ഇന്ത്യയിലെങ്ങും കൊടുമ്പിരി കൊള്ളുന്ന കാലത്ത് സാഹിത്യരംഗത്ത് കടന്നു വന്ന വള്ളത്തോൾ നവോത്ഥാനത്തിന് കവിതയിലൂടെ നേതൃത്വം വഹിച്ചു. മലയാളത്തിലെ ഭാവഗാന പ്രസ്ഥാനത്തിന് പ്രചാരവും ഉൽക്കർഷവും ആദ്യമായി കൈവന്നത് വള്ളത്തോളിന്റെ കാലത്താണ്.

മലയാള കവിതയുടെ ചരിത്രത്തിൽ ഒരു സുവർണ്ണ കാലഘട്ടം തന്നെ അദ്ദേഹം സൃഷ്ടിച്ചു. ചിത്രയോഗം, സാഹിത്യമഞ്ജരി പത്തു ഭാഗങ്ങൾ, മഗ്ദലനമറിയം, ബന്ധനസ്ഥനായ അനിരുദ്ധൻ, കൊച്ചുസീത തുടങ്ങിയവയെല്ലാം പ്രാധാന്യമർഹിക്കുന്ന കൃതികളാണ്. സാഹിത്യമഞ്ജരിയിലെ കവിതകളിൽ കാണുന്ന സർഗ്ഗശാക്തി അന്യാദൃശ്യം തന്നെയാണ്. എല്ലാറ്റിലും ഉപരിയായി വള്ളത്തോൾ സൗന്ദര്യാരാധകനായ ഒരു കവിയായിരുന്നു. ഇന്ദ്രീയഗോചരമായ സൗന്ദര്യം അദ്ദേഹം അങ്ങേയറ്റം മൂർത്തവും ചേതോഹരവും ആക്കി മാറ്റുന്നു. ദേശാഭിമാനവും സ്വാതന്ത്ര്യ തൃഷ്ണയും വള്ളത്തോൾ കവിതക്ക് മഹത്തായ വ്യക്തിത്വം നൽകിയിട്ടുണ്ട്.

സാഹിത്യമഞ്ജരി നാലാം ഭാഗത്തിൽ നിന്നെടുത്ത കവിതയാണ് 'കർമ്മഭൂമിയുടെ പിഞ്ചുകാൽ' കാളിയ മർദ്ദനത്തിനായി ഉണ്ണികൃഷ്ണൻ കാളിന്ദിയിലേക്ക് എടുത്തു ചാടുന്നു. കളിച്ചങ്ങാതിമാർ ഭയത്തോടെ നോക്കിനിൽക്കേ കാളിന്ദി നദിയിലെ ആയിരം ഫണങ്ങളുള്ള ഉഗ്രവിഷമുള്ള

കാളിയനെ പത്തികൾ തോറും ചവിട്ടി ഞെരിച്ച് കൊല്ലുന്നു. പിഞ്ചുബാലനായ കണ്ണനിൽ സാമ്രാജ്യശക്തിയുടെ ദുഷ്ടതയെ പരാജയപ്പെടുത്താൻ കഴിവുള്ള ഭാരതത്തിന്റെ ആത്മാവിനെ കവി കണ്ടെത്തുന്നു.

**പദങ്ങളുടെ അർത്ഥം**

കാകോളം =വിഷം. കാളിമ = കറുപ്പ്. പല്ലവം = തളിർ. ധൂളി = പൊടി. വാരുണം = വെള്ളം. സ്ഫീതം = തടിച്ച. സഹസ്രഫണം = ആയിരം പത്തികളുള്ള. പ്രാണമരുത്ത് = ജീവശ്വാസം. തുംഗം = ഉയർന്ന. കാലപാശം = കാലന്റെ കയ്യിലെ കയർ പേലവം = മൃദുവായ കരാളം = ഭീകരം. വക്ത്രം = വായ കക്കുക = ഛർദിക്കുക. ശോണിതം = ചോര. ധ്വസ്ത = നശിപ്പിക്കുന്ന. ഭുവനം = ഭൂമി ദൗഷ്ട്യം = ദുഷ്ടത.

**സന്ധി നിർണ്ണയിക്കുക:**

പാർപ്പുണ്ട്, മുലപ്പാൽ, കേണാർക്കുക, പട്ടിളം, വിഷക്കൊടുങ്കാറ്റ്, വെള്ളിയലുക്ക്, കൈക്കുഞ്ഞ്, കുനിച്ചിതാ

**സമാസം**

പാൽനുര, വാരുണരംഗം, കാലപാശം, ദേവർഷിമാർ

**പദം പിരിച്ചെഴുതുക**

1. നെഞ്ഞത്തുകൈവെച്ചു
   കേണാർക്കുമമ്പാടികുഞ്ഞുങ്ങളോടൊപ്പമാറ്റുവക്കിൽ
2. പീലിപ്പുരികുഴൽ കെട്ടാഴിഞ്ഞുണ്ണിതൻ തോളിൽ
   പതിഞ്ഞതിൽ തുമ്പുകളിൽ

**പര്യായം എഴുതുക**

പാമ്പ്, ആകാശം, വെള്ളം, ചോര, ഭൂമി.

**വിപരീതം എഴുതുക**

ശാന്തം, കഠിനം, ഉയർത്തുക

**വൃത്തം**

മഞ്ജരി

**ലക്ഷണം**

ശ്ലഥകാകളി വൃത്തത്തിൽ

രണ്ടാംപാദത്തിലന്ത്യമാം

രണ്ട ക്ഷരം കുറഞ്ഞീടി

ലത് മഞ്ജരിയായിടും.

**അലങ്കാരം:**

ഉപമ

**ലക്ഷണം**

ഒന്നിനൊന്നോട് സാദൃശ്യം

ചൊന്നാലുപമയാമത്

ഉദാഹരണങ്ങൾ

1. കണ്ണന്റെ പൊന്നുടൽ കാനനധൂളിവി
   ടുണ്ണിക്കതിരോന്റെ ബിംബംപോലെ
2. കാളിന്ദിയിട്ടു കലക്കിനാൻ കാളിയൻ
   കാട്ടാന കൊച്ചു കുളത്തെപ്പോലെ.
3. സ്ഫീതങ്ങളായങ്ങുപൊങ്ങീകുമിളക
   ളേതൊ വിപത്തിൻ മുളകൾ പോലെ

**ഉൽപ്രേക്ഷ**

ലക്ഷണം:

മറ്റൊന്നിൻ ധർമ്മയോഗത്താ

ലതു താനല്ലോയോയിത്

എന്നു വർണ്യത്തിലാശങ്ക

യുൽപ്രേക്ഷാഖ്യാലംകൃതി.

**ഉദാഹരണങ്ങൾ**

1. ആറ്റിലൊലിച്ചു വരുന്നതെന്തെന്തിതോ
   രായിരം കൊമ്പുള്ള മാമരമോ?

2. ചീറ്റി മുന്നോട്ടു വിടുന്ന വിഷക്കൊടും
   കാറ്റിക്കിടാവിന് പൂം തെന്നലോ?

**ചോദ്യങ്ങൾ**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.**

1. അച്യുതനോട് ആറ്റിലേക്ക് ചാടരുതെന്ന് കൂട്ടുകാർ പറയാൻ കാരണമെന്ത്?
2. എപ്പോഴാണ് നദിക്ക് ആർദ്രനെഞ്ചിൽ വെൺമുലപാൽനുര ചിന്നിച്ചിതറിയത്?
3. 'ഇങ്ങനെ സംസാര നാടകമാടിനാൻ' എങ്ങനെ?
4. കാളിയൻ നദിയിലൂടെ ഒലിച്ചുവരുന്നതെങ്ങനെ?
5. ആകാശത്ത് നിന്ന് ദേവർഷികൾ എങ്ങനെയാണ് കൃഷ്ണന്റെ വിജയത്തിലുള്ള സന്തോഷം പ്രകടിപ്പിച്ചത്?

**മൂന്നോ നാലോ വാക്കിൽ ഉത്തരമെഴുതുക:**

1. കൃഷ്ണൻ നദിയിൽ ചാടി ചെയ്തതെന്തെല്ലാം?
2. കാളിയനെക്കണ്ട കുട്ടികളും പൈക്കളും പ്രതികരിച്ചതെങ്ങനെ?
3. കൃഷ്ണൻ കാളിയനെ കളിപ്പിച്ചതെങ്ങനെ?
4. കാളിയന്റെ പത്തിയിൽ കണ്ണൻ നൃത്തമാടിയതെങ്ങനെ?
5. എങ്ങനെയാണ് കാളിയൻ കൃഷ്ണൻ കീഴടങ്ങിയത്?

**നൂറുവാക്കിൽ ഉത്തരമെഴുതുക:**

1. തിന്മയുടെ മേൽ നന്മയുടെ വിജയമാണ് 'കർമ്മഭൂമിയുടെ പിഞ്ചുകാൽ' എന്ന കവിത. പരിശോധിക്കുക.
2. കാളിയൻ കൃഷ്ണന്റെ മുന്നിൽ പരാജയപ്പെടുന്നത് വളരെ മനോഹരമായാണ് വള്ളത്തോൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. പരിശോധിക്കുക.
3. ധ്വസ്തഭുവനമാം ദൗഷ്ട്യമേ നിൻ തല
   യെത്ര പരത്തിയുയർത്തിയാലും

ഇക്കർമ്മഭൂമിതൻ പിഞ്ചുകാൽ പോരുമേ
ചിക്കന്നതൊക്കെ ച്ചവുട്ടി താഴ്ത്താൻ.
കവി ഇങ്ങനെ പറയാൻ കാരണമെന്ത്? കവിതയെ മുൻ നിർത്തി വിവരിക്കുക.

# സഹതാപം

**നാലപ്പാട്ട് ബാലാമണിയമ്മ**

പെട്ടെന്ന് തൻകളിക്കൊഞ്ചൽ നിർത്തിയൊരു

പട്ടിളം കയ്യെൻ കഴുത്തിൽ ചുറ്റി.

മറ്റതു നിശ്ശബ്ദമായ് നീട്ടിക്കാണിച്ചാൻ

മുറ്റത്തേക്കെന്നുടെ കൊച്ചുമകൻ.

ലക്ഷ്യമായ് തീർന്നിതെന്നക്ഷികൽക്കങ്ങൊരു

ഭിക്ഷാർത്ഥി ബാലനസ്ഥിശേഷൻ.

മുറ്റും വിളർത്തു കാണായിതവനെ, ണ്ണ

വറ്റിയെരിഞ്ഞ തിരിയെപ്പോലെ

ഭീമമാം ദുർഭുക്ഷമിട്ടുമർദ്ദിക്കുമ

ത്തെമെയ്യിൽ നിന്നു തൽ ബാല്യലക്ഷ്മി.

നിൽക്കാത്ത കണ്ണീരൊഴുക്കിലൊലിച്ചുപോയ്

മുക്കാലും നീങ്ങിക്കഴിഞ്ഞിരുന്നു.

മിന്നിച്ചയില്ലാ, തളർന്ന മിഴികളിൽ;

ചെന്നിറം ചെറ്റുമില്ലക്കവിളിൽ;

എന്നുമുലകിലെപ്പൂക്കളിൽ മിക്കതു–

മിങ്ങനെ മൊട്ടിൽക്കരിയണമോ?

ഉമ്മറക്കല്ലിൽത്തനിച്ചിരുന്നെന്തിനോ

വിമ്മിക്കരയുമപ്പൈതലിനെ'

ഉറ്റുനോക്കിക്കൊണ്ടു നിൽക്കുമെന്നോമന–
ക്കുട്ടന്റെയൻപോലും കണ്ണിണയിൽ
ഒന്നുരണ്ടശ്രുകണങ്ങളരക്ഷണം
മിന്നിത്തിളങ്ങി നിലത്തുനിന്നു.
ജീവിതോഷസ്സിൽ വിരിഞ്ഞൊരാത്താമര–
പ്പൂവിതൾ തൂകിയ മഞ്ഞുനീരിൽ
ബിംബിച്ചു കാണായ്യേ മാനുഷാത്മാവിങ്കൽ
നിർമഗ്നമായുള്ള ദിവ്യശക്തി.
ഈ മൗക്തികങ്ങൾ പതിക്കട്ടെ പതിക്കട്ടെ നിസ്വരി–
ലോമനേ, നിൻകണ്ണിൽ നിന്നുവീണ്ടും.
അത്തലിരുട്ടിൽ വെളിച്ചമൊട്ടേകുവാ–
നത്രശക്തങ്ങളീ നക്ഷത്രങ്ങൾ:
പ്രേമ ലുബ്ധങ്ങളാം ജീവിതഭൃംഗങ്ങൾ–
ക്കീമുകുളങ്ങൾ ഭാഗ്യാങ്കുരങ്ങൾ;
പാരിൻവരൾച്ചതീർത്താകെ തളിർപ്പിക്കാൻ
പോരുമീ ദിവ്യ ജലകണങ്ങൾ;
ദുർല്ലഭമായിരം വെള്ളിനാണ്യത്തേക്കാ–
ളുല്ലലിഞ്ഞോരുമൊരശ്രുബിന്ദു;
കാലേന നിൻകൈകൾ പേർത്തും മുതിർന്നേക്കാം
മാലേറ്റ ലോകത്തിൻ കൺതുടക്കാൻ;

മാടിവിളിച്ചേക്കാം സൗഖ്യദനാം നിന്നെ,

മർദ്ദിതന്മാരെടെ മാനസങ്ങൾ.

കാത്തുനിന്നേക്കാം നീ മുന്നിൽ നടപ്പതു

കണ്ടകഭീരുക്കളായിരം പേർ

പാതി നീ പങ്കിട്ടെടുക്കും സ്വദുഃഖമെ–

ന്നാതുരരെപ്പോഴുമാശിച്ചേക്കാം.

സഞ്ചിതമായിട്ടില്ലെന്തു ചുമടിങ്ങി–

പിഞ്ചുതോളിന്ന് സധൈര്യം പേറാൻ?

എത്രയധഃകൃത സോദരർ ചുറ്റുമു–

ണ്ടിത്തളിർക്കൈകളാലുദ്ധരിക്കാൻ!

നീറും വ്രണങ്ങളുണ്ടെത്രയുലകിന്നു,

നിന്നനുതാപാശ്രുത്തേൻ പുരട്ടാൻ

**ബാലാമണിയമ്മ:** 1909ൽ പുന്നയൂർക്കുളത്ത് പ്രസിദ്ധമായ കവികുടുംബമായ നാലപ്പാട്ട് ജനിച്ചു. സംസ്കൃതവും ഇംഗ്ലീഷും പഠിച്ചു. ജന്മസിദ്ധമായ കവിതാവാസനയിൽ നിന്നും ധാരാളം കവിതകൾ രചിച്ചു. മാതൃത്വത്തിന്റെ കവയത്രി എന്ന് നിരൂപകൻമാർ വിശേഷിപ്പിച്ചു. പത്തൊമ്പതോളം കവിതാസമാഹാരങ്ങൾ രചിച്ചു. സോപാനം, മുത്തശ്ശി, അമ്മ, കൂപ്പുകൈ, മഴുവിന്റെ കഥ എന്നിവയാണ് പ്രധാനം

**പദങ്ങളുടെ അർത്ഥം**

അക്ഷി=കണ്ണ്. അസ്ഥിശേഷൻ= അസ്ഥിമാത്രം ശേഷിച്ചവൻ. ദുർഭിക്ഷം = പട്ടിണി. ചെറ്റും = അല്പം പോലും. അശ്രു = കണ്ണുനീർ. ഉഷസ്സ് = പ്രഭാതം. നിർമഗ്നം = മുഴുകിയത്. അൻപ് = ദയ മൗക്തികം = മുത്ത്. അത്തൽ = ദുഃഖം. ഭൃംഗം = വണ്ട്.

മുകുളം = മൊട്ട്. അങ്കുരം = മുള കാലേന = കാലക്രമത്തിൽ. മാല് = ദുഃഖം. കണ്ടകം = മുള്ള്. ആതുരൻ = ദുഃഖിതൻ. ഉദ്ധരിക്കുക = ഉയർത്തുക. അധഃകൃതൻ = കീഴ്ജാതിക്കാരൻ.

**അലങ്കാരം നിർണ്ണയിക്കുക**

1. മുറ്റും വിളർത്തു കാണായിതവനെ, ണ്ണ
   വറ്റിയെരിഞ്ഞ തിരിയെപ്പോലെ
2. അത്തലിരുട്ടിൽ വെളിച്ചമൊട്ടേകുവാ–
   നത്രശക്തങ്ങളീ നക്ഷത്രങ്ങൾ:

**പദം പിരിക്കുക**

1 ഒന്നുരണ്ടശ്രുകണങ്ങളരക്ഷണം
  മിന്നിത്തിളങ്ങി നിലത്തുനിന്നു.

2 കാത്തുനിന്നേക്കാം നീ മുന്നിൽ നടപ്പതു
  കണ്ടകഭീരുക്കാളായിരം പേർ

**പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക**

കളിക്കൊഞ്ചൽ, കണ്ണിണ

സമാസം നിർണയിക്കുക

മനുഷ്യാത്മാവ്, ജീവിതഭൃംഗം, ഭാഗാങ്കുരം

**ചോദ്യങ്ങൾ**

ഒന്നോരണ്ടോ വാക്യത്തില്ന്ന ഉത്തരമെഴുതുക:

1. കളി നിർത്തി മകൻ എന്താണ് അമ്മയെ ചൂണ്ടിക്കാണിച്ചത്?
2. മുറ്റത്തു നിൽക്കുന്ന കുട്ടി കവയത്രിയുടെ മകന്റെ മനസ്സിൽ ഉണ്ടാക്കിയ് മാറമെന്ത്?
3. കുഞ്ഞിന്റെ കണ്ണുനീർ എന്തു പോലെയാണ് കാണപ്പെട്ടത്?

4. മകന്റെ കണ്ണീരിന് കവയത്രി കൽപിക്കുന്ന വിലയെന്ത്?

**മൂന്നോ നാലോ വാക്കിൽ ഉത്തരമെഴുതുക:**

1. ഭിക്ഷക്കാരനായ ബാലന്റെ ശരീര പ്രകൃതിയെന്തായിരുന്നു?
2. അത്തലിരുട്ടിൽ വെളിച്ചമൊട്ടേകുവാൻ ശക്ത്മായ നക്ഷത്രമേത്?
3. കാലക്രമേണ മകന്റെ കൈകൾ എന്തിനുതകുമെന്നാണ് കവയത്രി പറയുന്നത്?
4. നീറും വ്രണങ്ങളെ എങ്ങനെ മാറ്റണമെന്നാണ് കവയത്രി മകനോട് പറയുന്നത്?

**നൂറുവാക്കിൽ ഉത്തരമെഴുതുക:**

1. മകന് ഭിക്ഷക്കാരനായ കുട്ടിയോട് തോന്നുന്ന സഹതാപമാണ് ബാലാമണിയമ്മ കവിതക്ക് വിഷയമാക്കിയത്. സമർത്ഥിക്കുക.
2. സഹജീവികളോടുള്ള കരുണ സ്വന്തം മകനിൽ നിഴലിക്കുന്നതിനെയാണ് ബാലാമണിയമ്മ ‘സഹതാപം’ എന്ന കവിതയിൽ വിവരിക്കുന്നത്. വ്യക്തമാക്കുക.

# ഇന്നു ഞാൻ നാളെ നീ

ജി. ശങ്കരക്കുറുപ്പ്

“ഇന്നു ഞാൻ നാളെ നീ; ഇന്നു ഞാൻ നാളെ നീ
ഇന്നും പ്രതിധ്വനിക്കുന്നിതെന്നോർമ്മയിൽ
പാതവക്കത്തെ മരത്തിൻ കരിനിഴൽ
പ്രേതം കണക്കെ ക്ഷണത്താൽ വളരവെ,
എത്രയും പേടിച്ചരണ്ട ചില ശുഷ്ക–
പത്രങ്ങൾ മോഹം കലർന്നു പതിക്കവെ,
ആസന്ന മൃത്യുവാം നിശ്ചേഷ്ട മാരുതൻ
ശ്വാസമിടക്കിടക്കാഞ്ഞു വലിക്കവേ,
താരക രത്നഖചിതമാം പട്ടിനാൽ
പാരമലംകൃതമായ വിൺപെട്ടിയിൽ
ചത്തപകലിൻ ശവം വെച്ചെടുപ്പതി–
ന്നാത്ത മൗനം നാലു ദിക്കുകൾ നിൽക്കവേ,
തൻപിതാവിൻ ശവപ്പെട്ടിമേൽ ചുംബിച്ചു
കമ്പിതഗാത്രിയായന്തി മൂർച്ഛിക്കവേ,
ജീവിതം പോലെ രണ്ടറ്റവും കാണാത്തൊ–
രാവഴിയിങ്കൽ തനിച്ചു ഞാൻ നിന്നു പോയ്
പക്ഷികൾ പാടിയില്ലാടിയില്ലാലില–
യിക്ഷിതി തന്നെ മരവിച്ച പോലെയായ്
അന്തികത്തുള്ളോരു പള്ളിയിൽ നിന്നുടൻ
പൊന്തി ‘ണാം’ ‘ണാ’മെന്ന് ദീന മണിസ്വനം
രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ–
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പോഴും
മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്കു–
മേകേ മുഖമാം കുരിശിനെ മുത്തുവാൻ
ആരാലിറങ്ങി വരും ചില മാലാഖ–
മാരായ് വരാം കണ്ട വെൺമുകിൽ തുണ്ടുകൾ
പാപം ഹരിച്ച് പാരിന്ന് വിണ്ണേറുവാൻ
പാത കാണിക്കും കുരിശേ ജയിക്കുക!

ആ വഴിക്കപ്പോളൊരു ദരിദ്രന്റെ നിർ–
ജ്ജീവമാം ദേഹമടക്കിയ പെട്ടി പോയ്
ഇല്ല പെരുമ്പറ ശുദ്ധയാം വിശ്വസ്ത–
വല്ലഭ തന്നുടെ നെഞ്ചിടിപ്പെന്നിയേ
ഇല്ല പൂവർഷം വിഷാദം കിടന്നല–
തല്ലുന്ന പൈതലിൻ കണ്ണു നീരെന്നിയെ
വന്നു തറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ
നിന്നുമാറക്ഷരം ഇന്നു ഞാൻ നാളെ നീ
ഒന്നു നടുങ്ങി ഞാനാ നടുക്കം തന്നെ
മിന്നുമുടുക്കളിൽ ദൃശ്യമാണിപ്പൊഴും

**ജി.ശങ്കരക്കുറുപ്പ്:**

ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നീ മൂന്നു മഹാകവികൾക്ക് ശേഷം മലയാള കവിതയിൽ ഏറ്റവും ശ്രദ്ധേയനായിത്തീർന്ന കവിയാണ്, ജി. ശങ്കരക്കുറുപ്പ്. ആദ്യകാലത്ത് പാരമ്പര്യപ്രതിപത്തി കാണിച്ചിരുന്ന അദ്ദേഹം പിന്നീട് സിംബലിസം, മിസ്റ്റിസിസം എന്നീ പുതിയ സാഹിത്യ സങ്കേതങ്ങളിൽ തൽപരനായി. വികസ്വരമായ ശാസ്ത്രാവബോധത്തെയും ഹ്യൂമണിസ്റ്റ് ജീവിത വീക്ഷണത്തിന്റെയും സ്വാധീനത്തിനും അദ്ദേഹം വഴിപ്പെട്ടു. പ്രകൃതിയുടെ ബാഹ്യസൗന്ദര്യത്തെ ഉപാസിച്ചുകൊണ്ട് കവിതാരചന ആരംഭിച്ച് ശങ്കരക്കുറുപ്പ് തുടർന്ന് പ്രകൃതി പ്രതിഭാസങ്ങൾക്കു പിന്നിലുള്ള ചൈതന്യത്തെയും മനുഷ്യ ബന്ധങ്ങളിൽ ആവിർഭവിക്കുന്ന ദീപ്ത ഭാവങ്ങളെയും വിഷയമാക്കി.

1901ൽ എറണാകുളത്തിനടുത്ത് നായത്തോട് എന്ന ഗ്രാമത്തിൽ ജനിച്ച ശങ്കരക്കുറുപ്പ് സ്കൂൾ അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. തുടർന്ന് എറണാകുളം മഹാരാജാസ് കോളേജിൽ പ്രൊഫസറായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. ഇന്ത്യയിലെ ഏറ്റവും വലിയ സാഹിത്യ പുരസ്കാരമായ ‘ജ്ഞാനപീഠം’ അദ്ദേഹത്തിന്റെ ഓടക്കുഴൽ എന്ന കൃതിക്ക് ലഭിച്ചു.(1965) സാഹിത്യ കൗതുകം, സൂര്യ

കാന്തി, നിമിഷം, പഥികന്റെ പാട്ട്, അന്തർദ്ദാഹം, പൂജാപുഷ്പം, ജീവന സംഗീതം, പാഥേയം മധുരം സൗമ്യം ദീപ്തം, തുടങ്ങിയവയാണ് പ്രധാന കൃതികൾ, ടഗോറിന്റെയും ഓമർഖയാമിന്റെയും മറ്റു ചില പേർഷ്യൻ കവികളുടെയും കവിതകൾ അദ്ദേഹം മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. 1997ലാണ് അദ്ദേഹത്തിന്റെ മരണം.

മരണം പ്രകൃതിയുടെ സനാതനമായ ഒരു സത്യമാണെന്ന് വിളംബരം ചെയ്യുന്ന കവിതയാണ് 'ഇന്നു ഞാൻ നാളെ നീ'. മരണത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങൾ കൊണ്ട് വരക്കുന്ന പ്രകൃതി ചിത്രങ്ങളുടെ പശ്ചാത്തലത്തിൽ ഒരു ദരിദ്രന്റെ ശവസംസ്കാര യാത്ര കവിയുടെ മനസ്സിൽ സൃഷ്ടിക്കുന്ന ചിന്തകളാണ് ഈ കവിതയുടെ പ്രമേയം.

**പദങ്ങളുടെ അർഥം**

ശുഷ്ക പത്രങ്ങൾ = ഉണങ്ങിയ ഇലകൾ. ആസന്ന മൃത്യു = മരിക്കാറായ. നിശ്ചേഷ്ട മാരുതൻ = അനങ്ങാത്ത കാറ്റ്. ചേഷ്ട = ചലനം. താരക രത്നഖചിതം = നക്ഷത്രങ്ങളാകുന്ന രത്നങ്ങൾ പതിച്ച. അലംകൃതം = അലങ്കരിക്കപ്പെട്ടത്. ആത്തമൗനം = ഉണ്ടായ മൗനത്തോടെ (മൗനമായി). കമ്പിത ഗാത്രി = വിറക്കുന്ന ശരീരത്തോടു കൂടിയവൾ. മൂർച്ഛിക്കുക = മോഹാലസ്യപ്പെടുക. ക്ഷിതി = ഭൂമി. ദീനമണിസ്വനം = ദുഃഖം സൂചിപ്പിക്കുന്ന മണിയൊച്ച. ഏകമുഖം = ഒരേ മുഖത്തോടു കൂടിയ. മുത്തുക = ചുംബിക്കുക. ആരാൽ = അരികെ, സമീപത്ത്. ഹരിക്കുക = ഇല്ലാതാക്കുക. വല്ലഭ = ഭാര്യ.

**സന്ധി നിർണ്ണയിക്കുക**

പേടിച്ചരണ്ട, രണ്ടറ്റം, അന്തികത്തുള്ള, ദേഹമടക്കിയ, ആറക്ഷരം, ദൃശ്യമാണ്. വിണ്ണേറുവാൻ.

**സമാസം നിർണ്ണയിക്കുക**

പാതവക്ക്, കരിനിഴൽ, നിഷ്ചേഷ്ടമാരുതൻ, താരകരത്നം, വിൺപെട്ടി, മണിസ്വനം, വെൺമുകിൽ, പൂവർഷം, വിശ്വസ്ത വല്ലഭ.

**പദങ്ങൾ പിരിച്ചെഴുതുക.**

1. പക്ഷികൾ പാടിയില്ലാടിയില്ലാലില–
   യിക്ഷിതി തന്നെ മരവിച്ച പോലെയായ്
2. രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ–
   ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പോഴും
3. വന്നു തറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ
   നിന്നു നാലക്ഷരം ഇന്നു ഞാൻ നാളെ നീ

**താഴെ കൊടുത്തിരിക്കുന്ന പദങ്ങൾക്ക് മൂന്നു പര്യായം വീതം എഴുതുക**

പത്രം, മാരുതൻ, താരകം, വിണ്ണ്, പിതാവ്, പക്ഷി, ക്ഷിതി, പൂവ്

**വിപരീത പദമെഴുതുക**

ഏകം, വിജയം, അലംകൃതം, ദൃശ്യം

**വൃത്തം**

കാകളി

**ലക്ഷണം:**

മാത്രയഞ്ചക്ഷരം മൂന്നിൽ
 വരുന്നോരു ഗണങ്ങളെ
എട്ടുചേർത്തുള്ളീരടിക്ക്
ചൊല്ലാം കാകളിയെന്നു പേർ.

**അലങ്കാരങ്ങൾ**

ഉപമ:

ഒന്നിനൊന്നോട് സാദൃശ്യം
ചൊന്നാലുപമയാമത്

1 പാതവക്കത്തെ മരത്തിൻ കരിനിഴൽ
പേതം കണക്കെ ക്ഷണത്താൽ വളരവെ

2 ജീവിതം പോലെ രണ്ടറ്റവും കാണാത്തൊ–
രാവഴിയിങ്കൽ തനിച്ചു ഞാൻ നിന്നു പോയ

**ഉൽപ്രേക്ഷ:**

മറ്റൊന്നിൻ ധർമ്മയോഗത്താൽ
അതുതാനല്ലയോ ഇത്
എന്ന് വർണ്യത്തിലാശങ്ക–
യുൽപ്രേക്ഷാഖ്യാലംകൃതി.
ആരാലിറങ്ങി വരും ചില മാലാഖ–
മാരായ് വരാം കണ്ട വെൺമുകിൽ തുണ്ടുകൾ

**ചോദ്യങ്ങൾ**

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1 പ്രേതം കണക്കെ ക്ഷണത്താൽ വളരുന്നതെന്ത്?

2 ശുഷ്ക പത്രങ്ങൾ നിലം പതിച്ചതെന്ത് കൊണ്ട്?

3 നാലു ദിക്കിലും ആത്തമൗനം നിന്നതെന്തിന്?

4 കമ്പിത ഗാത്രിയായന്തി മൂർഛരിക്കവേ എന്തിന്?

5 ഏകമുഖമായ കുരിശിനെ മുത്തുവാൻ വരുന്നതാര്?

6 വെൺ മുകിൽ തുണ്ടുകളെ മാലാഖമാരോടുപമിച്ചതിന്റെ സാരസ്യമെന്ത്?

7 ‘ഇല്ല പെരും പറ’ പകരം ഉള്ളതെന്ത്?

8 ഇല്ല പൂവർഷം’ എന്താണ് ഉള്ളത്?

9 പെട്ടിമേൽ നിന്ന് കണ്ണിൽ വന്ന് തറച്ചതെന്ത്?

10 ഒന്നു നടുങ്ങി ഞാൻ’ എന്തു കൊണ്ട്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക**

1 മരണത്തെ സൂചിപ്പിക്കുന്ന പ്രതീകങ്ങളെ ക്കൊണ്ടുള്ള പ്രകൃതി ചിത്രങ്ങൾ ഈ കവിതയിൽ എത്രമാത്രം കാണുന്നു?

2 ചത്ത പകലിന്റെ ശവമെടുക്കുന്ന കാഴ്ചയെ കവി ചിത്രീകരിക്കുന്നതെങ്ങനെ?

3 രണ്ടായിരത്തോളം ആണ്ടുകൾക്കപ്പുറമുണ്ടായ മഹാത്യാഗം എന്ന് കവിതയിൽ സൂചിപ്പിക്കുന്നതെന്തിനെയാണ്?

4 ദരിദ്രന്റെ നിർജ്ജീവമായ പെട്ടി കൊണ്ടുപോകുന്നതിനെ കവിതയിൽ വർണ്ണിക്കുന്നതെങ്ങനെ?

5 വന്നു തറച്ചിതെൻ കണ്ണിലാപ്പെട്ടിമേൽ
നിന്നു നാലക്ഷരം.................. എന്തായിരുന്നു അക്ഷരങ്ങൾ? ഇത് കവിയിലുണ്ടാക്കിയ പ്രതികരണമെന്തായിരുന്നു?

**നൂറുവാക്കിൽ ഉത്തരമെഴുതുക**

1 ജീവിതം പോലെ രണ്ടറ്റവും കാണാത്തൊ–
രാവഴി' കവി ആ വഴിയെ വർണ്ണിക്കുന്നതെങ്ങനെ?

2 വിഷയത്തിനു യോജിച്ച മട്ടിൽ പ്രകൃതി പശ്ചാത്തലം ഒരുക്കുന്നതിൽ കവി എത്രമാത്രം വിജയിച്ചിരിക്കുന്നു എന്ന് പരിശോധിക്കുക

3 മരണം എന്ന സനാതനമായ സത്യവും അത് കവിയിൽ ഉണർത്തുന്ന ചിന്തകളും ഈ കവിതയിൽ എങ്ങനെയെല്ലാം ആവിഷ്കരിച്ചിരിക്കുന്നു?

**പരാവർത്തനം ചെയ്യുക**

'രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ–
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പോഴും
മൂകമാണെങ്കിലുമുച്ചത്തിൽ വർണ്ണിക്കു–
മേകേ മുഖമാം കുരിശിനെ മുട്ടുവാൻ
ആരാലിറങ്ങി വരും ചില മാലാഖ–
മാരായ് വരാം കണ്ട വെൺ മുകിൽ തുണ്ടുകൾ'

# വാടകവീട്ടിലെ വനജ്യോത്സ്ന

**ഒ എൻ.വി കുറുപ്പ്**

മാപ്പുനൽകൂ, പ്രിയവനജ്യോത്സ്നേ! നീ
മാപ്പുനൽകുമോ സ്നേഹിച്ച തെറ്റിനായ്?
കൂടുമാറുന്ന പക്ഷിപോൽ വാടക–
വീടൊഴിഞ്ഞിന്നു പോവുകയാണു ഞാൻ.
മൺവിളക്കുമീപ്പാത്രങ്ങളുമെന്റെ
പൊൻമുളംതണ്ടുമൊക്കെയുമായിതാ
പോകയായി ഞാൻ! യാത്ര ചോദിക്കാതെ
പോവതെങ്ങനെയെന്നോർത്തു നിൻ മുന്നിൽ
വന്നു നിൽക്കവേ, മിണ്ടുവാനാവുന്നീ,–
ലന്തരശ്രുക്കൾ വാക്കുകളാവുമോ?
അക്ഷരങ്ങളായ് പൊട്ടിവിരിയാത്ത
ദുഃഖബീജങ്ങളെത്രയുണ്ടെന്നുള്ളിൽ!
ഇച്ചെറുമാത്ര പൊട്ടിപ്പിളർന്നങ്ങൊ–
രഗ്നിമേഘമുരുണ്ടു കൂടുന്നുവോ?
മാപ്പു നൽകൂ പ്രിയ വനജ്യോത്സ്നേ! നീ
മാപ്പുനൽകുമോ സ്നേഹിച്ച തെറ്റിനായ്?
തെറ്റിതെന്നാലും ജീവിക്കും! നിന്നെ ഞാൻ
വിട്ടു പോകിലും നിന്നിലുമെന്നിലും!
നിന്നേയാദ്യമായ് കണ്ടതെന്നാകിലു–
മന്നുതൊട്ടെന്റെയുൾത്തേനറകളിൽ
നിൻ തുഷാര ധവളമനോഹര
മന്ദസുസ്മിതകാന്തിയും, മാദക
ഗന്ധവും സംഭരിച്ചു ഞാനേകാന്ത–
ബന്ധുരനിമിഷങ്ങളിൽ മോന്തുവാൻ

കണ്വപുത്രിയെക്കൊണ്ടു ''വനജ്യോത്സ്ന''
യെന്നൊരോമനപ്പേർ വിളിപ്പിക്കവേ,
അച്ചതുരാക്ഷരിയിലൊതുക്കിയെ

ന്നർച്ചനാലോലഭാവാനുഭൂതികൾ!
ഏതു മാലിനീത്തീരത്തിലാകിലും,
ഏതു മൺകുടിൽമുറ്റത്തിലാകിലും
ഏതു നന്ദനോദ്യാനത്തിലാകിലും
ഏതഗമ്യവനാന്തത്തിലാകിലും,
നിന്റെ നിശ്വാസസൗരഭം ശേഖരി
ച്ചെന്റെ തീരത്തടുത്തിടും വഞ്ചികൾ
നിത്യഭാസുരം ഭാവസ്ഥിരമെത്ര
ഹൃദ്യമീ ജനനാന്തരസൗഹൃദം!
നീന്തിടും സ്വരബിന്ദുക്ക,ളീവിധം
നീണ്ടുപോകുന്നു യോഗവിയോഗങ്ങൾ!
ആദ്യമായ് പടികടന്നെത്തിയൊ–
രാദിനാന്തത്തിൽ ഞാനുമെന്നോർമ്മയും
മൺവിളക്കിൻ വെളിച്ചത്തിലിച്ചെറു –
മന്ദിരത്തിന്റെയുമ്മറത്തിണ്ണയിൽ
ദുരദർശാനശ്യാമങ്ങളാം ഗത
തീരകോടിതന്നവ്യക്ത രേഖകൾ
നോക്കി വീർപ്പിട്ടിരിക്കവേ കണ്ടു ഞാൻ
പൂക്കണിയുമായ് മുറ്റത്തു നിൽപു നീ!
വെണ്ണിലാവൊളിയെണ്ണ പുരട്ടിയ
വെൺമലർത്തിരി നീട്ടിച്ചിരിച്ചു നീ!
ഹാ! നിദാഘാനിരാദ്രത വാട്ടിയ
മേനിയെങ്കിലും പണ്ടത്തെയാച്ചിരി
താനെ തൊണ്ട നനയ്ക്കുന്നതിൻ മുമ്പ്
താമരക്കയ്യാൽ തണ്ണീർ പകരുവാൻ
കണ്വനന്ദിനിയില്ലാത്തൊരീ മുറ്റ–
ത്തെന്നു വന്നു നീ? എന്തിന്നു വന്നു നീ?
നീയുമോർത്തിരിക്കാം തേടിവന്നപോ
ലീഗൃഹാങ്കണം പൂകി ഞാനെങ്ങനെ?
എത്രശോഷിച്ചു പോയിന്നു നാം? ചിര–
പ്രാർത്ഥിതമാം സമാഗമം നേടിനാം!
പിന്നെ, ഞാൻ നീർ പകർന്നതു പാരണ

തന്നെയായ്, വ്രതഖിന്നമാം നിന്നുടൽ
നവ്യവർഷബിന്ദുക്കളാലൂഴിപോൽ
നവ്യഹർഷമിയന്നു തളിർത്തു നീ
രാവുകൾ നിത്യപൗർണ്ണമിയായിന്ന്
ഹാ! വനജ്യോത്സ്ന നീ പൂത്തുലയവേ!
പുഷ്പദീപമുയർത്തിപ്പിടിച്ച നി
ന്നൊപ്പമോമനേ! ഞാനുമെന്നോർമ്മയും
എത്രവട്ടം വലംവെച്ചു പിന്നെയും
ഉജ്ജയിനിയെ!യങ്ങൊരുദ്യാനത്തിൽ
എത്തിനിൽക്കെ, യെന്നോർമ്മതൻ കണ്ണിൽനി–
ന്നശ്രുവാർന്നു, –നിൻ കാതിൽ മന്ത്രിച്ചു ഞാൻ
"നിന്നെയാദ്യമായ് നട്ടുവളർത്തിയ
മണ്ണിതാ! തൊട്ടു നെറ്റിയിൽ വയ്ക്കുക!
ഇങ്ങുനിന്നല്ലോ പോയി നീ, യാ മുനി
കന്യകയ്ക്കു ലതാസഖിയാകുവാൻ!"
എന്തൊരന്തരം! എങ്ങുജ്ജയിനി? യി_
ച്ചന്തവക്കെങ്ങ്? നിന്നാദ്യപുഷ്പത്താൽ
വാസിതമായ വാടികയേങ്ങെ?ങ്ങീ
വാടകവീട്ടിന്നിത്തിരിമുറ്റവും?
എങ്കിലും നിലനിൽക്കുന്നു നാം! കാല–
മെന്തിനോ നിലനിർത്തുന്നു നമ്മെയും!
അന്തരാത്മാവിലീയുഗമേല്പിച്ച
നൊമ്പരങ്ങളുമായിങ്ങു കൂടി നാം!
നിന്റെ നിശ്വാസസൗരഭമീയുഗ–
ത്തിന്റെ ജീർണ്ണദുർഗ്ഗന്ധത്തെ വെല്ലുമോ?
എൻ മുളംതണ്ടിലൂടെ വിടർന്നീടു–
മെന്റെ നിശ്വാസ പുഷ്പകോശങ്ങളിൽ
ഈയുഗത്തിന്റെ ദാഹം ശമിപ്പിക്കും
ശീമമാധ്വീലഹരി തുളുമ്പുമോ?
രോഗമൂർച്ഛയിൽ നിന്നും ക്ഷണമാത്ര
മോചനത്തിന്നമൃതം കിനിയുമോ?
(ഈ മൂളം തണ്ടിലൂടവേ, എൻപ്രിയ–

ഭൂമി! ഞാൻ നിനക്കേകുന്നിതെന്നെയും!)
കൂടുമാറുന്ന പക്ഷിപോൽ വാടക
വീടൊഴിഞ്ഞിന്നു പോവുകയാണു ഞാൻ.

മൺവിളക്കുമിപ്പാത്രങ്ങളുമെന്റെ
പൊൻ മുളംതണ്ടുമൊക്കെയുമായിതാ
പോകയാണു ഞാൻ, ഹാ! പുനർദർശന
ഭാഗധേയമാം സ്വപ്നം വിരിയുമോ?
പോയ് വരട്ടെ ലതാഭഗിനി! നിന്റെ
പൂവിരിയാത്ത ലോകമുണ്ടാവുമോ?
മാപ്പു നൽകൂ പ്രിയ വനജ്യോത്സ്നേ! നീ
മാപ്പു നൽകുമോ സ്നേഹിച്ച തെറ്റിനായ്
വേദനിക്കിലും വേദനിപ്പിക്കിലും
വേണമീ സ്നേഹബന്ധങ്ങളൂഴിയിൽ!

**ഒ.എൻ.വി. കുറുപ്പ്:** 1931 മെയ് 27ന് കൊല്ലം ജില്ലയിലെ ചവറയിൽ ജനിച്ചു. എറണാകുളം മഹാരാജാസ് കോലേജ് തിരുവനന്തപുരം യൂണിവെഴ്സിറ്റി കോളേജ്, കോഴിക്കോട് ഗവ.ആർട്സ് കോളേജ്, തലശ്ശേരി ബ്രണ്ണൻ കോളേജ് എന്നിവിടങ്ങളിലെല്ലാം മലയാള വിഭാഗത്തിൽ ജോലിചെയ്തു. കേന്ദ്ര സാഹിത്യ അക്കാദമി അംഗമായിരുന്നു. കവി, ഗാനരചയിതാവ് എന്നീ നിലകളിൽ ധാരാളം കേന്ദ്ര, സംസ്ഥാന ഗവൺമെന്റ് അവാർഡുകൾ നേടി. 1998ൽ പത്മശ്രീ അവാർഡും 2011ൽ പദ്മവിഭൂഷൺ അവാർഡും കരസ്ഥമാക്കി. 2010 ൽ ജ്ഞാനപീഠം അവാർഡിനും അർഹനായി. കേരള യൂണിവേഴ്സിറ്റി ഓണററി ഡോക്ടറേറ്റ് ബിരുദം നൽകി ആദരിച്ചു.

**പദങ്ങളുടെ അർത്ഥം**

ദിനാന്തം = ദിവസത്തിന്റെ അവസാനം (സന്ധ്യാസമയം)

"ദൂരദർശനശ്യാമങ്ങളാം ഗത
തീരകോടി തന്നവ്യക്തരേഖകൾ
നോക്കി വീർപ്പിട്ടിരിക്കവേ......"

പരിചയിച്ചതിനു ശേഷം വിട്ടുപോന്ന പല സ്ഥലങ്ങളും വിദൂരസ്മൃതികളായി അയവിറക്കി, നെടുവീർപ്പിട്ടു കൊണ്ടിരിക്കുമ്പോൾ, അകന്നു പോകുമ്പോൾ ആ സ്ഥലങ്ങളും കാഴ്ചകളും ഇരുണ്ട് അപ്രത്യക്ഷമാവുകയും ചെയ്യുന്നു.

നിദാഘനിരാർദ്രത = വേനലിൽ വെള്ളമില്ലാത്ത അവസ്ഥ. ചിരപ്രാർത്ഥിതം = വളരെ നാളത്തെ പ്രാർത്ഥനക്കുശേഷം സംഭവിക്കുന്ന. പാരണ = വ്രതങ്ങളും ഉപവാസങ്ങളും അനുഷ്ഠിച്ചതിനു ശേഷം, അതവസാനിപ്പിക്കുവാനായി ആദ്യം സ്വീകരിക്കുന്ന പാനീയം. നവ്യവർഷം = പുതുമഴ. പൗർണ്ണമി = പൂർണ്ണനിലാവ്. വാസിതമായ = വാസനയുള്ള. വാടിക = ഉദ്യാനം. ഭാഗധേയം = ഭാഗ്യം.

**സന്ധി നിർണ്ണയിക്കുക:**

ആദ്യമായി, കടന്നെത്തി, പൂക്കണി, പൂത്തുലയുക, വെണ്ണിലാവ്, താമരക്കൈ, വാടികയെങ്ങ്, നിനക്കേകുന്നു

**സമാസം എഴുതുക:**

മലർത്തിരി, ഗൃഹാങ്കണം, നവ്യവർഷം, പുഷ്പദീപം, ലതാസഖി, ചെറുമന്ദിരം, വെണ്ണിലാവ്, രോഗമൂർച്ഛ, കണ്വനന്ദിനി.

**പദങ്ങൾ പിരിച്ചെഴുതുക:**

1. 'ആദ്യമായിപ്പടി കടന്നെത്തിയൊ–
   രാദിനാന്തത്തിൽ ഞാനുമെന്നോർമ്മയും.'

2. കണ്വനന്ദിനിയില്ലാത്തൊരീമുറ്റ –
ത്തെന്നു വന്നു നീ? യെന്തിനു വന്നു നീ,

3. കൂടുമാറുന്ന പക്ഷിപോൽ വാടക–
വീടൊഴിഞ്ഞിന്നു പോവുകയാണ് ഞാൻ.

**പര്യായപദങ്ങളെഴുതുക**

മന്ദിരം, പൂവ്, തണ്ണീർ, താമര, രാവ്, പക്ഷി

**വിപരീതപദങ്ങൾ എഴുതുക**

അവ്യക്തം, നിരാർദ്രത, ആഗമിക്കുക.

**വൃത്തം:**

ദ്രുതകാകളി:

**ലക്ഷണം:**

രണ്ടുപാദത്തിലും പിന്നെ
യന്ത്യമായ ഗണത്തിനു
വർണ്ണമൊന്നു കുറഞ്ഞീടിൽ
ദ്രുത കാകളി കീർത്തനേ.

**അലങ്കാരങ്ങൾ**

രൂപകം

ലക്ഷണം

അവർണ്ണ്യത്തോടുവർണ്ണ്യത്തി
ന്നഭേദം ചൊൽകരൂപകം.

1. 'വെണ്ണിലാവൊളിയെണ്ണപുരട്ടിയ
വെൺമലർത്തിരി നീട്ടിച്ചിരിച്ചു നീ'

2. ഇങ്ങുനിന്നല്ലോ പോയി നീ, യാമുനി
കന്യകയ്ക്ക് ലതാസഖിയാകുവാൻ.

3. പോയ് വരട്ടെ ലതാഭഗിനീ! നിന്റെ
പൂവിരിയാത്ത ലോകമുണ്ടാവുമോ?

ഉപമ

ലക്ഷണം:

ഒന്നിനൊന്നോട് സാദൃശ്യം
ചൊന്നാലുപമയാമത്.

1. നവ്യഹർഷബിന്ദുക്കളാലൂഴിപോൽ
   നവ്യഹർഷമിയന്നു, തളിർത്തു നീ.
2. കൂടുമാറുന്ന പക്ഷിപോൽ വാടക
   വീടൊഴിഞ്ഞിന്നുപോവുകയാണ് ഞാൻ.

**പരാവർത്തനം ചെയ്യുക:**

എത്രശോഷിച്ചു പോയിന്നു നാം? ചിര
പ്രാർത്ഥിതമാം സമാഗമം നേടി നാം!
പിന്നെ ഞാൻ നീർ പകർന്നതു പാരണ
തന്നെയായ്; വ്രതഖിന്നമാം നിന്നുടൽ
നവ്യവർഷബിന്ദുക്കളാലൂഴിപോൽ
നവ്യഹർഷമിയന്നു, തളിർത്തു നീ.

**ചോദ്യങ്ങൾ**

ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

1. വാടകവീട്ടിലെത്തിയ ആദ്യദിനത്തിൽ വനജ്യോത്സ്നയെ കവി കാണുന്നതെങ്ങനെ?
2. വെള്ളമൊഴിച്ചു കൊടുത്തതിന് ശേഷമുള്ള മുല്ലവള്ളിയുടെ മാറ്റത്തെ കവി എങ്ങനെ വിശേഷിപ്പിക്കുന്നു?
3. വാടകവീടിന്റെ ഇത്തിരിമുറ്റം വനജ്യോത്സ്നയ്ക്ക് യോജിച്ചതല്ലെന്ന് കവി പറയുന്നതെങ്ങനെയെല്ലാം?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക**

1. വാടകവീടിന്റെ മുറ്റത്ത് നിൽക്കുന്ന മുല്ലവള്ളിയുടേ ശോഷിച്ച അവസ്ഥയെ കവി വർണ്ണിക്കുന്നതെങ്ങനെയെല്ലാം?
2. വെള്ളം പകർന്ന് കൊടുത്ത്, പൂത്തുലഞ്ഞ മുല്ലച്ചെടി കവിയിലുണർത്തിയ ഓർമ്മകളെന്തെല്ലാം?
3. ഈ ലോകത്തിന്റെ ജീർണ്ണതയ്ക്കു മുന്നിൽ വനജ്യോത്സ്നയുടെ സൗകുമാര്യം നിഷ്ഫലമാണെന്ന് കവി ചിത്രീകരിക്കുന്നത് എങ്ങനെയെല്ലാം?

**നൂറുവാക്കിൽ ഉത്തരമെഴുതുക:**

1. വാടകവീടിന്റെ മുറ്റത്തുള്ള വനജ്യോത്സ്ന കവിയിലുണർത്തുന്ന വിവിധ ചിന്തകളും വികാരങ്ങളും എന്തെല്ലാം?
2. സ്നേഹബന്ധങ്ങൾ വേർപെടുന്നത് വേദനാജനകമാണെന്ന് ഈ കവിതയെ മുൻനിർത്തി കവി സമർത്ഥിക്കുന്നത് എങ്ങനെയെല്ലാം?

# ഹാസ്യത്തിന്റെ ഉൽപ്പത്തി

**എം.പി.പോൾ**

ചിരിയെക്കുറിച്ചുള്ള ലേഖനം ചിരിപ്പിക്കുന്ന ലേഖനമായിരിക്കണമെന്നില്ല, നേരേ മറിച്ചാണ്. ഇത്ര ദുർഘടമായ വിഷയം വേറെ അധികമില്ല. അരിസ്റ്റോട്ടിൽ തുടങ്ങി പല ചിന്തകന്മാരേയും അത് വിഷമിപ്പിച്ചിട്ടുണ്ട്. ഒരു നിർവ്വചനത്തിന്റെ നാലു ചുവരുകൾക്കിടയിൽ പിടിച്ചു നിർത്താവുന്ന ഒന്നല്ല അത്. അത് ജീവിതത്തെപ്പോലെ പരപ്പാർന്നതും ആഴമേറിയതും, സ്ഥൂലതരവും സൂക്ഷ്മതരവുമാണ്. എന്നു തന്നെയല്ല, അത് ജീവിതത്തിന്റെ അഭിന്നമായ ഒരു ഘടകവുമാണ്. ജീവിതത്തെ ആരെങ്കിലും തൃപ്തികരമായി നിർവ്വചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ ചിരിയേയും നിർവ്വചിക്കാം. എന്നാൽ ഇതേവരെയുള്ള അനുഭവം വെച്ചു നോക്കിയാൽ രണ്ടും അസാദ്ധ്യമായിട്ടാണ് കാണുന്നത്.

ഇന്നത്തെ മനശ്ശാസ്ത്രജ്ഞന്മാരുടെ സിദ്ധാന്തം ചിരിയുടെ ഉത്ഭവം ഒരുവക ‘ഇക്കിളി’യിൽ നിന്നാണെന്നത്രെ. മനസ്സും ദേഹവും തമ്മിലുള്ള ഗാഢബന്ധം അഥവാ ഐക്യം ഈ സിദ്ധാന്തത്തിന് ഉപോൽബലകമാകുന്നുണ്ട്.

മനുഷ്യരെ ചിരിപ്പിക്കുവാൻ വെറും ഒരു ഗ്യാസിനു കഴിയും. ഹാസ്യത്തിന്റെ ഏറ്റവും ഉൽകൃഷ്ടമായ ഭാവങ്ങൾ പോലും മനസ്സിന്റെ ഒരുതരം ഇക്കിളിയിൽനിന്നാണ് പുറപ്പെടുന്നതെന്ന് ചില ആധുനിക മനഃശ്ശാസ്ത്രജ്ഞന്മാർ സമർഥിക്കുന്നു. എന്നാൽ ഈ സിദ്ധാന്തത്തിൽ ചിരി ചില അനുഭവവിശേഷങ്ങളുടെ പ്രത്യാഘാതമാണെന്നു മാത്രമേ തെളിയുന്നുള്ളു. ഈ പ്രത്യാഘാതത്തിന് നിദാനമായ അനുഭവങ്ങളുടെ സാമാന്യസ്വഭാവം എന്താണെന്ന് ഇനിയും അന്വേഷിക്കേണ്ടിയിരിക്കുന്നു.

അരിസ്റ്റോട്ടിൽ പറയുന്നത്, ഒരു വിധത്തിൽ അല്ലെങ്കിൽ മറ്റൊരു വിധത്തിലുള്ള അധഃപതനമാണ് ഹാസ്യത്തിന് നിദാനമാകുന്നതത്രെ. ദുരഹങ്കാരിയായ ഒരാൾക്ക് പെട്ടെന്ന് നേരിടുന്ന അപകർഷം മറ്റുള്ളവരെ വിനോദിപ്പിക്കാതിരിക്കുകയില്ല. കൈയും കാലും വീശി ആകാശത്തിൽ തല ഉരുട്ടി 'അമ്പട ഞാനെ' എന്ന ഭാവത്തിൽ നടന്നു പോകുന്ന ഒരാൾ ഒരു പഴത്തൊലിയിൽ ചവുട്ടി മറിഞ്ഞു വീണാൽ കാണികൾ അയാളെ നോക്കി ചിരിക്കുന്നത് സ്വാഭാവികമല്ലേ? ഇതുപോലെതന്നെ മാനസികലോകത്തിലും ഭാഷയിലും മറ്റും സംഭവിക്കുന്ന അവിചാരിതമായ അപകർഷമാണ് ഓരോരോ ഹാസ്യഭാവങ്ങൾക്ക് നിദാനമെന്ന് അരിസ്റ്റോട്ടിൽ സൂചിപ്പിക്കുന്നു. പക്ഷേ, ഇതു സർവ്വതോഭദ്രമായ ഒരു സിദ്ധാന്തമാണെന്ന് തോന്നുന്നില്ല. ഹാസ്യഭാവമുളവാക്കുന്ന അനേകം സംഗതികളിലൊന്നാണ് ഇത്തരത്തിലുള്ള അധഃപതനം എന്നു മാത്രമേ സമ്മതിക്കുവാൻ തരമുള്ളു. അധഃപതനത്തിനു നേരെ വിപരീതമായ ഗതിയും ചിലപ്പോൾ ഹാസ്യവിഷയമാകം. ബസ്സിൽ യാത്ര ചെയ്യുമ്പോൾ അതിന്റെ വരവു ഗൗനിക്കാതെ അലക്ഷ്യമായി നടന്നുപോകുന്ന വഴിപോക്കൻ ബസ് അയാളെ തൊട്ടുതൊട്ടില്ല എന്ന സന്ധിയിൽ പെട്ടെന്ന് റോഡിലേക്കെടുത്ത് ചാടുന്നതും അതു കണ്ട് ബസ്സിലുള്ളവർ ചിരിക്കുന്നതും പലരും കണ്ടിരിക്കും. ഇവിടെ വഴിപോക്കന് അധഃപതനമൊന്നും ഉണ്ടായിട്ടില്ല. ഒരു വിധത്തിൽ പറഞ്ഞാൽ അയാൾ ചാടിയപ്പോൾ നിലത്തു നിന്ന് കുറച്ചുകൂടി ഉയരുകയാണ് ചെയ്തിട്ടുള്ളത്. എന്നിട്ടും ബസ്സിലുള്ളവർ ചിരിക്കുവാൻ കാരണമെന്ത്? സൽഗുണങ്ങൾ നിറഞ്ഞ പല കഥാപാത്രങ്ങളും നാടകത്തിൽ ഹാസ്യവിഷയമാകാറുണ്ട്. അവയുടെ അധഃപതനമാണ് അതിന് കാരണമെന്ന് പറയുവാൻ വയ്യ. മോളിയറുടെ 'അൽസെസ്റ്റ്' എന്ന കഥാപാത്രം ഉൽകൃഷ്ടഗുണസമ്പന്നമാണ്. എന്നാലും അതൊരു ഹാസ്യപാത്രമായിട്ടാണ് നാടകത്തിൽ വിഹരിക്കുന്നത്. തന്നിമിത്തം ഹാസ്യത്തിന്റെ മർമ്മം അധഃപതനമല്ലെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു.

പിന്നെ മറ്റെന്തായിരിക്കാം? അതിശയീകരണമാണ് ഹാസ്യത്തിന്റെ ആധാരമെന്നൊരു പക്ഷമുണ്ട്. ഇതിലും കുറച്ച് വാസ്തവമില്ലെന്നില്ല. ഹാസ്യകാരന്മാർ സാധാരണ പ്രയോഗിക്കാറുള്ള ഒരു തന്ത്രമാണ് അതിശയോക്തി. ഹാസ്യചിത്രകലയുടെ മുഖ്യോപായവും മറ്റൊന്നല്ല. നേതാക്കന്മാരുടെ ആകൃതിയിലോ പ്രകൃതിയിലോ ഉള്ള സ്ഥായിയായ ഒരു വികൃതലക്ഷണം വ്യാവർത്തിച്ചെടുത്ത് അതിനെ പർവ്വതീകരിക്കയാണ് ഹാസ്യചിത്രകാരന്മാർ ചെയ്തുവരാറുള്ളത്. ശിലാപ്രതിമക്ക് തുല്യമായ മുസ്സോലിനിയുടെ സ്ഥൂലതയും, ഹിറ്റ്ലറിന്റെ മുറിമീശയും, ചർച്ചിലിന്റെ ചുരുട്ടും, ചേമ്പർലെയിന്റെ കുടയും, ലോയിഡ് ജോർജ്ജിന്റെ മുഖത്തുള്ള വർത്തുളതയും മറ്റും ഇതിന് ദൃഷ്ടാന്തങ്ങളാണ്. പദപ്രയോഗത്തിലും അതിശയോക്തി പലപ്പോഴും ഹാസ്യോൽപാദനത്തിന് കാരണമായിത്തീരുന്നുണ്ട്. സൂരിനമ്പൂതിരിപ്പാടിന്റെ ചാപല്യങ്ങളും, കാർത്ത്യായനിയമ്മയുടെ സൽക്കാരസംരംഭങ്ങളും വർണ്ണിച്ചിട്ടുള്ളതിൽ അതിശയോക്തി പ്രകടമാണ്. അതിശയോക്തി വൈചിത്ര്യത്തിൽ അദ്വിതീയൻ ഫ്രാൻസിലെ ഹാസ്യസാഹിത്യകാരനായ റാബലേയ് ആണ്. എന്നാലും ഇത് ഹാസ്യപ്രയോഗത്തിലുള്ള ഒരു തന്ത്രമെന്നല്ലാതെ ഹാസ്യത്തിന്റെ ഹേതുവാണെന്ന് വിചാരിക്കുന്നതിൽ യുക്തിഭംഗമുണ്ട്. അതിശയോക്തി ഇല്ലെങ്കിലും ഹാസ്യമുണ്ടാകാം. ജെയിൻ ഓസ്റ്റിൻ, ആർനോൾഡ് ബെന്നറ്റ്, ഗാൽസ്വർത്തി, മുതലായ യഥാർത്ഥ സാഹിത്യകാരന്മാരുടെ കൃതികളിലും ഹാസ്യപ്രയോഗം ധാരാളമുണ്ട്. അവരെല്ലാവരും അതിശയോക്തി പ്രായേണ വർജ്ജിക്കുന്നവരാണ്. അതിശയോക്തിക്ക് പകരം ന്യൂനോക്തി ആണ് അവർ മിക്കവാറും പ്രയോഗിക്കുന്നത്. ‘‘മൂർഖൻപാമ്പു കടിച്ചാൽ ഒരു സുഖവുമില്ല,’’ എന്ന് പറയുന്നത് ന്യൂനോക്തിക്കുദാഹരണമാണ്. ഇങ്ങനെയുള്ള പ്രയോഗങ്ങൾ കൊണ്ടും ഹാസ്യഭാവം സാധിക്കാവുന്നതാണല്ലോ.

ഹാസ്ലിറ്റ് മുതലായ നിരൂപകന്മാർ സാഹിത്യത്തിലുള്ള ഹാസ്യപ്രതീതിയെ പരാമർശിച്ചു ചുഴിഞ്ഞുനോക്കിയതിൽ, വൈരുദ്ധ്യബോധത്തിലാണ് അതിന്റെ പ്രഭവം കണ്ടെത്തിയത്. രണ്ട് പാത്രങ്ങൾക്ക് തമ്മിൽ, അല്ലെങ്കിൽ രണ്ടവസ്ഥകൾക്ക് തമ്മിൽ, അതുമല്ലെങ്കിൽ ഒരേ പാത്രത്തിന്റെ രണ്ടവസ്ഥകൾക്ക് തമ്മിലുള്ള പരസ്പരവൈരുദ്ധ്യമാണ് ഹാസ്യത്തിന്റെ ഉൽപത്തിയെന്ന് അവർ സിദ്ധാന്തിക്കുന്നു. പ്രാംശുലഭമായ ഫലത്തിങ്കൽ ഉദ്ബാഹുവായിരിക്കുന്ന വാമനൻ ഉപഹാസ്യതയെ പ്രാപിക്കുന്നത് ഫലത്തിന്റെ ഉന്നതിയും വാമനന്റെ വാമനത്വവും തമ്മിലുള്ള തന്ത്രം കൊണ്ടാണ്.. മനുഷ്യശരീരത്തിലെ ചില വൈരൂപ്യങ്ങൾ ഹാസ്യവിഷയമാകുന്നത് മനുഷ്യശരീരത്തിന്റെ സാധാരണഘടനയും അതിന്റെ വൈരൂപ്യവും തമ്മിലുള്ള പരസ്പരവിരുദ്ധതകൊണ്ടാണ്. പദപ്രയോഗത്തിലും ഈ വൈരുദ്ധ്യം കാണ്മാൻ കഴിയും. ഒരു വാക്യത്തിന്റെ പ്രത്യക്ഷവും പരോക്ഷവുമായ അർത്ഥങ്ങൾക്ക് തമ്മിൽ വൈധർമ്മ്യമുണ്ടെങ്കിൽ അത് ഒരു ഫലിതമായിത്തീരാവുന്നതാണ്.

ഈ സിദ്ധാന്തം മുമ്പു പ്രതിപാദിച്ചിട്ടുള്ളവയെക്കാൾ സ്വീകാര്യമായിത്തോന്നാമെങ്കിലും ഇതും പരിപൂർണ്ണമായ ഒരു സിദ്ധാന്തമാണെന്ന് പറയാവതല്ല. ഹാസ്യപ്രതീതി ഉളവാക്കുന്ന പല സന്ദർഭങ്ങളിലും ഏതാണ്ടൊരു വൈരുദ്ധ്യ പ്രകടനം ഉണ്ടെന്നുള്ളത് ശരി തന്നെ. പക്ഷേ, വൈരുദ്ധ്യമില്ലാത്ത സന്ദർഭങ്ങളിലും ഹാസ്യമുണ്ടാകാറുണ്ട്. പാസ്ക്കൾ എന്ന ഫ്രഞ്ചുചിന്തകൻ പറഞ്ഞിട്ടുള്ള ഒരു ദൃഷ്ടാന്തം ഉദ്ധരിക്കാം. അന്യോന്യം പരിപൂർണ്ണസാദൃശ്യമുള്ള രണ്ടുപേരെ സങ്കല്പിക്കുക. അവരിൽ ഒരാളെ മാത്രം കാണുമ്പോൾ ആരും ചിരിക്കുകയില്ല. എന്നാൽ അവരെ രണ്ടുപേരെയും ഒന്നിച്ചു കാണുമ്പോൾ ആരും ചിരിച്ചു പോകും. ഇവിടെ വൈരുദ്ധ്യമല്ല; നേരെമറിച്ച് സാദൃശ്യമാണ് ഹാസ്യത്തിന് നിദാനമായി ഭവിക്കുന്നത്. ഒരാൾ പ്രസംഗിച്ചു കൊണ്ടിരിക്കുമ്പോൾ

മൂക്കൊന്ന് ചൊറിയുന്നുവെന്ന് വിചാരിക്കുക. ആരും അതത്ര ശ്രദ്ധിക്കുകയില്ല. എന്നാൽ അയാൾ പറയുന്ന ഓരോ വാക്യത്തിനിടക്കും മൂക്കു ചൊറിഞ്ഞുകൊണ്ടിരിക്കുകയാണെങ്കിൽ ശ്രോതാക്കൾ അതു ശ്രദ്ധിക്കുകയും, ഒരുപക്ഷേ, ചിരിക്കുകയും ചെയ്തെന്ന് വന്നേക്കാം. ഇതു പോലെതന്നെയാണ് 'അതേ' 'ഞാൻ പറയുന്നു' എന്ന പദങ്ങൾ ഓരോ വാക്യത്തിന്റെ ആരംഭത്തിലും പ്രയോഗിച്ചാലുണ്ടാകാവുന്ന അനുഭവം ഒരിക്കൽ മാത്രം പ്രയോഗിച്ചാൽ ഹാസ്യവിഷയമാകാത്തതു പല പലപ്രാവശ്യം പ്രയോഗിച്ചാൽ ഹാസ്യവിഷയമായിത്തീരും. ഈ ദൃഷ്ടാന്തങ്ങളിൽ വൈരുദ്ധ്യമല്ല, നേരെ മറിച്ച് ആവർത്തനമാണ് ഹാസ്യത്തിന് ആസ്പദമായിക്കാണുന്നത്.

ഈയിടെ ചരമഗതി പ്രാപിച്ച ബെർഗ്സൺ എന്ന ഫ്രഞ്ചുചിന്തകന്റെ സിദ്ധാന്തം കുറെക്കൂടി ഗാഢവും സമഞ്ജസവുമായി ഇതെഴുതുന്ന ആൾക്ക് തോന്നിയിട്ടുണ്ട്. അദ്ദേഹത്തിന്റെ സിദ്ധാന്തത്തിൽ പ്രധാനമായി മൂന്നംശങ്ങളാണുള്ളത്. ഒന്നാമതായി, ഹാസ്യം മനുഷ്യന് സവിശേഷമുള്ള ഒരു ധർമ്മമാണെന്നാണ് അദ്ദേഹത്തിന്റെ വാദം. 'ചിരിക്കുന്ന ജന്തു' എന്നു മനുഷ്യനെ മുമ്പു നിർവ്വചിച്ചിട്ടുണ്ട്. 'ചിരിക്ക് വിഷയമായ ജന്തു' എന്ന് അവനെ നിർവ്വചിക്കാമെന്ന് ബെർഗ്സൺ പ്രസ്താവിക്കുന്നു. ചിരിക്ക് വിഷയമാകുന്നത് എപ്പോഴും മനുഷ്യനാണ്. ഒരു ഭൂവിഭാഗം അഥവാ പ്രകൃതിവിലാസം സുന്ദരമോ മറിച്ചോ ആയിരിക്കാം. പക്ഷേ, അതൊരിക്കലും ഹാസ്യ വിഷയമാകയില്ല. ചില ജന്തുക്കളുടെ (ദൃഷ്ടാന്തമായി കുരങ്ങുകളുടെ) ചേഷ്ടകൾ നമ്മെ ചിരിപ്പിക്കുന്നുണ്ടെങ്കിൽ അത് അവക്ക് മനുഷ്യരുടെ ചേഷ്ടകളോടുള്ള സാദൃശ്യം കൊണ്ടാണ്. മാനുഷികമായ എന്തെങ്കിലും ഒന്നായിരിക്കും ഹാസ്യത്തിന്റെ ആസ്പദം. രണ്ടാമതായി ബെർഗ്സൺ സമർത്ഥിക്കുന്നത്, മനുഷ്യജീവിതം അതിന്റെ ചലനാത്മകതയിൽ നിന്നകന്നു പോവുകയും ഒരു യന്ത്രത്തോട് സാദൃശ്യം വഹിക്കാൻ തുടങ്ങുകയും

ചെയ്യുമ്പോഴാണ് ഹാസ്യമുളവാകുന്നതെന്നാണ്. ചലനാത്മകവും വികാസസങ്കോചക്ഷമവും ആയ ജീവിതത്തിൽ നിശ്ചലവും യാന്ത്രികവുമായ അംശങ്ങൾ കടന്നുകൂടുമ്പോൾ ഹാസ്യവിഷയകമായ സന്ദർഭങ്ങളുണ്ടാകുന്നു കാലദേശാവസ്ഥകൾക്കനുസൃതമായി മനസ്സിന്റേയും ശരീരത്തിന്റെയും വ്യാപാരങ്ങളെ നയിക്കുവാൻ കഴിയുന്ന ഒരാൾ ഒരിക്കലും ഉപഹാസ്യനായി ഭവിക്കുകയില്ല. ഒരു തടിയൻ മറിഞ്ഞു വീണാൽ നാം ചിരിക്കും. അതിന് രണ്ടു വിധത്തിലുള്ള യാന്ത്രികത്വമാണ് കാരണം. ഒന്നാമത്, അമിതമായ തടിതന്നെ, ശരീരത്തിന്റെ ലാഘവത്തിന് കോട്ടം വരുത്തി അതിനെ യാന്ത്രികമാക്കിയതിന്റെ ഫലമാണ്. രണ്ടാമതായി, അയാൾ മാർഗ്ഗത്തിനനുസരിച്ച് തന്റെ ഗതിയെ നയിച്ചിരുന്നുവെങ്കിൽ വീഴുകയില്ലായിരുന്നു. അങ്ങനെ നയിക്കാൻ സാധിക്കാതെവന്നത് അയാളുടെ സഞ്ചാരക്രമത്തിലുള്ള അശ്രദ്ധ, അതായത്, അയാളുടെ ശാരീരവ്യാപാരത്തിന്റെ യാന്ത്രികത്വം കൊണ്ടാണ്. ജീവിതത്തിൽ വെച്ചുകെട്ടുന്ന ഈ യാന്ത്രികത്വത്തിന്റെ ബഹുമുഖമായ പ്രകടനങ്ങളിൽ നിന്നാണ് ഹാസ്യമുത്ഭവിക്കുന്നത്. മുഖത്ത് ഒരു മാംസഖണ്ഡം ഉരുട്ടിവെച്ചതു പോലെയാണ് ഒരാളുടെ മൂക്കെങ്കിൽ അത് അയാളുടെ കുറ്റമല്ല; ശരി തന്നെ. പക്ഷേ, പ്രകൃതി തന്നെ ഏതോ ഓർമ്മപിശകുകൊണ്ടെന്നപോലെ അയാളുടെ മുഖഭാവത്തിന്റെ ചൈതന്യത്തെ കെടുത്തുന്ന ഒരു വൈരൂപ്യം കെട്ടിവെച്ച് ആ അവയവത്തെ സംബന്ധിച്ചിടത്തോളം അയാളെ യന്ത്ര സമാനനാക്കുകയാണ് ചെയ്തിട്ടുള്ളത്. മനുഷ്യന്റെ ഉപകരണമായ ഭാഷയിലും ഈ യാന്ത്രികത്വം കടന്നു കൂടാവുന്നതാണ്. മേൽക്കാണിച്ച ദൃഷ്ടാന്തത്തിൽ' അതേ' , ' ഞാൻ പറയുന്നു' എന്നും മറ്റും ആവർത്തിക്കുന പ്രസംഗകൻ ഏതോ യന്ത്രത്താൽ നയിക്കപ്പെടുന്ന ഒരു മനുഷ്യപ്പാവയായിത്തീരുകയാണ് ചെയ്യുന്നത്. അയാളുടെ ഭാഷ സജീവമായ ആശയത്തോടൊപ്പം സജീവമാകുന്നതിന് പകരം നിർജ്ജീവവും നിരർത്ഥകവുമായ സാങ്കേതികശബ്ദങ്ങൾകൊണ്ട്

സ്ഥൂലമായിത്തീരുന്നത് നിമിത്തമാണ് അത് ഹാസ്യത്തിന് വിഷയമാകുന്നത്. ഇങ്ങനെ ഹാസ്യവിഷയകമായ ഏത് ദൃഷ്ടാന്തം നോക്കിയാലും അതിൽ യാന്ത്രികമായ ഒരംശം കണ്ടെത്താതിരിക്കയില്ല. മൂന്നാമതായി, ബെർഗ്സൺ സിദ്ധാന്തിക്കുന്നത്, ഹാസ്യത്തിന്റെ ഉത്ഭവസ്ഥാനം ഹൃദയമല്ലെന്നും നേരെമറിച്ച് തലച്ചോറു മാത്രമാണെന്നുമത്രെ. വികാരം ഹാസ്യത്തിന്റെ ശത്രുവാണ്. അനുകമ്പ മുതലായ ആർദ്രവികാരങ്ങൾ തൽക്കാലത്തേങ്കിലും മാറ്റിവെച്ചെങ്കിൽ മാത്രമേ ഹാസ്യത്തിന് പ്രത്യക്ഷപ്പെടുവാൻ അവസരമുണ്ടാകുകയുള്ളു. വികാരമുള്ള ഒരാളുടെ ദൃഷ്ടിയിൽ ജീവിതം ഒരു ശോകപര്യവസായിയായ നാടകമായും, വിചാരശീലനായ ഒരാളുടെ ദൃഷ്ടിയിൽ അത് ഒരു പ്രഹസനമായും കാണപ്പെടുന്നു. നാം പരിഹസിക്കുന്ന ഒരാളോട് നമുക്ക് സ്നേഹമുണ്ടെന്ന് വന്നേക്കാം. പക്ഷേ പരിഹസിക്കപ്പെടുന്ന ആൾ, സ്നേഹിക്കപ്പെടുന്ന ആൾ, ഇവർ രണ്ടും രണ്ടാണ്. പരിഹസിക്കുന്ന ആൾ, സ്നേഹിക്കുന്ന ആൾ ഇവരും രണ്ടാണ്. നാം ഒരാളെ പരിഹസിക്കുനത് നമ്മുടെ സാമുദായിക ബോധം കൊണ്ടാണ്. നം അയാളെ സ്നേഹിക്കുന്നതാകട്ടെ, നമ്മുടെ വ്യക്തിപരമായ ബോധംകൊണ്ടാണ്. ഓരോ മനുഷ്യനും ജീവിതത്തിന്റെ പ്രതിനിധിയായിരിക്കെ ആരെങ്കിലും ജീവിതത്തോട് നേരെ വിരുദ്ധമായ യാന്ത്രികത്വത്തിന് വിധേയനാവുകയാണെങ്കിൽ, സമുദായം പരിഹാസം ഉപയോഗിച്ച് അയാളുടെ മേൽ പ്രതികാരം ചെയ്യുന്നു. ഈ സമുദായം ഏറെക്കുറെ പരിമിതമായിരിക്കാം. ഒരു വർഗ്ഗത്തിന് ന്യായമായിതോന്നുന്നത് മറ്റൊരു വർഗ്ഗത്തിന്റെ ദൃഷ്ടിയിൽ ഹാസ്യവിഷയമായേക്കാം. എന്നാലും ഹാസ്യം വ്യക്തിപരമായ ഒരു വ്യാപാരമല്ലെന്നും മറിച്ച് അത് ഏതെങ്കിലുമൊരു സമൂഹത്തിന്റെ പ്രതികാര പ്രചോദിതമായ ഒരു പ്രത്യാഘാതമാണെന്നും ബെർഗ്സൺ സമർത്ഥിക്കുന്നു. ഹാസ്യത്തിന്റെ നാനാവഴികളെക്കുറിച്ചാലോചിക്കുമ്പോൾ ഇത്ര സൂക്ഷ്മവും അതേ സമയംതന്നെ വിപുലവും ആയ ഒരു നിർവ്വചനം മറ്റു

യാതൊരു ചിന്തകന്റെ ബുദ്ധിയിൽ നിന്നും പുറപ്പെട്ടിട്ടില്ലെന്ന് തോന്നുന്നു.

**എം.പി.പോൾ:**

1904ൽ ജനിച്ച എം.പി പോൾ വളരെക്കാലം വിവിധ കോളേജുകളിൽ ഇംഗ്ലീഷ് അധ്യാപകനായി പ്രവർത്തിച്ചു. പുരോഗമന സാഹിത്യ സംഘടനയുടെ അദ്ധ്യക്ഷനായിരുന്നു. നോവൽ സാഹിത്യം, ചെറുകഥാ പ്രസ്ഥാനം, സൗന്ദര്യ നിരീക്ഷണം, സാഹിത്യ വിചാരം തുടങ്ങിയവയാണ് പ്രധാന കൃതികൾ. 1952 ൽ അന്തരിച്ചു.

**പദങ്ങളുടെ അർത്ഥം**

ദുർഘടം = വിഷമം പിടിച്ച, നിദാനം = കാരണം, അധഃപതനം = താഴോട്ട് വീഴൽ, സ്ഥായി = സ്ഥിരം, പർവ്വതീകരിക്കുക = കൂട്ടിപ്പറയുക, പ്രഭവം= ഉത്ഭവം, പ്രാംശു= പൊക്കമുള്ള, ദൃഷ്ടാന്തം = ഉദാഹരണം, ചേഷ്ട = കളി.

**സന്ധി നിർണ്ണയിക്കുക**

ചാടിയപ്പോൾ, സ്ഥായിയായ, മാർഗ്ഗത്തിനനുസരിച്ച്, ഏതാണ്ടൊരു, തൽക്കാലം

**സമാസം നിർണ്ണയിക്കുക**

അനുഭവവിശേഷം, സാമാന്യസ്വഭാവം, കൈകാൽ, കാലദേശം, പ്രകൃതിവിലാസം

**വാക്യത്തിൽ പ്രയോഗിക്കുക**

പ്രഹസനം, യാന്ത്രികത്വം, ദൃഷ്ടാന്തം, വൈരുദ്ധ്യം, പ്രഭവം, പരോക്ഷം, ചാപല്യം, അധഃപതനം.

**പര്യായമെഴുതുക**

മനുഷ്യൻ, പർവ്വതം, മൂക്ക്, മനസ്സ്

**വിപരീതപദമെഴുതുക**

സ്ഥൂലം, അസാദ്ധ്യം, അലക്ഷ്യം, അതിശയോക്തി, വൈരുദ്ധ്യം, ധർമ്മം

**ചോദ്യങ്ങൾ**

**ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. ജീവിതത്തെപ്പോലെ നിർവ്വചിക്കാൻ പ്രയാസമുള്ളതെന്ത്?
2. ചിരി ഉണ്ടാകുന്നതിനെക്കുറിച്ച് മനശ്ശാസ്ത്രജ്ഞരുടെ അഭിപ്രായമെന്ത്?
3. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ഹാസ്യത്തിന്റെ ഹേതുവെന്ത്?
4. ഹാസ്യത്തെക്കുറിച്ച് വിശ്വസനീയമായി സിദ്ധാന്തിച്ച ചിന്തകനാര്?
5. അതിശയോക്തി പ്രയോഗത്തിൽ മിടുക്കനായ ഫ്രഞ്ച് ഹാസ്യ സാഹിത്യകാരനാര്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക**

1. അധഃപതനം ചിരിയുണ്ടാക്കുന്നതെങ്ങനെ?
2. അതിശയോക്തി എന്നാലെന്ത്?
3. വൈരുദ്ധ്യത്തിൽ നിന്നും ചിരിയുണ്ടാകുന്നതെങ്ങനെ?
4. ആവർത്തനം ഹാസ്യത്തിന് ഹേതുവാകുന്നതെങ്ങനെ?
5. യാന്ത്രികത എന്നാലെന്ത്? ഇത് ചിരിക്ക് കാരണമാകുന്നതെങ്ങനെ?
6. വികാരം ഹാസ്യത്തിന്റെ ശത്രുവാണെന്ന് പറയാൻ കാരണമെന്ത്?

**നൂറു വാക്കിൽ ഉത്തരമെഴുതുക**

1. ഹാസ്യത്തിന്റെ ഉൽപ്പത്തികാരണത്തെക്കുറിച്ചുള്ള സിദ്ധാന്തങ്ങൾ വിവരിക്കുക
2. ഹാസ്യത്തിന്റെ ഉൽപ്പത്തിയെക്കുറിച്ച് ബെർഗ്സന്റെ സിദ്ധാന്തം ഉദാഹരണ സഹിതം എഴുതുക

# ഏകലോകത്തിലേക്ക്

**സുകുമാർ അഴീക്കോട്:**

'ഏകലോകം' എന്ന പേരിൽ ഒരൊറ്റ കൊച്ചുപുസ്തകം എഴുതിയതോടെ ഇരുപതാം നൂറ്റാണ്ടിലെ പ്രവാചകകല്പനായ ഒരു മഹാപുരുഷനായി വാഴ്ത്തപ്പെട്ടുപോന്ന ഒരു വ്യക്തിയാണ് വെൻഡൽ വില്ക്കി. ഇന്ന് അദ്ദേഹത്തിന്റെ പേരിന് കുറെ മങ്ങൽ തട്ടിയിട്ടുണ്ട്. എങ്കിലും ആ പദപ്രയോഗവും അതിന്റെ പിന്നിലെ ആശയവും നിത്യഭാസുരമാണ്. ഒന്നിലേറെ പ്രാവശ്യം അമേരിക്കൻ പ്രസിഡന്റ്സ്ഥാനത്തേക്ക് മത്സരിച്ച് തോറ്റമ്പിയ അദ്ദേഹം ചരമം പ്രാപിച്ചുകഴിഞ്ഞിട്ടുപോലും പല അമേരിക്കൻ പ്രസിഡന്റുമാരെക്കാൾ അദ്ദേഹം ഓർക്കപ്പെടുന്നുണ്ട്. ഓർക്കപ്പെടേണ്ട ആളുമാണ്. 'ഏകലോകം' എന്ന ആ ചെറിയ വാക്കിന്റെ മാന്ത്രികപ്രഭാവമാണ് ഇതിന് നിദാനം. നശ്വരനായ മനുഷ്യൻ അനശ്വരനാകുന്നത് അനശ്വരമായ ഒരാശയത്തിന്റെ പ്രതിരൂപമാകുമ്പൊഴാണല്ലോ. മനുഷ്യർ തമ്മിൽത്തമ്മിൽ കാട്ടുന്ന കൊടിയ അനൈക്യം മൂലം രാഷ്ട്രങ്ങളുടെ യുദ്ധങ്ങളും സമുദായങ്ങളുടെ വഴക്കുകളും മറ്റും കൂടിക്കൂടി വന്ന് മനുഷ്യജീവിതം ദുർഭരമായിത്തീർന്ന ശപിക്കപ്പെട്ട ഒരു കാലഘട്ടത്തിൽ ഏകലോകത്തെപ്പോലെ സർവ്വജനപൂജിതമായ മറ്റൊരാദർശം ഉണ്ടാകാൻ വഴിയില്ല. ഭൗതികപരാജയങ്ങൾ മൂലം അഭിഭൂതനായ വിൽകക്ക് അമരത്വം പ്രദാനം ചെയ്ത പരിവേഷം പാവനമായ ആ ആദർശത്തിന്റേതാണെന്ന് സ്പഷ്ടമത്രേ.

വെൻഡൽ വില്ക്കി ഒരു രാജ്യതന്ത്രജ്ഞനാണ്. 1942 ആഗസ്റ്റ് 26 ന് മുതൽ ഒക്ടോബർ 14 വരെ ആകെ 49 ദിവസത്തിന്നിടയിൽ 160 മണിക്കൂർ മാത്രം എടുത്തുകൊണ്ട് ആകെ 81000 നാഴിക വിവിധദേശങ്ങളുടെ മുകളിലൂടെ മിന്നൽ വേഗത്തിൽ പറന്നിട്ടാണ് ആ രാജ്യതന്ത്രജ്ഞൻ ഗ്രഹിച്ചത്, ലോകത്തിലെ ജനങ്ങൾ മുഴുവൻ ഏകലോക പൗരന്മാരാണെന്ന്.

തന്റെ ഗ്രന്ഥത്തിന്റെ ഒടുവിൽ അദ്ദേഹം ഇങ്ങനെ പ്രഖ്യാപിച്ചിരിക്കുന്നു: "ഭാവിയിൽ നമ്മുടെ വിചാരം വിശ്വവിപുലമായിരിക്കേണ്ടതാണ്."

ഭാവിയിൽ നാം ചിന്തിക്കുന്നത് ഏകലോകമെന്ന ലക്ഷ്യം വെച്ചുകൊണ്ടായിരിക്കണം എന്ന വില്ക്കിയുടെ ഉപദേശം ഏറ്റുകൊള്ളേണ്ടവർ രാജ്യതന്ത്രജ്ഞന്മാർ തന്നെയാണ്; സാഹിത്യകാരന്മാരോ കലാകാരന്മാരോ തത്ത്വചിന്തകന്മാരോ അല്ല. രാഷ്ട്രീയ നേതാവായ വില്ക്കിയെ വിശ്വപ്രശസ്തനാക്കിയ ആ 'ഏകലോകം' എന്ന പദം അദ്ദേഹത്തിനുമുമ്പ് എടുത്തുപയോഗിച്ചവർ മുഴുവൻ സാഹിത്യകാരന്മാരും ചിന്തകന്മാരും മറ്റുമായിരുന്നു. വളരെ ക്ലേശപൂർണ്ണവും വ്യയപൂർണ്ണവുമായ ഒരു വിശ്വവിപുലവിഹായവിഹാരം കൊണ്ട് അദ്ദേഹം ഗ്രഹിച്ച ആ തത്ത്വം അവരിൽ മിക്കവരും തങ്ങളുടെ ഗ്രാമത്തിന്റെ അതിർത്തിക്ക് അപ്പുറത്തുപോലും കാലെടുത്തുകുത്താതെ തങ്ങളുടെ അതിപരിമിതമായ ചുറ്റുപാടുകളും ഉള്ളകവും മാത്രം നിരീക്ഷിച്ച് കണ്ടുപിടിച്ചു വെച്ചതായിരുന്നു. കിഴക്കും പടിഞ്ഞാറുമുള്ള പ്രാചീന സാഹിത്യകൃതികളിൽ ഉടനീളം മനുഷ്യന്റെ കാലാതിവർത്തിയായ ഐക്യത്തെ വിളംബരം ചെയ്യുന്ന വിളികൊണ്ട വരികൾ വളരെയുണ്ട്. സമുദായത്തിന്റെ ഏറ്റവും മുന്നണിയിൽ സാഹിത്യകാരനും ചിന്തകനും നടക്കുമ്പോൾ രാഷ്ട്രീയ നേതാവ് അവരുടെ പുറകിൽ മാത്രമേ നടക്കുന്നുള്ളൂവെന്ന് വില്ക്കിയുടെ ഈ കഥ തെളിയിക്കുന്നു. പക്ഷേ സാഹിത്യകാരൻ സമുദായത്തിന്റെയും കാലഘട്ടത്തിന്റെയും മുന്നോടിയായി ചിന്തിക്കുന്ന സങ്കല്പങ്ങൾ പ്രായോഗികങ്ങളായ വസ്തുതകളാകണമെങ്കിൽ രാഷ്ട്രീയനേതാക്കൾ അവയുൾക്കൊണ്ടേ പറ്റൂ. ഏകലോകം എന്ന ആശയം വില്ക്കി ഉപയോഗിച്ചപ്പോൾ അതൊരു നിക്കൽനാണയം പോലെ സാധാരണക്കാരന്റെ കൈയിൽപോലും എത്തി പ്രചുരപ്രചാരമായിത്തീർന്നത് നോക്കുക. എന്നാലും ഒരു വില്ക്കി മഹത്തായ ഒരാശയം

ശബ്ദിക്കണമെങ്കിൽ അയാൾക്ക് മുമ്പിൽ ആയിരം സാഹിത്യകാരന്മാർ അത് സ്വപ്നം കാണുകയുംഅതിന്മേൽ കല്പനാശില്പം ചാർത്തുകയും വേണം.

ഏകലോകാശയത്തിന്റെ സാഹിത്യ പാരമ്പര്യം സുദീർഘവും മഹനീയവുമാണ്. ഇന്ത്യയിൽ അതിന് വളരെ കവിഞ്ഞ പഴക്കമുണ്ട്. "യത്ര വിശ്വം ഭവത്യേക നീഡം". (എവിടെ ലോകം ഒരൊറ്റ പക്ഷിക്കൂടായി മാറുന്നു") എന്നു പാടിക്കൊണ്ട് ലോകത്തിലെ മനുഷ്യരെല്ലാം ഒരേയൊരു കൂട്ടിൽ പുലർന്നു പോരേണ്ട പക്ഷികളാണെന്ന് സൂചിപ്പിക്കുന്ന ഒരു സൂക്തഭാഗം യജുർവേദത്തിലുണ്ട്. മറ്റൊരു വേദത്തിൽ മനുഷ്യരുടെ വിചാരങ്ങൾപോലും ഒരേ മട്ടിലായിത്തീരട്ടെ എന്നൊരു ഋഷി ആശംസിക്കുന്നുണ്ട്. നിസ്തുലമാണ് ഈ ഋഷിമാരുടെ ഐക്യാഭിവാഞ്ച്ഛ. കാരണം സർവ്വമാനവൈക്യം ഒരു പ്രശ്നമാകാതിരുന്ന കാലത്താണ് അവർ അതിനുവേണ്ടി പ്രാർത്ഥിച്ചത്.

വൈദികകാലത്ത് ഇന്ത്യയുടെ ചുണ്ടും ചേതസ്സും ഉയർത്തിയ ഈ ഐക്യമന്ത്രത്തിന്റെ മന്ദ്രമായ ധ്വനി പിൽക്കാലത്ത് ഇവിടുത്തെ തത്ത്വചിന്തയിലെന്നപോലെ സാഹിത്യത്തിലും തുടരെത്തുടരെ മുഖരിതമായിത്തീർന്നു. ആദികവിയായ വാല്മീകിയുടെ രാമായണം ഉദാഹരണമായി നോക്കുക. അത് നരന്റെ ഇതിഹാസമാണ്. 'മഹാഗുണശാലിയായ ഒരു മനുഷ്യൻ എവിടെയെങ്കിലുമുണ്ടോ?' എന്ന ഗംഭീരമായ ചോദ്യത്തിന്റെ വിശദവിപുലമായ സമാധാനമാണ് രാമായണം. കാലദേശാവസ്ഥകൾക്ക് മേലെ വിലസുന്ന ശാശ്വതമനുഷ്യത്വമാണ് രാമായണത്തിന്റെ വിഷയം. "ലോകാ സമസ്താ സുഖിനോ ഭവന്തു' എന്നു പാടിയ അതിശ്രേഷ്ഠമായ സാഹിത്യകൃതിയാണ് അത്. അതിലെ ഇരുപത്തിനാലായിരം അനുഷ്ടുപ്പ് പദ്യങ്ങളുടെ ഓരോ ശ്വാസമാത്രയിലും ഭാരതീയസംസ്ക്കാരത്തിന്റെ ഈ സാരസർവ്വം തുള്ളിത്തുളുമ്പി നിൽക്കുന്നുണ്ട്. "സ്വദേശോ

ഭുവനത്രയം" എന്ന ആശയം പുരാണകൃതികളിലെല്ലാം പ്രതിധ്വനിച്ചു കാണാം.

പാശ്ചാത്യസാഹിത്യവും ഐക്യദ്രഷ്ടാവായ സാഹിത്യകാരന്റെ വിശ്വവീക്ഷണത്താൽ ഇത്രതന്നെ ധന്യമാണ്. പടിഞ്ഞാറിന്റെ സാഹിത്യ മഹാനിധിയായ ഹോമർ ഗ്രീസിന്റെ പുരാവൃത്തങ്ങൾ പേർത്തും പേർത്തും പാടിപ്പൊലിച്ചപ്പോൾ വാസ്തവത്തിൽ അദ്ദേഹം ലോകഹൃദയത്തിലെ രണ്ട് മൗലിക വികാരങ്ങളുടെ മഞ്ജുളാപദാനങ്ങൾ മാത്രമാണ് പാടിയത്. 'ഇലിയഡിൽ ഈ സത്യം സ്പഷ്ടമായി എടുത്ത് കാണിച്ചിട്ടുണ്ട് കവി. "എല്ലാറ്റിലും മഹത്തരമായ രണ്ടെണ്ണമുണ്ട്: ഒന്ന് സ്നേഹമാകുന്നു. മറ്റതു സമരവും", രസരാജന്മാരായ ശൃംഗാരവീരങ്ങളുടെ കാലദേശാതീതത്ത്വത്തെ ഹോമറിന്റെ ഇതിഹാസങ്ങൾ വെളിവാക്കുന്നു. ഇനി നമുക്ക് ഗ്രീസിൽ നിന്ന് ഇംഗ്ലണ്ട് മുതലായ നാടുകളിലേക്ക് കടക്കുക. ഇംഗ്ലണ്ടിൽ സാഹിത്യത്തിന്റെ ഉമ്മറത്തുതന്നെ നിലയുറപ്പിച്ചിരിക്കുന്ന ചോസറിന്റെ കാന്റർബറിക്കഥകൾ, ദേശഭേദം മനുഷ്യന്റെ ആന്തരമായ ഏകത്വത്തെ നശിപ്പിക്കുവാൻ പര്യാപ്തമല്ലെന്ന സന്ദേശം ഏന്തി നിൽക്കുന്നു. ഇറ്റലിക്കാരനായ ബൊക്കാച്ചിയോവിന്റെ 'ഡക്കാമറ'ണിൽ കഥകൾ പറയുന്ന നാനാജാതി മനുഷ്യരും ഇതേ തത്ത്വം വെളിപ്പെടുത്തുന്നു. ആംഗലസാഹിത്യത്തിന്റെ മാഹാത്മ്യ സീമയായ ഷേക്ക്സ്പിയറുടെ നാടകങ്ങൾ മുഴുവൻ പാരായണം ചെയ്തു പഠിക്കുമ്പോൾ ആ മഹാകവിയുടെ വിശ്വമാനവബോധം ആരുടെ ഉള്ളിലും പ്രഫുല്ലമായിത്തീരുമെന്ന ഇംഗർസോളിന്റെ അഭിപ്രായം ശ്രദ്ധിക്കേണ്ടതാണ്. നീലനദീതീരത്തിലെ ക്ലിയോപാട്രയേയും വെനീസ്സിലെ ഷൈലോക്കിനേയും റോമിലെ ബ്രൂട്ടസ്സിനേയും ഇംഗ്ലണ്ടിലെ ജോണിനേയും ഡെൻമാർക്കിലെ ഹാംലെറ്റിനേയും മിലാനിലെ മിറാൻഡയേയും അങ്ങനെ ഒരു നൂറുദേശത്തിലെ ഒരായിരം മനുഷ്യാത്മാക്കളെ, ചിത്രീകരിച്ച ഷേക്സ്പിയർ ഏതു കാലമായാലും മനുഷ്യൻ എവിടെയും മനുഷ്യനാണ് എന്ന മഹാപാഠമാണ് നമുക്ക് നൽകിയത്.

ഏകലോകവീക്ഷണത്തിന്റെ അടിസ്ഥാനം ഈ മനുശ്യദർശനമല്ലാതെ മറ്റൊന്നല്ല.

എന്തുകൊണ്ടാണ് അഭിനവ മനുഷ്യത്വത്തിന്റെ ആവാസനികേതനമായ ഏകലോകത്തെ സാഹിത്യകാരന് ചിത്രീകരിക്കാതെ നിവൃത്തിയില്ലെന്ന് വരുന്നത്? സാഹിത്യകാരൻ വരച്ചുകാട്ടുവാൻ ആഗ്രഹിക്കുന്ന ചിത്രങ്ങളുടെ ഉള്ളടക്കത്തിന്റെസ്വഭാവവിശേഷം കൊണ്ടാണ് അയാൾക്ക് ഏകമായ മനുഷ്യലോകത്തെ തന്റെ കൃതികളിലൂടെ പ്രദർശിപ്പിക്കേണ്ടി വരുന്നത്. പടച്ചവനെക്കുറിച്ച് പണ്ടാരോ പാടിയതു പോലെ സാഹിത്യകാരൻ 'ഭാവഗ്രാഹി'ആണ്. ഭാവം തൊലിയോ തൊലിപ്പുറമേയുള്ള തുണിയോ അല്ല; ഉള്ളിന്റെ ഉൺമയാണ്. ദേശഭേദവും ജാതിഭേദവും സമുദായഭേദവും തൊലിയേയോ തുണിയേയോ നടപ്പിനേയോ വെടിപ്പിനെയോ ബാധിച്ചേക്കാം. ഈ വ്യത്യാസങ്ങളുടെ ഫലമായിട്ടാണ് നീഗ്രോ കറുത്തവനും ഇംഗ്ലീഷുകാരൻ വെളുത്തവനുമാണെന്ന് പറഞ്ഞ് വേർതിരിഞ്ഞു നിൽക്കുന്നത്. പക്ഷേ നീഗ്രോവിനെ കറുത്തവനോ ഇംഗ്ലീഷുകാരനെ വെളുത്തവനോ ആയി ചിത്രീകരിച്ചതുകൊണ്ടു മാത്രം ഒരെഴുത്തുകാരൻ സാഹിത്യകാരനാവുന്നില്ല. നീഗ്രോവിന്റേയും ഇംഗ്ലീഷുകാരന്റേയും ഉള്ളിലെ നിറം എന്താണെന്ന് ചിത്രീകരിക്കുമ്പോഴേ അയാൾ സാഹിത്യകാരനാവുന്നുള്ളൂ. അതിനെ ഭാവചിത്രീകരണം എന്ന് വിളിക്കുന്നു. അതിന് തുനിയുന്ന സാഹിത്യകാരൻ ഉള്ള് കറുത്ത മനുഷ്യരേയും ഉള്ള് വെളുത്ത മനുഷ്യരേയും എല്ലാ കാലത്തും എല്ലാ നാട്ടിലും എല്ലാ ജാതിയിലും കാണുന്നു. അങ്ങനെ വരുമ്പോൾ ലോകം മാത്രമേ സാഹിത്യകാരന് മനുഷ്യന്റെ അതിരായി കാണുവാൻ കഴിയുന്നുള്ളൂ. അയാൾ പിന്നെ ഏകലോകവാദി ആവാതിരിക്കുന്നതെങ്ങിനെ? "മനോരമം ജീവിതം മനുഷ്യാണാം" എന്നു ബുദ്ധനെപ്പോലെ മനുഷ്യന്റെ നന്മയെ അയാൾ പ്രഖ്യാപിക്കുന്നു; 'O brave new world' എന്ന്

ഷേക്സ്പിയറെപ്പോലെ അയാൾ പാടിപ്പോകുന്നു; “ മനുഷ്യ, എത്ര മധുരമായ പദം’ എന്ന് മാക്സിംഗോർക്കിയെപ്പോലെയും.

യൂറോപ്പിൽ ഈ വീക്ഷണം ഏറ്റവും കൂടുതൽ പ്രകടിപ്പിച്ച കവി ആരാണെന്ന് ചോദിച്ചാൽ ഷേക്സ്പിയരെന്നോ ഡാന്റെയെന്നോ പല ഉത്തരങ്ങൾ കിട്ടിയേക്കും. എന്നാൽ ഏറ്റവും കൂടുതൽ വോട്ട് ഇതിന്റെ പേരിൽ പണ്ഡിതന്മാരുടെ നിയോജകമണ്ഡലത്തിൽ നിന്ന് നേടുന്ന നാമം ജർമ്മൻ മഹാകവിയായ ഗെഥെ എന്നതായിരിക്കും എന്ന് എനിക്ക് തോന്നുന്നു. തികഞ്ഞു മുഴുത്ത ഒരേയൊരു വിശ്വമഹാകവി അദ്ദേഹം മാത്രമാണ് എന്നുപോലും പറയുന്ന ആളുകൾ കുറവല്ല. വിശ്വസാഹിത്യം (Welt literature ) എന്ന പദത്തിന് ജർമ്മൻഭാഷയിൽ ഉയിർകൊടുത്തത് അദ്ദേഹമത്രേ. മനുഷ്യരാശി സാഹോദര്യ രമ്യമായ ഒരു സത്തയായി വികസിക്കണമെന്നേ ആഗ്രഹമല്ലാതെ വേറൊന്ന് ആ ആത്മാവിനെ ഭരിച്ചിരുന്നില്ല. അതുപോലൊരു മനസ്സ് മറ്റാരിലെങ്കിലും എന്നെങ്കിലും ഉദയം കൊണ്ടിരുന്നോ എന്നുപോലും സംശയിക്കണം. അദ്ദേഹം സൃഷ്ടിച്ച കഥാപാത്രമായ ഫോസ്റ്റ് സാർവ്വകാലികവും സാർവ്വ ലൗകികവുമായ് ഒരു മനുഷ്യസ്വഭാവത്തിന്റെ ഉജ്ജ്വലമായ ചിത്രമാണ്. പാസ്റ്റർനാക്, ‘ഡോക്ടർ ഷിവാഗോ’എന്ന നോവലിൽ എഴുതുന്നത്, ഫോസ്റ്റ് മനുഷ്യരുടെ എല്ലാ ഉൽക്കാടാഭിലാഷങ്ങളുടേയും മൂർത്തീകരണമെന്നാണ്. ദേശസീമകൾ മങ്ങിമായുന്ന മനുഷ്യത്വത്തിന്റെ മധുരാന്തരീക്ഷത്തെ അദ്ദേഹം സ്വപ്നം കണ്ടു. കിഴക്ക് എന്താണെന്ന് പടിഞ്ഞാറ് മനസ്സിലാക്കാതിരുന്ന ഒരു മങ്ങൽ പിടിച്ച കാലത്ത് ഗെഥെക്ക് കാളിദാസ ശാകുന്തളത്തിന്റെ മഹാത്മ്യം പകൽവെളിച്ചം കണക്കെ മനസ്സിലാക്കാൻ കഴിഞ്ഞത് , ഇത്ര ഉൽഫുല്ലമായ ഒരു മനസ്സ് അദ്ദേഹത്തിൽ ഉണ്ടായത് കൊണ്ടല്ലയോ? ഇന്നത്തെ യൂറോപ്യൻ സാഹിത്യത്തിൽ പരേതനായ തോമസ്മാനെപ്പോലെയുള്ള ചിലരെ ഒഴിച്ചു നിർത്തിയാൽ ഗെഥെക്ക് സമാനമായ വിശാലവീക്ഷണം

അധികം സാഹിത്യകാരന്മാർ പ്രകടിപ്പിച്ചിട്ടുണ്ടെന്ന് അവകാശപ്പെട്ടുകൂട. അത്രയ്ക്ക് അനന്യതമനായിരുന്നു കവീശ്വരൻ.

ഭാരതത്തിൽ ഗെഥെയുടെ സമസ്കന്ധനായി വിശ്വ ചക്രവാളത്തിൽ ഉയർന്നു നിൽക്കുന്ന ഒരതികായൻ രവീന്ദ്രനാഥ ടാഗോർ ആണ്. വിശ്വത്തെ ഏകനീഡമാക്കുക എന്ന വ്രതം പരിപാലിക്കുവാൻ മാത്രം അദ്ദേഹം ജീവിച്ചു. വേദങ്ങളുടേയും ഉപനിഷത്തുകളുടെയും പരിശുദ്ധാദർശങ്ങളുടെ താലോലമേറ്റ് കൗമാരം മുതൽ ജീവിച്ച് പോന്ന ആ മഹാകവിക്ക് പൂവിന് മണം പോലെ സ്വാഭാവികമായിരുന്നു ഏകലോക വീക്ഷണം. തന്റെ കാലത്ത് ഇന്ത്യയിൽ വേലിയേറ്റം കൊണ്ട് സ്വാതന്ത്ര്യ സമരപ്രസ്ഥാനത്തിൽ ലയിച്ചു കിടന്നിരുന്ന ദേശീയമായ സങ്കുചിത ചിന്താഗതികളെ കണ്ടറിഞ്ഞ് ശക്തിയായെതിർത്ത അദ്ദേഹം ആധുനികലോകത്തിന്റെ വഴികാട്ടികളിൽ ഒരാളാണ്. തന്റെ സാഹിത്യകൃതികളിലെന്ന പോലെ സാധാരണ ഭാഷണങ്ങളിലും അദ്ദേഹം വിശ്വ മാനവത്വത്തിനു വേണ്ടി സദാ ശബ്ദമുയർത്തി. 'കവിയുടെ മതം' എന്ന പ്രസിദ്ധമായ ഉപന്യാസത്തിൽ ഹൃദയത്തിലും ബുദ്ധിയിലും വിശ്വത്തോളം വളരുകയാണ് കവിയായ തന്റെ മതമെന്ന് അദ്ദേഹം സിദ്ധാന്തിച്ചു. വളർച്ച എന്നു വെച്ചാൽ എന്താണെന്ന് അദ്ദേഹം നിർവ്വചിക്കുന്നുണ്ട്. ' ഒരു പൂർണ്ണത പൂർണ്ണതരമായ മറ്റൊരു പൂർണതയുടെ നേരെ സഞ്ചലിക്കുന്നതാണ് വളർച്ച'' ചിരന്തന ഭാരതത്തിന്റെ അനർഘ ഹൃദയം ഇതിൽ പ്രതിബിംബിക്കുന്നു. ''പൂർണ്ണാൽ പൂർണ്ണമുദചൃതേ''എന്ന ഉപനിഷൽ സൂക്തത്തിന്റെ മറ്റൊരു ഭാഷ തന്നെ ഇത്. ജീവിതം ചെറിയ ചെറിയ വൃത്തങ്ങളിൽ നിന്ന് വലിയ വൃത്തങ്ങളിലേക്ക് നിരന്തരമായി നീങ്ങിക്കൊണ്ടേയിരിക്കണമെന്നും അതാണ് വളർച്ചയെന്നും ഉപദേശിച്ചു ടാഗോർ. ലഘുക്കളിൽ വെച്ച് ലഘുക്കളായ താൽപര്യങ്ങളിലേക്ക് ആമയെപ്പോലെ ഉൾവലിഞ്ഞുപോകുന്ന ഇന്നത്തെ വികൃതമായ ലോകത്തെ അദ്ദേഹം ഒരിക്കലും

സ്വപ്നത്തിലും കണ്ടിരിക്കുകയില്ല. അദ്ദേഹത്തിന്റെ സ്വപ്നം മറ്റൊന്നായിരുന്നു. "കാലഘട്ടത്തിന്റെ ചൈതന്യം പരിപൂർണ്ണമായ ഒരു മനുഷ്യത്വമായി അവതാരം കൊള്ളുകയും മനുഷ്യരുടെ ചേർച്ച മനുഷ്യൈക്യമായി വിവർത്തനം ചെയ്യപ്പെടുകയും ചെയ്യുന്ന ഒരു കാലത്തിനുവേണ്ടി നാം കാത്തു നിൽക്കുകയാണ്."

ഇതേകാലത്താണ് കേരളം തന്റെ ഏറ്റവും മഹത്തായ ഏകലോകനാദം ഉയർത്തിയത്, ശ്രീനാരായണനിലൂടെ, "ഒരു ജാതി, ഒരു മതം, ഒരുദൈവം മനുഷ്യന്" എന്ന സന്ദേശം നമ്മുടെ ഏറ്റവും ഉൽക്കടമായ പുണ്യസ്വപ്നമായി വിരാജിക്കുന്നു.

ആ പുണ്യസ്വപ്നം ഇന്ന് യാഥാർത്ഥ്യമായിട്ടില്ല. അതിൽ നമുക്കെല്ലാം ഹൃദയപൂർവ്വം ദുഃഖിക്കുക, അത് യാഥാർത്ഥ്യമായിത്തീരുമോ? തീർന്നാലും ഇല്ലെങ്കിലും നമ്മുടെ സാഹിത്യകാരന്മാർ ഇളവെന്യെ ആ മധുരസ്വപ്നത്തെ തങ്ങളുടെ ഹൃദയത്തിൽ വെച്ച് നിരന്തരം പരിലാളിക്കുക തന്നെ വേണം. അതിലോലമായ ശശിലേഖയുടെ ജ്യോത്സ്നാ കണികപോലും, പ്രകാശമരുളാത്ത ഒരു കൊടുങ്കാട്ടിൻ നടുവിൽ ഒരു മിന്നാമിനുങ്ങ് തരുന്ന കാന്തിബിന്ദു കൂടി ആത്മഹർഷപ്രദമായിരിക്കും. അതുപോലെ, തുച്ഛവും, സങ്കുചിതവുമായ കാര്യങ്ങൾക്കുവേണ്ടി മനുഷ്യനേതാക്കൾ പരക്കെ പാഞ്ഞു ബഹളം കൂട്ടുന്ന ഈ യുഗത്തിൽ വലുതിന്റെ – ഏറ്റവും വലുതിന്റെ – വീക്ഷണം സാഹിത്യകാരന്മാരുടെ മനോഗുഹകളിലെങ്കിലും കെട്ടണയാതെ നിൽക്കുമാറാകട്ടെ. ചെറുതിൽ സുഖമില്ലെന്നാണ് മഹർഷിമാരുടെ വചനം. ലോകത്തിലെ സാഹിത്യകാരന്മാർക്ക് ആശ്രയിക്കാവുന്ന ഏറ്റവും നിരപായമായ ആദർശമാണ് ഇത്. "വലുതാണ് സുഖം, അതുതന്നെയാണ് അറിയപ്പെടേണ്ടത്" എന്ന് പാടുന്നു ഛാന്ദോഗ്യോപനിഷത്ത്. ഈ ശബ്ദത്തിന്റെ മാറ്റൊലി ചെറിയ വില്ക്കിമാർ ലോകമെങ്ങും പ്രസരിപ്പിക്കട്ടെ!

**സുകുമാർ അഴീക്കോട്**: 1926ൽ കണ്ണൂരിനടുത്തുള്ള അഴീക്കോട് എന്ന സ്ഥലത്ത് ജനിച്ചു. ബിരുദ ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുമ്പോൾ തന്നെ സാഹിത്യകാരൻ എന്ന അംഗീകാരം നേടി. പത്രപ്രവർത്തകനായും സേവനമനുഷ്ഠിച്ചു. സ്കൂൾ അധ്യാപകനായി തുടങ്ങിയ സേവന ജീവിതത്തിൽ കാലിക്കറ്റ് സർവ്വകലാശാലയുടെ പ്രൊ.വൈസ് ചാൻസലർ വരെയെത്തി. ഉത്തമനായ പ്രസംഗകനെന്ന പേരിലും പ്രസിദ്ധനായി. സാഹിത്യത്തിനപ്പുറം സമകാലിക രാഷ്ട്രീയ സാമൂഹിക പ്രശ്നങ്ങളിൽ സജീവമായി ഇടപെട്ടു. ആശാന്റെ സീതാകാവ്യം, തത്വമസി, ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു തുടങ്ങി ഒട്ടേറെ പുസ്തകങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, വയലർ അവാർഡ് തുടങ്ങി ഒട്ടേറെ പുരസ്കാരങ്ങൾക്ക് അർഹനായി. 2011 ഡിസംബർ 7 അന്തരിച്ചു

**പദങ്ങളുടെ അർത്ഥം**

ഭാസുരം = ശോഭിക്കുന്ന. നശ്വരം = നശിക്കുന്ന. അമരത്വം = മരണമില്ലാത്ത അവസ്ഥ. സ്പഷ്ടം = വ്യക്തം. നിസ്തുലം = തുല്യമില്ലാത്ത. പ്രഫുല്ലമാവുക = വിടരുക. ചിരന്തനം = പഴയ.

**പദം പിരിച്ച് സന്ധി നിർണ്ണയിക്കുക:**

പഴക്കമുണ്ട്, മന്ദ്രമായ, എന്തുകൊണ്ടാണ്, മധുരമായ, ഒരേയൊരു, എന്നെങ്കിലും, നമുക്കെല്ലാം, വലുതാണ്.

**സമാസം നിർണ്ണയിക്കുക:**

കാലദേശങ്ങൾ, സാഹിത്യപാരമ്പര്യം, മഹാനിധി, ശൃംഗാരവീരങ്ങൾ, ദേശസീമകൾ,

പുണ്യസ്വപ്നം, മനോഗുഹ, കൊടുങ്കാട്.

**വാക്യത്തിൽ പ്രയോഗിക്കുക:**

നിസ്തുലം, വിലസുക, നിലയുറപ്പിക്കുക,

ഉദയംകൊള്ളുക, പരിപാലിക്കുക, ഉൾവലിയുക.

**പര്യായപദങ്ങൾ എഴുതുക:**

ലോകം, കാട്, നദി, മനുഷ്യൻ, ദുഃഖം.

**വിപരീതപദങ്ങൾ എഴുതുക:**

ഏകം, ഐക്യം, സാരം, സീമം, പര്യാപ്തം, സാധാരണം, ഉയർത്തുക, ആശ്രയം.

**ചോദ്യങ്ങൾ**

**ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. _യജുർവേദത്തിൽ 'ഏകലോകാ'ശയത്തെക്കുറിച്ചുള്ള പരാമർശമെന്ത്?
2. 'രാമായണ'ത്തിന്റെ കാതലായ വിഷയം എന്ത്?
3. ഗ്രീക്ക് പുരാണങ്ങളിൽ ഏകലോകാശയത്തെക്കുറിച്ച് പ്രതിപാദിച്ചത് ആര്? ഏതുകൃതികളിൽ?
4. കാന്റർബറിക്കഥകളിൽ, ചോസർ സൂചിപ്പിക്കുന്ന സന്ദേശാം എന്ത്?
5. സാഹിത്യകാരന്മാർ, ഏകമായ മനുഷ്യലോകത്തെ ചിത്രീകരിക്കുന്നത് എന്തുകൊണ്ട്?
6. യൂറോപ്പിൽ ഏകലോക വീക്ഷണം ഏറ്റവും കൂടുതൽ പ്രകടിപ്പിച്ച കവി ആര്?
7. ഗെഥെക്ക് കാളിദാസശാകുന്തളത്തിന്റെ മാഹാത്മ്യം എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ കാരണമെന്ത്?
8. കേരളത്തിൽ ഏകലോകാശായം ഉയർത്തിക്കാണിച്ച മഹാൻ ആര്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക**

1. ഏകലോകാശയത്തെക്കുറിച്ച് ഭാരതത്തിൽ, വേദങ്ങളിലുള്ള പരാമർശങ്ങളെന്ത്?
2. വാത്മീകിരാമായണം ഏകലോക വീക്ഷണത്തെ പ്രകീർത്തിക്കുന്നത് എങ്ങനെയെല്ലാം?

3. ഷേക്സ്പിയറുടെ വിശ്വമാനവബോധത്തിന് ഉദാഹരണങ്ങളായ കഥാപാത്രങ്ങൾ ഏതെല്ലാം?
4. സാഹിത്യകാരൻ ഭാവചിത്രീകരണം നിർവ്വഹിക്കുന്നത് എങ്ങനെ?
5. ജർമ്മൻ മഹാകവിയായ ഗെഥെയുടെ ഏകലോക വീക്ഷണത്തെക്കുറിച്ച് വിശദമാക്കുക.
6. രവീന്ദ്രനാഥടാഗോറിന്റെ 'കവിയുടെ മതം' എന്ന ഉപന്യാസത്തിന്റെ പ്രാധാന്യമെന്ത്?

**നൂറുവാക്കിൽ ഉത്തരമെഴുതുക**

1. ഏകലോകം എന്ന ആശയത്തിന്റെ സാഹിത്യപാരമ്പര്യത്തെ അഴീക്കോട് വിശദമാക്കുന്നതെങ്ങനെ?
2. ഏകലോകവീക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ലേഖനത്തിൽ എന്തെല്ലാം പരാമർശങ്ങളുണ്ടെന്ന് പരിശോധിക്കുക.

# ജന്തു ശാസ്ത്രം എന്തിന്

**ഡോ. കെ. ഭാസ്കരൻ നായർ**

ജന്തുശാസ്ത്രം എന്തിന്? ഇത് പലർക്കും തോന്നിയിരിക്കാവുന്ന ഒരു ചോദ്യമാണ്. ജീവനുള്ള ജന്തുക്കളെ പിടിച്ചു കൊന്നും കീറി നോക്കിയും കുപ്പികളിലിട്ടു വെച്ചും സമയം കളയാനുള്ള ഒരു തൊഴിലാണ് അതെന്നേ സാധാരണയാളുകൾ വിചാരിക്കുകയുള്ളു. ഒരു പക്ഷേ, അത് ഒരുതരം വാനരകൗതുകമാണെന്ന് ചിലർ സമ്മതിച്ചേക്കും. ആ കൗതുകത്തെ തൃപ്തിപ്പെടുത്തുക എന്നതിലപ്പുറം അതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടെന്ന് അവരും പറയുകയില്ല. ഇന്നത്തെ ഈ യന്ത്രയുഗത്തിൽ യന്ത്രങ്ങളെപ്പോലെ, വലിയ വേഗത്തിൽ അത്യധികമായ ശക്തിയെ ഉൽപ്പാദിപ്പിച്ചുകൊണ്ട് പ്രവർത്തിക്കാത്തതൊന്നിനെയും ആരും കാര്യമായി ഗണിക്കാറില്ല. ഒരു പക്ഷേ ഇതുകൊണ്ടായിരിക്കാം ജന്തുശസ്ത്രത്തിന്റെ പ്രയോജനത്തെ കുറിച്ച് പലരും സംശയാലുക്കളായിരിക്കുന്നത്. എന്നാൽ, വാസ്തവത്തിൽ ഈ വീക്ഷണകോടിയിൽ നിന്ന് നോക്കിയാൽ പോലും, ജന്തുക്കളെക്കുറിച്ചുള്ള പഠനം അനാകർഷകമല്ല. ഒരു ഉദാഹരണം പറയാം.

വെള്ളത്തിനടിയിലുടെ യാതൊരു തളർച്ചയും കാണിക്കാതെ നീന്തിപ്പോകുന്ന ഒരു മൽസ്യത്തെ നോക്കുക. അതിന്റെ ഉടലിന്റെ വടിവും ഗതിയുടെ അഴകും എല്ലം വിസ്മരിച്ചിട്ട് അതിനെ വെറുമൊരു യന്ത്രമായി മാത്രം പരിഗണിക്കാം. അത് മണിക്കൂറൊന്നിന് ഇരുപത് മൈൽ വേഗത്തിലാണ് സഞ്ചരിക്കുന്നതെന്നിരിക്കട്ടെ. അടുത്തതായി ഈ മത്സ്യത്തിന്റെ ആകൃതിയും തൂക്കവും ഉള്ളതും അതിനെപ്പോലെ ഇരുപതുമൈൽ വേഗത്തിൽ വെള്ളത്തിലുടെ തനിയെ സഞ്ചരിക്കാൻ കഴിവുള്ളതുമായ ഒരു യന്ത്രപ്പാവയെ നിർമ്മിക്കുക. എന്നിട്ട് രണ്ടിന്റേയും പ്രവർത്തനത്തെ യന്ത്രശാസ്ത്രനിയമങ്ങളനുസരിച്ച് താരതമ്യപ്പെടുത്തി നോക്കാം.

യന്ത്രപ്പാവയെ ഇരുപത് മൈൽ വേഗത്തിൽ ഓടിക്കുന്നതിന് രണ്ടര കുതിരശക്തി വേണം. രണ്ടിന്റേയും തൂക്കം ഒന്നായതുകൊണ്ട് മൽസ്യത്തിനും അത്രതന്നെ ശക്തി വേണ്ടിവരുമെന്നേ നാം വിചാരിക്കുകയുള്ളു. പക്ഷേ പരമാർത്ഥം അതല്ല, മത്സ്യത്തിന്റെ മാംസപേശികൾ എല്ലാം കൂടി ഒരുമിച്ച് പ്രവർത്തിച്ചാലും ഇതിന്റെ പത്തിലൊരുഭാഗം ശക്തി മാത്രമേ ജനിപ്പിക്കുകയുള്ളു. ഇത് നമുക്ക് അതി സൂക്ഷ്മമായി കണക്കാക്കുവാൻ കഴിയുന്നതാണ്. മനുഷ്യന്റേയും പ്രകൃതിയുടേയും യന്ത്രങ്ങൾക്ക് തമ്മിലുള്ള അന്തരം നോക്കുക. രണ്ടാമത്തേതിനെ അപേക്ഷിച്ച് ആദ്യത്തേതിന് പത്തിരട്ടി കൂടുതൽ ശക്തി വേണം. പ്രകൃതി ഒന്ന് ചെലവാക്കുന്നിടത്ത് മനുഷ്യൻ പത്തു ചെലവാക്കണം. രണ്ടിന്റെയും തൂക്കമൊന്ന്, വേഗമൊന്ന്. ഒന്ന് പെട്രോൾ ദഹിപ്പിക്കുന്നു, മറ്റത് ആഹാരം ദഹിപ്പിക്കുന്നു. രണ്ടിനും ശക്തി ആവശ്യമാണ്. പക്ഷേ, അതിന്റെ അളവുകൾ തമ്മിൽ അജഗജാന്തരമുണ്ട്. യഥാർത്ഥത്തിൽ ഈ യന്ത്ര യുഗത്തിൽ പോലും ലോകത്തിലെ ഏറ്റവും അത്ഭുതകരമായ യന്ത്രങ്ങൾ ജന്തു ശരീരങ്ങളാകുന്നു. പ്രകൃതിയുടെ ഈ അത്ഭുത യന്ത്രങ്ങൾക്ക് തങ്ങളെപ്പോലെ തന്നെയുള്ള പുതിയ യന്ത്രങ്ങളെ സൃഷ്ടിക്കാനുള്ള കഴിവുമുണ്ട്.

ജന്തുക്കളെക്കുറിച്ചുള്ള പഠനംമൂലം സിദ്ധിച്ച ഏറ്റവും വലിയ പ്രയോജനം ചരിത്രാതീതകാലത്താണ് ഉണ്ടായത്. കാട്ടുജന്തുക്കളെ ഇണക്കിയെടുക്കുന്നതിൽ പ്രാചീന മനുഷ്യൻ നേടിയ വിജയം മാനവസംസ്ക്കാരത്തിന്റെ വളർച്ചയെ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്ന് ഇന്നത്തെ നമുക്ക് ഒരു പക്ഷേ മനസ്സിലാക്കുവാൻ പ്രയാസമായിരിക്കും. ദീർഘകാലം വളരെ ക്ഷമയോടെ നടത്തിയ പരീക്ഷണങ്ങളുടെ ഫലമായിട്ടാണ് ഇത് സാധിച്ചെടുത്തത് എന്നുള്ളതിൽ തർക്കമില്ല. പട്ടിയും, പശുവും, കുതിരയും, ഒട്ടകവും എല്ലാം ഇന്ന് മനുഷ്യന്റെ ഉറ്റ ചങ്ങാതികളാണ്. നമ്മെ എന്തെന്നില്ലാതെ വ്യാമോഹിപ്പിച്ചു കഴിഞ്ഞിരിക്കുന്ന ഈ യന്ത്രയുഗത്തിൽപ്പോലും അവയോടു നമുക്കുള്ള കടപ്പാട് അളവറ്റതാകുന്നു. യന്ത്രങ്ങളില്ലാതെ

വന്നാലും അവ നമുക്ക് ഉതകാതിരിക്കുകയില്ല. ജന്തുശാസ്ത്രത്തിന്റെ നേട്ടങ്ങൾ എത്ര ഗാഢമായിട്ടാണ് മനുഷ്യജീവിതത്തെ സ്പർശിക്കുന്നത് എന്നതിനുള്ള തെളിവാണിത്. ജന്തുലോകത്തിൽ ഒന്നായ നമുക്ക് കിട്ടാവുന്ന ഏറ്റവും വലിയ പ്രയോജനങ്ങൾ നമ്മുടെ സമസൃഷ്ടങ്ങളിൽ നിന്നായിരിക്കുമെന്ന് അനുമാനിക്കുന്നതിൽ തെറ്റില്ല. മറ്റ് വിജ്ഞാനങ്ങളെല്ലാം വളരെ വളഞ്ഞ മാർഗ്ഗങ്ങളിലൂടെയാണ് നമ്മെ സഹായിക്കുന്നത്. ജന്തു ശാസ്ത്രത്തിന്റെ പ്രയോജനങ്ങൾക്ക് ഈ വളച്ചു കെട്ടൊന്നുമില്ല.

എത്രയോ നൂറ്റാണ്ടുകളായി മനുഷ്യനേയും അവന്റെ ദൈനംദിന ജീവിതത്തേയും വിഷമിപ്പിച്ചിട്ടുള്ള പല ദുരിതങ്ങൾക്കും ഉപശാന്തി കണ്ടുപിടിക്കാൻ ജന്തുശാസ്ത്രത്തിന് സാധിച്ചിട്ടുണ്ട്. മലമ്പനിയുടെ കാര്യം തന്നെ നോക്കുക. ചരിത്രാതീതകാലം മുതൽ മനുഷ്യനെ എന്തെന്നില്ലാതെ ഉപദ്രവിച്ചിട്ടുള്ള ഒരു രോഗമാണിത്. ഇന്നുവരെ അറിയപ്പെട്ടിട്ടുള്ള മറ്റൊരു രോഗവും ഇത്ര ഭയങ്കരമായ നാശം ചെയ്യുന്നില്ല. യവനറോമാസംസ്ക്കാരങ്ങൾ ഭൂമുഖത്ത് നിന്ന് മാഞ്ഞുപോയതിന്റെ യഥാർത്ഥകാരണം മലമ്പനിയാണെന്ന് ചരിത്രനിരീക്ഷകർ അഭിപ്രായപ്പെടുന്നു. ഈ മഹാരോഗത്തെ നിവാരണം ചെയ്യുന്നതിന് ജീവശാസ്ത്ര ഗവേഷണം വഴി തെളിച്ചിട്ടുണ്ട്. അതിന്റെ യഥാർത്ഥ കാരണമെന്തെന്നും അത് ഒരു മനുഷ്യനിൽ നിന്നും മറ്റൊരാളിലേക്ക് പകരുന്നത് എങ്ങനെയെന്നും കണ്ടുപിടിച്ചത് ആധുനിക ജന്തു ശാസ്ത്രത്തിന്റെ ഏറ്റവും വലിയ നേട്ടങ്ങളിൽ ഒന്നാകുന്നു. ഭൂതക്കണ്ണാടിയിലൂടെ മാത്രം കാണാവുന്ന ഒരു അണുജീവിയാണ് ഈ രോഗമുണ്ടാക്കുന്നത്. അത് മനുഷ്യനിലും ചില പ്രത്യേകജാതി കൊതുകിലും ജീവിച്ചു പെരുകുന്നു. കൊതുകു കടിക്കുന്നത് കൊണ്ടാണ് മലമ്പനി പകരുന്നതെന്നുള്ള പ്രസ്തുത ഇന്ന് സുവിദിതമാണെങ്കിലും അത് പരീക്ഷണങ്ങൾ മൂലം തെളിയിച്ച കഥ ജന്തുശാസ്ത്രഗവേഷണത്തിലെ ദീർഘമായ ഒരദ്ധ്യായമാകുന്നു.

കൊതുകിന്റെ സഹായത്തോടു കൂടി മാത്രമേ മലമ്പനി ബീജത്തിന് ഒരു മനുഷ്യന്റെ ശരീരത്തിൽ നിന്ന് മറ്റൊരാളുടെ ശരീരത്തിലേക്ക് കടക്കുവാൻ കഴിയുകയുള്ളു എന്ന സംഗതിയാണ് ഏറ്റവും ശ്രദ്ധേയമായിരിക്കുന്നത്. ഇതിൽ നിന്ന്, കൊതുകിനെ നശിപ്പിച്ചാൽ മലമ്പനിയുടെ പകർച്ചയെ നിരോധിക്കാമെന്ന് സിദ്ധിക്കുന്നുണ്ടല്ലോ. ഈ വസ്തുതയെ ആസ്പദമാക്കിയാണ് ഇന്ന് ലോകമാകെയുള്ള പൊതുജനാരോഗ്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത്.

പക്ഷേ, ഈ കൊതുകുവിദ്യ ആദ്യം കേൾക്കുമ്പോൾ തോന്നുന്നതു പോലെ അത്ര എളുപ്പമുള്ളതല്ല. ചില പ്രത്യേക ജാതി കൊതുകുകൾക്ക് മാത്രമേ മലമ്പനി പരത്തുവാൻ കഴിവുള്ളു. അവയെയാണ് നശിപ്പിക്കേണ്ടത്. ഈ ജാതികൾ ഏതെന്ന് കണ്ടുപിടിക്കുവാൻ ജന്തു ശാസ്ത്രജ്ഞാനം ആവശ്യമാകുനു. ഈ ചെറുപ്രാണികളെ പിടിച്ചു വെച്ച് അവയുടെ രോമങ്ങൾ പോലും എണ്ണിനോക്കിയെങ്കിലേ ഇതു ശരിയായി അറിയുവാൻ സാധിക്കുകയുള്ളു. കുറച്ചുകാലം മുമ്പ് യൂറോപ്പിലുണ്ടായ ഒരു സംഭവം വിവരിച്ചാൽ ഈ സംഗതി കുറേക്കൂടി വ്യക്തമാകുന്നതാണ്.

മലമ്പനി പരത്തുന്ന അപകടക്കാരായ കൊതുകുകൾ ധാരാളമുണ്ടെങ്കിലും മലമ്പനിയുടെ ശല്യമില്ലാത്ത പലസ്ഥലങ്ങളും ആ ഭൂഖണ്ഡത്തിൽ ഉണ്ടെന്ന് കണ്ട് നിരീക്ഷമന്മാർ വിസ്മയിക്കുകയുണ്ടായി. കാരണം പിന്നീടാണ് മനസ്സിലായത്. അപകടക്കാരെന്ന് അതുവരെ മുദ്രയടിച്ച് വെച്ചിരുന്ന കൊതുകു ജാതികളിൽത്തന്നെ അനേകം അവാന്തരവിഭാഗങ്ങളുണ്ടെന്നും, ഈ ഉപജാതികളിൽ ചിലവ മാത്രമേ മലമ്പനി പരത്തുവാൻ ശക്തരാകുന്നുള്ളൂ എന്നും തെളിയുകയുണ്ടായി. ഇവക്ക് തമ്മിൽ തമ്മിലുള്ള വ്യത്യാസം വളരെ നിസ്സാരമാണ്. മുട്ടയുടെ നിറഭേദങ്ങളും ചിറകിന്മേലുള്ള ചെറിയ ചെറിയ പുള്ളികളും മറ്റുമാണ് വ്യത്യാസങ്ങൾ! അന്നുവരെ നടത്തപ്പെട്ട ഗവേഷണങ്ങളിൽ ഇതെല്ലാം അവഗണിക്കപ്പെടുകയാണുണ്ടായത്. ചെറിയ ചെറിയ

പ്രാണികളെ പിടിച്ച് രോമങ്ങളെണ്ണി തരം തിരിക്കുവാൻ സമയം കളയുന്നവരെന്ന് അപഹസിക്കപ്പെട്ടു വന്ന ജന്തുശാസ്ത്രജ്ഞന്മാർ തങ്ങളുടെ ജോലിക്ക് കുറേക്കൂടി സമയം ചെലവാക്കിയേ മതിയാകൂ എന്നാണ് ഇതിൽ നിന്നും തെളിഞ്ഞത്.

ഇതുപോലെ 1930ൽ ബ്രസീൽ രാജ്യത്തെ ഒരു ശാസ്ത്രജ്ഞൻ അതിന് മുമ്പ് അവിടെയെങ്ങും കണ്ടിട്ടില്ലാത്ത ഒരു ജാതി കൊതുകിനെ കാണുവാൻ ഇടയായി. ഇത് ആഫ്രിക്കയിൽ മലമ്പനി പരത്തി വളരെ ദ്രോഹം ചെയ്യുന്നു എന്ന് ശാസ്ത്രലോകത്ത് കേൾവി കേട്ട ഒരു ജാതിയായിരുന്നു. അത് കപ്പലിലോ വിമാനത്തിലോ കുടുങ്ങി അറ്റ്ലാന്റിക് സമുദ്രം കടന്ന് തെക്കേ അമേരിക്കയിൽ എത്തിയതാണ്. കേവലം ഒരു കൊല്ലം കൊണ്ട് ഈ ജാതി കൊതുകുകൾ 115 മൈൽ വടക്കോട്ട് വ്യാപിച്ചു. എന്നിട്ടും ആരോഗ്യവകുപ്പുകാർ ശ്രദ്ധിച്ചില്ല. എട്ടുകൊല്ലം കഴിഞ്ഞപ്പോഴേക്ക് അപകടക്കാരനായ ഈ ജാതി കൊതുക് അമേരിക്കൻ ഭൂഖണ്ഡത്തിൽ സ്ഥിരതാമസമാക്കുമെന്ന മട്ടായി. അതിന്റെ സഹായത്തോടെ മലമ്പനി അതിഭയങ്കരമായി പടർന്നു പിടിക്കാനും തുടങ്ങി. ഒരു ലക്ഷം ആളുകൾക്ക് രോഗം ബാധിക്കുകയും പതിന്നാലായിരം പേർ മരിക്കുകയും ചെയ്തു. ആഫ്രിക്കയിൽ നിന്നും ആരുമറിയാതെ വന്നു കയറിയ ഒരു കൊതുകു വരുത്തിയ ആപത്താണിത്.

ഇത്രയുമായപ്പോൾ ബ്രസീലിയൻ ഗവൺമെന്റ് ഉണർന്നു. സാധാരണവിദ്യകളൊന്നും മതിയാവുകയില്ലെന്നും ഈ പരദേശി കൊതുകിനെ തിരഞ്ഞു പിടിച്ചു നശിപ്പിക്കുക തന്നെ വേണമെന്നും അവർക്ക് ബോദ്ധ്യമായി. റോക്ക്ഫെല്ലർ ഫൗണ്ടേഷന്റെ സഹായത്തോടെ ഈ യത്നത്തിന് തന്നെ അവർ സന്നദ്ധരായി. ഈ ജാതി കൊതുകിനെ തെരഞ്ഞു പിടിച്ച് നശിപ്പിക്കുവാൻ വേണ്ടി നാലായിരം ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. അതിന്നു വേണ്ട നിയമങ്ങളും നടപ്പാക്കി.

1939ലാണ് ജോലി തുടങ്ങിയത്. 1940 നവമ്പർ മാസം ആയപ്പോഴേക്കും ഈ ഒരൊറ്റ കൊതുകിനെപ്പോലും കിട്ടാതായി. അതിഭയങ്കരമായ ഒരു വിപത്തിൽ നിന്നും ബ്രസീൽ രാജ്യത്തിന് മോചനവും കിട്ടി. യാത്രാസൗകര്യങ്ങൾ വളരെ വർദ്ധിച്ചിട്ടുള്ള ഇക്കാലത്തു രോഗങ്ങൾ പടർന്നു പിടിക്കാനുള്ള സൗകര്യവും എന്തെന്നില്ലാതെ വർദ്ധിച്ചിരിക്കുകയാണ്. വേണ്ടത്ര ശ്രദ്ധിക്കാതെയിരുന്നാൽ ഇതുപോലെ പല ആപത്തുകളും ഉണ്ടായേക്കാം.

കൊതുകിനെ നശിപ്പിക്കാൻ പല വിദ്യകളുമുണ്ട്. അതിന്റെ കുഞ്ഞുങ്ങൾ വളരുന്ന ജലാശയങ്ങളിൽ എണ്ണയൊഴിക്കുകയാണ് സാധാരണ ചെയ്തു വരുന്നത്. ശ്വാസമെടുക്കുവാൻ മുകൾ നിരപ്പിൽ വരുന്ന കൊതുകിൻ കുഞ്ഞുങ്ങളുടെ ശ്വാസക്കുഴലുകളിൽ എണ്ണയിലുള്ള വിഷാംശം കയറുന്നത് കൊണ്ടാണ് അവ ചത്തു പോകുന്നത്. വിഷമയമുള്ള എണ്ണയല്ലെങ്കിൽ അത് തളിച്ചത് കൊണ്ട് പ്രയോജനമില്ല എന്നു തന്നെയുമല്ല, ഈ വിദ്യ എല്ലാകൊതുകിനോടും പറ്റുകയുമില്ല. ചേർത്തല പ്രദേശത്ത് മന്തു രോഗം പരത്തുന്ന ഒരു തരം കൊതുകിന്റെ കുഞ്ഞുങ്ങൾ ജലോപരിഭാഗത്തേക്ക് വരുന്നതേയില്ല. അവ വെള്ളത്തിലേക്ക് തൂങ്ങിക്കിടക്കുന്ന പായൽ വേരുകളിൽ ശ്വാസക്കുഴലുകൾ കുത്തിയിറക്കി, അതിനുള്ളിൽ നിന്നാണ് ശ്വാസം വലിച്ചെടുക്കുന്നത്. അതുകൊണ്ട് വെള്ളത്തിന് മീതെ എത്ര എണ്ണയൊഴിച്ചാലും ഫലമില്ല. അവിടെ കൊതുകിനെ കൊല്ലുവാൻ പായലാണ് നശിപ്പിക്കേണ്ടത്. കൊതുകിൻ കുഞ്ഞുങ്ങളുടെ ശ്വാസോച്ഛ്വാസ സമ്പ്രദായങ്ങൾ മനസ്സിലാക്കുവാൻ ജന്തു ശാസ്ത്രജ്ഞന്മാർ ശ്രമിച്ചില്ലായിരുന്നുവെങ്കിൽ ഈ രഹസ്യം വെളിപ്പെടുകയില്ലായിരുന്നു. സാധാരണ ജനങ്ങൾ നിസ്സാരമായി കരുതിയേക്കാവുന്ന ഒരു നിരീക്ഷണം പൊതുജനാരോഗ്യത്തിന്റെ ദൃഷ്ടിയിൽഎത്ര അർത്ഥവത്തായിത്തീരുന്നു എന്ന് നോക്കുക. ഇതുപോലെ

സാംക്രമിക രോഗങ്ങളുടെ നിവാരണത്തിന് ജന്തുശാസ്ത്രം നൽകിയിട്ടുള്ള സഹായങ്ങൾക്ക് കണക്കില്ല.

മനുഷ്യന്റെ രോഗങ്ങൾക്കു മാത്രമല്ല, മൃഗങ്ങളുടേയും ചെടികളുടേയും രോഗങ്ങൾക്കും ജന്തുശാസ്ത്രത്തിലൂടെ ഉപശാന്തി നേടുവാൻ കഴിഞ്ഞിട്ടുണ്ട്. തെങ്ങിന്റെ ഓലകളേ നശിപ്പിക്കുന ഓല ചുരുട്ടിപ്പുഴു എന്ന ചെറുപ്രാണിയുടെ ഉപദ്രവത്തെ തടയുവാൻ ഏറ്റവും നല്ല മാർഗ്ഗം അതിന്റെ ശത്രുവായ മറ്റൊരു പ്രാണിയെ ധാരാളമായി വളർത്തി രോഗബാധയുള്ള പ്രദേശങ്ങളിൽ മോചിപ്പിക്കുകയാണ്. പുഴുക്കളുടേയും പ്രാണികളുടേയും ശരീരഘടനയും ജീവിതരീതികളും വിസ്തരിച്ച് പഠിച്ചില്ലെങ്കിൽ ഇതൊന്നും മനസ്സിലാക്കാൻ സാധിക്കുകയില്ല. ആസ്ട്രേലിയയിൽ എങ്ങനെയോ വന്നു കയറി വിളഭൂമികളെ ഉപയോഗശൂന്യമാക്കി തീർത്ത കള്ളിമുള്ളിന്റെ ഉപദ്രവത്തെ തടഞ്ഞതും മേൽപ്പറ ഞ്ഞതുപോലെയുള്ള ഒരു വിദ്യ കൊണ്ടാണ്. കള്ളിമുള്ളിന്റെ ജന്മഭൂമി മദ്ധ്യ അമേരിക്കയാണ്. അവിടെ അതിന്റെ വ്യാപ്തിയെ നിയന്ത്രിക്കുന്നത് അതിനെ ഭക്ഷണമാക്കുന ചില പ്രാണികളാണ്. കള്ളിമുള്ളിന്റെ ഉപദ്രവം കൊണ്ട് നിവൃത്തിയില്ലാതെ വന്നപ്പോൾ ആസ്ട്രേലിയൻ ഗവൺമെന്റ് വളരെ ഗവേഷണം നടത്തി പല പ്രയാസങ്ങളും നേരിട്ട് മദ്ധ്യ അമേരിക്കയിൽ നിന്ന് ഈ പ്രാണികളെ പിടിച്ചുകൊണ്ട് വന്നു. കള്ളിച്ചെടികളുടെ ഇടയ്ക്ക് വിട്ടു. ഈ ജന്തു ശാസ്ത്രവിദ്യയുടെ വിജയം വിസ്മയാവഹമായിരുന്നു. ഇന്ന് ആസ്ട്രേലിയൻ കള്ളിമുള്ള് കൃഷിക്കാരനെ ശല്യം ചെയ്യുന്ന ചെടിയല്ല.

ഇങ്ങനെ ജന്തുശാസ്ത്രം കൊണ്ടുള്ള പ്രായോഗികമായ പ്രയോജനങ്ങൾ അനവധിയാണ്. പക്ഷേ ഇതിനെക്കാളൊക്കെ പ്രധാനമായി കരുതേണ്ടത് നമ്മെപ്പോലെയും അതേസമയം തന്നെ നമ്മെപ്പോലെ അല്ലാതേയും കഴിയുന്ന ഈ സമസൃഷ്ടങ്ങൾ സങ്കുചിത ബുദ്ധിയായ മനുഷ്യന് നൽകുന്ന ഗുണപാഠങ്ങളാകുന്നു. ജന്തുശാസ്ത്രത്തിന്റെ ദൃഷ്ടികൊണ്ട്

നോക്കുമ്പോൾ ലോകത്തെക്കുറിച്ചുള്ള നമ്മുടെ അഭിപ്രായങ്ങൾക്കും വിശ്വാസങ്ങൾക്കും ആശാസ്യമായ ഒരു മാറ്റം സംഭവിക്കുന്നു. മനുഷ്യൻ തന്നെ എന്നും പ്രപഞ്ചത്തിന്റെ നടുനായകമായിട്ടാണ് കരുതിയിട്ടുള്ളത്. ഈ ലോകം തനിക്കുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ളതാണെന്നുള്ള വ്യാമോഹത്തിൽ അവൻ ഒരു മൂഢസ്വർഗ്ഗം അനുഭവിക്കുന്നു. എന്നാൽ ജന്തുലോകത്തെ കുറിച്ചുള്ള പഠനത്തിലൂടെ ഭൂതകാലത്തെക്കുറിച്ചും ശരിയായ അറിവു ലഭിക്കുമ്പോൾ നമ്മുടെ സ്ഥാനം എത്ര നിർഗണ്യമാണെന്ന് വെളിപ്പെടാതിരിക്കുകയില്ല. ഭൂമി ജീവ സമന്വിതയായിട്ട് നൂറുലക്ഷം നൂറ്റാണ്ടുകളാണ് കഴിഞ്ഞത്. ജീവജാലം ഈ അരങ്ങത്ത് എണ്ണമറ്റനാടകങ്ങൾ ആടിക്കഴിഞ്ഞു. ഇതിന്ന് പുറകെ ഇങ്ങേയറ്റത്ത് ഏറ്റവും ഒടുവിലായിട്ടാണ് മനുഷ്യൻ രംഗപ്രവേശം ചെയ്തിരിക്കുന്നത്. അവൻ ആവിർഭവിച്ചിട്ട് അയ്യായിരമോ പതിനായിരമോ നുറ്റാണ്ടിനുമേൽ ആയിട്ടില്ല. നുറുലക്ഷമെവിടേ? പതിനായിരമെവിടെ? ഇത്ര ഗംഭീരമായ ഒരു പശ്ചാത്തലത്തിനെതിരെ നോക്കുമ്പോൾ ഇന്നത്തെ മനുഷ്യന്റെ മദമാത്സര്യജഢില ഭാവം വെറും കഥയില്ലായ്മയുടെ ഫലമാണെന്ന് കാണാം. ഒരു ജന്തുജാതിയിൽ പെട്ട വ്യക്തികൾ തമ്മിൽ തമ്മിൽ പോരടിച്ചപ്പോഴൊന്നും അതിന് കാര്യമായ പുരോഗതി ലഭിച്ചിട്ടില്ലെന്നും അവ ഒത്തൊരുമിപ്പോടെ നിന്ന് ഇതരശക്തികളെ നേരിട്ടപ്പോഴൊക്കെ മേന്മ നേടിയിട്ടുണ്ടെന്നും ജീവജാലത്തിന്റെ പൂർവ്വ ചരിത്രം പഠിപ്പിക്കുന്നു. ഈ ഗുണപാഠം ഇന്നത്തെ മനുഷ്യൻ മനസ്സിലാക്കണമെന്നാണ് ജന്തുശാസ്ത്രം ഉപദേശിക്കുന്നത്.

**ഡോ. കെ. ഭാസ്കരൻ നായർ** : 1913ൽ ഇടയാറൻ മുളയിലാണ് ഡോ. കെ ഭാസ്കരൻ നായർ ജനിച്ചത്. ഇടയാറൻമുള, ചെങ്ങന്നൂർ, മദ്രാസ്, അമേരിക്ക എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. ജന്തു ശാസ്ത്രത്തിൽ ഉന്നത ബിരുദങ്ങൾ. 1939ൽ

തിരുവനന്തപുരം സയൻസ് കോളേജിൽ അദ്ധ്യാപകനായി. 1945 മുതൽ ജന്തു ശാസ്ത്ര വകുപ്പിൽ പ്രൊഫസർ. തുടർന്ന്, യൂണിവേഴ്സിറ്റി കോളേജിൽ പ്രിൻസിപ്പൽ, കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഡയറക്ടർ. ഇങ്ങനെവ് തന്റെ മേഖലയിൽ പരമാവധി ഉയർച്ച നേടി. 1968 ൽ പെൻഷനായി. ഇദ്ദേഹത്തിന്റെ ചരമത്തോടെ മികച്ചൊരു ശാസ്ത്ര ലേഖകനേയും, സാഹിത്യ വിമർശകനേയും സംസ്ക്കാരപ്രേമിയേയുമാണ് നമുക്ക് നഷ്ടപ്പെട്ടത്.

മനുഷ്യൻ പ്രകൃതിയുമായി ബന്ധപ്പെട്ടാണ് മുന്നോട്ട് പോവുക. വൈവിധ്യമുള്ള വൃക്ഷലതാദികളും പക്ഷി മൃഗാദികളും പ്രകൃതിയെ ആകർഷകമാക്കുന്നു. ജീവജാലങ്ങളുടെ സഞ്ചാരത്തെക്കുറിച്ചും ജീവിതരീതിയെക്കുറിച്ചും മനുഷ്യരുടെ മേലുള്ള അവരുടെ സ്വാധീനത്തെക്കുറിച്ചും പരിമിതമായ അറിവേ സാധാരണക്കാർക്കുള്ളൂ. ആ അത്ഭുത പ്രതിഭാസത്തിലെ ചില അംശങ്ങൾ മേൽപ്പറഞ്ഞ ലേഖനത്തിലൂടെ ലേഖകൻ മനസ്സിലാക്കിത്തരുന്നു. മത്സ്യത്തിന്റെ സഞ്ചാരരീതി, കൊതുകു പരത്തുന്ന രോഗം, കള്ളിമുൾച്ചെടി ഇവയെക്കുറിച്ചെല്ലാം വസ്തുനിഷ്ഠമായും കലാപരമായും വിവരിച്ചിരിക്കുന്നു.

**1. പദങ്ങളുടെ അർത്ഥം:**

അജഗജാന്തരം = ആടും ആനയും തമ്മിലുള്ള വ്യത്യാസം. പ്രാചീനം = പഴയ. ഉപശാന്തി = പരിഹാരം. നിവാരണം ചെയ്യുക = തടയുക. സുവിദിതം = പ്രസിദ്ധം. അപഹസിക്കുക = കളിയാക്കുക. നിർഗണ്യം = അവഗണിക്കത്തക്കത്. സാംക്രമികം = പകരുന്ന. അവാന്തരവിഭാഗങ്ങൾ = ഉള്ളിലുള്ള ചെറിയ ചെറിയ വിഭാഗങ്ങൾ. ആശാസ്യം = ആശാവഹം. ആവിർഭവിക്കുക = ഉത്ഭവിക്കുക.

2. **പദം പിരിച്ച് സന്ധി നിർണ്ണയിക്കുക:**
നീന്തിപ്പോകുക, എണ്ണയൊഴിക്കുക, ആടിക്കഴിഞ്ഞു, പൂക്കാലം, എന്തെങ്കിലും, ഇതുകൊണ്ടായിരിക്കാം, വെറുമൊരു, കഴിവുള്ളത്, ഇണക്കിയെടുകുക, ഒരദ്ധ്യായം, മുദ്രയടിച്ചു.

3. **സമാസം എഴുതുക:**
ജന്തുശാസ്ത്രം, യന്ത്രയുഗം, ഭൂമുഖം, ശ്വാസോച്ഛ്വാസം, നാലായിരം, മനോഭാവം, ചരിത്ര നിരീക്ഷകൻ.

4. **വാക്യത്തിൽ പ്രയോഗിക്കുക:**
അജഗജാന്തരം, സുവിദിതം, ചരിത്രാതീതകാലം, ദൈനദിനജീവിതം, ദീർഘകാലം, ഉപയോഗശൂന്യം, അവാന്തരവിഭാഗം, ആശാസ്യം, വ്യാമോഹം.

5. **പര്യായപദങ്ങൾ എഴുതുക:**
വെള്ളം, മത്സ്യം, ശരീരം, മനുഷ്യൻ, കൊല്ലം.

6. **വിപരീത പദങ്ങൾ എഴുതുക:**
ആകർഷകം, ശക്തം, വളർച്ച, സാധ്യം, നേട്ടം , ദീർഘാം, വ്യക്തം, അവഗണിക്കുക, സൗകര്യം.

**ചോദ്യങ്ങൾ:**

**ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. ജന്തുശാസ്ത്രത്തെക്കുറിച്ച് സാധാരണക്കാരന്റെ ധാരണയെന്ത്?
2. മത്സ്യത്തിന്റേയും യന്ത്രപ്പാവയുടേയും സഞ്ചാരത്തിൽ കാണുന്ന വ്യത്യാസമെന്ത്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. പ്രകൃതി ഒന്ന് ചെലവാക്കുന്നിടത്ത് മനുഷ്യൻ പത്ത് ചെലവാക്കുന്നു. ഇതിന് ഉദാഹരണമെന്ത്?
2. ജന്തുക്കളെക്കുറിച്ചുള്ള പഠനം കൊണ്ട് ചരിത്രാതീതകാലത്തുണ്ടായ പ്രയോജനമെന്ത്?

3. മലമ്പനി രോഗത്തിന്റെ നിവാരണത്തിന് ജന്തുശാസ്ത്ര പഠനം സഹായിച്ചതെങ്ങനെ?
4. ബ്രസീലിൽ കൊതുകു വരുത്തിയ വിപത്തെന്ത്?
5. ജലാശയങ്ങളിൽ എണ്ണയൊഴിച്ചാലും ചില കൊതുകിൻ കുഞ്ഞുങ്ങൾ ചത്തുപോകാത്തതിന്റെ കാരണമെന്ത്?
6. ജലാശയത്തിന്റെ മുകൾപ്പരപ്പിൽ എണ്ണയൊഴിച്ചാലും ചത്തുപോകാത്ത കൊതുകിൻ കുഞ്ഞുങ്ങളെ നശിപ്പിക്കാനുള്ള മാർഗ്ഗമെന്ത്?
7. ഓലചുരുട്ടിപ്പുഴു എന്ന പ്രാണിയുടെ ഉപദ്രവത്തെ തടയാൻ കണ്ടെത്തിയ മാർഗ്ഗമെന്ത്?
8. കള്ളിമുള്ളിൻ ഉപദ്രവത്തെ തടയാൻ കണ്ടെത്തിയ മാർഗ്ഗമെന്ത്?

**നൂറുവാക്കിൽ ഉത്തരമെഴുതുക:**

1. മനുഷ്യരുടെ രോഗ നിവാരണത്തിന് ജന്തുശാസ്ത്ര പഠനം ഏതെല്ലാം രീതിയിൽ സഹായകമായിട്ടുണ്ടെന്ന് വ്യക്തമാക്കുക.
2. മൃഗങ്ങളുടേയും ചെടികളുടേയും രോഗങ്ങൾക്ക് ജന്തുശാസ്ത്രത്തിലൂടെ ഉപശാന്തി കാണാൻ കഴിഞ്ഞിട്ടുണ്ടെന്ന് ഉദാഹരണസഹിതം വിവരിക്കുക.
3. ജന്തുശാസ്ത്രപഠനം മനുഷ്യർക്ക് നൽകുന്ന മഹത്തായ ഗുണപാഠം എന്ത്?

# കരുണ

എം. വി. സീതാരമയ്യ

“അമ്മേ, അമ്മേ....”

“..................”

“അമ്മേ, അമ്മേ” വിളിച്ചു കൊണ്ടു തന്നെ സാക്ഷയിട്ടിരുന്ന വാതിൽ കാൽമുട്ടുകൊണ്ട് രാമു തള്ളിത്തുടങ്ങി.

കുട്ടികളെല്ലാം സ്ക്കൂളിൽ പോയശേഷം ശാരദമ്മ ഉണക്കില കൂട്ടിവെച്ച് മുൻവശത്തെ വാതിലുമടച്ച് അടുക്കളമുറിയിൽ തന്റെ ഭക്ഷണം ഒരുക്കുകയായിരുന്നു. അന്നേരം വാതിലിന് തട്ടുന്ന ശബ്ദം കേട്ടു. രാമു വിളിക്കുന്നതും കേട്ടു. പുറത്തു വന്ന് വാതിൽ തുറന്നു. പാമ്പിനെ ചവിട്ടിയ ഒരാളെപ്പോലെ ശാരദമ്മ പുറത്തേക്ക് ചാടി വെറുപ്പോടെ പറഞ്ഞു:

“ഇതെന്തൊരു നാശം! ഈ ശനി പിടിച്ച ജീവിയെ എവിടുന്ന് കിട്ടി? സ്ക്കൂളിൽ പോകുന്നതു വിട്ടിട്ട് ഇതിനെ എന്തിന് കൊണ്ടുവന്നു?”

‘ഞാൻ കൊണ്ടു വന്നതല്ലമ്മേ നമ്മുടെ തെരുവിന്റെ അറ്റത്തു തിരിയുമ്പോൾ ഇത് കരയുന്നതു പോലെ നിലവിളിച്ചുകൊണ്ടു കിടന്നിരുന്നു. അയ്യോ പാവം എന്നു വെച്ചു ഞാൻ കുനിഞ്ഞു നോക്കി. ആരു തല്ലിയോ ആവോ! തലയിൽ നിന്ന് രക്തം ഒഴുകിക്കൊണ്ടിരുന്നു. ഞാനല്പം മണ്ണെടുത്ത് തലയിൽ വട്ടത്തിൽ വെച്ചു. രക്തം ഒഴുകുന്നത് നിലച്ചു. അങ്ങനെത്തന്നെ പോകയായിരുനു ഞാൻ. വീണ്ടും അത് നിലവിളിച്ചു തുടങ്ങി. അയ്യോ പാവം എന്ന് കരുതി ടിഫിൻ കാരിയറിൽ നിന് ഒരിത്തിരി ചോറിട്ടു കൊടുത്തു. തിന്നു.

ഞാൻ സ്ക്കൂളിൽ പോയി. എന്റെ പിന്നാലെ അതും വന്നു കളഞ്ഞു. എന്തു ചെയ്തിട്ടുമെന്നെ വിട്ടു പോയില്ല. ക്ലാസ്സിലേക്കും വന്നു കളഞ്ഞു. മാസ്റ്റർ 'പുറത്ത് വിട്ടേച്ച് വാ' എന്നു പറഞ്ഞു. എന്തു ചെയ്തിട്ടും പുറത്തു പോയില്ല. എത്ര തവണ പുറത്തു കൊണ്ടു പോയി വിട്ടിട്ടും അകത്തേക്ക് വന്നു കൊണ്ടിരുന്നു. ഇപ്പോൾ മാസ്റ്ററോട് ചോദിച്ച് ഞാൻ വീട്ടിലേക്ക് വന്നു കളഞ്ഞതാണ്."

"അതെ, അതെ. എല്ലാമെനിക്കറിയാം. നായക്കുട്ടിയെ പോറ്റണമെന്ന് ആശയായി. എത്ര തവണ വേണ്ടെന്ന് പറഞ്ഞിട്ടും വില വെച്ചില്ല. നായക്കുട്ടിയെ പിടിച്ചു കൊണ്ടു വരിക. അദ്ദേഹത്തെക്കൊണ്ട് ചീത്ത പറയിക്കുക. പിന്നെ അതിനെ തള്ളിപ്പുറത്താക്കുക. എനിക്കെന്താ, അദ്ദേഹം വന്ന ഉടനെ നിനക്ക് ശിക്ഷ കിട്ടും. നീ സ്ക്കൂളിൽ പോകാതെ തെറ്റിക്കളിച്ചിരിക്കുകയാണ്. ഒരു കൈയിൽ നായക്കുട്ടി, മറ്റൊരു കയ്യിൽ പുസ്തകം. ടിഫിൻ കാരിയർ എന്തു ചെയ്തു? എവിടെ? കാണുന്നില്ലല്ലോ?"

രാമു തല ചൊറിഞ്ഞു.

"സ്ക്കൂളിൽ തന്നെ മറന്നു കളഞ്ഞിരിക്കുകയാണോ?"

"........................................"

"എന്തു ചെയ്തെടാ കുരയ്ക്കൂ."

രാമു വാ തുറന്നില്ല. ചുണ്ടു വിറയ്ക്കുകയായിരുന്നു. മുഖം മങ്ങിയിരുന്നു. അവന്റെ കയ്യിൽ തന്നെ ഉറക്കത്തിൽ മയങ്ങിയിരുന്ന നായക്കുട്ടി പതുക്കെ കുരച്ചു.

"എന്തായെടാ, വല്ലവരും കട്ടു കൊണ്ടു പോയോ?"

"ഇല്ലമ്മേ, ഇല്ല....പിന്നെ...പിന്നെ"

“പിന്നെന്തായി”

“നായക്കു ചോറു കൊടുത്ത ശേഷം വഴിയിൽ തന്നെ മറന്നു പോയമ്മേ. തിരിച്ചു വന്നപ്പോൾ അവിടെയുണ്ടായിരുന്നില്ല.”

“നശിച്ചു പോ, അദ്ദേഹം വരട്ടെ വീട്ടിൽ, സന്ധ്യക്ക് നടക്കും ചൂരൽ പൂജ! പുറത്ത് എണ്ണ തേച്ചു കൊണ്ടിരുന്നോളൂ.എന്ന് പറഞ്ഞ് ശാരദമ്മ ഉണ്ണാൻ വേണ്ടി അടുക്കളയിലേക്ക് തിരിച്ചു. ‘പുറത്ത് എണ്ണ തേച്ചിരുന്നോളൂ’എന്ന് അമ്മ പറഞ്ഞിരുന്നതിനാൽ നായക്കുട്ടിയുടെ തലയിൽ വല്ല എണ്ണയും പുരട്ടിയാൽ മുറിവുണങ്ങാൻ നന്നെന്ന് രാമുവിന് തോന്നി. ഇയ്യിടെ താൻ വീണിട്ട് കാൽ മുട്ടു മുറിഞ്ഞപ്പോൾ അയൽ വീട്ടിലെ നരസിംഹറാവു തന്റെ കാൽമുട്ടിലെ മുറിവിന് എന്തോ ഒരു തൈലം പുരട്ടിയതോർമ്മയായി. അവൻ നരസിംഹറാവുവിന്റെ വീട്ടിൽ ചെന്നു.

നരസിംഹറാവു റിട്ടയേഡ് അമൽദാരാണ്. തന്റെ സർവ്വീസിൽ അനേകം നാടുകൾ ചുറ്റിയിട്ടുണ്ട്. പെൻഷൻ പറ്റിയശേഷം അയാൾ മൈസൂരിൽ താമസമാക്കിയിട്ട് രണ്ടു മൂന്നു വർഷമേ കഴിഞ്ഞിട്ടുള്ളൂ. കൃഷ്ണപ്പ സാറിന്റെ (രാമുവിന്റെ അച്ഛൻ) അയൽ വീടു മേടിച്ച് അവിടെ താമസിക്കാൻ വന്നിട്ട് ഒരു വർഷമായി. കൃഷ്ണപ്പസാർ ഒരു ഗുമസ്ഥനാണെങ്കിലും സ്വന്തം വീടുള്ള ആളായതുകൊണ്ട് നരസിംഹറാവുവിന്റെ സ്നേഹത്തിന് പാത്രമായി. കുഞ്ഞുങ്ങളില്ലാത്ത നരസിംഹറാവുവിനും അയാളുടെ ഭാര്യ സുന്ദരമ്മക്കും രാമു പ്രിയപ്പെട്ട കുട്ടിയായിരുന്നു. ഈ വൃദ്ധ ദമ്പതികൾ കൃഷ്ണപ്പ സാറിന്റെ കുടുംബത്തിലെ മറ്റുള്ളവരോട് വാനിറയെ സംസാരിച്ച് സ്നേഹം പ്രദർശിപ്പിച്ചിരുന്നു. രാമുവിനാണെങ്കിൽ ദിവസേന എന്തെങ്കിലും മധുര പലഹാരം നൽകി സന്തോഷിപ്പിക്കും.

രാമു നരസിംഹറാവുവിന്റെ വീട്ടിൽ ചെന്നപ്പോൾ അദ്ദേഹം കസേരയിലിരുന്ന് പത്രം വായിക്കുകയായിരുന്നു. സുന്ദരമ്മ പായയിൽ കിടന്ന് വിശ്രമിക്കുകയാണ്.

"എന്താ, രാമു, സ്ക്കൂളിൽ പോയിട്ടില്ലേ?"

"....................................................."

"ഈ നായക്കുട്ടി ഏതാണ്?' റാവുവിന്റെ കണ്ണുകളിൽ കൗതുകവും ആസക്തിയും തിളങ്ങിയിരുന്നു.

"വഴിയിൽ വെച്ചു കിട്ടി; കൂട്ടിക്കൊണ്ടു വന്നു. നല്ല വെളുത്ത നായക്കുട്ടി. ചന്തമുണ്ട് അല്ലേ?"
"എവിടെ? ഇങ്ങു കൊണ്ടു വരൂ...കാണട്ടെ"

സുന്ദരമ്മക്ക് ഉറക്കം വന്നിരുന്നില്ല. എഴുന്നേറ്റിരുന്നു കൊണ്ട് അവർ പറഞ്ഞു. "എവിടെ ഇങ്ങോട്ട് കൊണ്ടു വരൂ." എന്നു പറഞ്ഞപ്പോൾ തന്നെ എനിക്ക് തോന്നിയിരുനു, അത് നമ്മുടെ വീട്ടിൽ വെച്ചു തന്നെ പ്രാണൻ വിടുമെന്ന്. റിട്ടയർ ചെയ്ത ശേഷമെങ്കിലും ശുദ്ധി പാലിക്കണം. നായയെ വളർത്തില്ല, എന്ന് നിങ്ങൾ പറഞ്ഞിരുന്നല്ലോ; ഓർമ്മയില്ലേ?"

രാമു അതിനിടയിൽ നായയെ റാവുവിന്റെ മടിയിൽ ഇരുത്തിക്കഴിഞ്ഞിരുന്നു. നായക്കുട്ടി പുതിയ ആളെ മണത്തു നോക്കുകയായിരുന്നു.

"പാലും മറ്റും കൊടുത്തിരിക്കുന്നോ രാമു" റാവു ചോദിച്ചു. രാമു തലയാട്ടി.

"എടീ, ചെറിയ താലത്തിലല്പം പാലു കൊണ്ടുവാ.. പാവം കുട്ടിക്ക് തല്ലു കിട്ടിയിരിക്കുന്നു, വിശപ്പുണ്ടായിരിക്കും. കുടിക്കട്ടെ, പാവം."

സുന്ദരമ്മ പിറുപിറുത്തുകൊണ്ട് എണീറ്റു പോയി. പാലു കൊണ്ടു വരാൻ.

“നായ ചന്തമില്ലേ, അമ്മാവാ?” രാമു അഭിമാനം കലർന്ന സന്തോഷത്തോടെ ചോദിച്ചു.

“വളരെ ചന്തമുണ്ട്.”

പ്രതീക്ഷിച്ച ഉത്തരം കേട്ട് രാമുവിന്റെ മുഖം പ്രസന്നമായി. കുറച്ചു നേരം നായക്കുട്ടിയുടെ സൗന്ദര്യത്തിൽ അവൻ മഗ്നനായി. സുന്ദരമ്മ പാൽ കൊണ്ടു വന്ന് കൊടുത്തു. നരസിംഹറാവു പാൽ പാത്രം നായയുടെ മുമ്പിൽ വെച്ചു. അതു കുടിച്ചു തുടങ്ങി.

“പാലു പോലെ തന്നെ, നല്ല വെളുത്ത നിറം.”

നെറ്റിയിലും വയറ്റത്തും മറുകുണ്ട്. എന്നാലും തരക്കേടില്ല.”

“അതെ, അതെ, അതില്ലാതെ മുഴുക്കെ വെള്ളയായിരുന്നുവെങ്കിൽ നന്നായേനെ. എന്നാലും നല്ല ജാതി നായ്.”

‘നിനക്കെങ്ങനെ അറിയാം.

“ചെവി പിടിച്ചു പൊക്കി നോക്കി അമ്മാവാ.”

“എന്താ ബ്രാഹ്മണ നായ ആണോ? സുന്ദരമ്മ ചിരിച്ചു കൊണ്ട് ചോദിച്ചു.

“അവൾക്ക് പരിഹാസമാണ് കേട്ടോ. ഞാൻ നായയെ പോറ്റുന്നത് ഇഷ്ടമില്ല... എനിക്കും ഒരിക്കൽ വേണ്ടെന്ന് തോന്നുന്നു.

“നായയെ വളർത്തുന്നത് ചീത്തയാണോ അമ്മാവാ?”

“അല്ല കുട്ടീ, ഏതു പ്രാണിയെ രക്ഷിക്കുന്നതും ചീത്തയല്ല. പക്ഷേ....”

നരസിംഹറാവു നിമിഷനേരം മിണ്ടാതിരുന്നു. അയാളുടെ മുഖത്ത് ദുഃഖം നിഴൽ വീശിയിരുന്നു. അതെന്തു കൊണ്ടാണെന്ന് രാമുവിന് മനസ്സിലായില്ല. അവൻ സുന്ദരമ്മയുടെ മുഖത്തേക്ക് നോക്കി. അവരുടെ മുഖവും ഗൗരവം പൂണ്ടിരുന്നു.

“നോക്കൂ കുഞ്ഞേ, ഞങ്ങൾ വളർത്തിയാൽ ഒന്നും നന്നാകുന്നില്ല. നിങ്ങടെ അമ്മാവൻ പോറ്റിയത് ഓരോന്നായി. തത്തകളെപ്പോറ്റി, മാകുട്ടിയെപ്പോറ്റി, പ്രാവിനെപ്പോറ്റി, പശുവിനെപ്പോറ്റി, ആട്ടിൻകുട്ടിയേയും പോറ്റി....പാവം എന്തു ചെയ്യാൻ? എന്റെ കയ്യിൽ തീയാണ് കുട്ടി. ഞാൻ പാലു നൽകി വളർത്തിയതൊന്നും ജീവിച്ചിരിപ്പില്ല...”

ഭാര്യാഭർത്താക്കന്മാർ രണ്ടും മൗനം പൂണ്ടു.

രാമു പതുക്കെ പറഞ്ഞു. “ മുറിവിന് അൽപം വല്ല എണ്ണയും പുരട്ടേണ്ടിയിരുന്നു...” ഇത്രയും പറഞ്ഞു റാവുവിന്റെ മടിയിൽ നിന്നും നായക്കുട്ടിയെ വളരെപ്പതുക്കെ പൊക്കിയെടുത്ത് തന്റെ കൈത്തലത്തൊട്ടിലിൽ കിടത്തി പുറപ്പെടാനൊരുങ്ങി.

“മുറിവിന് എണ്ണവേണം എന്നാണ് നീ പറഞ്ഞതല്ലേ?” എന്ന് ചോദിച്ചുകൊണ്ട് റാവു എണീറ്റു ചെന്നു അൽപം ‘കോഡ് ലിവർ എണ്ണ കൊണ്ടു വന്ന് മുറിവിൽ പുരട്ടി.

“നിങ്ങൾ തന്നെ വളർത്തുമെങ്കിൽ ഇതിനെ,

നന്നായേനെ...അച്ഛൻ ശകാരിക്കുന്നു...തല്ലുന്നു...”

റാവു മിണ്ടിയില്ല. രാമു സാവധാനം ഭാരിച്ച ഹൃദയത്തോടേ വീട്ടിലേക്ക് തിരിച്ചു.

വീട്ടിൽ രാമുവാണ് ഇളയവൻ. വീട്ടുകാരുടെയെല്ലം സ്നേഹവും വാത്സല്യവും അവനു നീക്കി വെച്ചിരുന്നു. സന്ധ്യക്ക് കോളേജിൽ നിന്നും സ്ക്കൂളിൽ നിന്നും വന്ന രണ്ട് ജ്യേഷ്ഠന്മാരും ഒരു ജ്യേഷ്ഠത്തിയും ഇവന്റെ നായ വളർത്തലിനെ വിശേഷിച്ച് ഗൗനിച്ചില്ല. അവരുടെ ഉദാസീന ഭാവം രാമുവിനെ ദുഃഖിപ്പിച്ചു. തന്റെ നായക്കുട്ടിയെപ്പറ്റി അന്വേഷിക്കുവാൻ ആരുമില്ലെന്നായോ എന്ന് അവൻ വ്യസനിച്ചു. തന്റെ പിഞ്ചു ഹൃദയത്തിലെ അപാരമായ കരുണാമൃതം മുഴുവൻ അതേമാത്രയിൽ നായക്കുട്ടിയുടെ മേൽ ചൊരിഞ്ഞു കഴിഞ്ഞിരുന്നു. തുടർന്ന് നായയെപ്പോറ്റാൻ താൽപര്യം കാണിച്ചില്ലെങ്കിലും അമ്മാവൻ (റാവു) അവന്റെ ദൃഷ്ടിയിൽ കരുണാമൂർത്തിയായി. മറിച്ച് തന്റെ അച്ഛനോ? ക്രൗര്യമൂർത്തിയും, ഛി, ഛി അങ്ങനെ പറയരുത്. വികൃതി കാട്ടുമ്പോൾ അടിക്കുമെങ്കിലും മറ്റു സമയങ്ങളിൽ ഉമ്മ വെകുന്ന അച്ഛൻ ചുരുങ്ങിയ ശമ്പളക്കാരനാണെങ്കിലും ചോദിക്കുന്നതു കൊണ്ടു വന്നു തരുന്ന അച്ഛൻ...ഒരു പക്ഷേ നായയെ വളർത്തുനതിന് ദോഷം പറയില്ല.

"നാളെ മുതൽക്ക് എനിക്ക് കാപ്പി വേണ്ട....എന്റെ ഓഹരി പാല് നായക്ക്.."

പാവം രാത്രി കുളിരാണ്...ഒരു ചാക്കിൻ കഷണവും ഒരു മുരിക്കിൻ പെട്ടിയും....

രാമുവിന്റെ സ്വപ്നസൗധം ഇടിഞ്ഞു വീണു. കാരണം പുറത്ത് കനത്ത ഇടി വീണു. മടിയിൽ പുസ്തകമുണ്ടായിരുന്നുവെങ്കിലും സ്വപ്നത്തിൽ മുഴുകിയിരുന്ന അവൻ ഉണർന്നത് അപ്പോൾ മാത്രമാണ്.

'ആദ്യം നായയെ പുറത്തെറിഞ്ഞിട്ടുവാ' നിങ്ങളുടെ വിശപ്പ് തീർക്കാൻ പോലും ഇവിടെ ഗതിയില്ല. പിന്നെ അതിനെവിടുന്നാ കൊണ്ടുവരിക...?

ശാരദമ്മ നടന്ന സംഗതി മുഴുവൻ ഭർത്താവിനെ അറിയിച്ചു. തല്ലരുതെന്ന് താക്കീത് നൽകിയിരുന്നെങ്കിലും കൃഷ്ണപ്പൻ സാർ വല്ലാതെ കോപിച്ചിരുന്നു. അയാളെ അത്രയധികം കോപിപ്പിച്ചതു നായക്കുട്ടിയെ കൊണ്ടു വന്നതല്ല. ടിഫിൻ കാരിയർ കളഞ്ഞതാണ്. രാമുവിന് അത് മനസ്സിലായില്ല. അച്ഛൻ ക്രൗര്യത്തിന്റെ അവതാരം തന്നെയെന്നവൻ തീരുമാനിച്ചു.

രാമു നിലവിളിച്ചു തുടങ്ങി. അവൻ അവിടെ നിന്നും അനങ്ങിയില്ല. കൃഷ്ണപ്പ സാറിന്റെ കല്പന പ്രകാരം രാമുവിന്റെ ജ്യേഷ്ഠൻ നായക്കുട്ടിയെ പുറത്തു വിടാൻ ചെന്നു. മയമില്ലാത്ത പിടുത്തം മൂലം നായയും ‘കുയിംഗ്’ എന് നിലവിളിച്ചു തുടങ്ങി. ‘വേണ്ടേട്ടാ, വേണ്ടേട്ടാ’ എന്നു പറഞ്ഞു കൊണ്ട് രാമു നിലവിളിയോടെ പിന്തുടർന്നു. കൃഷ്ണപ്പൻ സാർ കൂവിക്കൊണ്ടും ചാടിക്കൊണ്ടും പുറത്തേക്ക് വന്നു.

ഈ കോലാഹലങ്ങൾ നിശബ്ദമായ അന്തരീക്ഷത്തിൽ സന്ധ്യാവന്ദനം ചെയ്തുകൊണ്ടിരുന്ന നരസിംഹറാവുവിന്റെ ചെവിയിലും എത്താതിരുന്നില്ല. രാമുവിന്റെ വിലാപ രാഗത്തോട് മിശ്രമായിരുന്ന നായക്കുട്ടിയുടെ ‘കുയിംകുയിം; ശബ്ദം കേട്ടപ്പോൾ റാവുവിന് കാര്യം മനസ്സിലായി. അയാളുടെ കാരുണ്യം ഗൃഹ രാഷ്ട്രീയത്തിന്റെ കുഴപ്പം പരിഹരിച്ചു. നായക്കുട്ടിയെ താൻ വളർത്തിക്കൊള്ളാമെന്ന് പറഞ്ഞ് നരസിംഹറാവു അതിനെ രാമുവിന്റെ പക്കൽ നിനും വാങ്ങിക്കൊണ്ടുപോയി. പത്നിയുടെ ഉഗ്രശാസനയേയും തത്ഫലമായി താൻ ചെയ്ത പ്രതിജ്ഞയേയും കവച്ചു വെച്ചുകൊണ്ട് അദ്ദേഹത്തിന്റെ കാരുണ്യപ്രവാഹം കവിഞ്ഞൊഴുകി. രാമു അയാളുടെ പിന്നാലെ തന്നെ ചെന്നു. രാത്രി അയാളുടെ വീട്ടിൽ തന്നെ അവന്റെ ഊണും നടന്നു.

“എടോ രാമൂ, നിന്നേയും ഞങ്ങൾ പോറ്റി വളർത്തിയേക്കാം. നീ ഞങ്ങളുടെ വീട്ടിൽ തന്നെ താമസിച്ചോളൂ.” എന്ന് രാമു.

ഉറങ്ങാൻ വേണ്ടി സ്വന്തം വീട്ടിലേക്ക് തിരിക്കുമ്പോൾ സുന്ദരമ്മ പറഞ്ഞു.

‘ഓഹോ, എന്റെ അച്ഛൻ സമ്മതിച്ചാൽ വന്നേക്കാം.’’

‘‘കൂടെ വരട്ടേയോ. ഇരുട്ടാണ്.’’

‘ഒന്നും വേണ്ട. ‘ഞാൻ ആണല്ലെ?’’

മെത്തയിൽ കിടന്നുറങ്ങിക്കൊണ്ടിരുന്ന രാമുവിന്റെ സ്വപ്നത്തിൽ അവന്റെ അച്ഛൻ ഒരു രാക്ഷസനായിത്തീർന്നിരിക്കുന്നു. പക്ഷെ അരികിൽ തന്നെ ഉറങ്ങാതെ കിടന്നിരുന്ന കൃഷ്ണപ്പൻ സാറിന്റെ കൈകൾ തന്റെ കുറുനിരയെ ശരിപ്പെടുത്തിക്കൊണ്ടിരുന്നത് അവനറിഞ്ഞില്ല. രാമു കൊണ്ട് വന്ന നായക്കുട്ടിക്കും രാമു എന്നു തന്നെ പേരിട്ടു. വല്ലപ്പോഴും രാമു, രാമു എന്ന് നരസിംഹറാവു ഒന്നു വിളിച്ചാൽ മതി, നായയുടെ പിന്നാലെ രാമുവും ഓടിച്ചെല്ലും. നരസിംഹറാവുവിനും സുന്ദരമ്മക്കും അടക്കാനാവാത്ത ചിരിയാണപ്പോൾ.

രാമു വളരെ ചന്തമായി വളർന്നു. ഇത് നല്ല ജാതി നായയാണെന്നുള്ള നരസിംഹറാവുവിന്റെ ഉറച്ച അഭിപ്രായം കേട്ടിട്ട് രാമുവിന് വലിയ സന്തോഷവും അഭിമാനവും തോന്നി. വാസ്തവത്തിൽ അവനാണ് നായയുടെ യജമാനൻ. നായക്കുട്ടി വന്ന ശേഷം രമു അധികസമയവും നരസിംഹറാവുവിന്റെ വീട്ടിൽ തന്നെ കഴിച്ചിരുന്നു. രാവിലെ എല്ലാവരെക്കാളും മുമ്പായി എഴുന്നേറ്റ് റാവുവിന്റെ വീട്ടിലേക്ക് ചെല്ലും. അവിടെ അവന് നിത്യം കാപ്പി കിട്ടും.

ഒരു ദിവസം നായക്കുട്ടി, കുട്ടിയാണോ? സ്നേഹത്തോടെ ഒരു കൊല്ലത്തോളം വളർത്തപ്പെട്ട നായ കൃഷ്ണപ്പൻ സാറിന്റെ വീട്ടിനു മുന്നിൽ നിന്നുകൊണ്ട് വെറുതെ കുരയ്ക്കുകയായി. അന്ന് രാമു ഉറക്കമുണർന്ന് എത്തിയിരുന്നില്ല. കുരയ്ക്കുന്നതു കേട്ട് രാമു പുറത്തു വന്നു.

നായ കുരച്ചു കൊണ്ട് മുമ്പോട്ടോടി. വീട്ടിനുള്ളിൽ കടന്നു. രാമു കൂടെ തന്നെ പോയിട്ടും നായ കുരയ്ക്കുന്നത് നിർത്തിയില്ല. കാരണമെന്താണെന്നാർക്കും മനസ്സിലായില്ല. ഒടുവിൽ നായക്കുട്ടി വീടിന്റെ അരികിലുള്ള ചെറിയ ഓണിയിലൂടെ പറമ്പിലേക്കോടി. രാമുവും പിന്നാലെ ചെന്നു. നായ കൺസെർവെൻസിവ് വാതിലിലു സമീപം നിന്നു, തുടരെ കുരച്ചുകൊണ്ടിരുന്നു. രാമുവിന് കാരണമെന്താണെന്നാദ്യം മനസ്സിലായില്ല. എന്തോ തോന്നിയതു കൊണ്ട് തഴുതു നീക്കി വാതിൽ തുറന്നു. നായ പുറത്തേക്ക് ചാടി. ഓടയിലെ കുപ്പക്കൂട്ടത്തിന്നരുകിൽ ഉണ്ടായിരുന്ന ഒരു ചെറിയ ഭാണ്ഡത്തിന് ചുറ്റും മണപ്പിച്ചുകൊണ്ട് അതു ചുറ്റുകയായി. അരികിൽ തന്നെയുള്ള ഒന്നു രണ്ടു കാക്കകൾ "കാ, കാ" എന്നു കരഞ്ഞു തുള്ളിത്തുള്ളി ദൂരെ നീങ്ങി. അവിടെത്തന്നെയുള്ള പുണ്ണു പിടിച്ച മറ്റൊരു നായ'ഗുർ' എന്നു ശബ്ദിച്ചു. രാമു കല്ലെടുത്തോങ്ങിയപ്പോൾ അത് ഓടിയകന്നു. അവനാ ചെറിയ ഭാണ്ഡത്തിനടുത്തു ചെന്ന് കുനിഞ്ഞു നോക്കി. ചാക്കിൻ കഷണത്തിൽ പൊതിഞ്ഞിരുന ഒരു പൈതലിന്റെ മുഖം രാമുവിന്റെ ദൃഷ്ടിയിൽ പെട്ടു.

"അമ്മാവാ..അമ്മാവാ,....കുപ്പക്കൂട്ടത്തിനരുകിൽ ഒരു കുഞ്ഞ്...കുഞ്ഞ്." എന്ന് ഉറക്കെ പറഞ്ഞ്കൊണ്ട് അവൻ നരസിംഹറാവുവിന്റെ വീട്ടിനുള്ളിലേക്ക് ഓടി. തൽക്ഷണം സ്നാനനവും സന്ധ്യാവന്ദനവും കഴിച്ച് കാപ്പിക്ക് കാത്തിരിക്കുന നരസിംഹറാവു "എവിടെയാ എവിടെയാ" എന്ന് ചോദിച്ചു എണീറ്റ് രാമുവിന്റെ പിന്നാലെ നടന്നു. കാപ്പി തണുപ്പിച്ചു കൊണ്ടിരുന്ന സുന്ദരമ്മയും അത് നിർത്തി ഭർത്താവിനെ അനുഗമിച്ചു. രാമു തിരിച്ചു ചെന്ന് തന്റെ വീട്ടിലും വിവരമറിയിച്ചു. അവരുടെ പറമ്പിലെ കൺസെർവൻസി വാതിലും തുറന്നു. കൃഷ്ണപ്പൻ സാറിന്റെ കുടുംബക്കാർ മുഴുവൻ അവിടെ വന്നു ചേർന്നു. കുറച്ചു നിമിഷങ്ങൾക്കിടയിൽ 'കൺസെർവൻസി" ഓണിയിൽ പുരുഷന്മാരും സ്ത്രീകളും കുട്ടികളും വന്നു കൂടി. ആ അനാഥ

ശിശുവിന്റെ ചുറ്റും നിരന്നു. സ്ത്രീകൾ വാതിലിനരികിൽ തന്നെ നിന്നു. കഴുത്ത് പുറത്തിട്ട് എത്തി നോക്കാൻ തിരക്കുകയായിരുന്നു. അവിടെ കൂടിയിരുന ജനങ്ങളിൽ ചിലർ നിരൂപണ വാണം വിടുകയായി. ചിലർ സഹതാപം കൊണ്ട് കരുണയോടെ സംസാരിച്ചു. മറ്റു ചിലർ അത്രയും കൊണ്ടു തന്നെ സംതൃപ്തി പൂണ്ടവരെപ്പോലെ ശിശുവിനെ നോക്കിക്കൊണ്ടു നിന്നു.

"ഏതോ പാപി, മുണ്ടച്ചിയുടെ മക്കൾ, പുലവീട്ടിലെ കുഞ്ഞിനെ തെരുവിനും നായയ്ക്കും നൽകിയിരിക്കുകയാണ്.

എന്തിന് പ്രസവിച്ചു, പ്രസവിക്കേണ്ടിയിരുന്നോ? ഈ ഭാഗ്യത്തിന്?"

"പെണ്ണോ ആണോ..."

"നിലവിളിക്കുന്നില്ല, ജീവനുണ്ടോ? ചത്തുപോയോ? ഒന്നും മനസ്സിലാകുന്നില്ല. അയ്യോ പാവം!" അയ്യോ പാവം!" അയ്യോ പാവം!

ദുഃഖവാക്കുകളോടൊപ്പം ചിലർ കരുണയുടെ കണ്ണുനീർ പൊഴിച്ചു. "ജീവനുണ്ടെന്ന് തോന്നുന്നു. എന്തോ അനക്കമുള്ളതു പോലെ കാണുന്നു."

"ജീവനുള്ള കുഞ്ഞിനെ ആര് എറിഞ്ഞു കളയാൻ? ഒരു പക്ഷേ ചത്തു ജനിച്ചിരിക്കാം."

"ചത്തു ജനിച്ചാലും എറിഞ്ഞു കളയണോ? ഇങ്ങനെയാണോ ഗതി കാണിക്കുക..."

'കുഞ്ഞു തന്റേതാണെന്ന് പറയാൻ ധൈര്യമില്ലാത്ത ഏതോ കല്ലുപോലെ ഹൃദയമുള്ളവൾ ചെയ്ത പണി. ആ മാന്യയായ അമ്മക്ക് തീരെ ദയയില്ല. വല്ലതും ചെയ്തിട്ട് കുഞ്ഞു വളരാത്ത

പോലെ നോക്കാമായിരുന്നില്ലേ?''
''എങ്ങനെയോ കൈ കടന്നു പോയെന്നു തോന്നുന്നു. ''

എങ്ങോ അല്പം രക്തം ഒഴുകിയ പോലെയുണ്ടോ? അയ്യോ പാവം?''

''വല്ലവരും വസ്ത്രമൊന്നു നീക്കി നോക്കിയാൽ കൊള്ളാമായിരുന്നു....''

''ചീത്തയായതിനെത്തൊടുകയോ?...ഏതു ജാതിയോ? എന്തു കഥയോ?''

''എവിടെയോ ആ തൂപ്പുകാരി നരസിയേയും കാണുന്നില്ല..''

നായ ദുഃഖത്തോടേ തന്നെ അവിടെ കിടന്നു കളഞ്ഞു. ജനനമരണങ്ങളുടെ തൊട്ടിലിനും ശ്മശാനത്തിനും ഇടയിലുള്ള ആ കുഞ്ഞിന്റെ കാവലിനായിട്ട്, രാമുവിന് എന്ത് തോന്നിയോ?പൈതലിന്റെ സമീപം ചെന്ന് മറ്റുള്ളവർ വിരോധിക്കുന്നതിന് മുമ്പായിത്തന്നെ വസ്ത്രം നീക്കി വിളിച്ചു പറഞ്ഞു.

''ജീവനുള്ളതുപോലെ കാണുന്നു. അമ്മാവാ. മുഖം ചുമന്നിരിക്കുന്നു.

....!കണ്ണു മിഴിച്ചിട്ടുണ്ട്...!''

''നീ എന്തിന് തൊടാൻ പോയി ചീത്തയായതിനെ'' എന്ന് ശാരദമ്മ കൂവി. ''ഇങ്ങു വാടാ കഴുതേ'' എന്ന് കൃഷ്ണപ്പസാർ അലറി. കിടന്നിരുന്ന നായ ദീനസ്വരത്തിൽ നിലവിളിച്ചു.

''കുഞ്ഞു ചത്തിരിക്കണം. അല്ലെങ്കിൽ നായ അങ്ങനെ നിലവിളിക്കില്ല.

''നരസി! നരസി! നരസി!''

അകലെ, ചൂലു കൊണ്ടു അടിച്ചുവാരിക്കൊണ്ടിരുന്ന നരസി വിളികേട്ടു തിരക്കിട്ടു വന്നു.

പുലയി നരസിക്ക് എല്ലാവരും വഴി മാറിക്കൊടുത്തു.

അധികം വിവരണം വേണ്ടിയിരുന്നില്ല. അവൾ യാതൊന്നും ചിന്തിക്കാതെ ശിശുവിനെ പൂപോലെ പൊക്കിയെടുത്ത് തന്റെ മടിയിൽക്കിടത്തി. നായ എണീറ്റു, വാലാട്ടി. സന്തോഷം കൊണ്ടെന്നവണ്ണം കുരച്ചു കൊണ്ട് അവളുടെ ചുറ്റും തിരിഞ്ഞു.

'തങ്കക്കട്ടെ! തങ്കക്കട്ടെ!''

''ചത്തിരിക്കുന്നോടീ.''

''ഇല്ലെജമാനനേ...ബ്രാഹ്മണരുടെ കുഞ്ഞു പോലെ കാണുന്നു. ഞാനെങ്ങനെ എടുത്തു പോറ്റും?''

''നിങ്ങൾ വളർത്തിക്കോളൂ, അമ്മാവാ, തെരുവിൽ വീണു കിടന്നിരുന്ന നായക്കുട്ടിയെ വളർത്തിയില്ലേ, അതു പോലെ എന്നെയും പോറ്റിക്കോളാമെന്ന് പറഞ്ഞിരുന്നില്ലേ? അതുപോലെ.'' രാമുവിന്റെ ഹൃദയം ആർക്കും മനസ്സിലായില്ല. എല്ലാവരും പൊട്ടിച്ചിരിച്ചു.

''വരൂന്ന് പറഞ്ഞില്ലേ? നിങ്ങൾ രാമുവിന്റെ പിന്നാലെ കൂടിയാൽ പിന്നെ കുളിക്കാൻ വെള്ളം കിട്ടില്ല. സുന്ദരമ്മ വിളിച്ചു പറഞ്ഞു. നരസിംഹറാവു അകത്തേക്ക് നടന്നു.

നരസി കുഞ്ഞിനേയും കൊണ്ട് മെല്ലെ നടന്നു പോയി. നായ വാലാട്ടിക്കൊണ്ട് അവളുടെ പിന്നിലും..

'രാമു, രാമു'' തന്റെ നായയെ രാമു വിളിച്ചു. അതു മടങ്ങി വന്നില്ല.

'രാമൂ, കുളിച്ചു വരൂ, ശരദമ്മ വിളിച്ചു; രാമു പോയില്ല.

അനന്തരം ഓണി വിജനമായി. രാമു തനിയെ നിന്നിരുന്നു. അങ്ങകലെ നരസിയുടെ ചവറ്റു കുടയും ചൂലും അവളുടെ നീച പ്രവൃത്തിയുടെ പ്രതീകങ്ങളായി മൗനമായി നിലകൊണ്ടു. തെരുവിലെ ജനങ്ങളുടെ കൽമഷങ്ങൾ നിറയ്ക്കാൻ സന്നദ്ധമായിട്ട്. ചപ്പും ചവറും അടിച്ചു വാരുന്ന കാഷ്ഠം ചുമക്കുന്ന അശുദ്ധദേഹമുള്ള നരസിയുടെ ഹൃദയത്തിൽ ചവറും ചണ്ടിയും നിറഞ്ഞിരുന്നില്ല. അതു നിർമ്മലമായിരുന്നു. ആ ഹൃദയത്തോട് പുണർന്ന് അവൾ പൈതലിനെ എടുത്തു കൊണ്ടു പോയി. അവളുടെ നെഞ്ചിന്റെ ചൂട് തണുത്തു കൊണ്ടിരുന്ന പൈതലിന് ചൂടേറ്റി ത്തുടങ്ങി.

രാമു നിന്നേടത്തു തന്നെ നിൽക്കുകയാണ്. മൂകമായ കാരുണ്യത്തിന് സംസാരവും രൂപവും നൽകാൻ അവൻ സമർത്ഥനായിരുന്നില്ല. ഈ രാമുവിന്റെ പ്രതിനിധിയായി ആ രാമു പുതിയ അമ്മയോടൊപ്പമുള്ള പൈതലിനെ പിൻതുടർന്നു.' നായ പൈതലിനെ യാത്രയാക്കാൻ പോയിരിക്കുന്നു. തിരിച്ചു വരും എന്നുള്ള അവ്യക്തമായ ബോധം മൂലമുണ്ടായ സമാധാനത്തോടെ രാമു നരസിംഹറാവുവിന്റെ വീട്ടിനകത്തേക്ക് നടന്നു.

ഒന്നിച്ചു വന്ന നായ ഇപ്പോൾ തന്റെ കൂടെയില്ല. താൻ നായക്കുട്ടിയെ കൊണ്ടു വന്നത് റാവു അതിനെ വാത്സല്യത്തോടെ പോറ്റിയത്. ഇതെല്ലാം അവന്റെ ഓർമയിൽ പൊങ്ങി വന്നു. വിജനമായ കൺസർവൻസി ഓണിയിൽ നരസിയുടെ കൂടയും ചൂലും അന്നത്തെ സംഭവത്തെ മൗനഭാഷയിൽ ഉദ്ഘോഷിച്ചുകൊണ്ടിരുന്നു.

**എം. വി. സീതാരമയ്യ:** കന്നട ഭാഷയിലെ പ്രസിദ്ധനായ ഒരു സാഹിത്യകാരനാണ് എം.വി സീതാരമയ്യ. ചെറുകഥ , നാടകം, നോവൽ ഉപന്യാസം എന്നീ ശാഖകളിലെല്ലാം മികച്ച സംഭാവനകൾ നൽകാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്.

സ്നേഹത്തിന്റെ കഥയാണ് കരുണ. പരിക്കുപറ്റിയ ഒരു നായക്കുട്ടിയെ രാമു എന്ന കുട്ടി എടുത്ത് വീട്ടീൽ കൊണ്ടുപോയി. അതിനെ വെല്ലുവിളികളെ നേരിട്ട് അവൻ വളർത്തുന്നു. അവസാനം ആരുമില്ലാത്ത ഒരു മനുഷ്യക്കുഞ്ഞിന്റെ സംരക്ഷകനായി അവൻ നരസി എന്ന തൂപ്പുകാരിയെ പിന്തുടരുന്നു.

**സന്ധി നിർണ്ണയിക്കുക:**

പൊട്ടിച്ചിരിച്ചു, നായക്കുട്ടി, പൊക്കിയെടുത്തു, കൈത്തലം, കുപ്പക്കൂട്ടം.

**സമാസം നിർണ്ണയിക്കുക:**

ക്രൗര്യമൂർത്തി, മൗനഭാഷ, ഭാര്യാഭർത്താക്കന്മാർ.

**പര്യായപദങ്ങളെഴുതുക:**

ദുഃഖം, നായ, വീട്, ചോര, അമ്മ

**വിപരീതപദങ്ങൾ എഴുതുക:**

സന്തോഷം, അവ്യക്തം, സമാധാനം, ധൈര്യം.

**വാക്യത്തിൽ പ്രയോഗിക്കുക:**

വഴിമാറിക്കൊടുക്കുക, ദീനസ്വരം, കരുണാമൂർത്തി, വിലാപരാഗം.

**ചോദ്യങ്ങൾ:**

**ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. എവിടെ നിന്നാണ് രാമുവിന് നായക്കുട്ടിയെ ലഭിച്ചത്?
2. അച്ഛനെ കുറിച്ച് രാമു ചിന്തിച്ചതെന്തെല്ലാം?
3. നായക്കുട്ടിയെ വീട്ടിൽ കൊണ്ടുവന്നതിന് രാമുവിനെ അച്ഛൻ ശാസിച്ചതെങ്ങനെ?
4. നരസിംഹറാവു രാമുവിന്റെ നായയോട് പെരുമാറിയതെങ്ങനെ?

5. എപ്പോഴാണ് രാമുവിന് സന്തോഷവും അഭിമാനവും തോന്നിയത്?
6. കുരയ്ക്കുന്ന നായയെ പിന്തുടർന്ന രാമു കണ്ട കാഴ്ച എന്തായിരുന്നു?
7. നരസിയേയും നായയേയും വിട്ട് വീട്ടിലേക്ക് നടക്കുമ്പോൾ രാമുവിന്റെ മനസ്സിലുള്ള ചിന്തയെന്തായിരുന്നു?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. രാമു നായക്കുട്ടിയെ വീട്ടിൽ കൊണ്ടുവന്നപ്പോൾ അമ്മയുടെ പ്രതികരണമെന്തായിരുന്നു?
2. നായയെ വളർത്തുന്നതിന് സുന്ദരമ്മ എതിരു നിൽക്കാൻ കാരണമെന്ത്?
3. നായക്കുട്ടി വന്ന ശേഷം രാമുവിന്റെ ദിനചര്യ എന്തായിരുന്നു?
4. അനാഥശിശുവിനെ കണ്ടപ്പോൾ നാട്ടുകാരുടെ പ്രതികരണങ്ങളെന്തെല്ലാമായിരുന്നു?
5. നരസി ദയാമയിയാകുന്നത് എങ്ങനെ?

**നൂറുവാക്കിൽ ഉത്തരമെഴുതുക:**

1. രാമുവിന്റെ സ്വഭാവ സവിശേഷതകൾ കരുണയെ മുൻനിർത്തി വിവരിക്കുക.
2. സ്നേഹത്തിന്റേയും വാത്സല്യത്തിന്റേയും മഹത്വം കാണിക്കുന്ന കഥയാണ് ‘കരുണ’. വിവരിക്കുക.

# മറക്കാത്ത നിമിഷങ്ങൾ

വി.ടി. ഭട്ടതിരിപ്പാട്

നാളും തീയതിതിയും ഇന്നെനിക്കോർമയില്ല. ഒരസ്തമയത്തോടു കൂടി വൃത്തികെട്ട ഒരു ഊക്കൻ ഇടവഴിയിൽ നിന്ന് കെട്ടിപ്പടുത്ത ഏഴെട്ടൊതുക്കുകളും ഉയരം കൂടിയ കൊട്ടാംപടിയും കയറി മറിഞ്ഞ് അച്ഛന്റെ പിന്നാലെ ഞാൻ ചെന്നു പെട്ടത് വിശാലമായ ഒരു പൂമുറ്റത്താണ്. പടിക്കൽ പടർന്നു നിൽക്കുന്ന പടുകൂറ്റനൊരരയാൽ, തെക്കു ഭാഗത്ത് അതിമനോഹരമായ മാളിക, വടക്കു ഭാഗത്ത് ഊട്ടുപുര, മുറ്റത്തിന്റെ നടുക്കൊരു ദീപസ്തംഭം, പടിഞ്ഞാറ്റിന് മേൽ ഒരമ്പലത്തിന്റെ വിളക്കു മാടത്തറയിന് മേലെന്ന പോലെ വരിവരിയായുള്ള കൽവിളക്കുകൾ, ചുറ്റും പൂത്തും തളിർത്തും തിമർത്തു നിൽക്കുന്ന പൂച്ചെടികൾ – ഇങ്ങനെ ഒരമ്പലത്തിന്റെ , ഒരു ക്രിസ്ത്യൻ പള്ളിയുടെ , ഒരു ആഢ്യൻ നമ്പൂതിരി ഗൃഹത്തിന്റെ സങ്കലന സ്ഥലത്താണ് ഞങ്ങൾ ചെന്നെത്തിയത്. പൂമുഖപ്പടിയിൻമേൽ കാലൂന്നി ഇടനാഴിയിലെ കസാലമേൽ ചാഞ്ചാടിക്കൊണ്ടിരുന്ന ഒരു ബലിഷ്ഠകായൻ അച്ഛനെ കണ്ട ഉടനെ സസ്മിതം എഴുന്നേറ്റ് കുശലമാരംഭിച്ചു. അച്ഛന്റെ പിന്നിൽ പരുങ്ങി നിന്നിരുന്ന എന്നെപ്പറ്റിയും ചിലത് സംസാരിച്ചിരുന്നു. എന്നാൽ എന്നെ ആകർഷിച്ചത് ദീപസ്തംഭത്തിന് മേൽ ചാരി വച്ചിരുന്ന ഒരത്യഭുത വസ്തുവാണ്. അലുമിനിയ ഫ്രെയിമുള്ള ഒരു പുതുപുത്തൻ സൈക്കിൾ. അത്തരമൊരദ്ഭുത വസ്തു ഞാൻ ആദ്യമായാണ് കാണുന്നത്. ഉൽക്കണ്ഠയോടെ അതിനെത്തന്നെ ഉറ്റു നോക്കിക്കൊണ്ടു നിൽക്കുന്നതിന്നിടയിൽ പിന്നിൽ നിന്ന് വാത്സല്യപൂർവ്വം ഒരു ചോദ്യം പുറപ്പെട്ടു:

“ചവിട്ടു വണ്ടി കണ്ടിട്ടില്ല, അല്ലേ? ഞാനൊരു സൂത്രം കാട്ടിത്തരാം. അതിന്റെ ഏതോ ഭാഗത്ത് അദ്ദേഹം കൈവച്ച ഉടനെ തുടങ്ങി നീണ്ടു നിന്നൊരു മണിനാദം. ഞാൻ അമ്പരന്നു കണ്ണുംനട്ടു നിലയായി. അദ്ദേഹം എന്നെ

പൊക്കിയെടുത്ത് അതിന്റെ എങ്ങാണ്ടൊരിടത്തിരുത്തി. വിശാലമായ ആ മുറ്റം നാലഞ്ച് ചുറ്റ് ചുറ്റിച്ച ശേഷം യഥാസ്ഥാനം വന്നു നിന്നു. സൈക്കിൾ ഓടിക്കൊണ്ടിരിക്കുമ്പോൾ ഒരു ചുഴലിക്കാറ്റിൽപെട്ട് വട്ടം കറങ്ങുന്ന പോലെയൊരനുഭവമാണെനിക്കുണ്ടായത്. അന്നത്തെ ആ സൈക്കിൾ യാത്ര എന്റെ ജീവിതചക്രവാളത്തെ വലിപ്പം വെപ്പിച്ചു. വിപ്ലവാത്മകമായ ഒരന്തരീക്ഷത്തിലേക്കെന്നെ ആനയിച്ച അച്ഛനെ അകം നിറഞ്ഞ് അഭിനന്ദിച്ചു. അന്നുമുതൽ പാതായ്ക്കരമനയോടും അവിടത്തെ ആളുകളോടും എന്നിലുദിച്ചുയർന്ന സ്നേഹബഹുമാനങ്ങൾ ഇന്നും അസ്തമിച്ചിട്ടില്ല.

കേരളത്തിലെ കേളികേട്ട ഒരു ഇല്ലമാണ് പാതായ്ക്കരമന. അവിടത്തെ മണ്മറഞ്ഞു പോയ രണ്ടു ശക്തന്മാരെപ്പറ്റിയുള്ള ഐതിഹ്യങ്ങൾ ഇളം കിടാങ്ങളെ പുളകം കൊള്ളിക്കുന്ന ഉറക്കു കഥയായി ഇന്നും വൃദ്ധ സ്ത്രീകൾ പറഞ്ഞു വരാറുണ്ട്.

പണ്ടൊരു കാലത്ത് അതിശക്തന്മാരായ രണ്ടാളുണ്ടായിരുന്നു പാതായ്ക്കരമനക്കൽ. നൂറ്റൊന്നു നാഴി അരി വെച്ച ചോറുവേണം ഓരോ ആൾക്കും ഒരു നേരത്തെ ഊണിന്. ഒരിക്കൽ തിരുന്നാവായ ഓത്തന്മാർ മഠത്തിൽ നിന്ന് ജ്യേഷ്ഠൻ ഇല്ലത്തേക്ക് മടങ്ങുകയായിരുന്നു. നേരം ഇരുട്ടാവാറായി. കോരിച്ചൊരിയുന്ന മഴയും. ഒലുങ്കരച്ചോലയിലേക്കിറങ്ങുന്ന കുണ്ടനിടവഴിയിലെത്തിയപ്പോൾ മുറം പോലെയുള്ള ചെവിയുമാട്ടി കൊണ്ടങ്ങനെ നിൽക്കുന്നു, ഒരു പടുകൂറ്റൻ കൊമ്പൻ കാട്ടാന മുന്നിൽ! ഓരം ചാരി നിൽക്കാൻ ഇടവഴിയിൽ ഇടമില്ല. വളഞ്ഞു മാറിപ്പോകാൻ വേറെ വഴിയുമില്ല. മൂസ്സമ്പൂരിക്കു ദേഷ്യം വന്നു. ആനയുടെ മസ്തകത്തിന്മേൽ കൈവച്ചു പിന്നോക്കം നോക്കി ഒരുന്തുന്തി. അപ്പോൾ പിന്നിൽ നിന്ന് മറ്റൊരാൾ ആനയെ മുമ്പോട്ടും ഒരുന്ത്! ഇരുഭാഗത്തുനിന്നുമുണ്ടായ ഉന്തും തള്ളുമേറ്റ് ഗതിമുട്ടി ആന ശൂളം വിളിച്ചു.

"ആരാ പിന്നിൽ? അനുജനാ? മൂസ്സാമ്പൂരിക്ക് സംശയമായി.

"ജ്യേഷ്ഠനാ മുമ്പിൽ അല്ലേ? അപ്പോൾ നമുക്കിരുവർക്കും കടാന്നു പോണല്ലോ?" അനുജൻ ആനയുടെ കാലു പിടിച്ചു. ജ്യേഷ്ഠൻ മുൻകൈയും. അങ്ങനെ രണ്ടും പേരും കൂടി ആനയെ പൊക്കിയെടുത്ത് കുന്നിൻ ചെരുവിലേക്കൊരേറ്! ആന അവിടെക്കിടന്ന് ചത്തു. ശക്തന്മാർ അങ്ങോട്ടുമിങ്ങോട്ടും നടന്നു പോയി, 'പാതായ്ക്കരെക്കുണ്ടോ' എന്നു ചോദിച്ചാൽ നിഷേധ സൂചകമായി ആന തലയാട്ടുമത്രേ.!

മറ്റൊന്ന് : പാതായ്ക്കര ശക്തന്മാരുടെ യോഗ്യത കേട്ടറിഞ്ഞ് ഒരഭ്യാസിയായ പരദേശബ്രാഹ്മണൻ അതൊന്ന് പരീക്ഷിക്കണമെന്ന് കരുതി കേരളത്തിലേക്ക് പുറപ്പെട്ടു. ഒരു നാളുച്ചക്ക്, പിൻകുടുമയും പാളസ്സാറും വീശുപാളയും കക്ഷത്തിലൊരു 'ഉറപ്പ്'യുമായി പാതായ്ക്കര എത്തിച്ചേർന്നു. ഗ്രഹപ്പിഴക്ക് ശക്തന്മാരായ നമ്പൂതിരിമാർ രണ്ടുപേരും അന്നവിടെയുണ്ടായിരുന്നില്ല. 'സ്വാമി കുളിച്ച് ഊണു കഴിച്ച് പോകാം" ദാസി മുഖേന അന്തർജ്ജനം ലൗകികം പറഞ്ഞു. കുളക്കരയിൽ ഒരു കരിങ്കൽക്കുമിഴക്കല്ല് കിടന്നിരുന്നു. സ്വാമി അത്ഭുതത്തോടെ വഴി കാട്ടാൻ വന്ന വാലിയക്കാരത്തിയോട് ചോദിച്ചു: 'ഇതെന്തിനാണ്?"

അത് ചെറിയ തമ്പുരാൻ കനം പേരെന്ന് പറഞ്ഞ് ഊരിക്കളഞ്ഞ വളയാണ്.

മറുപടി കേട്ട് സ്വാമി അമ്പരന്നു. ഏതാണ്ടൊരു അഞ്ച് തുലാം ഘനമുള്ള കരിങ്കല്ല് വളയായുപയോഗിക്കുന്ന ആൾ എന്ത് ശക്തനായിരിക്കണം! സ്വാമിയുടെ കരളൊന്ന് പിടഞ്ഞു.

സ്വാമി കുളി കഴിഞ്ഞ് ഉണ്ണാനെത്തി. ഭക്ഷണത്തിനുള്ളതെല്ലാം ഒരുക്കി അന്തർജനം കാത്തുനിന്നിരുന്നു. സ്വാമി തന്നത്താൻ വിളമ്പി ഊണു തുടങ്ങി.

“മോരുണ്ടോ?” സ്വാമി അന്വേഷിച്ചു.

ഇവിടെത്തോരു മോരു കൂട്ടാറില്ല. നാളികേരപ്പാല് കൂട്ടിയിട്ടാണ് ഉണ്ണാറ്.”

സ്വാമി: “നാളികേരപ്പാൽ എവിടെയാണ്?”

അന്തർജ്ജനം: “ ആ മരികയിലെ നാളികേരം പിഴിഞ്ഞുകൂട്ടും.”

“ ഇതെങ്ങനെ പിഴിയും?”

“നാളികേരവും മരികയും വാതിൽക്കലേക്ക് വെക്കൂ.”

സ്വാമി അങ്ങനെ ചെയ്തു. വാതിൽപ്പഴുതിലൂടെ നാളികേരമെടുത്ത് ഒറ്റക്കൈകൊണ്ട് പിഴിഞ്ഞ് മരികയിലാക്കി ചണ്ടി ഒരേറു കൊടുത്തു. പട്ടർ ഭയപ്പെട്ടു. പരീക്ഷിക്കാൻ പോകുന്ന പുരുഷന്റെ ഭാര്യയ്ക്ക് തന്നെ ഇത്ര ശക്തിയുണ്ടെങ്കിൽ ! ഇളിഭ്യനായ പട്ടർ ആരോടും യാത്ര പറയാതെ ഊണു കഴിഞ്ഞ് തടിതപ്പി.

വേണ്ടുന്ന പശ്ചാത്തലത്തോടുകൂടി വൃദ്ധ ജനങ്ങൾ , പാതായ്ക്കരശക്തന്മാരെപ്പറ്റി പറയുന്ന ഇത്തരം കഥകൾ കേട്ട് ഞാൻ കുട്ടിക്കാലത്ത് അതിശയിച്ചിട്ടുണ്ട്.

പിഞ്ചു ഹൃദയങ്ങളിൽ കോരിത്തരിപ്പുണ്ടാക്കുന്ന ഒരന്തരീക്ഷമായിരുന്നു അന്നും അവിടെ. തെക്കിനിയിൽ ദംഷ്ട്രാ കരാളവക്ത്രത്തോടുകൂടിയ ഭദ്രകാളിശ്രീകോവിൽ, മച്ചിൽ ഭൂതത്താൻ, തൊട്ടിയിൽ കുട്ടിച്ചാത്തൻ, പട്ട്, വാൾ, പാട്ടുകൊട്ടിൽ, തൂക്കുമണി ഇങ്ങനെ രൗദ്രമൂർത്തികളുടെ ആവാസത്താൽ ‘ഇമ്പാച്ചിത്തം കട്ടപിടിച്ച ഒന്നാണ് ആ മന മുഴുവൻ. നാലുകെട്ടിലെ എല്ലാ മുറികളിലുമുണ്ട് ഓരോ ചെകുത്താന്മാർ. അസ്തമിച്ച ശേഷം ആ നാലിറയത്തു കൂടി ഒറ്റക്കു നടക്കുവാൻ ഏതു കുട്ടിയും ധൈര്യപ്പെടില്ല.

അത്താഴം കഴിഞ്ഞ് അതുമിതും പറഞ്ഞിരിക്കുമ്പോൾ എന്നെ പൂമുഖത്തേക്ക് ആരോ കൂട്ടിക്കൊണ്ടു പോയി. വലിയ ഒരു ചെല്ലം മുമ്പിൽ വെച്ച് നാലഞ്ചു നമ്പൂതിരിമാർ മുറുക്കി വെടി പറയുകയായിരുന്നു. അച്ഛൻ ഒരു ചുമരും ചാരി വിനീതനായി നിൽക്കുന്നുണ്ട്. കൂട്ടത്തിൽ തൂണും ചാരിയിരിക്കുന്ന കറുത്തു തടിച്ചൊരു മധ്യവയസ്ക്കനെ ചൂണ്ടിക്കാട്ടി നമ്പൂതിരിപ്പാട് പറഞ്ഞു:

ഇദ്ദേഹമാണ് മേലേടം. നാളെ മുതൽ മേലേടത്തിന്റെ അടുത്തിരുന്നു ചൊല്ലിത്തുടങ്ങാം.'' ഗുരുനാഥനാകാൻ പോകുന്നത് ആ വലിയ മനുഷ്യനാണെന്നറിഞ്ഞപ്പോൾ എനിക്ക് പറയത്തക്ക യാതൊരു സവിശേഷതയും തോന്നിയിരുന്നില്ല.

മേലേടം എന്നെ അടുത്തേക്ക് വിളിച്ചു. ആ റാന്തൽ വെളിച്ചത്തിന്റെ പ്രഭയിൽ എല്ലാവരുടേയും സവിശേഷ നോട്ടം എന്നിലാപതിച്ചു.

''എന്താ പേര്?!''

''രാമൻ''

''എത്രട്ടായി''

''ഒന്നര ഓത്തേ ആയിട്ടുള്ളൂ.''

''എത്ര വയസ്സായി?''

''ഒമ്പത്''

''ഇതേവരെ ചൊല്ലിച്ചതാരേ?''

''വടാക്കേടത്ത് നാരായണോയ്ക്കൻ.''

''ആട്ടെ, ഓത്തു ചൊല്ലാൻ മോഹംണ്ടോ?! അതോ അച്ഛന്റെ ഹേമം കൊണ്ട്പോന്നതോ?''

ഓർക്കാപ്പുറത്തുണ്ടായ ഈ ഒടുവിലത്തെ ചോദ്യം എന്നെ അകം പുറം മറിച്ചു. മേനി മുഴുവൻ ചൂടുകയറി. വാസ്തവത്തിൽ എനിക്ക് അശേഷം മോഹമുണ്ടായിരുന്നില്ല ഓത്തു ചൊല്ലാൻ. എന്നല്ല, കാരണവന്മാരുടെ കൺമുമ്പിൽപ്പെടാതെ കാടുകാട്ടി കാലം കഴിക്കാനായിരുന്നു

എന്റെ ആഗ്രഹം. ഈ പരമാർത്ഥം ഞാനെങ്ങനെ പറയും? പുതിയ ഒരു രംഗം, ജീവിതയാത്രയിലെ ഒരു വഴിത്തിരിവ്, ചുറ്റുപാടും വലിയവർ, അതും അച്ഛന്റെ സന്നിധിയിൽ. അപ്പോൾ 'ഞാൻ മോഹംല്യ'എന്നു പറഞ്ഞാലത്തെ കഥയെന്തായിരിക്കും? ഇങ്ങനെയുള്ള വിചാരങ്ങൾ എന്നെ വിവശനാക്കി.

ഒമ്പതു വയസ്സു മാത്രം പ്രായമായ ഒരു മകൻ തികഞ്ഞ ബ്രാഹ്മണ മധ്യത്തിൽ വെച്ച് "ഓത്തു ചൊല്ലാൻ മോഹംല്യ്" എന്നു പറഞ്ഞാൽ ആ കുട്ടിയുടെ ഭാവി അപകടത്തിലാണ്. അസത്യം പറഞ്ഞാൽ ഈശ്വരകോപം, സത്യം പറഞ്ഞാൽ കാരണവന്മാരുടെ കോപം, ഞാൻ വിവശതയോടെ മിണ്ടാതിരുന്നു.

"എന്താ കുട്ടിപ്പട്ടേരി മിണ്ടാത്തത്?മോഹംല്യ അല്ലേ?" മേലേടം പരിഹാസ സ്വരത്തിൽ ഒരു നസ്യം തട്ടി വിട്ടു.

'ഉണ്ട്, മോഹംണ്ട്" ധൈര്യം പൂണ്ട് ഒരുവിധം ഞാനങ്ങനെ ഒരു നുണ പൊട്ടിച്ചു.

എന്റെ ജീവിത ദശയിൽ മനഃപൂർവ്വം ഒരു നുണ പറഞ്ഞത് അന്നാദ്യമായിട്ടായിരുനു. ആ വാക്ക് എന്റെ നാവിൽ നിന്ന് വീഴാൻ ഞാൻ നന്നേ പണിപ്പെടേണ്ടി വന്നു. നെറ്റിയിൽ നിന്ന് വിയർപ്പു തുള്ളികൾ ഇറ്റിറ്റ് വീണു. പോലീസിന്റെ മർദ്ദനം സഹിക്കാൻ കഴിയാതെ 'കട്ടതു ഞാനാണ്'എന്ന് ഒരു പുള്ളിക്ക് പറയേണ്ടി വരുന്ന സന്ദർഭം ഞാനീ അവസരത്തിൽ അനുസ്മരിക്കുന്നു. ഈശ്വരൻ ഒരാളുടെ മുമ്പിൽ വന്ന് 'നുണ പറഞ്ഞോളൂ, ഭയപ്പെടേണ്ട' എന്നിങ്ങനെ മർദ്ദനത്തിൽ നിന്ന് രക്ഷപ്പെടുത്തുവാനുപദേശിക്കുന്നതു പോലുള്ള അത്ര വിശിഷ്ടമായ ഒരു സന്ദർഭം ഭൂമിയിൽ ഇല്ല.

എന്തായാലും മേലേടത്തിനും മറ്റുള്ളവർക്കും സന്തോഷമായി. മോഹത്തെപ്പറ്റി ഒരു നീണ്ട സംസാരം അവിടെ നടന്നു. എത്ര

ബുദ്ധിയുണ്ടായിട്ടും ഫലമില്ല മോഹമില്ലെങ്കിൽ. ഉണ്ടെങ്കിലോ അത് ഒന്നു മതി ഏതു മന്ദനും വളരാനും നന്നാവാനും. മരിച്ചു പോയവരുടേയും ജീവിച്ചിരിപ്പുള്ളവരുടേയും സംഭവങ്ങളെ ചൂണ്ടിക്കാട്ടി ചെയ്ത ആ പ്രസംഗം അവരെ ആശ്വസിപ്പിച്ചെങ്കിലും എന്നെ ആവേശം കൊള്ളിച്ചില്ല. ആ അസത്യ പ്രകടനത്തിന്റെ പ്രത്യാഘാതം അപ്പോഴും ഒരു 'കറന്റ്' എന്ന പോലെ എന്റെ സിരാ തന്തുക്കളെ ചൂടു പിടിപ്പിച്ചിരുന്നു.

"പോയി കിടന്നോളൂ." ആ മജിസ്ട്രേട്ട് കോർട്ടിൽ നിന്ന് അവരെന്നെ ഒഴിവാക്കി. അപകടത്തിൽ നിന്ന് ഊരി പോന്ന അപരാധിയുടെ മട്ടിൽ മനഃസ്വാസ്ഥ്യമില്ലാതെ തലയും താഴ്ത്തി ഞാൻ അരങ്ങത്തുനിന്നും മറഞ്ഞു.

അന്നു ഞാൻ ഭയങ്കരമായ ഒരു സ്വപ്നം കണ്ടു. ഒരു മങ്ങിയ സന്ധ്യാ സമയത്ത് ഏറെക്കുറെ അപരിചിതമായ ഒരമ്പലത്തിലേക്ക് ഞാൻ തൊഴാൻ പോകുന്നു. വിജനമായ ആ പ്രദേശത്ത് അന്ധകാരം കൂടിക്കൂടി വരികയാണ്. നടക്കൽ പന്തലിച്ചു നിൽക്കുന്ന ആലിൻകൊമ്പത്ത് തൂങ്ങി നിൽക്കുന്ന പടുകൂറ്റൻ വാവലുകൾ എന്റെ തലക്ക് മുകളിൽ വട്ടമിട്ട് പറക്കാൻ തുടങ്ങി. ഉച്ചത്തിലുള്ള ശബ്ദം കേട്ട് ഞാൻ അവയെ ആട്ടിയോടിക്കാനുള്ള ശ്രമം നടത്തി. അവക്ക് ഒരു കൂസലുമില്ല എന്നല്ല, എന്നെ കൂട്ടത്തോടെ ആക്രമിക്കാനുള്ള ഭാവമാണെന്ന് എനിക്ക് തോന്നി. സന്ധ്യാകാലമായിട്ടും ആ പ്രദേശത്ത് ഒരു മനുഷ്യനും ഇല്ല. ഞാൻ ബലിപ്പുരയിലേക്ക് കടന്നു. അതിനുള്ളിലെ മങ്ങിയ വെളിച്ചത്തിൽ അച്ഛനതാ മലർന്നു കിടക്കുന്നു. ഒരു സത്വം വയറ്റത്ത് കയറി ഇരുന്ന് അതിന്റെ കൂർത്തു നീണ്ട നഖങ്ങളെക്കൊണ്ട് അച്ഛന്റെ ദേഹമതാ മാന്തിപ്പൊളിക്കുന്നു.

'അയ്യയ്യോ!" ഞാൻ പേടിച്ചരണ്ട് നിലവിളിച്ചു.

ഉടനെ ആ സത്വം അച്ഛനെ വിട്ട് എന്റെ നേർക്ക് തിരിഞ്ഞു. "കള്ളാ ഓത്തു ചൊല്ലാൻ മോഹമുണ്ടോ നിനക്ക്?" ആ

ഭീമാകാരം എന്റെ നേർക്ക് മുഷ്ടി ചുരുട്ടി. എന്തൊരു ബീഭത്സ രൂപം. കറുത്തിരുണ്ട ശരീരം, വട്ടത്താടി, നാളികേരപ്പൂളുപോലുള്ള ദംഷ്ട്രകൾ, തീക്കട്ട കണ്ണ്, തുടുതുടുത്ത നാവ് ഇങ്ങനെ കരിങ്കുരങ്ങിന്റെ മട്ടിലുള്ള ആ സത്വം എന്റെ നേർക്കൊരു ചാട്ടം. ഞാൻ ആളിക്കത്തി. പെട്ടെന്ന് നടക്കൽ നിന്നൊരു മണിമുഴക്കം. ശ്രീകോവിലിൻ നട തുറന്നു. കാവിമുണ്ടും ചൂരൽ വടിയുമായി ഒരു വൃദ്ധ ബ്രാഹ്മണൻ ഞങ്ങളുടെ അടുത്ത് ഓടിയെത്തി.

"ശപ്പാ, കുട്ടികളെ ദ്രോഹിക്യേ?" എന്നെ വിഴുങ്ങാൻ വാ പിളർത്തി നിൽക്കുന്ന ആ ഭയങ്കര ആകാരനെ നാലഞ്ചടിച്ചു. അത്ഭുതമെന്നേ പറയേണ്ടൂ, ആ ജന്തുവിന്റെ വായിൽ നിന്ന് ഒരു ധൂമപടലം നിർഗ്ഗമിച്ചു. ഒരഗ്നി നാളം അവിടെ കത്തിയമർന്നു. ആ കാവി വസ്ത്രക്കാരനും സത്വവും അതോടെ അപ്രത്യക്ഷമായി.

ഞാൻ ഞെട്ടിയുണർന്ന് കണ്ണുമിഴിച്ചു. ഇതൊക്കെ ഒരു സ്വപ്നമാണെന്ന ബോധം വന്നെങ്കിലും വിയർത്തു കുളിച്ച എന്റെ കിതപ്പു മാറാൻ പിന്നെയും സമയമെടുത്തു. എന്റെ ജീവിതത്തിൽ പരോപദ്രവകരമല്ലാത്ത ചില അസത്യവാക്കുകൾ തമാശക്കായി ഞാനുപയോഗിച്ചിട്ടുണ്ടാവാം, ആ ദുഃശീലത്തിൽ നിന്ന് രക്ഷപ്പെടാൻ ഞാൻ അദ്ധ്വാനിക്കാറുണ്ട്. ഒന്ന് തീർച്ച, ഏതൊരു വ്യക്തിയേയും അപകടത്തിലാകുന്ന യാതൊരസത്യവും ഞാൻ പറഞ്ഞിട്ടില്ല. ഈ ദൃഢനിശ്ചയം പല ആപത്ഘട്ടങ്ങളിൽ നിന്നും എന്നെ രക്ഷിച്ചിട്ടുണ്ട്. സത്യം സ്വത്തിനെക്കാൾ വില പിടിച്ച മൂലധനമാണ്. ജീവിത യാത്രയിൽ ചെക്കുബുക്കിനേക്കാൾ അതുപകരിക്കും തീർച്ച.

പുരോഗമനേച്ഛുക്കൾ പുഞ്ചിരിയോടെ സ്വാഗതം ചെയ്യുന്ന ഒരതിഥിയാണ് പുതുമ. ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും അതിന് പ്രവേശനമുണ്ട്. വേഷം, ഭൂഷണം, ആചാരം, വിചാരം, ഭക്ഷണം, വിനോദം ഇതിലൊക്കെ അതിനെളുപ്പം കടന്നു കൂടാം. പരിവർത്തനത്തിന്റെ ഈ അതിയൊഴുക്കിന് വിപ്ലവം എന്നു

വ്യവഹരിക്കാം. തലമുറതലമുറയായി മനുഷ്യസമുദായത്തെ അതു പിന്തുടർന്നു പോരുന്നുണ്ട്. നന്മക്കുതകുമെന്ന് തെളിയുമ്പോൾ ഏതു പരിവർത്തനത്തേയും നാം വിളിച്ചു വരുത്തും. നിലവിലുള്ളതിനേക്കാൾ മോശമായെങ്കിലോ എന്ന് ഭയപ്പെടുന്നവർ അതിൽ നിന്ന് ഒഴിഞ്ഞ് മാറാൻ ശ്രമിക്കും. കുട്ടിക്കാലത്ത് പല്ലു പറിക്കുന്നത് നമുക്ക് സമ്മതമാണ്– കൂടുതൽ നല്ല പല്ലു വരും എന്നതുകൊണ്ട്. വാർധക്യത്തിലോ? പല്ലു കൊഴിയുമ്പോൾ നാം കരയുന്നു. കാരണം പല്ലുകൾ കൊണ്ടുള്ള ആവശ്യം നടക്കില്ലല്ലോ എന്നതുകൊണ്ട്. സാമുദായിക വിപ്ലവത്തിന്റെ നുറുങ്ങരിപ്പല്ല് പറിക്കുന്ന പ്രായത്തിലാണ് ഞാൻ പാതായിക്കര മനക്കൽ ചെന്നത്. പഴമയുടേതായ എല്ലാ ചടങ്ങുകളും അക്കാലത്ത് അവിടെ നടന്നിരുന്നു. പൂജ, ശ്രാദ്ധം, വേദാധ്യയനം, മറ്റും മറ്റും. പക്ഷേ അനാസ്ഥയാകുന്ന ഒരു പൂപ്പൽ അതിനെ ബാധിച്ചിരുന്നു താനും. ക്രമേണ ഓരോന്നായി അത് ഇളകാനും തുടങ്ങിയിരുന്നു. അങ്ങനെ ഇഴഞ്ഞിഴഞ്ഞ് പോയ്ക്കൊണ്ടിരുന്ന പഴമയെ പിന്തള്ളി പുതുമയെ പൂജിക്കാൻ പ്രേരിപ്പിച്ചത് അവിടത്തെ സൈക്കിൾ കമ്പമാണെന്ന് ഞാൻ വിചാരിക്കുന്നു.

മുറ്റത്തൊരു കാളവണ്ടി തുരുമ്പു പിടിച്ച് ജീർണ്ണിക്കുനു. വിട്ടത്തിന്മേൽ മഞ്ചത്തണ്ട് കിടന്നുറങ്ങുന്നു. നാടുവാഴിത്തത്തിന്റെ കൈമുതലായ ആ പഴയ സാധനങ്ങളിൽ ആരുടേയും ശ്രദ്ധയില്ല. എന്നാൽ ആ മനക്കലെ ഒരു സജീവ സഹചാരിയായി കഴിഞ്ഞിരുന്നു അന്ന് സൈക്കിൾ. മഞ്ചൽ, കാളവണ്ടി ഇതൊക്കെ നാടുവാഴിത്തത്തിന് അലങ്കാരങ്ങളാണ്. സംശയമില്ല. പക്ഷേ കാള വേണം, തെളിക്കാനാളുവേണം കാളവണ്ടിക്ക്. മഞ്ചലായാലോ ഉരുപ്പടിയൊത്ത നാല് അമാലന്മാർ വേണം ഏറ്റി നടാക്കാൻ. ഇടക്ക് തോൾ മാറ്റാൻ ഒരു കരുതൽ കൂട്ടുകാരനും.

മുണ്ടിന്റെ കോന്തല വലിച്ചു കുത്തുക, ഒരു ഉന്തലോടേ ചാടിക്കയറുക –എളുപ്പം കഴിഞ്ഞു. സൈക്കിൾ ഉണ്ടെങ്കിൽ ഒരു മണിക്കൂർ കൊണ്ട് എട്ടു പത്തു നാഴിക സഞ്ചരിക്കാം. ഈ

സൗകര്യം കാരണം മലബാറിൽ സൈക്കിൾ ഭ്രാന്തന്മാരായ കുറെ നമ്പൂതിരി വിപ്ലവകാരികൾ അക്കാലത്തുണ്ടാവാനിടയായി. ഏലംകുളം, പൂളമണ്ണ, കുന്നം, ചങ്ങലേരി, മുത്തേടം, കാമ്പ്രം, പാറാപ്പെട്ടി, പൊൽപ്പാക്കര. ഇവരൊക്കെ പാതായ്ക്കര നമ്പൂതിരിപ്പാടിന്റെ സൈക്കിൾ കമ്പക്കാരായ സഖാക്കളായിരുന്നു അന്ന്. ഇവരെല്ലാം ഒത്തുചേരുന്ന ചില സവിശേഷ ദിവസങ്ങൾ ഉണ്ട്. അപ്പോൾ പാതായ്ക്കര പരിസരം മുഴുവനും സൈക്കിൾ മയമായിരിക്കും. മുറ്റത്തും, ഇറയത്തും, പുറത്തളത്തിലും, ചിലത് സ്റ്റാൻഡിന്മേൽ, കയറിന്മേൽ, ടയറും ട്യൂബുമില്ലാത്ത ചിലത് മുക്കിലും മൂലയിലും മലർന്നടിച്ച് കിടക്കുന്നുണ്ടാകും. കഴുകുന്നു, തുടക്കുന്നു, മേടി വളവു നിവർത്തുന്നു, പിടിച്ചൊളിച്ചു വളയ്ക്കുന്നു. ഇങ്ങനെ ടയർ, റ്റ്യൂബ്, പമ്പ്, സ്പാനർ തുടങ്ങിയ വിവിധ പണിയായുധങ്ങൾ അങ്ങിങ്ങു ചിതറിക്കിടക്കുന്നുണ്ടാകും. ചുരുക്കത്തിൽ ഒരു സൈക്കിൾ കമ്പനിയുടെ എല്ലാ വൃത്തിഹീനതകളും അവിടെ കാണാം. ഒപ്പം മണ്ണെണ്ണയുടെ മണവും.

ഉത്സാഹശീലരും ഉൽപതിഷ്ണുക്കളുമായ ഈ അതിഥികളുടെ വെടിവട്ടവും പൊട്ടിച്ചിരിയും അവിടമെങ്ങും മാറ്റൊലികൊള്ളും. ഒരില്ലത്തിന്റേതായ ശുദ്ധാശുദ്ധം ഇവരൊരിക്കലും ആചരിക്കാറില്ല. കുപ്പായം മുതൽ സൈക്കിൾ തുടയ് ക്കുന്ന കീറത്തുണി വരെയുള്ള എല്ലാത്തരം ശീലത്തരങ്ങളും പെരിന്തൽമണ്ണ അങ്ങാടി മുതൽ മനക്കലെ ഔപാസനം വരെ ഒരേ സ്വഭാവവിശേഷതയോടെ സഞ്ചരിക്കുന്നുണ്ടായിരിക്കും. ഉള്ളിസ്സാമ്പാറു മുതൽ കഞ്ചാവു വരെയുള്ള എല്ല'നികൃഷ്ട' വസ്തുക്കളും അവർ ഉപയോഗിക്കും. തമാശയാൽ തലയ്ക്ക് ഓളം തല്ലുന്ന ചില സവിശേഷ സന്ദർഭങ്ങളിൽ –ഭക്ഷണ സമയമാണെങ്കിൽ വിളമ്പിയ പപ്പടം ഇലയിൽ നിന്ന് അന്യോന്യം തട്ടിപ്പറിച്ച് ഭക്ഷിക്കുന്നതും കൂടി –ഒരു നേരമ്പോക്കെന്ന മട്ടിൽ അവിടെ നടന്നിരുന്നു. തലമുറതലമുറയായി ആചരിച്ചു വരുന്ന ബ്രാഹ്മണ്യത്തിന്റെ

ആചാരക്കെട്ടു പൊട്ടിക്കാനുള്ള മനുഷ്യന്റെ പ്രചോദനം ഇങ്ങനെ വിപ്ലവാത്മകമായി മുളച്ചു പൊന്തി. കാര്യം ഇങ്ങനെയൊക്കെയാണെങ്കിലും ഈ അതിഥികളിൽ മിക്കവരും ഒന്നാന്തരം ഓത്തന്മാരും കലാരസികന്മാരും ആയിരുന്നു താനും. കാറ്റിന്റെ ഗതിയനുസരിച്ച് തീനാളം പാളും പോലെ ചിലപ്പോൾ അതു പഴമയിലേക്കും കടന്നു ചെല്ലാറുണ്ട്. ജട, രഥ തുടങ്ങിയ വേദോച്ചാരണങ്ങളാൽ അവിടം എപ്പോഴും സാന്ദ്ര മധുരമായി മാറാറുണ്ട്. ഈ അന്തരീക്ഷം എനിക്ക് പുത്തനായിരുന്നു. ഞാൻ അതിൽ ആകണ്ഠം മുഴുകുകയും ചെയ്തു.

രണ്ടു സഹപാഠികളാണ് എനിക്കന്നുണ്ടായിരുന്നത് – പൊതുവായ കുഞ്ചുവും, തേവർക്കാട്ടിലെ വാമനനും. കുഞ്ചു കാഴ്ചയിൽ കോമളനാണ്. ബുദ്ധി, വാസന, ശബ്ദശുദ്ധി, ഉത്സാഹം എന്നിവയിൽ അയാളാണ് ഒന്നാമൻ. ഞാൻ കേവലം മന്ദനല്ല. എന്നാൽ വേദപഠനത്തിലൊഴിച്ച് മറ്റെല്ലാറ്റിലും നിരുന്മേഷനാണ്. സ്രഗ്ദ്ധരാ വൃത്തത്തോളം നീണ്ട ഋക്കുകൾ ഗുരുമുഖത്തുനിന്നു പുറപ്പെട്ടാൽ അണ്ണാൻ വാഴക്കൂമ്പിനിടയിലെനപോലെ എന്റെ ബുദ്ധിയും അതിന്മേൽ ഇഴഞ്ഞുകയറും. ഋഗ്വേദമാകുന്ന മരക്കൊമ്പത്ത് പാറിക്കളിക്കുന്ന 'കൂരിയാറ്റക്കിളി'കളെപ്പോലെ ഞങ്ങളങ്ങനെ പാറിക്കളിച്ചു വളർന്നു വന്നു. പാതായ് ക്കര മകളായ എന്റെ മുത്തശ്ശ്യമ്മ അന്നു ജീവിച്ചിരിപ്പുണ്ടായിരുന്നതിനാൽ ഞാൻ ഒരന്യനായിരുന്നില്ല. അവിടുത്തെ ചാർച്ചക്കാരായി പാലൂർ പൊതുവായ മനയ് ക്കലെ നാലു പെൺകിടാങ്ങളും അക്കാലത്ത് അവിടെ പാർത്തു പോന്നിരുന്നു. അവരിൽ മൂത്ത രണ്ടു സഹോദരിമാർ ഋതുമതികളെങ്കിലും അവിവാഹിതകളാണ്. മൂന്നാമത്തെ കുട്ടി എന്റെ സമപ്രായക്കാരിയാണ്. ഒടുക്കത്തെ ഓമനക്കുട്ടി –ഇട്ടിച്ചിരി ഒരന്ധബാലികയും. പക്ഷേ, അവളുടെ ബുദ്ധിവൈഭവവും വിരുതും വിസ്മയാവഹമാണ്. സ്പർശം, ഗന്ധം, ശ്രവണം ഇവയുടെ സഹായത്താൽ പരാശ്രയം കൂടാതെ ജീവിക്കാനുള്ള സവിശേഷ സാമർത്ഥ്യം

അവൾക്കുണ്ട്. അലക്കിക്കൊണ്ടു വന്ന വസ്ത്രഭാണ്ഡത്തിൽ നിന്നും ഘ്രാണശക്തി കൊണ്ട് അതാതാളുകളുടെ വസ്ത്രങ്ങൾ തിരിച്ചറിയാനുള്ള കഴിവു കൂടി അവൾ പ്രകടിപ്പിച്ചിരുന്നു. അന്ധതയൊഴിച്ച് മറ്റെല്ലാ സൗഭാഗ്യങ്ങളും തികഞ്ഞ ആ കുട്ടിയെ മുതിർന്ന ശേഷം അടുത്തകാലത്ത് അന്തരിച്ച എന്റെ ഒരപ്പൻ ചില്ലറകാശിനുവേണ്ടി 'കൈപിടിച്ചുവെക്കുക' എന്ന വൈവാഹിക ക്രിയ കൊണ്ട് സ്വായത്തമാക്കുകയുണ്ടായി. വഴിക്ക് ഇന്നവരെന്റെ ചെറിയമ്മയാണ്. ഇങ്ങനെ ആ അനാഘ്രാതകുസുമം പുരുഷമേധാവിവത്തിന്റെ ഉമിത്തീയിൽ നീറിനീറി ദഹിച്ചു. ഓത്തു ചൊല്ലിത്താമസിച്ചിരുന്ന ആ ഇളം പ്രായത്തിനുശേഷം പിന്നീടൊരിക്കലും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ലാത്ത ഈ നരച്ച മകന്റെ അഭിവാദ്യം ആത്മനാ ആചരിച്ചു കൊള്ളട്ടെ.

നങ്ങേമയാണ് എന്റെ കളിത്തോഴി. ഒക്കും കുളത്തും വെച്ചു നടക്കുന്ന പ്രായം. കാതിൽ തെച്ചിപ്പൂവണിക്കൊരട്, കഴുത്തിൽ സ്വർണ്ണാഭരണം, തെളുതെളെതിളങ്ങുന്ന തോളത്തു ചിന്നിയിഴയുന്ന കുനുകൂന്തളങ്ങൾ, തൂമിന്നലെന്നപോലെ ചീളെന്നിടക്കിടെ പാറുന്ന കാറൊളിക്കണ്ണുകൾ. മിനുപ്പുറ്റ മൈലാഞ്ചി ചോപ്പണിഞ്ഞ കൈത്തലങ്ങൾ, ഈ മട്ടിൽ പുതുവർഷത്തിൽ തളിർത്തു വരുന്ന പൂച്ചെടിയുടെ ഓമനത്തം തുളുമ്പുന്ന ശരീരപ്രകൃതിയാണ് അവളുടേത്. അനധ്യായ കാലങ്ങളിൽ മറ്റുള്ളവരെല്ലം ക്രീഢാലീലരായി അങ്ങിങ്ങു പാറി നടക്കുമ്പോൾ വിശാലമായ ആ ഇല്ലത്തെ ഏതെങ്കിലുമൊരിടത്തു പരസ്പരം ഉരുമ്മിക്കൊണ്ടു ഞങ്ങൾ ചടഞ്ഞു കൂടും. അമ്മയുടെ ഉടുപുടവത്തുമ്പിൽ തൂങ്ങി ചാർച്ചഗൃഹങ്ങളിൽ സഞ്ചരിച്ചിരുന്ന കാലത്ത് അവളാസ്വദിച്ച അത്ഭുതങ്ങളേയും അനുഭവങ്ങളേയും പറ്റി ഒരുപാട് കഥകൾ അവൾക്ക് പറയാനുണ്ടാവും. ആ ഓമനക്കുമാരിയുടെ ചോരി വായ്മലരിൽ നിന്ന് ഒലിച്ചിറങ്ങുന്ന സംസാരസ്രോതസ്സിൽ ഞാനാകെ ആണ്ടുമുഴുകും. ആകാശമാകെ മുഴക്കി ബാധിച്ച ഒരു സവിശേഷ ദിവസത്തെ ഞാനിന്നും ഓർക്കുന്നുണ്ട്.

കാലവർഷം ആരംഭിച്ച കാലം. കോരിച്ചൊരിയുന്ന മഴയുടെ ശല്യം നിമിത്തം ആളുകൾ ഉന്മേഷശൂന്യരായി ചൂളിപ്പിടിച്ച് ഇരിക്കുകയാണ്. ഞങ്ങളോ, തെക്കിനിപ്പടിയിൽ തുടതുടയോടുരുമ്മി തിക്കിയിരുന്നു ചിന്തിക്കുകയും, നടുമുറ്റത്തു തളംകെട്ടി നിൽക്കുന്ന മഴവെള്ളത്തിൽ വീണ്ടും കൂറ്റൻ മഴത്തുള്ളികൾ വീണു വട്ടത്തിൽ വളർന്നു വിലയിക്കുന്നതും നോക്കിക്കൊണ്ടുള്ള ആ ഇരുത്തം എന്നും മായാത്ത ഒരു ചിത്രമാണ്. ഞങ്ങൾ അന്യോന്യം സംസാരിച്ചിരുന്നില്ല, അനങ്ങിയിരുന്നില്ല, കൂടെക്കൂടെ പരസ്പരം ഒന്നു നോക്കും. നയനങ്ങൾ കൂട്ടിമുട്ടുമ്പോൾ രണ്ടാളും ഒന്നമ്പരക്കും. ഉപബോധമനസ്സിൽ ആ ഘട്ടത്തിൽ ഞങ്ങൾ ആലിംഗനം ചെയ്തിട്ടുണ്ടാവണം. ജീവിതകശാഘാതത്തിൽ പേടിച്ചരണ്ട ആ ഇണപ്രാവുകൾ എങ്ങോ പറന്നു മറഞ്ഞു; പിന്നീട് ഒരിക്കലും ഞങ്ങൾ കണ്ടുമുട്ടിയില്ല. നങ്ങേമയെ ആര് വിവാഹം ചെയ്തു? ഇന്ന് അവൾ എവിടെയുണ്ട്? കാലത്തിന്റെ കൈക്കുടന്നയിൽ കിടന്നു പിടയുന്ന ഈ എഴുത്തുകാരന്റെ ചഞ്ചലഹൃദയം അവളുടെ യോഗക്ഷേമം അറിയാൻ ഏകാന്തതയിലിരുന്ന് ആഗ്രഹിക്കാറുണ്ട്. ആർക്കറിയാം,

"ജീവിതത്തേൻ നുകർന്നുന്മദം കൊള്ളുവാ –

നാവില്ലുയിർ ചേർത്തതീശ്വരൻ നമ്മളിൽ"

അച്ഛന്റെ കീഴിൽ മുരടിച്ചു നിന്നിരുന്ന എന്റെ ഇച്ഛാശക്തി പാതായ്ക്കരപ്പരിസരത്തിലെ സ്വാതന്ത്ര്യവായു തട്ടി തൂമ്പെടുക്കാൻ തുടങ്ങി. വ്യത്യസ്ത സ്വഭാവക്കാരായ മനുഷ്യരുടെയിടയിൽ ജീവിക്കണമെങ്കിൽ ഒരു സവിശേഷവ്യക്തിത്വം കൈക്കൊണ്ടേ മതിയാവൂ എന്നു കണ്ടറിഞ്ഞത് അന്നാണ്. വാലിയക്കാരന്മാർ, ശാന്തിക്കാരൻ, കലവറക്കാരൻ, കാര്യസ്ഥന്മാർ, സേവകന്മാർ, വിരുന്നുകാർ, വഴിപോക്കർ, ഇത്തരമാളുകളുടെയൊക്കെ ഒരു താവളമായിരുന്നു പാതായ്ക്കരമന. കിടാങ്ങളെ ക്രീഡാമൃഗങ്ങളെപ്പോലെ കരുതിപ്പോരുന്ന ചില വിനോദപ്രിയന്മാരും

അക്കൂട്ടത്തിലുണ്ടായിരുന്നു. നേരംപോക്കിനുവേണ്ടി എന്നെ ഒരു കരുവാക്കിക്കളിച്ച കഥ ഞാനിവിടെ വിവരിക്കട്ടെ:

പാട്ടുകാലമാണ്. സന്ധ്യാവേലയും, കുഴൽപ്പറ്റും മറ്റും പതിവായുണ്ട്. കുഴലൂതുമ്പോൾ പച്ചപ്പുളിങ്ങ മുന്നിൽ വെച്ചു ചതച്ചാൽ കുഴലൂത്ത് കെങ്കേമമാകുമെന്ന് ആരോ എന്നെ പറഞ്ഞു പിടിപ്പിച്ചു. ഒരുനാൾ കുഴൽപ്പറ്റു സമയത്ത് നിലവിളക്കത്തുവെച്ച് ഒരു കുടന്ന പച്ചപ്പുളിങ്ങ ചതച്ചു വായിലിട്ടു ചവയ്ക്കാൻ തുടങ്ങി. കുഴൽക്കാർക്ക് വായിൽ വെള്ളമൂറി ഊതുവാൻ കഴിയാതെ അവർ കുഴൽ നിലത്തു വെച്ച് ഒരുപാട് ശകാരവുമായി നടുമുറ്റത്തുനിന്ന് കയറിപ്പോയി. എന്റെ ഈ വികൃതി കണ്ടു രസിക്കുവാൻ ചുറ്റും ആളുകൾ കൂടിയിരുന്നു. മേലേടവും നമ്പൂതിരിപ്പാടും ബഹളം കേട്ട സ്ഥലത്തെത്തി. പക്ഷേ സ്വന്തം ചേട്ടത്തം കൊണ്ടല്ല, ആരോ എന്നെ പറ്റിച്ചതാണെന്നറിഞ്ഞിട്ടാവാം അവരെന്നെ ശാസിച്ചില്ല, ശിക്ഷിച്ചതുമില്ല.

ചൊല്ലിത്തന്ന സൂക്തങ്ങൾ മുഴുവൻ ഹൃദിസ്ഥമാവാത്തതിനാലും പിറ്റേന്നു മുതൽ നാലുദിവസംവരെ തുടരെ അനദ്ധ്യായമായതിനാലും ഒരിക്കൽ അത്താഴത്തിനുശേഷവും നമ്പൂതിരിപ്പാടിന്റെ മുമ്പിലിരുന്ന് എന്നിക്കത് ഉരുക്കഴിക്കേണ്ടി വന്നു. പുറത്തളത്തിൽ കൂറ്റൻ നിലവിളക്കിന്റെ തെളിനാളത്തിലിരുന്ന് ഋഗ്വേദസംഹിത കുണുങ്ങികുണുങ്ങി ഉരുക്കഴിക്കുകയാണ്. നമ്പൂതിരിപ്പാട് ഒരു കസാലയിൽ ചാരിയിരുന്ന് അത് ശ്രദ്ധിക്കുന്നു.

ഇതിന്നിടയിൽ അവിടത്തെ കലവറക്കാരൻ 'സ്വാമി കുറെ വെള്ളിരൂപാ അദ്ദേഹത്തിന്റെ മുമ്പിൽ വെച്ചു വിടവാങ്ങിപ്പോകുന്നതു കണ്ടു "സൂക്തം കഴിഞ്ഞാൽ നിർത്താം". തോളിലെ തോർത്തുമുണ്ടിൽ ഉറുപ്പിക വാരിക്കെട്ടി അദ്ദേഹം എഴുന്നേറ്റു പോയി. ഭാരമൊഴിഞ്ഞ വണ്ടിക്കാളയുടെ ആയാസത്തോടെ ഞാനും ഉടനെ സ്ഥലം വിട്ടു.

പിറ്റേന്നാൾ എന്നെ അമ്പരപ്പിക്കുമാറ് അവിടത്തെ അന്തഃപ്പുരമാകെ ഇളകിമറിഞ്ഞതായി കാണപ്പെട്ടു. ആളുകൾ അങ്ങുമിങ്ങും തിരയുന്നു. കാണുന്നവർ കാണുന്നവർ എന്നെ സംശയത്തോടേ വീക്ഷിക്കുന്നു. അവിടേയും ഇവിടേയും വെച്ച് ഓരോന്ന് പിറുപിറുക്കുന്നു. നമ്പൂതിരിപ്പാടു വാരിക്കെട്ടിക്കൊണ്ടുപോയ പണം പിന്നീട് എണ്ണി നോക്കിയപ്പോൾ അതിൽ ഒരുറുപ്പിക കുറവായി കണ്ടുവത്രെ. പണം അദ്ദേഹത്തെ ഏല്പിക്കുമ്പോൾ സ്ഥലത്തുണ്ടായിരുന്നതു ഞാനാണ്. അവിടെനിന്നും ഒടുക്കം സ്ഥലം വിട്ടതും ഞാനാണ്. അതുകൊണ്ട് ആ കാണാതായ രൂപ എടുത്തതും ഞാനായിരിക്കുമെന്ന ഊഹം എന്റെ ഭാഗ്യക്കേടിന് അവിടെ പരന്നു. എന്നോട് നേരിട്ടന്വേഷിക്കുവാൻ ആരും മെനക്കെട്ടതുമില്ല.

അങ്ങനെ അകാരണമായ ഒരു പണാപഹരണക്കുറ്റം എന്റെമേൽ വന്നു വീണതിൽ എനിക്ക് അസഹ്യമായ വേദന തോന്നി. എന്റെ നിരപരാധിത്വം ഞാനെങ്ങനെ തെളിയിക്കും? 'ഈശ്വരനാണ് സത്യം, ഞാനെടുത്തിടില്ല' എന്ന് വിളിച്ചു പറയണമെന്ന് എനിക്ക് തോന്നി. നേരിട്ട് എന്നോട് ചോദിക്കാതെ നേരെചെന്ന് എന്റെ പിഞ്ചുഹൃദയം മലർത്തിക്കാട്ടാൻ ഞാനൊട്ടും ധൈര്യപ്പെട്ടതുമില്ല. ഇത്തിരിയോളം പോന്ന എന്റെ ഈ മനോവേദന ശ്രദ്ധിക്കുവാൻ ആരുണ്ടവിടെ? മാതൃവാത്സല്യത്തിൽ നിന്ന് പറിച്ചു നട്ടതും സ്വന്തം മണ്ണിൽ വേരൂന്നിക്കഴിഞ്ഞിട്ടില്ലാത്തതുമായ എന്റെ ജീവിതത്തെ സ്വയമേവ വാടിപ്പോയി.

'പാതായ്ക്കരനിന്ന് പണം കട്ട പുള്ള്യാ ഇത്''. നാലാൾ കൂടുന്നേടത്തൊക്കെ ജനങ്ങൾ എന്നെ വിരൽ ചൂണ്ടി ആക്ഷേപിക്കും. എന്റെ ഭാവി ശ്രേയസ്സിന് സദാ ശുഷ്കാന്തി പൂണ്ടിരിക്കുന്ന മാതാപിതാക്കൾ ഈ ദുരവസ്ഥ കേൾക്കാൻ ഇടവരുമ്പോൾ ഉണ്ടാകുന്ന ദുഃഖം എത്ര ദുസ്സഹമായിരിക്കും!

എന്നാൽ ഒരു സമൂഹത്തിൽപെട്ട എല്ലാവരും ഒരേ തരക്കാരാവില്ല. ചില ഹൃദയാലുക്കളും അവിടെ ഉണ്ടായിരുന്നു. കഷ്ടം! ഇത്ര ചെറുപ്പത്തിൽ തന്നെ ഇങ്ങനെ ചെയ്യുവാൻ തോന്നിയല്ലോ! സുകൃക്ഷയം തന്നെ! ആളുകളിൽ നിന്ന് തീമഴ പോലെ എന്നിൽ നിപതിച്ച അനുകമ്പാ പ്രകടനങ്ങൾ അസഹനീയമായിരുന്നു. ഉണരുന്നതു മുതൽ ഉറങ്ങുന്നതുവരെ സൊള്ളിയും സല്ലപിച്ചും ഇഴുകി പുലർന്നു പോന്ന സതീർത്ഥ്യർ കൂടി കാണെക്കാണെ ഒഴിഞ്ഞുമാറുന്നുവെന്ന പരുവത്തിലെത്തിയപ്പോൾ ഞാനാകെ തളർന്നു പോയി. കളങ്കത്തിന്റെ ഈ വടു മരണം വരെ മാഞ്ഞുപോവില്ലെന്ന് ഞാൻ ഝയപ്പെട്ടു.

സന്ധ്യാസമയമാണ്. ആളുകൾ താന്താങ്ങളുടെ ദിനകൃത്യങ്ങളിൽ മുഴുകിയിരിക്കുന്നു. വിശാലമായ ഒരു നാലുകെട്ടിന്റെ മങ്ങലിൽ അവിടവിടെ ഓരോ കൊട്ടെണ്ണ വിളക്കുകൾ മുനിഞ്ഞു കത്തുന്നു. തെക്കിനിത്തറയിൽ വിരാജിച്ചരുളുന്ന ഭഗവതിയുടെ തേജോമയമായ സന്നിധിയിൽ കമിഴ്ന്നു കിടന്നു ഞാൻ പ്രാർത്ഥിക്കുകയാണ്. “ഈശ്വരീ, എന്നെ രക്ഷിക്കണേ! ഞാൻ ചെയ്യാത്ത ഒരപരാധത്തിന് എന്നെ ശിക്ഷിക്കരുതേ! ജീവിതം മുഴുവൻ കളങ്കപ്പെടുത്തരുതേ!”

അങ്ങനെ പ്രജ്ഞയറ്റവനെപ്പോലെ കിടക്കുമ്പോൾ പുറത്തളത്തിൽ നിന്നൊരു ശബ്ദം, ‘രാമനെ വിളിക്കൂ!~” നമ്പൂതിരിപ്പാടാണ് പറയുന്നത്.

“എന്തിനാണീശ്വരാ, എന്നെ വിളിപ്പിക്കുന്നത്? തല്ലിത്തെളിയിക്കുവാനായിരിക്കുമോ വട്ടം? ഞാനാകെ കോരിത്തരിച്ചു. കാലിൽ ചങ്ങല വീണ കള്ളപ്പുള്ളിയുടെ പാരവശ്യത്തോടെ കാലിടറിക്കൊണ്ട് ഞാൻ അദ്ദേഹത്തിന് മുന്നിൽ ചെന്നു നിനു.

അദ്ദേഹം പറഞ്ഞു: "  പൂമുഖത്തിന്റെ വാതിലടയ്ക്കാൻ വന്ന ഇരിക്കണമ്മ പറ്റിച്ചതാണ് ഈ പണി.  രാമൻ നിരപരാധിയാണ്. മാറാപ്പിൽ നിന്ന് പോയ ആ ഉറുപ്പിക കിട്ടിയിരിക്കുന്നു".

അങ്ങനെ അവസാനം സേവന്മാരാലും സേവ്യന്മാരാലും ചുഴലപ്പെട്ട ആ സദസ്സിൽ വെച്ച് എന്റെ നിരപരാധിത്വം തെളിഞ്ഞു.  പൊതുജനങ്ങളുടെ തെറ്റിദ്ധാരണക്കിടയാക്കിയ എന്റെ ഈ ആദ്യാനുഭവം മർമ്മഭേദകമായിരുന്നു.

ഏതാണ്ട് രണ്ടിൽ ചില്വാനം കൊല്ലത്തോളം നീണ്ടുനിന്ന ഈ ജീവിതത്തിനിടയിൽ അവിചാരിതമായി ഒരു സംഭവം നേരിട്ടു. എന്നെ ഓത്തു ചൊല്ലിച്ചിരുന്ന മേലേടം അവധിയെടുത്ത് പോയി. അകന്ന ഒരമ്മാമനായ മുതുകുറുശി കുഞ്ചുണ്ണിനമ്പൂതിരിപ്പാടായിരുനു പകരം വന്നു ചേർന്നത്. എന്റെ ബുദ്ധിശക്തിയിലും വാസനാവൈഭവത്തിലും പ്രീതിതോന്നിയതിനാലായിരിക്കാം, അവധി കഴിഞ്ഞു മടങ്ങുമ്പോൾ എന്നെയും കൂട്ടിക്കൊണ്ടു പോവാൻ അദ്ദേഹം ആവശ്യപ്പെട്ടു. മനസ്സില്ലാമനസ്സോടെ എനിക്കത് അനുസരിക്കേണ്ടിയും വന്നു.

അങ്ങനെ പാതായ്ക്കരമനയോട് വിട വാങ്ങേണ്ട സന്ദർഭം നേരിട്ടു.

അന്നൊരനദ്ധ്യായ ദിവസമായിരുന്നു.  പതിറ്റടിപ്പൂവിരിഞ്ഞു. പടിഞ്ഞാറൻ കാറ്റു വീശി.  യാത്ര പറയാനായി ഞാൻ അന്തഃപുരത്തിലേക്ക് കയറിചെന്നു.  മാതൃ നിർവിശേഷമായ വാത്സല്യത്തോടെ ചായയും പലഹാരവുമായി അവർ എന്നെ കാത്തുനിന്നിരുന്നു.  ഞാനവിടെ താമസം തുടങ്ങിയ നാൾ മുതൽക്ക് നടന്ന സംഭവങ്ങളെ അനുസ്മരിച്ചുകൊണ്ട് അവർ എന്നെ വാഴ്ത്തി വാഴ്ത്തി  പറഞ്ഞു.

"ഒക്കെ നന്നായി വരും!"  അവസാനം പാതായ്ക്കരെ അമ്മ എന്റെ തലയിൽ കൈവെച്ച് അനുഗ്രഹിച്ചു.  ഞാൻ എഴുന്നേറ്റ്

യാത്രയായി. ഞങ്ങളുടെ ദൃഷ്ടികൾ തമ്മിലിടഞ്ഞു. ഊഷ്മളമായ വികാരത്താൽ തളം കെട്ടി നിന്നിരുന്ന കണ്ണീർക്കണം ആ തുടുത്ത കവിൾത്തടത്തിലൂടെ കിനിഞ്ഞിറങ്ങി. അങ്ങനെ വേദനയോടെ ഞാൻ ആ കേളീഗൃഹം വിട്ടിറങ്ങുമ്പോൾ എന്റെ കരൾ പിടഞ്ഞു, കാൽ കുഴഞ്ഞു. അന്നത്തെ നെടുവീർപ്പു മനവളപ്പിലെ തരുലതാദികളിൽ ഇന്നും തത്തിക്കളിക്കുന്നുണ്ടാകാം. പൊട്ടിത്തെറിച്ച ഹൃദയശകലങ്ങൾ ഇളുമ്പിലും തുളയിലും തുറിച്ചു നിൽക്കുന്നുണ്ടാകാം. തെക്കുഭാഗത്ത് ഉയർന്നു നിൽക്കുന്ന കുന്നു കയറി മറഞ്ഞപ്പോൾ ഞാൻ ചവിട്ടിപ്പോന്ന ഒറ്റയടിപ്പാതയിലെ ഓരോ ഉരുളൻ കല്ലും എന്റെ ഹൃദയവേദനയിൽ അലിഞ്ഞൊലിച്ചിട്ടുണ്ടാവാം. മറഞ്ഞുപോയ ആ മനോഹരജീവിതത്തിലെ വിദൂരമായ സൗഭാഗ്യങ്ങളെ അയവിറക്കിക്കൊണ്ട് ഇവിടെ വിരമിക്കട്ടെ.

**വി.ടി. ഭട്ടതിരിപ്പാട്**: 1896ൽ കിടങ്ങൂരിനടുത്തുള്ള കൈപ്പിള്ളി മനയിൽ ജനിച്ചു. വളരെ വൈകിയാണ് മലയാളം പഠിച്ചതെങ്കിലും ശക്തമായ നാടകങ്ങളിലൂടെ നമ്പൂതിരി സമുദായത്തിലെ അനാചാരങ്ങൾക്കെതിരെ ശബ്ദിച്ചു. അടുക്കളയിൽ നിന്നും അരങ്ങത്തേക്ക് എന്ന് നാടകം ഏറെ സാമൂഹിക പരിഷ്കാരങ്ങൾക്ക് കാരണമായി. കണ്ണീരും കിനാവും എന്ന പേരിൽ ആത്മകഥ പ്രസിദ്ധീകരിച്ചു. 1982ൽ അന്തരിച്ചു.

**പദങ്ങളുടെ അർത്ഥം**

സങ്കലനസ്ഥാനം = ഒരുമിച്ചു ചേരുന്ന സ്ഥാനം. യഥാസ്ഥാനം = ശരിയായ സ്ഥാനം. ആനയിക്കുക = നയിക്കുക (കൊണ്ടുപോവുക). മൂസ്സാമ്പൂരി = മൂത്തനമ്പൂതിരി (ജ്യേഷ്ഠൻ). നിഷേധസൂചകമായി = വേണ്ട, ഇല്ല എന്ന് സൂചിപ്പിക്കുന്ന വിധത്തിൽ. തടിതപ്പുക = രക്ഷപ്പെടുക. ഹേമം = നിർബ്ബന്ധം, ശാസന. ഓർക്കാപ്പുറത്ത് = പ്രതീക്ഷിക്കാത്ത സമയത്ത്. അനാസ്ഥ = അശ്രദ്ധ. ആകണ്ഠം = മുഴുവനായി. ശ്രവണം = കേൾവി. ഘ്രാണശക്തി = മണക്കാനുള്ള ശക്തി.

സ്വായത്തമാക്കുക = സ്വന്തമാക്കുക. വിരാജിക്കുക = സ്ഥിതിയെ ചെയ്യുക. അനദ്ധ്യായ ദിവസം = പഠിപ്പിക്കാൻ ഇല്ലാത്ത ദിവസം

**പദം പിരിച്ച് സന്ധി നിർണ്ണയിക്കുക:**

കുശലമാരംഭിച്ചു, പൊക്കിയെടുത്ത്, വിശാലമായ, പണ്ടൊരു, അന്നവിടെ, കൂസലുമില്ല, അവധിയെടുത്തു, കാണാതായി.

**സമാസം എഴുതുക**

പൂമുഖപ്പടി, ചവിട്ടുവണ്ടി, പരദേശബ്രാഹ്മണൻ, പിഞ്ചുഹൃദയം, കരിംകുരങ്ങ്, ചൂരൽവടി, വാസനാവൈഭവം, തരുലതാദികൾ, ഇരുവർ, ഇളംപ്രായം.

**വാക്യത്തിൽ പ്രയോഗിക്കുക**

മൺമറയുക, കണ്ണുംനട്ട്, അനാസ്ഥ, തടിതപ്പുക, ഓർക്കാപ്പുറത്ത്, പ്രത്യാഘാതം, ആകണ്ഠം, നേരംപോക്ക്, കരുവാക്കുക, വേരൂന്നുക, ദുസ്സഹം, കാണെക്കാണെ, ആനയിക്കുക, കാലം കഴിക്കുക.

**പര്യായപദങ്ങൾ എഴുതുക**

ആന, മനുഷ്യൻ, മരം, പെണ്ണ്, മഴ

**വിപരീതപദങ്ങൾ എഴുതുക**

നികൃഷ്ടം, നിരപരാധി, ഉത്സാഹം, പഴമ, അസഹ്യം, സൗകര്യം.

**ചോദ്യങ്ങൾ**

**ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. ആദ്യമായി ചെന്നു കയറിയ പാതായ്ക്കരമനയുടെ ആഢ്യത്വത്തെ വി.ടി. എങ്ങനെ വർണ്ണിക്കുന്നു?
2. ജീവിതത്തിൽ ആദ്യമായി സൈക്കിളിൽ കയറിയ വിടിയുടെ അനുഭവം എങ്ങനെയായിരുന്നു?
3. വഴിമുടക്കി നിൽക്കുന്ന കൊമ്പനാനയിൽ നിന്ന് ശക്തന്മാർ എങ്ങനെ രക്ഷപ്പെട്ടു?

4. ചെറിയ തമ്പുരാൻ ഊരിക്കളഞ്ഞ വളയെക്കുറിച്ചുള്ള പരാമർശമെന്ത്?
5. അന്തർജ്ജനം നാളികേരപ്പാല് പിഴിഞ്ഞതെങ്ങനെ?
6. ഓത്തുചൊല്ലാൻ മോഹമുണ്ടോ എന്ന ചോദ്യം ലേഖകനെ കുഴപ്പത്തിലാക്കിയത് എന്തുകൊണ്ട്?
7. വി.ടി. ജീവിതത്തിലാദ്യമായി പറഞ്ഞ അസത്യം ഏത്?
8. പാതായ്ക്കര മനയിൽ വി.ടി യുടെ സഹപാഠികൾ ആരെല്ലം?
9. ഇട്ടിച്ചിരി എന്ന അന്ധബാലികയുടെ സവിശേഷതയെന്ത്?
10. കുഴലൂതുന്നവർക്ക് നേരെ വി.ടി. കാണിച്ച കുസൃതി എന്ത്?
11. ലേഖകന്റെ മേൽ വന്നു ചേർന്ന പണാപഹരനക്കുറ്റം എന്തായിരുന്നു?
12. പണാപഹരണകുറ്റത്തിൽ നിന്ന് മോചനം കിട്ടിയതെങ്ങനെ?
13. വി.ടി പാതായ്ക്കര മന വിട്ടുപോകേണ്ടി വന്ന സാഹചര്യം എന്തായിരുന്നു?
14. നങ്ങേമയോട് വിടവാങ്ങുന്നതിന്റെ വൈകാരികതയെ വി.ടി അവതരിപ്പിക്കുന്നതെങ്ങനെ?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക**

1. പാതായ്ക്കരമനയിൽ മൺമറഞ്ഞു പോയ രണ്ടു ശക്തന്മാരെക്കുറിച്ചുള്ള കഥയെന്ത്?
2. പാതായ്ക്കര ശക്തന്മാരെ പരീക്ഷിക്കാനെത്തിയ പരദേശിബ്രാഹ്മണനുണ്ടായ അനുഭവമെന്ത്?
3. ജീവിതത്തിലാദ്യമായി നുണ പറഞ്ഞതിന്റെ പ്രത്യാഘാതമായി വി.ടി കണ്ട സ്വപ്നമെന്ത്?
4. പാതായ് ക്കര മനയിൽ ഒത്തുചേരുന്ന സൈക്കിൾ കമ്പക്കാരെക്കുറിച്ച് ലേഖനത്തിൽ പരാമർശിക്കുന്നതെങ്ങനെ?

5. ഉല്പതിഷ്ണുക്കളായ അതിഥികൾ പാതായ്ക്കരമനയിൽ ഭക്ഷണം കഴിക്കുന്ന രീതിയെങ്ങനെ?
6. പാതായ്ക്കരമനയിൽ വി.ടി.യുടെ ചാർച്ചക്കാരായ നാലുപെൺകിടാങ്ങളെ പരിചയപ്പെടുത്തുന്നതെങ്ങനെ?
7. നങ്ങേമയുമായുള്ള വിടി.യുടെ അടുപ്പത്തിന്റെ പ്രാധാന്യം വ്യക്തമാക്കുക?
8. പാതായ്ക്കരമനയിൽ വി.ടി കണ്ടെത്തിയ പുതുമകൾ എന്തെല്ലാം?
9. കുഴലൂത്തുകാരെ കഷ്ടപ്പെടുത്തുവാൻ വേണ്ടി വി.ടി.യെ കരുവാക്കിയതെങ്ങനെ?
10. 'പാതായ്ക്കര നിന്ന് പണം കട്ട പുള്ളി' എന്ന നിലയിൽ വി.ടി അനുഭവിച്ച മാനസിക സംഘർഷം എന്ത്?

**നൂറ് വാക്കിൽ ഉത്തരമെഴുതുക:**

1. പാതായ് ക്കരമന പഴമയുടെയും പുതുമയുടെയും സങ്കലനമാകുന്നത് എങ്ങനെയെല്ലാം?
2. ഓത്തുചൊല്ലാൻ പാതായ്ക്കര മനയിലെത്തിയതിനെത്തുടർന്ന് വി.ടി.ക്കുണ്ടായ അനുഭവങ്ങളെന്തെല്ലാം?
3. പുരോഗമനേച്ഛുക്കൾക്ക് പാതായ്ക്കരമന താവളമാകുന്നത് എങ്ങനെയെല്ലാം?
4. പാതായ്ക്കരമനയിലെ ജീവിതത്തിന് 'മറക്കാത്ത നിമിഷങ്ങൾ' എന്ന വിശേഷണം ഏതെല്ലാം വിധത്തിലാണ് യോജിക്കുന്നത്?

# ഭാഷാ പ്രശ്നം

**പി.കെ. പരമേശ്വരൻ നായർ**

പ്രാദേശികവും വർഗ്ഗീയവുമായ അടിസ്ഥാനത്തിലുള്ള രാഷ്ട്രീയ ചിന്ത കടന്നുകൂടുന്നതിന് മുമ്പ് ഇന്ത്യയിൽ ഭാഷാപ്രശ്നമൊന്നുമുണ്ടായിരുന്നില്ല. പൊതുവെ ആര്യ ദ്രാവിഡ വിഭാഗങ്ങളിൽ ഉൾപ്പെടുത്താവുന്ന അനേകം ഭാഷകൾ മത്സരമില്ലാതെ അന്യോന്യം സഹിഷ്ണുതയോടും സഹവർത്തിത്വത്തോടും കഴിഞ്ഞതിന്റെ ഫലമായി ഒന്ന് മറ്റൊന്നിനെ പോഷിപ്പിച്ചും, അക്ഷരമാലയിലായാലും ശൈലിയിലായാലും പരസ്പരം സ്വാധീനം ചെലുത്തിയും വളർന്നു വന്നതിന്റെ ചിത്രമാണ്, മുമ്പ് ഭാരതീയഭാഷാ മണ്ഡലത്തിൽ തെളിഞ്ഞ് കണ്ടിരുന്നത്. വിശേഷിച്ചും സംസ്കൃതത്തിന്റെ അദമ്യമായ സ്വാധീന ശക്തി ക്രിസ്ത്വബ്ദത്തിന്റെ ആദ്യ ശതകങ്ങൾക്കു മുമ്പ് തന്നെ ദ്രാവിഡഭാഷകളെ സ്വാധീനിച്ച് കഴിഞ്ഞിരുന്നു. പിന്നീട് മിക്കവയിലും സാഹിത്യപരമായി ഒരുമാതിരി മണിപ്രവാള ശൈലി ഉദ്ഭവിച്ചു. ഉത്തരേന്ത്യയിലാണെങ്കിൽ ഹിന്ദി, ബംഗാളി, ഗുജറാത്തി മുതലായ എല്ലാ ഭാഷകളും സംസ്കൃതത്തോട് ബന്ധപ്പെട്ടവയും, സംസ്കൃതത്തിന്റെ അതിപ്രസരത്തിന് വിധേയമായി വളർന്നുവന്നവയുമാണ്.

**എന്താണ് പ്രശ്നം?**

ഇങ്ങനെ നോക്കുമ്പോൾ കൂട്ടുചേരാത്തതെന്നു പറയാവുന്ന ഒരൊറ്റ ഭാഷയും ഇന്ത്യയിൽ ഒരിടത്തുപോലുമില്ല. ഈ സങ്കലനം എങ്ങിനെ സംഭവിച്ചു എന്നാണെങ്കിൽ, അത് മനപൂർവ്വമായ ആരുടെയും പ്രേരണയോ പ്രചാരണവിദ്യയോ കൊണ്ടുണ്ടായതല്ലെന്ന് ഉറപ്പിച്ച് പറയാം. ഇന്ത്യയിൽ ആകമാനം നിരന്തരം സംഭവിച്ചുകൊണ്ടിരിക്കുന്ന സാമൂഹ്യ പരിവർത്തനങ്ങളോടും സാംസ്ക്കാരിക സങ്കലനങ്ങളോടും ബന്ധപ്പെട്ട് ഭാഷകളിലും ചില ചേരുമാനങ്ങൾ സംഭവിച്ചുവെന്നേ ഇതിനർത്ഥമുള്ളൂ. ശതാബ്ദങ്ങളായി നടന്നുകൊണ്ടിരുന്ന

ചരിത്രപരമായ ഒരു പ്രക്രിയയായിരുന്നു അത്. എന്നാൽ ഈ അടുത്ത കാലങ്ങളായപ്പോഴേക്കും മേൽപ്പറഞ്ഞ ചരിത്രഗതി തെല്ലൊന്ന് ഭംഗപ്പെടുകയോ, മന്ദീഭവിക്കുകയോ ചെയ്തിട്ടുണ്ടെന്ന് കാണാം. മുകളിൽ സൂചിപ്പിച്ചതു പോലെ രാഷ്ട്രീയ വീക്ഷണ ഗതികളും പ്രാദേശിക ബുദ്ധിയും ഭാഷാസംബന്ധമായ നിലപാടുകളെ ബാധിച്ചു തുടങ്ങിയെന്നതു തന്നെ. അതോടുകൂടി ഇന്ത്യയിൽ ഇന്നത്തെ ഭാഷാപ്രശ്നവും ആരംഭിച്ചു.

എന്താണ് ഇന്ത്യയിലെ ഭാഷാ പ്രശ്നം? അത് ബഹുമുഖമായ ഒരു പ്രശ്നമാണ്. മെക്കാളെ പ്രഭുവിന്റെ നിർദ്ദേശാനുസരണം ഇംഗ്ലീഷ് ഇന്ത്യയുടെ പൊതു ഭാഷയാക്കിയതു മുതൽക്ക് ഭാരതീയ ഭാഷാരംഗത്തുണ്ടായ പരിവർത്തനങ്ങളുടെ അവസാന ഫലമാണ് അത്. ഇംഗ്ലീഷ് ഒരു പ്രകാരത്തിൽ ഇന്ത്യക്ക് ഒരനുഗ്രഹമായിരുന്നു. അതിന്റെ പഠനത്തിലൂടെയാണല്ലോ ഇന്ത്യ ആധുനിക പാശ്ചാത്യശാസ്ത്രത്തോടും, സാർവലൗകികമായ പരിഷ്ക്കാര പ്രവണതകളോടും, രാഷ്ട്രീയ തത്വങ്ങളോടും പരിചയപ്പെട്ടതും അവയിൽ പലതും സ്വായത്തമാക്കിയതും. പക്ഷെ അതോടൊപ്പം, ഇന്ത്യയെ അത് അനേകം ദുർഘടങ്ങളിൽ കൊണ്ട് ചെന്നെത്തിക്കുക കൂടി ചെയ്തു. അവയിൽ പലതും ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടതിനുശേഷമാണ് കൂടുതൽ കൂടുതൽ അനുഭവത്തിൽ വന്നത്. ബ്രിട്ടീഷുകാർ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിച്ചതല്ലാതെ ഭാവിയിൽ ഇംഗ്ലീഷിന്റെ സ്ഥാനത്ത് ഒരു ഇന്ത്യൻ പൊതുഭാഷയുണ്ടായിരിക്കണമെന്ന് ഉദ്ദേശിച്ചതേയില്ല. ഇംഗ്ലീഷൊഴിച്ച് മറ്റൊരു പൊതുഭാഷ ഇന്ത്യക്ക് ആവശ്യമുണ്ടെന്ന് അവർ കരുതിയോ എന്നുതന്നെ സംശയമാണ്. പ്രാദേശിക ഭാഷകളെ അവർ നിരുത്സാഹപ്പെടുത്തിയില്ലെങ്കിലും പ്രോത്സാഹിപ്പിച്ചിട്ടില്ല. ഇതിന്റെയൊക്കെ ഫലമായി, ബ്രിട്ടീഷുകാർ ഭരണം അവസാനിപ്പിച്ചു പോയതിന് ശേഷവും അവരുടെ ഭാഷക്ക് വിട നൽകുവാൻ നിർവാഹമില്ലാത്ത നിലയിലാണ് ഇന്നു നാം നിൽക്കുന്നത്. ഇതാണ് ഭാഷാപ്രശ്നത്തിന്റെ ഒരു വശം.

**രാഷ്ട്രഭാഷ**

ഇനി മറ്റൊന്ന്. അത് രാഷ്ട്ര ഭാഷയേതെന്നും അതിന്റെ സ്ഥാനമെന്തെന്നും നിശ്ചയിക്കുന്ന പ്രശ്നമാണ്. ഇംഗ്ലീഷിന് പകരം ഭാരതത്തിന് ഒരു രാഷ്ട്ര ഭാഷ വളർത്തി കൊണ്ടുവരാൻ ബ്രിട്ടീഷുകാർ ശ്രദ്ധിച്ചിട്ടില്ലെന്ന് നാം അവരെ കുറ്റപ്പെടുത്തിയെങ്കിലും, മുഴുവൻ കുറ്റവും അവരുടേതാണോ എന്നു സംശയിക്കത്തക്ക വിധമാണ് അനന്തര സംഭവങ്ങളുടെ ഗതി. ബ്രിട്ടീഷുകാർ ഇവിടെയുള്ളപ്പോൾ തന്നെ മഹാത്മാഗാന്ധിയും, ഇന്ത്യൻ നാഷണൽ കോൺഗ്രസ്സും രാഷ്ട്രഭാഷാപ്രശ്നത്തെ അത് അർഹിക്കുന്ന ഗൗരവത്തോടെ തന്നെയെടുത്തു. വിദേശ ഗവൺമെന്റിനെ എതിർക്കുന്നതിനുള്ള ആവേശത്തിൽ നം ഗാന്ധിജിയുടേയും കോൺഗ്രസ്സിന്റേയും നിർദ്ദേശത്തെ ആദരിച്ച് ഹിന്ദുസ്ഥാനിയെ രാഷ്ട്രഭാഷയായി സ്വീകരിക്കുകയും, അതിന്റെ പ്രചാരണത്തിനു വേണ്ടി അനവരതം പ്രവർത്തിക്കുകയും ഒടുവിൽ ഭരണഘടന പ്രകാരം, നാഗരിലിപിയിൽ എഴുതപ്പെടുന്ന ഹിന്ദിക്ക് രാഷ്ട്രഭാഷയായി അംഗീകാരം നൽകുകയും ചെയ്തു.

ആ പ്രശ്നം അവിടെ അവസാനിക്കേണ്ടിയിരുന്നു. എന്നാൽ മറ്റൊരു വിധമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. പ്രാദേശിക തലത്തിൽ ചില പ്രതിഷേധ ശബ്ദങ്ങൾ മുഴങ്ങി കേൾക്കുന്നു. ഹിന്ദിയെ ഒരു ഉത്തരേന്ത്യൻ ഭാഷയായേ ദക്ഷിണേന്ത്യയിൽ ചിലർ കരുതാൻ തയ്യാറുള്ളു. രാഷ്ട്രഭാഷ ഔത്തരാഹരായ തങ്ങളുടെ മാതൃഭാഷയാണെന്നുള്ള ഒരു അഹന്ത ഉത്തരേന്ത്യയിൽ ചില സംസ്ഥാനക്കാർക്കും ഇല്ലാതില്ല. ദാക്ഷിണാത്യരിൽ ചിലരുടെ അന്ധമായ ഭാഷാഭിമാനം മേൽപറഞ്ഞ ഔത്തരാഹ മനോഭാവം നിമിത്തം ജൃംഭിച്ചു വശായിരിക്കുകയാണ്. മാത്രമല്ല, സാമാന്യ ഭാഷയിൽ പറഞ്ഞാൽ ഒരു മാതിരി 'അലോഹ്യ'ത്തിൽ കലാശിക്കുക കൂടി ചെയ്തിരിക്കുകയാണ്. ഇങ്ങനെയുള്ള സ്ഥിതിഗതികൾ എന്താണ് സൂചിപ്പിക്കുന്നത്?

ഒരു പൊതുഭാഷ തെരഞ്ഞെടുക്കുന്ന കാര്യത്തിൽ ഒരു തീരുമാനമെടുക്കാൻ നമുക്കുള്ള കഴിവില്ലായ്മയല്ലേ? അതുകൊണ്ടു തന്നെയാണ് കുറ്റം ബ്രിട്ടീഷുകാരുടെ മാത്രമല്ലെന്ന് മുകളിൽ പറഞ്ഞത്. അത് എങ്ങനെയുമാവട്ടെ, നമുക്ക് പ്രശ്നത്തിന്റെ മറ്റൊരു വശത്തേക്ക് കടക്കാം.

**പ്രാദേശിക ഭാഷകൾ**

പ്രാദേശിക ഭാഷകളെ സംബന്ധിക്കുന കാര്യമാണ് രണ്ടാമത്തേത്. ഹിന്ദി രാഷ്ട്ര ഭാഷയായി അംഗീകരിക്കപ്പെടുന്ന ഒരു സംവിധാനത്തിൽ പ്രാദേശിക ഭാഷകളുടെ സ്ഥാനമെന്ത്? പ്രാദേശികഭാഷകളെ ആ സംവിധാനം ഏതുവിധം ബാധിക്കും?

ഈവക ചോദ്യങ്ങൾ പല ചിന്താക്കുഴപ്പങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. ഹിന്ദിയുടെ പ്രാമുഖ്യം മൂലം പ്രാദേശിക ഭാഷകൾ പുറംതള്ളപ്പെട്ടു പോകുമെന്നാണ് ഒരു കൂട്ടരുടെ ഭയം. മാതൃഭാഷ വഹിക്കേണ്ടുന്ന സ്ഥാനം തന്നെ അവരുടെ പ്രാദേശിക ഭാഷക്ക് നൽകണമെന്ന് വരെ വാദിക്കാൻ മടിച്ചിട്ടില്ല. ഇങ്ങനെ ദേശീയതയും പ്രാദേശികതയും തമ്മിലുള്ള ഒരു മത്സരത്തിന്റെ പരിധിയിൽവരെ നമ്മുടെ ഭാഷാപ്രശ്നം ചെന്നെത്തിയിരിക്കുന്നു.

മേൽപ്പറഞ്ഞ പശ്ചാത്തലത്തിലാണ് ദേശീയോദ്ഗ്രഥനപ്രശ്നം അടിയന്തിരമായ നിവാരണം ആവശ്യപ്പെട്ടുകൊണ്ട് നമ്മുടെ മുമ്പിൽ ഉയർന്നു വരുന്നത്. പ്രാദേശികവും വർഗ്ഗീയവും, കക്ഷിപരവുമായ വിഘടന ശക്തികളുടെ കൂട്ടത്തിൽ ഭാഷാപരമായ ഈ വേർതിരിവു കൂടിയായപ്പോൾ ഭാരതത്തിന്റെ ഐക്യം തന്നെ അപകടത്തിലാകയില്ലേ എന്ന് ഭയപ്പെടേണ്ട ദിക്കായിരിക്കുന്നു., ദേശീയോദ്ഗ്രഥനത്തിൽ ഭാഷാപ്രശ്നം വിശേഷിച്ചും, മൗലികവും മർമ്മപ്രധാനവുമായ ഒന്നാണ്. പ്രാദേശികവും മതപരവും കുറെയൊകെ സാമുദായികവുമായ വിഭിന്നതകളുമായി കൂടിക്കുഴയുന്ന സ്വഭാവവും അതിനുണ്ട്. അതിനാൽ വളരെ

സൂക്ഷിച്ചും ആലോചിച്ചും കൈകാര്യം ചെയ്യേണ്ട ഒരു കാര്യമാണത്.

## ദേശീയതയും പ്രാദേശികതയും

അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഈ ഭാഷാപ്രശ്നം പരിഹരിക്കുന്നതിന് പ്രായോഗികമായ എന്ത് മാർഗ്ഗം നിർദ്ദേശിക്കാൻ കഴിയുമെന്ന് ആലോചിക്കുകയാണ് ഇനി ചെയ്യേണ്ടത്. അഖിലേന്ത്യാ അടിസ്ഥാനത്തിൽ എന്ന് പ്രത്യേകം എടുത്ത് പറയേണ്ടതായിട്ടുണ്ട്. കാരണം, മിക്ക പ്രശ്നങ്ങളേയും പ്രാദേശികമോ വിഭാഗീയമോ ആയ മനോഭാവത്തോടെ സമീപിക്കുന്നതിനുള്ള ഒരു പ്രവണതയാണ് നമുക്കുള്ളത്. പല പൊതുക്കാര്യങ്ങളും കുഴയുന്നതിന്റെ കാരണവും മറ്റൊന്നല്ല. സ്വാതന്ത്ര്യസമരം നടന്നുകൊണ്ടിരുന്നപ്പോഴത്തെ ആവേശത്തിന്റെ ഫലമായി പ്രാദേശികതയും, വർഗ്ഗീയതയും, മതഭ്രാന്തും മറക്കുന്നതിനും ദേശീയമായ അടിസ്ഥാനത്തിൽ പൊതുക്കാര്യങ്ങൾ വീക്ഷിക്കുന്നതിനും നമുക്ക് കഴിഞ്ഞിരുന്നു. വിശേഷിച്ചും ഇന്ത്യയുടെ ഏതൊരു ഭാഗത്തേയും സ്വന്തം നാടെന്നും, ഏതൊരു ഭാഷയേയും സ്വന്തം ഭാഷയെന്നും കരുതാൻ തക്ക സമബുദ്ധിയുണ്ടായിരുന്ന രാഷ്ട്രപിതാവിന്റെ നേതൃത്വം നൽകിയ മാസ്മരശക്തി നമ്മെയെല്ലാം അഖിലഭാരത വീക്ഷണമുള്ള വിശാലഹൃദയരാക്കി തീർത്തിരുന്നു. ഹിന്ദിയെ, കുറച്ചുകൂടി സൂക്ഷ്മമായി പറഞ്ഞാൽ ഹിന്ദുസ്ഥാനിയെ, പൊതുവെ അംഗീകരിക്കാനും അതിന്റെ പ്രചാരണത്തിനു വേണ്ടി യത്നിക്കാനും നമുക്ക് പ്രത്യേകമായ ഒരുത്സാഹം തന്നെയുണ്ടായിരുന്നു. ഇന്ന് ആ നല്ല കാലം പോയ് മറഞ്ഞിരിക്കുന്നു. ഒരു ദേശീയ ഭാഷയോ ഒരു രാജ്യത്തിലെ പൗരതതിക്ക് തോന്നേണ്ടുന്ന അഭിമാനാതിരേകം ഇന്ത്യയുടെ എല്ലാ ഭാഗങ്ങളിലേയും ജനങ്ങൾക്ക് ഹിന്ദിയെ സംബന്ധിച്ചിടത്തോളം തോന്നുന്നില്ല. ഇത് വളരെ നിർഭാഗ്യകരമായ ഒരവസ്ഥയാണ്.

ഹിന്ദി ഭാരതത്തിന്റെ ദേശീയഭാഷയാണെന്ന് ഭാരതജനത തീരുമാനിച്ചു കഴിഞ്ഞു. രാഷ്ട്രഭാഷാ പ്രമാണത്തിൽ (കോൺസ്റ്റിറ്റ്യൂഷൻ) നാം അതിനെ ഔദ്യോഗിക ഭാഷയായും വിവിധ സ്റ്റേറ്റുകൾ തമ്മിലും, കേന്ദ്രവും സ്റ്റേറ്റുകളും തമ്മിലും എഴുത്തുകുത്തുകൾക്കുള്ള പൊതുഭാഷയായും അംഗീകരിച്ചു. ഭാരതത്തിനെ രാഷ്ട്രീയവും സാമൂഹ്യവും സംസ്ക്കാരികവുമായി ഏകീകരിക്കുന്നതും, ഭാഷകളിലും വേഷത്തിലും ആചാരങ്ങളിലും മര്യാദകളിലും കാണുന്ന ഭിനതകൾക്കിടയിൽകൂടി ഐക്യത്തിന്റേയും സൗഹൃദത്തിന്റേയും പൊൻനൂൽ കോർക്കുന്നതിനും രാഷ്ട്രഭാഷ ഉപകരിക്കണമെന്നാണ് ഭാരതത്തിന്റെ ഭാഗധേയ സംവിധായകർ ഭരണഘടനാപ്രമാണത്തിൽ നിർദ്ദേശിച്ചതും, നാം സമ്മതിച്ചതും.

ആ നിലക്ക് അതിനെ നിഷേധിക്കുന്ന ഒരു മനോഭാവം ഇപ്പോൾ ആരെങ്കിലും പ്രദർശിപ്പിക്കുന്നുവെങ്കിൽ അത് രാജ്യസ്നേഹത്തിന്റേയും പൗരബോധത്തിന്റേയും കുറവുകൊണ്ടാണന്നല്ലാതെ മറ്റൊന്നും പറയുവാനില്ല.

ഒരു പക്ഷെ, ഗവൺമെന്റിന്റെ നയത്തോടൊ, ഹിന്ദി മാതൃഭാഷയായുള്ളവരുടെ ക്രമക്കേടുകളോടൊ പ്രതിഷേധമുണ്ടെങ്കിൽ തന്നെയും അവയുടെ നിവാരണത്തിന് ഇതര മാർഗ്ഗങ്ങളുള്ളപ്പോൾ ഭാഷയോട് കലഹിക്കേണ്ട ആവശ്യം ആർക്കും ഇല്ലാത്തതാണ്. ഹിന്ദിക്ക് ധാരാളം കുറവുകൾ ഉണ്ടെന്നുള്ളത് പരമാർത്ഥം തന്നെ. ഒരു പക്ഷേ ചില അംശങ്ങളിൽ അതിനേക്കാൾ സമ്പന്നങ്ങളായ ഭാഷകൾ ഭാരതത്തിൽ തന്നെയുണ്ടെന്നുവരാം. എങ്കിലും ഇത്ര വളരെ ജനങ്ങൾ കൈകാര്യം ചെയ്യുന്നതും, ഭാരതത്തിന്റെ എല്ലാ ഭാഗത്തും ഇതിനകം ഇത്രമാത്രം പ്രചരിച്ചിട്ടുള്ളതുമായ മറ്റൊരു ഭാഷയില്ലെന്നുള്ളത് തീർച്ചയാണ്. ഇങ്ങനെ പല കാരണവശാലും ഹിന്ദിയെ ദേശീയ ഭാഷയായി അംഗീകരിച്ചു കൊണ്ടുള്ള ഒരടിസ്ഥാനത്തിലാണ് നമുക്ക് മുന്നോട്ട് പോകേണ്ടിയിരിക്കുന്നത്.

ലോകം ഇന്ന് പൊതുവേ ഏകലോകാശയത്തിലേക്ക് ക്രമേണ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്. അങ്ങനെയാണ് വേണ്ടതും. സാർവത്രികമായി കാണപ്പെടുന്ന ഭിന്നതകൾ കേവലം ബാഹ്യങ്ങളാണ്. ഏകതയാണ് സത്യമായിട്ടുള്ളത്. പുരോഗമനോന്മുഖമായ ഏതൊരു പ്രസ്ഥാനവും സത്യമായ ഈ ഏകതയുടെ സാക്ഷാൽക്കാരത്തിന് സഹായകമായിരിക്കണം. എങ്കിൽ മാത്രമേ ലോകം വളർച്ചയുടെ പന്ഥാവിലാണെന്ന് പറവാൻ നിർവ്വാഹമുള്ളു. ഈ ആദർശം എങ്ങനെ സാധിക്കാം? രാജ്യങ്ങളും വർഗ്ഗങ്ങളും മതങ്ങളും തമ്മിലുള്ള ഭിന്നതകൾ ക്രമേണ കുറച്ചു കൊണ്ടു വരികയാണ് ഇതിലേക്ക് ആദ്യമായി വേണ്ടത്. അത് നിഷ്പ്രയാസം സാധിക്കാവുന്ന ഒരു കാര്യമല്ല. ഒരേ രാഷ്ട്രത്തിൽ തന്നെ എന്തെല്ലാം ഭിന്നതകളും വൈരുദ്ധ്യങ്ങളുമാണ് നടമാടുന്നത്! മൗലികമായ ആ ദൂഷ്യങ്ങൾ പരിഹരിക്കാതെ ഏകതയുടെ അടിത്തറ പാകുക സാധ്യമേയല്ല. അതുകൊണ്ടാണ് ഇന്ത്യയെപ്പോലെ വിസ്തൃതമായ ഒരു രാഷ്ട്രം അതിന്റേതായ ഏകഭാവത്തെ തന്നെ ലക്ഷ്യം വെച്ചു കൊണ്ട് മുന്നോട്ട് പോകേണ്ടിയിരിക്കുന്നത്.

ആധുനിക ലോകത്ത് കൃത്രിമമായി ആവിർഭവിച്ചിട്ടുള്ള ആയിരം വിഘടന ശക്തികളിൽ നിന്ന് വേർപെട്ടു നിന്ന് നോക്കിയെങ്കിലേ മേൽപ്പറഞ്ഞ ഏകതയുടെ ഒരു യഥാർത്ഥ ദർശനം ലഭിക്കുകയുള്ളൂ. മൗലികമായ അതിനെ വളർത്തുന്നതിനും, അഭിവൃദ്ധിപ്പെടുത്തന്നതിനും പര്യാപ്തമായിരിക്കണം നമ്മുടെ ഭാഷാപരവും സംസ്ക്കാരികവുമായ എല്ലാ നയപരിപാടികളും. ഭാഷാപ്രശ്നം ഇതിൽ പ്രത്യേക പ്രാധാന്യം വഹിക്കുന്നു. വിഭിന്ന ഭാഷകൾ ഒരു രാഷ്ട്രത്തെ വിഘടിപ്പിക്കേണ്ട ആവശ്യമേയില്ല. ഭാഷകളെല്ലാം അവയുടെ രീതിയിൽ സ്വച്ഛന്ദം വളർന്നുകൊള്ളട്ടെ. പക്ഷെ അവ തമ്മിൽ കാലക്രമേണയെങ്കിലും സമന്വയവും സമഭാവവും വളർന്നു വരാൻ സഹായകമായ രീതിയിലായ രീതിയിലായിരിക്കണം

രാഷ്ട്രം പുരോഗമിക്കേണ്ടത്. ആരുടെയും മനഃപൂർവ്വമായ യത്നമൊന്നും കൂടാതെ തന്നെ ഇന്ത്യയിലെ വിവിധ ഭാഷകൾ തമ്മിൽ – വിഭിന ഗോത്രങ്ങളിൽപ്പെട്ടവ തമ്മിൽ പോലും സാരമായ സമന്വയം ശതാബ്ദങ്ങളായി സംഭവിച്ചു കഴിഞ്ഞിട്ടുണ്ട്. ചരിത്രപരമായി നടക്കുന്ന ആ പ്രക്രിയക്ക് പ്രതിബന്ധമുണ്ടാകാതെ അതിനെ സഹായിക്കുക മാത്രം ചെയ്തുകൊണ്ടിരുന്നാൽ തന്നെ ഇന്ത്യയുടെ സംസ്ക്കാരിക ഐക്യം ബലവത്തരമാകും. രാഷ്ട്രഭാഷയായ ഹിന്ദിയും, പ്രാദേശിക ഭാഷകളും തമ്മിൽ കൂടുതൽ കൂടുതൽ സാധർമ്മ്യം കലർത്തി വിഭിന്നതകളിൽ കൂടിയുള്ള ഏകത്വത്തെ പ്രവൃദ്ധമായ തോതിൽ വളർത്തിയെടുക്കുകയെന്നതായിരിക്കണം ഭാരതത്തിന്റെ ഭാവിഭാഷാ നയത്തിൽ അന്തർഭാവിക്കുന്ന തത്വം.

പദങ്ങളിലും പ്രയോഗങ്ങളിലും പ്രതിപാദനത്തിലും എല്ലാം ഭാരതീയ ഭാഷകൾക്കുള്ള പരസ്പരം ധാരാളം സംഭാവനകൾ ഇനിയും നൽകാൻ കഴിയും. വിപുലമായ ഒരു ഭാഷാപരിപാടി കൊണ്ട് ഈ സരണിയെ കൂടുതൽ ഫലവത്താക്കുകയും ചെയ്യാം. ഭാഷകൾ അഥവാ സാഹിത്യങ്ങൾ തമ്മിലും ചില ധാരണകൾ ഉണ്ടാവേണ്ടത് അത്യാവശ്യമാണ്. വിഭിന്നതകൾ മറക്കാനും സാധർമ്മ്യങ്ങളെ സമന്വയിപ്പിക്കാനും ഈ ധാരണയേക്കാൾ പറ്റിയ മാർഗ്ഗമില്ല. ദക്ഷിണേന്ത്യയിലും ഉത്തരേന്ത്യയിലും ഇന്ന് വലിയ ശബ്ദകോലാഹലങ്ങൾ മുഴക്കിക്കൊണ്ടിരിക്കുന്ന ഭാഷാതീവ്രവാദികൾ രാഷ്ട്ര പുരോഗതിയെ എത്രമാത്രം അപകടപ്പെടുത്തുന്നുവെന്നുള്ളത് അവർ മനസ്സിലാക്കിയില്ലെങ്കിൽ അത് കേവലം ആത്മഹത്യാപരമായിരിക്കുമെന്നേ പറയേണ്ടതുള്ളൂ. ഭാഷാപ്രശ്നങ്ങളേയും രാഷ്ട്രീയാധികാരത്തിന് വേണ്ടിയുള്ള വടംവലികളേയും തമ്മിൽ കൂട്ടികുഴക്കാതിരിക്കുന്നതായിരിക്കും ഒരു ഭാരതീയ പൗരന് തന്റെ മാതൃരാജ്യത്തിനു വേണ്ടി ഇന്ന് ചെയ്യാവുന്ന ഏറ്റവും മഹത്തായ ഉപകൃതി.

**പി.കെ. പരമേശ്വരൻ നായർ**: ആലപ്പുഴ ജില്ലയിൽ കോഴിമുക്ക് എന്നസ്ഥലത്താണ് പരമേശ്വരൻ നായരുടെ ജനനം. പത്രപ്രവർത്തകനായി ജീവിതം ആരംഭിച്ച അദ്ദേഹം കുറെ നാൾ സർക്കാർ ഉദ്യോഗസ്ഥനായും സേവനം അനുഷ്ഠിച്ചു. ജീവചരിത്രകാരൻ എന്ന തലത്തിൽ പ്രശസ്തനായ സാഹിത്യകാരനാണ് പി.കെ.പരമേശ്വരൻ നായർ. ഇതിന് പുറമെ സാഹിത്യ ചരിത്രം, നിരൂപണം, ഗാന്ധിയൻ ചിന്ത തുടങ്ങിയവയെ ആസ്പദമാക്കിയും അദ്ദേഹം കൃതികൾ രചിച്ചിട്ടുണ്ട്. മലയാള മഹാനിഘണ്ടുവിന്റെ സഹായിയായും പ്രവർത്തിച്ചു.

**പദങ്ങളുടെ അർത്ഥം:**

ഔത്തരാഹർ = വടക്കുഭാഗത്തുള്ളവർ, അദമ്യം = അടക്കാനവാത്ത, ഭാഗധേയം = ഭാഗ്യം, പാന്ഥാവ് = വഴി. പ്രവൃദ്ധം = വർദ്ധിച്ച. ഉപകൃതി = ഉപകാരം. അതിരേകം = ആധിക്യം.

**സന്ധി നിർണ്ണയിക്കുക**

ഉൾപ്പെടുത്തുക, കൂട്ടിക്കുഴക്കുക, കുറെയൊക്കെ, കഴിവില്ലായ്മ

**സമാസം നിർണ്ണയിക്കുക**

ആര്യദ്രാവിഡം, രാഷ്ട്രഭാഷ, സ്ഥിതിഗതികൾ, ഏകഭാവം.

**പര്യായ പദങ്ങളെഴുതുക**

ലോകം, മനസ്സ്, ചിത്രം,

**വിപരീത പദമെഴുതുക**

ശക്തി, മന്ദം, പുരോഗതി, വളർത്തുക, അലോഹ്യം, പ്രായോഗികം, പ്രസിദ്ധം

**വാക്യത്തിൽ പ്രയോഗിക്കുക**

സ്വാധീനം ചെലുത്തുക, കൊടുമ്പിരിക്കൊള്ളുക, അന്തർഭവിക്കുക, അടിത്തറ പാകുക, സമന്വയിപ്പിക്കുക.

**ചോദ്യങ്ങൾ:**

**ഒന്നോരണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. ഭാരതീയഭാഷാമണ്ഡലത്തിൽ പണ്ടുണ്ടായിരുന്ന അവസ്ഥ എന്തായിരുന്നു?
2. ഏതെല്ലാമാണ് സംസ്കൃതത്തിന്റെ അതിപ്രസരത്തിന് വിധേയമായി വളർന്നുവന്ന ഉത്തരേന്ത്യൻ ഭാഷകൾ?
3. എന്താണ് ഭാഷാമണ്ഡലത്തിൽ ശതാബ്ദങ്ങളായി നടന്നു വന്ന ചരിത്ര പരമായ പ്രക്രിയ?
4. ഇന്ത്യയിൽ എന്നു കാണുന്ന ഭാഷാപ്രശ്നത്തിന്റെ തുടക്കം എവിടെ നിന്നാണ്?
5. ആരാണ് ഇംഗ്ലീഷിനെ ഇന്ത്യയുടെ പൊതുഭാഷയാക്കിയത്?
6. ഇന്ത്യൻ നേതാക്കൾ രാഷ്ട്രഭാഷാപദവിയിലേക്കുയർത്തിക്കൊണ്ടുവന്ന ഭാഷയേത്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക.**

1. ഇംഗ്ലീഷ് ഇന്ത്യക്ക് അനുഗ്രഹമായതെങ്ങനെ?
2. ഭാഷാഭിമാനം ഭാരതത്തിന്റെ ഐക്യത്തിന് തടസ്സമാകുന്നതെങ്ങനെ?
3. ഇംഗ്ലീഷ് വിദ്യാഭ്യാസം കൊണ്ടുണ്ടായ പ്രധാന നേട്ടങ്ങളെന്തെല്ലാം?
4. പ്രാചീന ഭാരതത്തിൽ ഭാഷാപ്രശ്നം ഉണ്ടായിരുന്നെല്ലെന്ന് ലേഖകൻ പറയാൻ കാരണാമെന്ത്?
5. ഒരു ഭാരതീയ പൗരന് ഭാഷയുമായി ബന്ധപ്പെട്ട് രാജ്യത്തിനു ചെയ്യാവുന്ന ഏറ്റവും മഹത്തായ ഉപകാരം ഏത്?

**നൂറു വാക്കിൽ ഉത്തരം എഴുതുക**

1. രാഷ്ട്ര ഭാഷയായി ഹിന്ദിയെ സ്വീകരിച്ചതിന് അനുകൂലവും പ്രതികൂലവുമായ വാദമുഖങ്ങൾ ഏതെല്ലാം?
2. ഭാഷാസമന്വയത്തെക്കുറിച്ചും സഹവർത്തിത്വത്തെക്കുറിച്ചും ലേഖകന്റെ സങ്കൽപങ്ങളും പ്രായോഗിക നിർദ്ദേശങ്ങളും സംഗ്രഹിക്കുക.
3. ഭാഷാ പ്രശ്നത്തിന്റെ വിവിധ വശങ്ങൾ ചർച്ച ചെയ്ത് സ്വന്തം നിഗമനം വിവരിക്കുക.

# കഡുഗണ്ണാവ: ഒരു യാത്രാക്കുറിപ്പ്

എംടി വാസുദേവൻ നായർ

രണ്ട് ജോഡി ഉടുപ്പുകളും ഒരു ക്യാമറയും തിരുകിയ സഞ്ചി ചുമലിൽ തൂക്കി ഹിമാലയത്തിന്റെ താഴ്വാരത്തിൽ അലഞ്ഞ് നടന്നിരുന്ന കാലത്ത് പ്രായം അയാൾക്ക് ഇരുപത്തിരണ്ടായിരുന്നു. ഇജാത്ത് നഗറിൽ നിന്ന് അൽമോറയിലേക്ക് ഒറ്റയടിപ്പാതയിലൂടെ കുതിരപ്പുറത്ത് സഞ്ചരിച്ചിട്ടുണ്ട്. ഓട്ടുഗ്ലാസ്സിൽ ഭാംഗു കലർന്ന പാലു കുടിച്ച് ബോധം വന്നപ്പോൾ കിഴുക്കാം തൂക്കായ കൊല്ലിയുടെ മുകളിലെ കരിങ്കൽക്കെട്ടിൽ കിടക്കുകയായിരുന്നു. അതൊക്കെ പണ്ട്. ഇപ്പോൾ യാത്രകൾ ഒഴിവാക്കുകയാണ് പതിവ്. മറ്റൊരു സ്ഥലത്ത് അയാൾ അന്തിയുറങ്ങുന്നതു തന്നെ അപൂർവ്വമായിരുന്നു. ചെറിയ കോണിപ്പടികൾ കയറിയാൽക്കൂടി ശ്വാസം നേരെയായിക്കിട്ടാൻ മൂന്നു നാല് മിനുട്ട് നിൽക്കണം. ബ്ലഡ് പ്രഷറിന്റെ ഗുളികകളും കുത്തിവെക്കാനുള്ള ഇൻസുലിൻ ട്യൂബുകളും കൊണ്ടു നടക്കുന്നത് ശല്യമാണ്. എന്നിട്ടും, ശ്രീലങ്കയിൽനിന്നുള്ള ക്ഷണം സ്വീകരിച്ചു. തെക്കു കിഴക്കേഷ്യയിലെ വികസനത്തിൽ പത്രങ്ങൾ വഹിക്കേണ്ട പങ്കിനെപ്പറ്റി അദ്ഭുതകരമായ അറിവുകളോ ഉപദേശങ്ങളോ ഒന്നും പറയാനുണ്ടായിട്ടല്ല.

'ക്ഷണം വന്നത് ശ്രീലങ്കയിൽ നിന്നായതുകൊണ്ട്. അവിടെ എന്നും കാണാനാഗ്രഹിച്ച ഒരു സ്ഥലമുണ്ട്, കഡുഗണ്ണാവ.

രണ്ടു മണിക്കൂർ മുമ്പ് എയർപോർട്ടിലെത്തിയാൽ മതിയെന്നും മദ്രാസ് ഓഫീസിലെ സഹപ്രവർത്തകർ പറഞ്ഞു. വിദേശയാത്രക്കാർ മൂന്നുമണിക്കൂർ മുമ്പെ റിപ്പോർട്ടു ചെയ്യണമെന്ന നിയമം ആരും പാലിക്കാറില്ല. പക്ഷേ നേരത്തെ എത്തി. ആളുകളെല്ലാം ചെക്ക് ഇൻ ചെയ്തു കഴിഞ്ഞ് തന്റെ പേര് അനൗൺസ് ചെയ്യുന്നത് കേട്ട് ഓടിയെത്തി കോണി നീക്കും മുമ്പ് വിമാനത്തിൽ ഓടിക്കയറിയിരുന്ന കാലമുണ്ടായിരുന്നു.

ഇപ്പോൾ ധൃതി പിടിച്ച് എന്തു ചെയ്യുമ്പോഴും നെഞ്ചിൻ കൂട്ടിൽ പടപടാപ്പ് ഉച്ചത്തിലാവുന്നു.

ഡിപ്പാർച്ചർ ലൗഞ്ച് മിക്കവാറും ഒഴിഞ്ഞു കിടക്കുകയായിരുനു. വിമാനം സമയത്തിന് തന്നെ. പെട്ടെന്നാണ് യാത്രക്കാർ നിറഞ്ഞത്. കെട്ടുകളും ഭാണ്ഡങ്ങളും ബഹളവുമായി വന്ന ഒരു സംഘം ശ്രീലങ്കക്കാർ.

പുതിയ റിക്രൂട്ടുകൾക്ക് പത്രപ്രവർത്തനത്തെ പറ്റി ക്ലാസ്സെടുക്കുമ്പോൾ പറയാറുണ്ട്. എപ്പോഴും കണ്ണും കാതും തുറന്ന് വെക്കുക, റിപ്പോർട്ട് ചെയ്യാൻ പറ്റിയ ഒരു കഥ ഏതു നിമിഷവും പരിസരത്തിലെവിടെയോ ഉണ്ടായിരിക്കും.

ഇവർ അഭയാർത്ഥികളാണോ? അല്ല, അഭയാർത്ഥികളെ കപ്പലിലാണ് തിരിച്ചയയ് ക്കുന്നത്. മദ്രാസ് മാർക്കറ്റിൽ നിന്നു മിക്സിയും ഗ്രൈൻഡറും മാത്രമല്ല, പച്ചക്കറികൾ കൂടി ഇവർ കൊണ്ടുപോകുന്നുവല്ലോ. വേണമെങ്കിൽ ഇവരിൽ ഒന്നു രണ്ടു പേരെ പിടികൂടി ലോഹ്യം സ്ഥാപിച്ച് സംസാരിക്കാം. സാധനങ്ങളുടെ താരതമ്യ വിലയെപ്പറ്റി. പുതിയ പ്രസിഡന്റിനെപ്പറ്റി. ഞങ്ങളുടെ പ്രധാനമന്ത്രി വധിക്കപ്പെട്ട വാർത്തയറിഞ്ഞപ്പോൾ നിങ്ങൾക്കെന്തു തോന്നി എന്ന വൈകിയ ഒരു പ്രതികരണം കൂടിയാവാം. ഇല്ല, ഒരു റിപ്പോർട്ടും എഴുതാൻ പോകുന്നില്ല.

‘ ശ്രീലങ്കക്കാരുടെ കൂട്ടത്തിൽ സ്ത്രീകളുമുണ്ടായിരുന്നു. അയാൾ അമ്മയെപ്പറ്റി ഓർത്തു പോയി. അമ്മ പറയാറുള്ളത് ശിങ്കളത്തികൾ എന്നായിരുന്നു. ശിങ്കളരുടേയും ശിങ്കളത്തികളുടേയും നാട്.

അവരുടെ കൂട്ടത്തിലേക്ക് അവസാനം കയറി വന്നത് രണ്ട് ബുദ്ധഭിക്ഷുക്കളാണ്. അവർ അയാളിരിക്കുന്നതിനാടുത്ത് എത്തി. ഒഴിഞ്ഞ രണ്ട് സീറ്റുകളിൽ ഭാണ്ഡങ്ങളിറക്കിയപ്പോഴാണ് ശ്രദ്ധിച്ചത്. ഒന്ന് സ്ത്രീയാണ്, ഭിക്ഷുണി.

എൺപത്തിയൊന്നിൽ ഈ യാത്രക്കൊരുങ്ങിയതായിരുന്നു. പത്രപ്രവർത്തകനായ ഒരു ഗോവൻ സുഹൃത്ത് സിലോൺ ഒബ്സർവറിൽ ജോലി ചെയ്തിരുന്നു. അയാൾ വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താമെന്ന് പറഞ്ഞു. വേണ്ട സ്ഥലങ്ങളിലൊക്കെ കൊണ്ടു പോകുന്ന കാര്യവും അയാൾ ഏറ്റിരുന്നു. "ഒരിന്ത്യൻ പത്രപ്രവർത്തകന്റെ അന്വേഷണത്തിന്റെ കഥ അയാൾ എഴുതാൻ തയ്യാറായിരുന്നു. ആഭ്യന്തര യുദ്ധം തുടങ്ങി അടിയന്തിരാവസ്ഥ പ്രഖ്യാപിച്ചത് യാത്രക്ക് മൂന്നു ദിവസം മുമ്പാണ്. പെരേര വിളിച്ചു പറഞ്ഞു, യാത്ര നീട്ടിവെക്കുക. അടുത്ത നാടല്ലെ, എന്നു വേണമെങ്കിലും എന്നു വെച്ച് അതുവരെ യാത്ര നീട്ടിക്കൊണ്ടുപോയത് തെറ്റായിപ്പോയി.

ശ്രീലങ്കയിലേക്കുള വിമാനം ബോർഡിങ്ങ് അനൗൺസ് ചെയ്തു. ടൂറിസ്റ്റുകളുടെ സംഘം ക്യൂ പാലിക്കാതെ ഇടിച്ചു കയറുന്നു. മഞ്ഞ വസ്ത്രം ധരിച്ച ഭിക്ഷുണിയും ബലപ്രയോഗത്തിന്റെ കാര്യത്തിൽ ഒട്ടും പിന്നിലല്ല.

അടുത്ത് നിന്ന ചെറുപ്പക്കാരൻ ചിരിച്ചു.

"ലുക്കെറ്റ് ദാറ്റ്"

അയാളും ചിരിച്ചു.

ടു കളംബോ?"

"യെസ്".

അവിടെ ഇപ്പോൾ കാലാവസ്ഥ എങ്ങനെയുണ്ട്?"

ഏതു കാലാവസ്ഥയെപ്പറ്റിയാണ് ചോദിക്കുന്നത്?

കലാപങ്ങളെപ്പറ്റിയോ? മഴക്കാലത്തെപ്പറ്റിയോ?

"അറിയില്ല."

മനസ്സിൽ കുറിച്ചിട്ടു. കൊളംബോ എന്നല്ല പറയേണ്ടത്, കളംബോ!

വിൻഡോ സീറ്റായിരുന്നെങ്കിലും പുറത്തെ കാഴ്ച മറച്ചുകൊണ്ട് വിമാനത്തിന്റെ ചിറക് ഉയർന്നു നിന്നു. സാരമില്ല. ഒരു

യാത്രാവിവരണം എഴുതാനുദ്ദേശിച്ചിട്ടില്ല. ഓൺ ഡ്യൂട്ടി സാധൂകരിക്കാൻ വേണ്ടി പോയ ചില നാടുകളെപ്പറ്റി എന്തൊക്കെയോ മുമ്പ് എഴുതിയിട്ടുണ്ട്. വിമാനത്താവളത്തിലേക്ക് ഇറങ്ങുമ്പോൾ കാണുന്ന ആദ്യത്തെ മുഖദർശനത്തിൽ നിന്ന് ചിലപ്പോൾ തുടങ്ങിയിട്ടുണ്ട്.

വാച്ചിൽ നോക്കി കണക്കു കൂട്ടി. ഇനിയും പത്തു മിനിട്ട് വേണ്ടി വരുമെന്ന് വിചാരിച്ചിരിക്കെ ആദ്യത്തെ അനൗൺസ്മെന്റ് വന്നു. അയാൾ ധൃതിയിൽ ഇമിഗ്രേഷനുള്ള ഫോറം പൂരിപ്പിച്ചു. ഹാൻഡ് ബാഗ് ഒരിക്കൽക്കൂടി തുറന്നു നോക്കി. പാസ്പോർട്ടും ടിക്കറ്റും സെമിനാർ നടത്തുന്ന ഇൻഫർമേഷൻ വകുപ്പിന്റെ കത്തുകളും ഫാക്സ് സന്ദേശങ്ങളും എല്ലാം ഭദ്രമാണ്. ശരീരം പൂതലിച്ച് തുടങ്ങുമ്പോൾ ആവശ്യമിലാത്ത ഉൽക്കണ്ഠകളും ഭയങ്ങളും വരുന്നു. രാത്രി വാതിൽ കുറ്റിയിട്ടു എന്ന് മകൾ പറഞ്ഞാലും സ്വകാര്യമായി ഒന്നു കൂടി ഉറപ്പു വരുത്തുന്നതെന്തിന്?

ഡോക്ടർ രാമചന്ദ്രൻ പറഞ്ഞു.
“മി.വേണുഗോപാലൻ, പ്രായമായാൽ ചിലർക്ക് അങ്ങനെയാണ്.” എയർ ഇന്ത്യക്കാർ തീയതി അറിയിച്ചതിലെ തെറ്റ്. ടോക്കിയോ വിമാനത്താവളത്തിൽ നിന്ന് പുറത്തു കടന്നപ്പോൾ സ്വീകരിക്കാൻ ആരുമില്ല. ഏഷ്യാ സെന്ററിലേക്ക് ടാക്സിയിൽ പോയി. മണിക്കൂറുകൾക്കകം പിറ്റേന്ന് വരുമെന്ന് കരുതിയിരിക്കുന്ന സുഹൃത്തിന്റെ വാതിൽക്കൽ ചെന്ന് മുട്ടി. വീട്ടുകാരിയെ അമ്പരപ്പിച്ചു. സാഹസികത അന്നൊക്കെ സഹയാത്രികനായി എന്നും കൂടെയുണ്ട്.

സെമിനാറിന്റെ ആൾക്കാർ കാത്തുനിൽക്കുന്നുണ്ടാവില്ലേ? അമ്പരപ്പ് തോന്നാൻ തുടങ്ങി.

വിമാനത്താവളത്തിൽ പെട്ടി വരാൻ കാത്തുനിൽക്കുമ്പോൾ ഓർമ്മിച്ചു. ഇവിടെ എന്നോ ഒരു ബോംബ് പൊട്ടി വളരെ പേർ മരിച്ചല്ലോ? എന്നായിരുന്നു? മാസങ്ങൾക്കു മുമ്പാണ് പ്രേമദാസ

മരിച്ചത്. നഗരമധ്യത്തിൽ ഒരു ബോംബ്. കൊല്ലും കൊലയും നടത്തി അസുരന്മാരും രാക്ഷസരും വാണ ഈ ദ്വീപിൽ ആദ്യം ബുദ്ധൻ വന്ന കഥ ഓർമ്മിച്ചു.

ക്രൂരന്മാരുടെ സംഘം വളഞ്ഞപ്പോൾ ബുദ്ധൻ മന്ദഹസിച്ചു. അപ്പോൾ കൊടുങ്കാറ്റുയർന്നു. മിന്നൽപ്പിണരുകൾ ചീറി. രാക്ഷസർ ഭയന്നു വിറച്ചു.

"എനിക്ക് ഇരിക്കാനൊരു ഇടം തരൂ" ബുദ്ധൻ പറഞ്ഞു. "ഞങ്ങൾക്ക് ഭയത്തിൽ നിന്ന് മോചനം തരൂ. ദ്വീപ് മുഴുവൻ ബുദ്ധാത്മാവേ, അങ്ങേക്ക് തരുന്നു."

"നിങ്ങൾക്കിനി ഭയമുണ്ടാവില്ല."

ഭയപ്പെടരുത്. അയാൾ സ്വയം ശാസിച്ചു. മരണവുമായി സന്ധി പറഞ്ഞ ഇടവേള മാത്രമാണല്ലോ ജീവിതം. ബെർഗ്മാന്റെ 'സെവൻത് സീലി'ലെ ചതുരംഗക്കളി ഓർത്തുപോയി. ഭയത്തിൽ നിന്ന് സ്വാതന്ത്ര്യം കിട്ടാൻ വേണ്ടി ഇപ്പോൾ വേദാന്തവും ബുദ്ധിസവും വായിക്കുന്നു.

ഇവിടെ ആപത്തുകൾ എപ്പോഴും പതിയിരിക്കുന്നു എന്നാണ് മനസ്സിലാക്കേണ്ടത്. പുറം നാടുകളിലേക്കുള്ള ക്ഷണം ഒന്നും ഒഴിവാക്കാത്ത ചീഫ് എഡിറ്റർ ഈ സെമിനാറിൽ തന്നെ നിയോഗിച്ചത് അതുകൊണ്ടായിരിക്കണം. കഢുഗണ്ണാവയുടെ രഹസ്യം അദ്ദേഹത്തിനോട് പറഞ്ഞതുമില്ല.

എന്തൊരാശ്വാസം. പേരെഴുതിയ ഒരു ബോർഡ് പിടിച്ച ഒരു ചെറുപ്പക്കാരൻ കാത്തു നിൽക്കുന്നു. അയാളുടെ അടുത്തേക്ക് പെട്ടി വലിച്ചുകൊണ്ട് എത്തി.

ഞാൻ തന്നെ പി.കെ വേണുഗോപാൽ." പെട്ടിയുടെ ഉത്തരവാദിത്വം അയാൾ ഏറ്റെടുത്തു. പുറത്തു കടന്നു.

അവസാനം ഒരിക്കലും വരാനിടയില്ല എന്നു കരുതിയ് നാട്ടിൽ ഇതാ ഞാനെത്തിയിരിക്കുന്നു. ശ്രീലങ്ക വൈകിയാണെങ്കിലും ക്ഷണിച്ചിരിക്കുന്നു.

ടാക്സി പുറപ്പെട്ടു. പെട്ടിക്കടകളും ചെറിയ വർക്ക്ഷോപ്പുകളുമുള്ള നിരത്തുവക്കിലേക്ക് നോക്കിയപ്പോൾ വിചാരിച്ചു. ചങ്ങരം കുളം അങ്ങാടി പോലെയുണ്ടല്ലോ. വിമാനത്താവളം ഇത്ര ദൂരെയാവുമെന്ന് വിചാരിച്ചില്ല. നഗരത്തിലേക്ക് മുപ്പത്തഞ്ച് മിനുട്ട്. ഹോട്ടലിൽ രജിസ്റ്ററിൽ ഒപ്പിടുമ്പോൾ –

“വെൽകം മി വേണുഗോപാൽ! ഞാനാണ് ആഷ്‌ലി ഗുണതിലകെ”.

രണ്ടു തവണ ഫോണിൽ സംസാരിച്ചിട്ടുണ്ട്. ഉണ്ടക്കണ്ണുകൾ, താടിയെല്ലിൽ അബദ്ധത്തിൽ ബാക്കിയായ പോലെ ചെറിയൊരു താടിയുടെ സൂചന. പഴയ ഏതോ ഒരു നീഗ്രോ ഗായകന്റെ ഛായയുണ്ടെന്ന് തോന്നി. പേരോർമ്മയില്ല.

കറുത്ത സൂട്ടിനകത്ത് അയാൾ ആകെ വിയർത്തു കുളിക്കുന്നുണ്ട് എന്ന് തോന്നി.

നാലാം നിലയിലെ മുറിയിൽ നിന്ന് നോക്കിയാൽ കടലിന്റെ അംശം കാണാം. മുകളിൽ കൊടി പാറുന്ന കെട്ടിടം. അതിന്റെ മുകളിൽ ഒരു ഹെലികോപ്റ്റർ പറക്കുന്നത് നോക്കി നിൽക്കേ ഗുണതിലകെ പറഞ്ഞു. സെക്യൂരിറ്റി. പ്രസിഡന്റിന്റെ ഓഫീസാണ്”.

അയാൾ ജനാലയിലെ കർട്ടൻ നീക്കി.

“നോക്കൂ, നാവൽ ബോട്ടുകൾ മുന്നിൽ ഗാർഡ് ഡ്യൂട്ടിയുണ്ട്. “

ശ്രീലങ്കയിൽ ആദ്യം വരികയാണെന്ന് പറഞ്ഞു. മുമ്പ് വരാനുദ്ദേശിച്ചതാണ്. എന്തുകൊണ്ടോ കഴിഞ്ഞില്ല. പൂർവകഥകൾ ഇപ്പോഴേ വിസ്തരിക്കേണ്ടെന്ന് വെച്ചു.

"ഭയങ്കര തിരക്കുള്ള ദിവസമായിരുന്നു. അതുകൊണ്ട് എയർ പോർട്ടിലെത്താൻ പറ്റിയില്ല."

"സാരമില്ല. ഇവിടെ വന്നല്ലോ മി.ഗുണതിലക."

"സൗകര്യത്തിൽ എന്നെ ആഷ്‌ലി എന്നു വിളിക്കാം. നമുക്കെന്തെങ്കിലും കുടിക്കാം."

മുറിയിലെ ചെറിയ ഫ്രിഡ്ജിൽ നിന്ന് അയാൾ രണ്ടു ടിൻ ബിയറുകൾ പുറത്തെടുത്തു.

വേണു വേണ്ടെന്ന് പറഞ്ഞു.

"ഓറഞ്ച് ജ്യൂസ്? കോക്ക്."

ഒന്നും വേണ്ട. ദിവസം നാൽപതു യൂണിറ്റ് ഇൻസുലിൻ കുത്തിവെക്കുന്നു. പരാധീനതകളുടെ ചരിത്രം കേൾപ്പിക്കണ്ട.

"വിത്ത് യുവർ പെർമിഷൻ."

ആഷ്‌ലി ആദ്യത്തെ ബിയർ, ടിന്നിൽ നിന്നു തന്നെ കുടിച്ചു, ഒരു മിനുട്ടു കൊണ്ട്. രണ്ടാമത്തേത് പൊട്ടിച്ച് ഗ്ലാസ്സിൽ ഒഴിച്ച് ഒരു സിഗരറ്റ് കത്തിച്ചു.

"ഇപ്പോൾ ഒരാശ്വാസം. എന്തൊരു ദിവസം!"

"ഇപ്പോൾ സ്ഥിതിഗതികൾ എങ്ങനെയുണ്ട്? പൊതുവേ ശാന്തമാണോ?

"എന്നും ശാന്തമാണ്. എന്നും അപകടമുണ്ടാവുകയും ചെയ്യാം. അതാ, ആ മേൽപ്പുര കാണുന്നില്ലേ? ഗോപുരം പോലത്തെ

മേൽപ്പുര. അതിനു താഴെയാണ് പ്രേമദാസയെ കൊല്ലാൻ ബോംബ് പൊട്ടിയത്. കെന്നഡി പറഞ്ഞതാണ് ശരി. ആർക്കെങ്കിലും എന്നെ കൊല്ലണമെങ്കിൽ എത്ര സുരക്ഷാസന്നാഹത്തിനും തടയാനാവില്ല. എന്റെ ജീവനു പകരം സ്വന്തം ജീവൻ കൊടുക്കാനുള്ള സന്നദ്ധത മാത്രം മതി ഒരുത്തന്.''

ആഷ്‌ലി ഗുണതിലകെ ഇൻഫർമേഷൻ വകുപ്പിലെ ഉദ്യോഗസ്ഥനാണ്. മുപ്പത്തഞ്ചിലേറെ പ്രായം വരില്ല. പ്രായമായ ഒരു ഭരണാധികാരിയുടെ പക്വമായ സ്വരത്തിലാണ് അയാൾ സംസാരിക്കുന്നതെന്ന് വേണുഗോപാലൻ ശ്രദ്ധിച്ചു.

''പന്ത്രണ്ടു വയസ്സുകാരെയാണ് ഇപ്പോൾ എൽ.ടി.ടി.ഇ റിക്രൂട്ട് ചെയ്യുന്നത്. പട്ടാള ക്യാമ്പിലെ കൂട്ടക്കൊല കഴിഞ്ഞപ്പോൾ പകരം വീട്ടാൻ പതിനഞ്ചു വയസ്സുകാർ ഞങ്ങളുടെ റിക്രൂട്ടിങ്ങ് ഓഫീസുകളിൽ ദിവസവും ക്യൂ നിൽക്കുന്നു. ഷെല്ലി പറഞ്ഞത് കേട്ടിട്ടുണ്ടോ?

''ആര്?''

ഷെല്ലി. പി.ബി ഷെല്ലി, ഇംഗ്ലീഷ് കവി. യുദ്ധം ഭരണാധികാരികൾക്ക് വിനോദമാണ്. പുരോഹിതർക്ക് ആനന്ദമാണ്, അഭിഭാഷകർക്ക് ഫലിതമാണ്, വാടകക്കൊല യാളിക്ക് വ്യാപാരവുമാണ്.''

അഞ്ചു മിനിട്ടിനിടക്ക് അയാൾ കെന്നഡിയേയും ഷെല്ലിയേയും ഉദ്ധരിച്ചു. അതിഥേയനായി ആഷ്‌ലിയെ കിട്ടിയതിന് ആരോടൊ നന്ദി പറയാതെ വയ്യ.

''മി.ആഷ്‌ലി, ഞാനെഴുതിയിരുന്നു, എനിക്ക് ചില സ്ഥലങ്ങൾ കാണാൻ..''

''നാളത്തെ സെമിനാർ കഴിഞ്ഞാൽ സാറ്റർഡേ, സൺഡേ – ഞങ്ങൾ സൈറ്റ് സീയിങ്ങിന് നീക്കി വെച്ചിട്ടുണ്ട്. കാണാൻ

പലതുണ്ട് ഈ രാജ്യത്ത്. ടൂറിസം വകുപ്പിൽ നിന്ന് ഒരാളുണ്ടാവും.''

''പ്ലീസ്, മി. ആഷ്‌ലി, താങ്കൾ വരൂ.''

''നോക്കട്ടെ, ചരിത്ര സ്മാരകങ്ങൾ എത്ര കണ്ടാലും എനിക്ക് മടുക്കില്ല. നോക്കട്ടേ, പ്രത്യേകിച്ച് വല്ല സ്ഥലങ്ങളും?''

''കാൻഡി''

''അത് എല്ലാവരും കാണും പതിനാലാം നൂറ്റാണ്ടിന്റെ തലസ്ഥാനം. മൂന്നു മണിക്കൂർ ദൂരം. പിന്നെ..?''

സംശയിച്ചുകൊണ്ട് പറഞ്ഞു:

''അതിനടുത്താണെന്ന് തോന്നുന്നു, കഡുഗണ്ണാവ.''

''ഓ കഡുഗണ്ണവ. നമ്മളാ വഴി പോകും. എനിക്കറിയാം, എനിക്കറിയാം.''

ആഷ്‌ലിയുടെ ഭാര്യയുടെ അച്ഛൻ അവിടത്തുകാരനാണ്. കൊളംബോയിലേക്ക് താമസം മാറ്റിയത് എട്ടുപത്തു കൊല്ലം മുമ്പാണ്.

''അദ്ദേഹം ഇപ്പോൾ–''

''മരിച്ചു. കഴിഞ്ഞ ഡിസംബറിൽ.''

കഡുഗണ്ണാവയുടെ പ്രാധാന്യമെന്ത് കേരളത്തിൽ നിന്ന് വരുന്ന ഒരു വയസ്സൻ പത്രപ്രവർത്തകന് എന്ന് അയാൾ ചോദിക്കുമെന്നു പ്രതീക്ഷിച്ചു. ചില കുടുംബക്കാർ പണ്ടവിടെ ഉണ്ടായിരുന്നു എന്ന് മാത്രം മറുപടി പറയാം.

ആഷ്‌ലി സമയം നോക്കി എഴുന്നേറ്റു.

“നാളെ അഞ്ചിന് സെമിനാർ. നാലിന് തയ്യാറായി വന്നാൽ മതി.”

അയാൾ വിസിറ്റിംഗ് ആർഡ് തന്ന് പറഞ്ഞു:

“അതിനിടക്ക് എന്താവശ്യമുണ്ടെങ്കിലും വിളിക്കാം. ഹാവ് എ നൈസ് റെസ്റ്റ്.”

അയാൾ ഒഴിഞ്ഞ ബിയർ ടിന്നുകൾ ഫ്രിഡ്ജിനു മുകളിൽ വെച്ച് പുറത്തു കടന്നു.

“ബൈ”

അൽപം കഴിഞ്ഞ് താഴെയിറങ്ങി ഹോട്ടലിന്റെ ലോബിയിൽ ചുറ്റി നടന്നു. പുസ്തകങ്ങളും സ്റ്റേഷനറിയും വിൽക്കുന്ന ഫ്ലോറിൽക്കയറി. എല്ലാറ്റിനും ഇന്ത്യയെ അപേക്ഷിച്ച് വില കൂടുതലാണെന്ന് കണ്ടു.

ഹോട്ടലിന് പുറത്ത് കുറച്ചുനേരം നിന്നു. കടൽക്കരയിലൂടെ നീണ്ടു പോകുന്ന റോഡിലെ വിളക്കുകൾ പെട്ടെന്ന് തെളിഞ്ഞു. മുന്നിൽ ഒരു മിലിട്ടറി ചെക്ക് പോസ്റ്റ്. അയാൾ തിരികെ നടന്ന് മുറിയിലെത്തി. ഏഴു മണിക്ക് റൂം സർവീസിൽ ഭക്ഷണത്തിന് ഓർഡർ ചെയ്തു. ഉടുപ്പുമാറ്റി കള്ളിമുണ്ട് ഉടുത്ത് സോഫായിൽ സ്വാതന്ത്ര്യത്തോടെ കാൽ മടക്കിവെച്ച് കിടന്നു.

താക്കോൽക്കൂട്ടം ചുഴറ്റിക്കൊണ്ട് ചെറിയ ഇരുമ്പു പെട്ടിമേൽ ഇരുന്ന കുട്ടിയുടെ മുഖം എങ്ങിനെയായിരുന്നു? ശിങ്കളത്തിക്കുട്ടിയുടെ മുഖം? അന്ന് വീട്ടിൽ രണ്ട് കലണ്ടറുകൾ ഉണ്ടായിരുന്നു. ഒന്ന് ബേബി സരോജ ആയിരുന്നോ? അതോ അശ്വത്ഥമ്മയോ? സിനിമയിലെ ആരോ ആയിരുന്നു. മറ്റൊന്ന് ശ്രീകൃഷ്ണന്റെ . അമ്മയുടെ കാൽപ്പെട്ടിയിൽ പരിശോധന നടത്തുമ്പോഴൊക്കെ ശ്രീകൃഷ്ണന്റെ ചുവപ്പുരാശിയുള്ള കണ്ണുകൾ ശാസനയോടെ നോക്കും. സിനിമാ കലണ്ടറിലെ മുഖത്തേക്കാൾ ഭംഗിയുണ്ടായിരുന്നു സിലോണിൽ നിന്നും

വന്ന കുട്ടിക്ക് എന്നതുറപ്പായിരുന്നു. ചതുരമുഖമായിരുന്നു. കഴുത്തിൽ വെച്ച് വെട്ടിയ മുടി...ചിത്രം ഇപ്പോൾ വളരെ അവ്യക്തമാണ് മനസ്സിൽ.

ഈ യാത്ര നിശ്ചയിച്ച ശേഷമാണ് വേണുഗോപാലൻ ദേവിയോപ്പുവിന്റെ വീട്ടിൽ പോയത്. അച്ഛന്റെ മരുമകളാണ് ദേവിയോപ്പു. ഏറ്റവും താഴെയുള്ള മകളുടെ വിവാഹത്തിന് പങ്കെടുക്കാൻ പറ്റില്ല എന്നറിയിക്കാൻ.

“ഇതുംകൂടി കഴിഞ്ഞാൽ ഒരു സമാധാനായി. എന്തോ നല്ല കാലത്തിന് ഇങ്ങനെ ഒരാലോചന വന്നു”

കല്യാണത്തിന് വരുന്ന കാര്യം സംശയമാണ് എന്നു പറഞ്ഞു.

“കുട്ടികള് വരും, ഞാൻ.. ഞാനപ്പോൾ സിലോണിലായിരിക്കും.”

ദേവിയോപ്പുവിന് വിഷമം തോനി.

“ആപ്പീസു കാര്യമാണ്. ഒരു മീറ്റിങ്ങ്,പത്രക്കാരുടെ. പിന്നെ സിലോണായതുകൊണ്ട്...”

“സിലോണിൽ വേണു പോയിട്ടില്ലേ മുമ്പ്”

“ഇല്ല, പോകാൻ പലപ്പോഴും പ്ലാനിട്ടു. നടന്നില്ല. “

ദേവിയോപ്പുവിന് ഓർമ്മ വന്നു. കുട്ട്യേട്ടനും രാജേട്ടനും ചെറുപ്പത്തിലുണ്ടായിരുന്നു. അപ്പുവിന്റെ പ്രസവത്തിനാണ് വലിയമ്മായി സിലോണിൽ നിന്ന് വന്നത്.

അപ്പോൾ കല്യാണത്തിന്റെ ഒരുക്കങ്ങളെപ്പറ്റി അന്വേഷിക്കാൻ ചില ബന്ധുക്കൾ വന്നു.

“ആ, വേണുവിനെ കണ്ടിട്ട് ഇശ്യായി. “

ദേവിയോപ്പു അവരോടായി പറഞ്ഞു.

“വേണു സിലോണിൽ പോവ്വാ.  കല്യാണത്തിന് വരാൻ പറ്റില്ല. വല്യമ്മാമടെ സ്ഥലത്തൊക്കെ പോവാം, വേണൂന്, ഇല്ലേ?.”

അയാൾ ചിരിച്ചു:  പോയി നോക്കാം, ഒരു പക്ഷേ.”

“എന്താ വല്യാമ്മാമടെ സ്ഥലത്തിന്റെ പേര്..എനിക്കോർമ്മ വര്ണില്ല. ഒരു..”

“കഡുഗണ്ണാവ.”

ആ പേര് മറക്കില്ല. ജ്യേഷ്ഠന്മാർ അമ്മക്ക് വിലാസമെഴുതികൊടുക്കുന്ന കത്തുകൾ തപ്പാലിലിടിരുന്നത് വേണുവായിരുന്നു.

അയൽവക്കത്തെ വിശാലാക്ഷിയമ്മ ചോദിച്ചു:

“അവ്ട്ന്നു പണ്ടൊരു കുട്ടി വന്നില്ലേ ദേവി?” ദേവിയോപ്പു പറഞ്ഞു:” അവരൊക്കെ ഉണ്ടോ എന്ന് ആർക്കറിയാം! കാലമെത്ര കഴിഞ്ഞു. ലീലാന്നായിരുന്നു പേര്.”

വേണുഗോപാലൻ നേരത്തെ കണക്കുകൂട്ടിയിരുന്നു. അച്ഛന് അവിടെ ബന്ധമുണ്ടായിരുന്നു എന്നു കേട്ട ശിങ്കളത്തി ജീവിച്ചിരിക്കാൻ ഇടയില്ല. ഉണ്ടെങ്കിൽ തൊണ്ണൂറ് വയസ്സെങ്കിലും ആയിരിക്കണം.

“ലീലക്ക് എന്റെ പ്രായാ. അപ്പോ ഉണ്ടായീന്ന് വരാം.”

വേണുഗോപാലൻ ആത്ഭുതപ്പെട്ടു.  അവളെപ്പറ്റി മുമ്പ് പലരോടും പറഞ്ഞിട്ടുണ്ട്. പറയാൻ രസമുള്ള കഥ. ഒരമ്മക്ക് നാലാൺമക്കൾ. പെൺകുട്ടിയുണ്ടാവാൻ വളരെ മോഹിച്ചു. വിദേശത്തു നിന്ന് ഭർത്താവ് വർഷങ്ങൾക്ക് ശേഷം വന്നപ്പോൾ കൂടെ ഒരു പെൺകുട്ടി.  അത് അച്ഛന്റെ സന്തതി തന്നെ എന്ന് അപവാദം പരന്നപ്പോൾ ആ വീട്ടിൽ കലഹം, കലാപം;

വേണുഗോപാലന്റെ ഓർമ്മയിൽ എന്തുകൊണ്ടോ ആ കുട്ടി തന്റെ താഴെയായിരുന്നു എന്നായിരുന്നു ധാരണ.

“ദേവിയോപ്പു, അവര്... ആ കുട്ടി എന്റെ താഴെയല്ലേ?

“ഹേയ്. നിനക്കന്ന് ഒമ്പതാ. ഞങ്ങള് മാരാത്തട്ടിലെ മുറ്റത്ത് കളിക്കുമ്പഴാ അത് വയസ്സറീച്ചത്. എനിക്ക് നല്ലോർമ്മണ്ട്.”

കുട്ടി അച്ഛന്റെ വീട്ടിലെത്തിയ ശേഷമുള്ള കഥകൾ അന്നു കേട്ടിരുന്നു.

തെക്കെതളത്തിൽ അരിപ്പത്തായത്തിന് താഴെ ഒറ്റ ഇരിപ്പായിരുന്നു, രണ്ടുദിവസം. കുളിമുറിയിലും കക്കൂസിലും കൂടി പോയില്ല. ഒറ്റ ഇരുപ്പ്. ദേവിയോപ്പുവും അമ്മയും ചെറിയമ്മയും ഒക്കെ ശ്രമിച്ചു നോക്കി. അവസാനം സ്ത്രീകൾ സംശയിച്ച് സംശയിച്ച് അച്ഛന്റെ അടുത്ത് ചെന്ന് വിവരം പറഞ്ഞു. പിന്നീട് അവിടത്തെ പെൺകുട്ടികളുടെ കൂടെ പുറത്തിറങ്ങാൻ തുടങ്ങിയത്രെ.

‘’’അന്നതിന് ഒരു പന്ത്രണ്ട് പതിമൂന്ന് വയസ്സുണ്ടാവും. ഒറപ്പാ. ശരീരം നല്ല പുഷ്ടിയുണ്ടായിരുന്നു.”

സിലോണിൽ നിന്ന് വന്ന പെൺകുട്ടി വയസ്സറിയിച്ച സംഭവം ഇതുവരെ അറിഞ്ഞിട്ടില്ല. അപ്പോൾ വേണുഗോപാലൻ കണക്കു കൂട്ടി. അറുപത്തിരണ്ടോ അറുപത്തിമൂന്നോ വയസ്സുണ്ടായിരിക്കണം.

‘അച്ഛൻ വന്ന രാത്രിയിലെ ആഘോഷത്തെപ്പറ്റി ഓർമ്മയുണ്ട്. വടക്കെ മുറ്റത്ത് രണ്ട് കോഴിയെ അറുത്തു. മൂത്ത ജ്യേഷ്ഠൻ അച്ഛൻ കൊണ്ടുവന്ന ഗ്രാമഫോണിൽ റിക്കോഡുകൾ വെച്ചു. മുകളിലെ തെക്കെ മുറിയിൽ അച്ഛൻ അമ്മാവന്മാരേയും അധികാരികളേയും സൽക്കരിച്ചു. രാത്രി വളരെ കഴിയുന്നതുവരെ തമിഴ്പ്പാട്ടുകൾ പത്തായപ്പുരയുടെ മുകളിൽ നിനും കേട്ടു. ആ രാത്രിയിൽ എപ്പോഴോ വിരുന്നുകാർ പോയ

ശേഷം അച്ഛനും അമ്മയും തമ്മിൽ കലഹിച്ചു. പുറത്തെ മുറിയിൽ ഉറക്കം ഞെട്ടിയപ്പോൾ കേൾക്കുന്നത് അമ്മയുടെ ഉച്ചത്തിലുള്ള സംസാരമാണ്. ശിങ്കളത്തിയുടെ കാര്യം കൂടെ വന്ന അമ്മാവൻ പറഞ്ഞതാണത്രെ.

പിറ്റേന്ന് പെൺകുട്ടിയേയും കൊണ്ട് അച്ഛ സ്വന്തം നാടായ വന്നേരിയിലേക്ക് പോയി. മൂന്നുമാസം അവിടെ താമസിച്ച ശേഷം തിരിച്ചുപോയെന്നും കേട്ടു.

മക്കളാരും വന്നേരിയിലേക്ക് പോയില്ല. പോകാൻ എല്ലാവർക്കും താൽപര്യമാണ്. ഇളയകുട്ടിയായ വേണുഗോപാലനു പ്രത്യേകിച്ചും. കാരണം അച്ഛന്റെ വീട്ടിൽ വൈകുന്നേരത്തെ ചായയ് ക്ക് പലഹാരമുണ്ടാവും. ഈന്തിൻ പൊടികൊണ്ടും രായിപ്പുല്ലുകൊണ്ടുമുള്ള ഓട്ടട അവിടത്തെ വിശേഷമാണ്. മത്തോക്ക് പൊടികൊണ്ട് പായസം വെക്കുന്ന ഒരത്ഭുതവിദ്യയും അടുക്കളഭരണം നടത്തുന്ന അമ്മുവോപ്പിനറിയാം. അവർ ഇടക്ക് അയിനിക്കുരു വറുത്തു തരും, ഓപ്പയുടെ ചെറിയ കുട്ടി.

പക്ഷേ അമ്മ പറഞ്ഞു, എല്ലാവരോടുമായി:

''ഉള്ള കഞ്ഞീം ചോറും കഴിച്ച് ഇവിടെ ഇരുന്നാൽ മതി. ആരും പോണ്ട എവടയ് ക്കും.''

ബെയറർ ഭക്ഷണം കഴിച്ച പാത്രങ്ങൾ നീക്കം ചെയ്തു. ജനാലയുടെ കർട്ട ൻ നീക്കി കണ്ണാടിച്ചില്ലൂടെ പുറത്തേക്ക് നോക്കിനിനു. ഹെലികോപ് റ്ററിന്റെ ശബ്ദം അപ്പോഴും കേൾക്കാം. ഗൺബോട്ടുകൾ ഇപ്പോൾ കാണുന്നില്ല. താഴെ റോഡുവക്കിൽ പട്ടാളം കാവൽനിൽക്കുന്ന ബൂത്തിൽ തീക്കണ്ണുപോലെ ഇടക്കിടെ ഒരു സിഗരറ്റ് എരിയുന്നു.

വാഹനഗതാഗതം മിക്കവാറും നിലച്ചിരിക്കുനു. പക്ഷേ നഗരം ഉറങ്ങുന്നില്ല. പ്രഭാതത്തിന്റെ വെളിച്ചം അറിയാൻ വേണ്ടി ഒരു വിടവിട്ട് കർട്ടൻ നീക്കി അയാൾ കിടന്നു.

രാവിലെ ആഷ്‌ലി ഗുണതിലകയെ വിളിച്ചു. ആരും എടുക്കുന്നില്ല. മൂന്നാമത്തെ തവണ ശ്രമിച്ചപ്പോൾ കിട്ടി.

"ഡിഡ് യു സ്ലീപ് വെൽ?"
"യെസ്, ഫൈൻ."

സെമിനാറിന്റെ പേപ്പർ നേരത്തെ കോപ്പിയെടുത്ത് വിതരണം ചെയ്യണോ? വേണ്ട. ബംഗ്ലാദേശുകാരൻ എത്തിയിട്ടില്ല. ബോംബെയിൽ നിന്നും പട്ടേൽ വന്നിട്ടുണ്ട്...."

"ആഷ്‌ലി, നാടു കാണുന്ന പരിപാടി."

"ശരിയാക്കം. ശരിയാക്കാം. ഡോണ്ട് വറി. നാലുമണിക്ക് കാറു വരും. ബി റെഡി."

സാർക്ക് രാജ്യങ്ങളുടെ പത്രക്കാരുടെ സെമിനാറിൽ ഒരു പി.കെ വേണുഗോപാലൻ നായർ കൂടിയുണ്ട് എന്നു കേൾക്കുമ്പോൾ – അവശേഷിച്ച മലയാളികളിൽ ആരെങ്കിലും വന്നുകൂടെന്നില്ല. പ്രായം ചെന്നവരിൽ ആർക്കെങ്കിലും ഒരു പക്ഷേ അച്ഛനെ പരിചയമുണ്ടായിരുന്നുവെങ്കിൽ...

സിലോൺ മലയാളികൾക്കിടയിൽ അച്ഛൻ കുറച്ചൊക്കെ പ്രസിദ്ധനായിരുന്നു എന്നാണ് മൂത്തജ്യേഷ്ഠൻ പറയുന്നത്. മലയാളി ഹൈക്കമ്മീഷണർക്ക് കൊടുത്ത സ്വീകരണത്തിന്റെ ഫോട്ടോ ഒരിക്കൽ ജ്യേഷ്ഠൻ അച്ഛന്റെ പെട്ടിയിൽ കണ്ടിട്ടുണ്ട്. അതിൽ പിൻ നിരയിൽ നിൽക്കുന്നവരുടെ കൂട്ടത്തിൽ അച്ഛനുണ്ടായിരുന്നു എന്ന് ജ്യേഷ്ഠന് ഉറപ്പാണ്.

രാജേട്ടന് എന്തിലും സംശയമായിരുന്നു. "അച്ഛന്റെ വിലാസം തന്നെ അതിന് തെളിവല്ലേ? കെ.എം നായർ, കഡുഗണ്ണാവ, സിലോൺ എന്നുമാത്രമായിരുന്നല്ലോ വിലാസം! ജ്യേഷ്ഠൻ തർക്കിച്ചു.

പ്രായം ചെന്ന മലയാളികൾ ആരെങ്കിലും കാണുമെന്ന നേർത്ത പ്രതീക്ഷയുണ്ടായിരുന്നു.

മൂന്നുദിവസം മിനക്കെട്ടിരുന്ന് എഴുതിയുണ്ടാക്കിയ പ്രബന്ധവും കൊണ്ട് സെമിനാർ ഹാളിൽ ചെന്നപ്പോൾ ആകെ പത്തുപതിനഞ്ചുപേർ കൂടി വന്നെത്തി. ഹാളിന്റെ പുറത്ത് നിന്നു. ഇല്ല, മലയാളിയുടെ പേരുകണ്ട് ആരും വന്നിട്ടില്ല. സ്റ്റേജിൽ ആകെ ആറു പേർ. പഴയ വ്യവസ്ഥാപിതശക്തികളും പുതിയ ഉയിർത്തെഴുന്നേൽക്കുന്ന ശക്തികളും തമ്മിലുള്ള സംഘർഷത്തെപ്പറ്റിയൊക്കെ ഉൽഘാടനം ചെയ്ത ശ്രീലങ്കൻ ഉദ്യോഗസ്ഥൻ പറയുമ്പോൾ എല്ലാം കേൾക്കുന്നു ശ്രദ്ധിക്കുന്നു എന്ന ഭാവത്തിലിരുന്നു.

വിചാരിച്ചതിലും നേരത്തെ കഴിഞ്ഞു, സമ്മേളനം.

ആഷ്‌ലി സദസ്സിന്റെ കൂട്ടത്തിലായിരുന്നു. രാവിലെ എട്ടുമണിക്ക് പുറപ്പെടാം. രാത്രി അനുരാധപുരത്ത് താമസം. ടൂറിസം വകുപ്പിന്റെ അതിഥിയായിട്ടാണ് സഞ്ചരിക്കുക. അവരുടെ വാഹനം.

ആഷ്‌ലി, താങ്കൾ വരണം.''

''നോക്കട്ടേ.''

''അത് പറഞ്ഞാൽ പറ്റില്ല.''
നേരത്തെ ഫോണിലും കത്തിലും ബന്ധപ്പെട്ടതുകൊണ്ടാവാം, അയാൾ ഒരടുത്ത സുഹൃത്താണെന്ന തോന്നലുണ്ടായി.

രാത്രി മഴ പെയ്തു. പക്ഷേ രാവിലെ ആകാശം പ്രസന്നമായിരുന്നു.

രാവിലെ എട്ടരക്ക് ആഷ്‌ലി ടൂറിസം വകുപ്പിന്റെ കാറിൽ വന്നു.

യാത്രയിൽ ആഷ്‌ലി യുടെ കുടുംബകാര്യങ്ങളന്വേഷിച്ചു. രണ്ടു മക്കൾ. പെൺകുട്ടികളാണ്. ഭാര്യ ഒരു ബാങ്കിൽ ജോലി

ചെയ്യുന്നു. ആഷ്‌ലി പഠിച്ചത് ലണ്ടനിലാണ്. ലണ്ടനിലെ സിലോൺ എംബസിയിൽ രണ്ടുവർഷം ജോലി ചെയ്തിട്ടുണ്ട്.

ആഷ്‌ലിക്ക് സിലോണിന്റെ ചരിത്രവും ഇതിഹാസവുമൊക്കെ കൃത്യമായറിയാം. വർഷങ്ങളും കണക്കുകളും കൂടി കൃത്യം. ദേവനാംപ്രിയ തിസ്സയുടെ കാലഘട്ട ത്തെപ്പറ്റി ചരിത്രസ്മാരകങ്ങളുടെ ഇടയ് ക്ക് നടന്നുകൊണ്ട് അയാൾ പറഞ്ഞു. മിഹിന്ദലെ. ആദ്യത്തെ ബുദ്ധവിഹാരം. അശോകന്റെ മകൻ മഹേന്ദ്രനാണ് ഇവിടെ ബുദ്ധമതത്തിന്റെ സന്ദേശവാഹകനായി വന്നത്. മഹേന്ദ്രന്റെ പേരിൽ നിന്ന് മിഹിന്ദലെ. മകൾ സംഗമിത്ര കൊണ്ടു വന്ന ബോധിവൃക്ഷക്കൊമ്പാണ് ഇവിടെ സ്ഥാപിച്ചത്. ‘‘വേണമെങ്കിൽ കുറിച്ചെടുത്തോളൂ. സംഗമിത്ര. ബി.സി മൂനാം നൂറ്റാണ്ട്. ചുറ്റും മതിൽക്കെട്ടിയത് വിക്രമരാജസിംഹൻ.’’

അയാൾ ആഷ്‌ലിയെ തൃപ്തിപ്പെടുത്താൻ കുറിപ്പുകളെഴുതി. ആവശ്യമുണ്ടായിട്ടല്ല.

മതിൽക്കെട്ടിനു ചുറ്റും പട്ടാളം താവളമടിച്ചിരുന്നു. ഒരിക്കൽ തീർത്ഥാടകരേയും കൊണ്ട് ഒരു ടൂറിസ്റ്റ് ബസ്സ് വന്നു നിന്നു. പുറത്തിറങ്ങിയ ഭക്തർ മഞ്ഞവസ്ത്രം നീക്കിയപ്പോൾ എ.കെ.റൈഫിളുകളുമായി തമിൾ വിപ്ലവകാരികളായിരുന്നു. വെടിവെപ്പിൽ മരിച്ചത് അറുപത്തേഴുപേർ. പ്രാർത്ഥിക്കുന്നവരും വഴിവക്കിൽ അർച്ചനക്കുള്ള പൂക്കൾ വിറ്റിരുന്നവരും അതിൽ പെടും. അതിന്റെ ശേഷമാണ് പട്ടാളം കാവൽ നിൽക്കാൻ തുടങ്ങിയത്.

ബോധിവൃക്ഷത്തിന്റെ മുമ്പിലുള്ള മണ്ഡപത്തിൽ , ഒരു പൂത്തട്ടം വാങ്ങി, അഞ്ചു വെള്ളപ്പൂക്കൾ വെച്ച് ആഷ്‌ലി ഗുണതിലകെ പ്രാർത്ഥിച്ചുകൊണ്ട്് ഒരു മിനുട്ട് നിന്നു.

‘‘ആഷ്‌ലി , നിങ്ങൾ?’’

‘‘ഞാൻ ബുദ്ധിസ്റ്റാണ്.’’

ബ്രിട്ടീഷ് ഭരണകാലത്ത് സ്ക്കൂൾ അഡ്മിഷനുവേണ്ടി പലരും ക്രിസ്ത്യൻ പേരുകൾ സ്വീകരിച്ചു. തലമുറകളായി ആ പേരുകൾ പകർന്നുവെന്ന് മാത്രം. എന്റെ മുത്തച്ഛനും ആഷ്‌ലിയായിരുന്നു.

സമാധി ബുദ്ധപ്രതിമയും ചെമ്പുകൊട്ടാരവും കണ്ടു നടക്കുമ്പോൾ ആഷ്‌ലി പറഞ്ഞു

'ബുദ്ധമതം സ്വീകരിച്ച രാജാവ് പട്ടാളത്തെ പിരിച്ചു വിട്ടു. പട്ടാളക്കാർ കുളങ്ങളും നദികളും ഉണ്ടാക്കി. കൃഷി ചെയ്തു. കുതിരക്കച്ചവടം ചെയ്യാൻ തമിഴ്നാട്ടിൽ നിന്ന് വന്ന രണ്ട്പേർ പട്ടാളമില്ലാത്ത ഒര് നാടുകണ്ട് കണക്കു കൂട്ടി. മടങ്ങിപ്പോയി ആറു തോണികളിൽ കുറച്ച് പട്ടാളക്കാരുമായി വന്ന് രാജ്യം പിടിച്ചടക്കി. അതാണ് ആദ്യത്തെ ആക്രമണത്തിന്റെ കഥ.

"എന്നും ആക്രമണത്തിന് തരം നോക്കിയവർ നിങ്ങളാണ്."

ആഷ്‌ലി ചിരിച്ചുകൊണ്ട് പറഞ്ഞു.

പഴയ വിഹാരങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ നടന്ന് അയാൾ തളർന്നു പോയിരുന്നു.

നുവാര മേവാ തടാകത്തിന്റെ കരയിലെ റെസ്റ്റ് ഹൗസിലാണ് താമസത്തിന് ഏർപ്പാടു ചെയ്തിരുന്നത്.

'ഓൾഡ് ആരക്കി'ന്റെ കുപ്പി പുറത്തെടുത്ത് ആഷ്‌ലി പറഞ്ഞു.

"ഫോറിൻ വിസ്കിയേക്കാൾ എനിക്കിഷ്ടം ഇതാണ്."

കൂട്ടുചേരാൻ പറ്റാത്ത രോഗാവസ്ഥകളെപ്പറ്റി പറഞ്ഞ് ഒഴിഞ്ഞുമാറി. പുറത്ത് ഇരുട്ടായിരുന്നു.

"നാളെ കറുത്ത വാവാണ്."

പിറ്റേന്നത്തെ പരിപാടികളെപ്പറ്റി അറിയാനായിരുന്നു ഉൽക്കണ്ഠ.

“ഞാൻ പറഞ്ഞത് ഓർമ്മയുണ്ടല്ലോ.”

“ഓ യെസ്, കഡുഗണ്ണാവ. നമ്മളാവഴി പോകും. കഡുഗണ്ണാവയിൽ --നല്ലസുഖം. ചുരത്തിൽ നിന്നുള്ള കാഴ്ചബംഗിയുണ്ട്. പക്ഷേ മറ്റൊന്നുമില്ല. “

സംശയിച്ച് സംശയിച്ച് വേണു പറഞ്ഞു. എന്റെ അച്ഛൻ മുമ്പ് കുറച്ചു കാലം അവിടെ ജോലി ചെയ്തിരുന്നു എന്ന് കേട്ടിട്ടുണ്ട്. വേറെയും ചില നാട്ടുകാർ, ഒരമ്മാവൻ...”

“ദാറ്റീസ് ഇൻക്രെഡിബിൾ! നമുക്ക് പോവാം.”

കോളേജ് വിട്ട ശേഷമാണ് അച്ഛൻ തിരിച്ചെത്തിയത്. ആഷ്‌ലി ചരിത്രാതീത കാലത്തിന്റെ കഥകൾ പറയുമ്പോൾ അയാൾ താൽപര്യപൂർവ്വം കേൾക്കുന്നതായി ഭാവിച്ചു.

മുപ്പത്തൊന്ന് വർഷം സിലോണിൽ കഴിഞ്ഞ് മടങ്ങുമ്പോൾ ഒരു പാട് പണം കൊണ്ടുവരുമെന്ന് വീട്ടുകാരും നാട്ടുകാരും കണക്കു കൂട്ടിയിരുന്നു. അമ്മ മരിച്ചിരുന്നു.

അമ്മയുള്ള കാലത്ത് രണ്ട് തവണ കൂടി അച്ഛൻ നാട്ടിൽ വന്നു. വീട്ടിൽ രാവിലെ വരും. വൈകുന്നേരം വന്നേരിക്ക് മടങ്ങും. അടുക്കളയിൽ പ്രത്യേകമായി രണ്ടുപ്പേരിയുണ്ടാക്കാനും മുട്ട വറുക്കാനും അമ്മ ഏല്പിക്കും. പക്ഷേ അച്ഛന്റെ മുമ്പിൽ വന്നില്ല. ഊണിന്റെ സമയമാവുമ്പോൾ പറയും: “ഇലവെച്ചിരിക്കുണു, അച്ഛനെ വിളിച്ചോ.”

അമ്മയെ സഹായിക്കാൻ നിന്നിരുന്ന മീനാക്ഷിയേടത്തിയാണ് വിളമ്പിയിരുന്നത്.

ദേവിയോപ്പുവിന്റെ ജ്യേഷ്ഠൻ, അച്ഛന്റെ മൂത്ത മരുമകൻ അച്ഛന്റെ കെട്ടിയിരുപ്പിന്റെ കാര്യം സ്വകാര്യമായി അന്വേഷണം നടത്തി. നേരിട്ട് ബാങ്കിലേക്കയച്ചിരിക്കുമെന്ന് സ്വകാര്യമായി പറഞ്ഞു.

നാട്ടുപ്രമാണിമാർ ദിവസവും വിരുന്നിന് വന്നു. പത്തായപ്പുരക്ക് മുമ്പിൽ ബ്രാണ്ടിക്കുപ്പികൾ തുറക്കും സന്ധ്യയാവുമ്പോൾ. ചിക്കിവറുത്ത മുട്ടയും പപ്പടവും മുകളിലേക്ക് എത്തിച്ചിരുന്നത് വിജയേട്ടനായിരുന്നു. സിലോണിൽ നിന്ന് കൊണ്ടു വന്ന കുപ്പികൾ തീർന്നപ്പോൾ തൃശൂരിൽ നിന്ന് വാങ്ങാൻ പോയിരുന്നതും വിജയേട്ടൻ തന്നെ. പത്തു ദിവസം കഴിഞ്ഞപ്പോൾ അച്ഛൻ ഉണ്ണീരി വാറിയ റാക്കു കുപ്പി നാട്ടുപ്രമാണിമാരുടെ മുമ്പിൽ വെച്ച് പറഞ്ഞു:

“ ഉണ്ണീരിയില്ലേ? നമ്മുടെ പുറം പറമ്പിലെ ഉണ്ണീരി. അവന്റെ റാക്കിന്റടുത്ത് ഒരു ഫോറിൻ ബ്രാണ്ടിയും നിൽക്കില്ല.” പ്രമാണിമാർ സമ്മതിച്ചു. പിറ്റേന്നു മുതൽ വൈകുന്നേരം അച്ഛൻ തനിച്ചായി.

ഓൾഡ് ആരക്ക് പകുതിയായപ്പോൾ ആഷ്ലി എഴുന്നേറ്റു. അയാളുടെ നെറ്റിയിൽ നിന്ന് വിയർപ്പൊഴുകിയിരുന്നു. ലണ്ടൻ വാസക്കാലത്തെ ഒരനുരാഗത്തിന്റെ കഥ പറയണമെന്നുണ്ടായിരുന്നു ആഷ്ലിക്ക്. അത് പിറ്റേന്നാവട്ടെ എന്നു വച്ചു.

ഡൈനിങ്ങ് ഹാളിൽ ഇരുന്ന് ഭക്ഷണം കഴിക്കുമ്പോൾ ആഷ്ലി നിശ്ശബ്ദനായിരുനു. തിരിച്ച് കോണി കയറുമ്പോൾ അയാളുടെ കാലിടറി. പിടിച്ചപ്പോൾ അയാൾ ചിരിച്ചു.

“സാരമില്ല, ഓൾഡ് ആരക്ക് ശരിക്കും ചവിട്ടുന്നുണ്ട്.”

അയാളുടെ വാതിൽ തുറക്കാൻ സഹായിക്കേണ്ടി വന്നു.

“ഗുഡ്നൈറ്റ്.”
“ഗുഡ്നൈറ്റ്.”
എതിർവശത്തെ സ്വന്തം മുറിയിൽ തനിച്ചായപ്പോൾ ഷൂസ് അഴിച്ചു. കാലുകൾക്ക് മോക്ഷം , നിർവൃതി. ദീർഘയാത്രകൾ തനിക്ക് പറ്റിയതല്ല എന്നുറപ്പായിരിക്കുന്നു.

ഡിറ്റക്ടീവ് നോവലുകൾ രാപ്പകലുകൾ വായിച്ചിരുന്ന വിജയേട്ട ൻ വീട്ടിലെ സ്ത്രീകളുടെ അനുഗ്രഹാശ്ശിസ്സുകളോടെ ശരിയായ അപസർപ്പക വിദ്യ തുടങ്ങിയത്രെ. അച്ഛന് വരുന്ന കത്തുകൾ വഴിക്കു വെച്ചു തന്നെ തപാൽ ശിപായിയിൽ നിന്നും കൈക്കലാക്കും. അടുക്കളയിൽ ആവിയിൽ പിടിച്ച് തുറന്നു വായിച്ചശേഷം ഉണക്കി പത്തായപ്പുരയിൽ എത്തിക്കും. പുതിയ അറിവുകളൊന്നും കിട്ടിയില്ല. താക്കോൽക്കൂട്ടം എപ്പോഴും അച്ഛന്റെ കൈവശം ഉണ്ടായിരുന്നു. പഴയ താക്കോലുകൾ തിരഞ്ഞു പിടിച്ച് പലവട്ടം ശ്രമിച്ച് ഒരിക്കൽ വിജയേട്ടൻ പെട്ടി തുറന്നു. പെട്ടിയിൽ രേഖകളില്ല, ആധാരങ്ങളില്ല. ഇടപാടും അവസാനിച്ച് ക്യാൻസൽ ചെയ്ത കോഴിക്കോട് ഇംപീരിയൽ ബാങ്കിന്റെ ഒരു പഴയ ബുക്ക് മാത്രമേ ഉള്ളൂ. മാധവമാമയുടെ വിലാസമെങ്കിലും കിട്ടുമെന്ന് കരുതിയത് വെറുതേ –

വിജയേട്ടൻ മരിച്ചപ്പോൾ ജോലി പത്രത്തിന്റെ ദൽഹി ഓഫീസിലായിരുന്നു. അടുത്ത വരവിന് വന്നേരിയിൽ പോയി. പെങ്ങമ്മാർ ചെറുപ്പകാലത്തെ കഥകൾ പറഞ്ഞ് വിജയേട്ടനെ ഓർത്ത് കരഞ്ഞു. അതിനിടക്ക് അപസർപ്പക വീരനായ കാലവും ഓർമ്മിച്ച് ഇടയ് ക്ക് ചിരിച്ചു.

“അച്ഛൻ പണ്ടൊന്നും കൊണ്ടുവരാത്തത് എന്താന്നറിയോ്വാ വേണൂന്?”

അച്ഛന് നാട്ടിലെത്തിയ മുതൽ പണത്തിന് വിഷമമായിരുനു. തേങ്ങാക്കുറ്റിക്കാരനിൽ നിന്ന് പണം വാങ്ങാൻ തുടങ്ങിയപ്പോൾ അതുവരെ ഗൃഹഭരണം നടത്തിയിരുന്ന അനുജൻ പറഞ്ഞു: ‘ ഇനി ഏട്ടനുണ്ടല്ലോ. ഏട്ട ൻ കാര്യം നോക്കിയാൽ മതി. “ എന്നിട്ട് അകലത്തെ ഭാര്യാവീട്ടിലേക്ക് താമസം മാറ്റി. തോട്ടത്തിൽ നിന്നുള്ള വരുമാനം കൊണ്ട് ഒതുങ്ങി ജീവിച്ചു.

വിജയേട്ടൻ അവസാനം കണ്ടെത്തിയത്രെ. കുറെ വർഷങ്ങൾക്ക് ശേഷം . എങ്ങനെ എന്നറിയില്ല. പോരുമ്പോൾ

സ്വത്തുണ്ടായിരുന്നു. ഒരു റബ്ബർ തോട്ടാം. എല്ലം ശിങ്കളത്തിയുടെ മകൾക്ക് കൊടുത്ത് കല്യാണവും നടത്തിയിട്ടാണ് അച്ഛൻ സിലോൺ വിട്ടത്...

അത് വേണുവിനും പുതിയ അറിവായിരുന്നു.

"എങ്ങനെ അറിഞ്ഞു?"

സിലോണിലെ പല അഡ്രസ്സിലും വിജയൻ
കത്തെഴുതിയിരുന്നു. അങ്ങനെ അറിഞ്ഞതാവും."

താഴെയുള്ള അച്ഛൻ പെങ്ങൾ പറഞ്ഞു:

" അത് കഷ്ടപ്പെടാണ്ട് കിടക്കട്ടേ. നമ്മടെ
ചോരേലുള്ളതായാലും അല്ലെങ്കിലും ഒരു പെ ങ്കുട്ട്യല്ലേ?"

അപ്പോൾ വേണുവിന് അസ്വാസ്ഥ്യം തോന്നി. മുന്നൂറ് ഉറുപ്പിക ശമ്പളം പറ്റുമ്പോഴും നൂറുറുപ്പിക അച്ഛനയച്ചിരുന്നു. മക്കളാരും ശ്രദ്ധിക്കുന്നില്ല , അന്വേഷിക്കുന്നില്ല എന്ന പരാതി കാണുന്നവരോടൊക്കെ പറയും. അവിടെ കൊടുത്തത് റബ്ബർ തോട്ടം. സംഖ്യയുടെ കണക്ക് അറിയില്ല. അതു വേറെ. അസ്വാസ്ഥ്യം രോഷമായി.

പിറ്റേന്ന് കടും ചുവപ്പ് നിറമുള്ള ഒരു ടീ ഷർട്ടും ജീൻസുമിട്ട് രാവിലെ തന്നെ ആഷ്ലി വാതിൽക്കൽ മുട്ടി.

"റെഡി, മിസ്റ്റർ വേണു?"

അയാൾ റെഡിയായിരുന്നില്ല.

പോലനരുവയിലേക്ക്. പരാക്രമസാഗരം നിർമ്മിച്ച രാജാവ് പരാക്രമബാഹു. പാതിരാത്രിക്ക് ജോലിക്കാരെ വിളിച്ച് കരിങ്കല്ലിൽ തന്റെ അപദാനങ്ങൾ കൊത്തിവച്ചിരുന്ന നിശ്ശാങ്കമല്ലൻ.

"നമ്മളെപ്പോൾ കഡുഗണ്ണാവയിലെത്തും?" "അടുത്ത സ്റ്റോപ്പ് കാൻഡി. കാൻഡിയിലാണ് ഉച്ചഭക്ഷണം. അതിനടുത്തു തന്നെ കഡുഗണ്ണാവ. സിഗിരിയ കാണണ്ടേ?"

വലിയ താൽപര്യം കാണിച്ചില്ല.....അഞ്ചാം നൂറ്റാണ്ടിലെ രാജാവായ ദത്തസേനന്റെ കഥ ആഷ്‌ലി പറഞ്ഞു. പതിനെട്ട് വർഷം തമിഴ് പടകളുമായി യുദ്ധം ചെയ്ത രാജാവ്. മരുമകനും വെപ്പാട്ടിയിലെ മകനും ചേർന്ന് രാജാവിനെ തടവിലാക്കി.. പട്ടമഹിഷിയിലെ മകൻ ഇന്ത്യയിലേക്ക് ഓടിപ്പോയി.

ഭരണം പിടിച്ചുപറ്റിയതോടെ കൊട്ടാരത്തിൽ സ്വർണ്ണവും രത്നവും സമ്പത്തും കാണാതെ കാശ്യപൻ അസ്വസ്ഥനായി. ഇടക്കിടെ അച്ഛനെ ചോദ്യം ചെയ്തു. നിക്ഷേപങ്ങൾ എവിടെ?

ദത്തസേനന്റെ കഥയിൽ പൊടുന്നനെ വേണുവിന് താൽപര്യം തോന്നി. അച്ഛന്റെ നിക്ഷേപം കാണാതെ രോഷം കൊണ്ട മക്കളും പല കാലത്തുമുണ്ടായിരുന്നു.

"എന്നിട്ട്?"

"താനുണ്ടാക്കിയ വിശാലമായ കുളംവരെ പോകാൻ അനുവദിച്ചാൽ നിക്ഷേപം കാണിച്ചു തരാമെന്ന് രാജാവ് പറഞ്ഞു. തേരിലേറ്റി രാജാവിനെ അയച്ചു. കുളത്തിലെത്തിയ രാജാവ് ഉല്ലാസഭരിതനായി. കുളത്തിലിറങ്ങി വെള്ളം കുടിച്ചു. നീന്തിക്കുളിച്ചു. കുളത്തിൽ കൂത്താടിക്കൊണ്ട് പറഞ്ഞു: " ദാ, ഇതു തന്നെ എന്റെ നിധി." കാശ്യപൻ രാജാവിനെ ഉടൻ ജീവനോടെ കല്ലറയിൽ അടക്കം ചെയ്തുവെന്നാണ് കഥ.

അപ്പോൾ സിഗിരിയ കാണാമെന്ന് അയാൾ നിശ്ചയിച്ചു. കാട്ടിനു നടുവിൽ ഒറ്റപ്പെട്ട ഒരു പാറക്കുന്നായിരുന്നു സിഗിരിയ. ചുറ്റും പഴയ കിടങ്ങുകളുടേയും മതിൽക്കെട്ടുകളുടേയും അവശിഷ്ടങ്ങളുണ്ട്. ഇന്ത്യയിലേക്ക് പോയ കിരീടാവകാശിയെ ഭയന്നുകൊണ്ട് കാശ്യപൻ കുന്നിൻ

മുകളിൽ ഒരു കൊട്ടാരം പണിചെയ്തു. ഒറ്റവഴിയേയുള്ളൂ. അത് സിംഹത്തിന്റെ വായിലൂടെയാണ്. ഒരാൾക്ക് മാത്രം കയറിപ്പോകാവുന്ന വഴിയുണ്ടാക്കി മുകളിൽ ഇരുന്ന് രാജ്യം ഭരിച്ചു.

"മൊഗല്ലനൻ. മൊഗല്ലനൻ തിരിച്ചുവന്നു. സൈന്യങ്ങളുമായി വന്ന് വെല്ലുവിളിച്ചപ്പോൾ കാശ്യപൻ മലമുകളിലെ കൊട്ടാരത്തിൽ നിന്ന് ഇറങ്ങി വന്നു. യുദ്ധത്തിൽ തോറ്റപ്പോൾ ഉടവാൾ കഴുത്തിലിറക്കി ആത്മഹത്യ ചെയ്തു."

സിംഹ കവാടത്തിന്റെ ഒതുക്കുകൾക്ക് മുമ്പിൽ നിന്നു. കൂറ്റൻ സിംഹ പ്രതിമയുടെ ഇടത്തെ മുൻകാൽ ഇപ്പോഴും അവശേഷിച്ചിട്ടുണ്ട്. മൂന്നു നഖങ്ങൾ. അവയ് ക്കിടയിൽ കയറി നിന്ന് തടവിക്കൊണ്ട് ആഷ്ലി പറഞ്ഞു:

"നോക്കൂ, നഖം എന്റെ മുട്ടിനുള്ളിൽ! സിംഹത്തിന്റെ വലിപ്പം നിങ്ങൾക്കൂഹിക്കാം."

'മുകളിലേക്കുള്ള ഒതുക്കുകളുടെ പാർശ്വത്തിൽ പത്ത് സുന്ദരിമാരുടെ ചിത്രങ്ങളുണ്ടായിരുന്നു. എതിർവശത്ത് കണ്ണാടി പോലെ മിനുപ്പിച്ച ഭിത്തിയിൽ സഞ്ചാരികൾ ഓരോ കാലത്ത് എഴുതി വെച്ചത് സൂക്ഷിച്ചിട്ടുണ്ട്.

"വരൂ."
അയാൾ പ്രയാസപ്പെട്ടു കയറി.
ആഷ്ലി ചില എഴുത്തുകൾ വായിച്ചുകൊടുത്തു. "താഴെ സിംഹരാജാവിനെ കണ്ടു. മുകളിലെ രാജാവിന്റെ സ്ഥലം കാണണമെന്നില്ല", ഒരാൾ എഴുതിയിരിക്കുന്നു.

ആഷ്ലി വളരെ നേരം ചുവരിനു മുമ്പിൽ വായിച്ചും രസിച്ചും നിന്നു.

"നോക്കൂ, ഇത് ഒമ്പതാം നൂറ്റാണ്ട്. ഇയാൾ കവിയായിരിക്കണം. ഈ വരി നോക്കൂ: എനിക്കിവിടെ സ്വപ്നത്തിലൊരാകാശം കിട്ടി." താഴെ കരിങ്കല്ലിൽ കെട്ടുകൾ ചിതറികിടക്കുന്ന ഈ സ്ഥലത്താണ് മൊഗല്ലനന്റെ സൈന്യം നിരന്നിരിക്കുക.

"ഇത്ര അടുത്തെത്തും വരെ കാശ്യപന്റെ പട്ടാളക്കാർ എന്തു ചെയ്തു?"

കറുത്ത വാവിന്റെ രാത്രിയിലാണ് സൈന്യം എത്തിയത്. ആഷ്‌ലി വിശദീകരിച്ചു.

ഉച്ചയ്ക്ക് കാൻഡിയിലെത്തി. ബുദ്ധന്റെ ദന്തം സൂക്ഷിച്ച മഹാക്ഷേത്രത്തിൽ ആഷ്‌ലി അഞ്ചു വെള്ളപൂക്കൾ അർപ്പിച്ച് പ്രാർത്ഥന നടത്തി.

തടാകത്തിന്റെ കരയിൽ താഴത്തെ ഉദ്യാനങ്ങളും കാൻഡിയൻ രാജ്ഞിമാരുടെ സ്നാനഗൃഹങ്ങളും ചൂണ്ടിക്കാണിച്ചു കൊണ്ട് നിൽക്കെ ആഷ്‌ലി പറഞ്ഞു:: ഇവിടെ ലോറൻസ് വന്നിരുന്നു. ഡി.എച്ച്. ലോറൻസ്, ⎕ൻ⎕⎕– ൽ"

പ്രിൻസ് ഓഫ് വെയിൽസിനു വേണ്ടി നൃത്തം ചെയ്തവരെക്കണ്ട് ലോറൻസിന് രോഷം തോന്നി. ഒരു താൽപര്യവുമില്ലാതെ ഇരിക്കുന്ന ഇംഗ്ലീഷ് രാജകുമാരൻ. കഷ്ടപ്പെട്ട് നൃത്തം ചെയ്യുന്ന കാൻഡിയൻ കലാകാരന്മാർ.

"1922. നോക്കൂ ആഷ്‌ലി, 1922 ലാണ് എന്റെ അച്ഛൻ സിലോണിൽ വന്നത്.

"ധാരാളം പണമുണ്ടാക്കിയിരിക്കും.

അയാൾ ചിരിച്ച് വേണുവിന്റെ ചുമലിൽ തട്ടി.

അപ്പോൾ, കേട്ട കഥ പറഞ്ഞു. അച്ഛന് എന്തൊക്കെയോ സ്വത്തുണ്ടായിരുന്നുവത്രെ. ഒരു തോട്ടം, രണ്ടു പീടികകൾ. അതെല്ലാം ഇവിടെ ഒരു പെൺകുട്ടിക്ക് കൊടുത്തു എന്നാണ് നാട്ടിൽ സംസാരം. കഡുഗണ്ണാവയിലെ പെൺകുട്ടി.

"നിങ്ങളുടെ അച്ഛന്റെ മകൾ?"

"അങ്ങനേയും ഒരു കേൾവിയുണ്ട്. അവളുടെ അമ്മ മുറെക്കാലം അച്ഛന്റെ കൂടെയായിരുന്നു, ഏതായാലും."

"റൈറ്റ്! നമ്മൾ കണ്ടുപിടിക്കുന്നു. കയ്യടക്കി വെച്ച മുതൽ എനിക്കും അവകാശപ്പെട്ടതാണെന്ന് പറഞ്ഞ് മുറ്റത്തുനിന്ന് മൊഗല്ലനൻ യുദ്ധത്തിന് വിളിക്കുന്നു. ഹേയ്, ഇന്ന് കറുത്ത വാവാണ്!"

ഉല്ലാസത്തോടെ അയാൾ തോൾസഞ്ചിയിൽ നിന്ന് ഒരു ടിൻ ബിയർ എടുത്ത് പൊട്ടിച്ചു.

"മാർച്ച് ടു കഡുഗണ്ണാവ! മിസ്റ്റർ മൊഗല്ലനൻ, ഗെറ്റ് റെഡി!' അയാളുടെ ചിരിയിൽ വേണുവിന് പങ്കുകൊള്ളാൻ കഴിഞ്ഞില്ല. പഴയ കഥകൾ എന്തിന് പറഞ്ഞുവെന്ന് തോന്നിപ്പോയി. വെറുതെ സ്ഥലം കണ്ട് –

ബൊട്ടാണിക്കൽ ഗാർഡനും ഓർക്കിഡുകളും കാണാൻ ആഷ്‌ലി ക്കായിരുന്നു താല്പര്യം.

'നഗരം വിട്ട് മലമ്പാതയിലൂടെ സഞ്ചരിച്ച് ചെറിയ രണ്ട് ചുരങ്ങൾ കയറി മുകളിലെത്തിയപ്പോൾ ആഷ്‌ലി കാറു നിർത്താൻ പറഞ്ഞു.

കഡുഗണ്ണാവ എന്ന വാക്കിനർഥം അറിയാമോ? വിഴയമ്പലം എന്നാണ്.. അവിടെ നിന്നാൽ കാൻഡിയിലെ നഗരാതിർത്തിയിലെ ഓടുമേഞ്ഞ മേൽക്കൂരകൾ പച്ചപടർപ്പിനിടക്കും ചിതറിക്കിടക്കുന്നു. നഗരത്തെ വലം

വെച്ചു പോകുന്ന മഹാബലിപ്പുഴയുടെ ഒരു വളവും അവിടെ നിന്ന് കാണാം.

ചെറിയ ഒരങ്ങാടിയുടെ നടുവിൽ കാർ നിർത്തി ആഷ് ലി പറഞ്ഞു: “ഇതാണ് കഢുഗണ്ണാവ.”

അയാൾ പതുക്കെ കാറിൽ നിന്നിറങ്ങി. ഏറിയാൽ മുപ്പതു പീടികകൾ മാത്രം വരുന്ന ചെറിയ ഒരങ്ങാടി. രണ്ടു കെട്ടിടങ്ങൾ മാത്രം കോൺക്രീറ്റിലാണ്. ബാക്കിയെല്ലാം ഓടുമേഞ്ഞ മേൽക്കൂരകൾ.

“ഇതോ?”

“ഇതുതന്നെ.”

അകലെ കുന്നിൻചെരുവുകളിൽ ചായത്തോട്ടങ്ങളാണ്. അതിനുമപ്പുറം കാടുകളും.

“അച്ഛന്റെ പേര്?”

“കെ.എം.നായർ.”

മൂന്നു ടാക്സികൾ ആലിൻ ചുവട്ടിൽ കിടക്കുന്നുണ്ട്. ആഷ്‌ലി ആ ഡ്രൈവർമാരുമായി സംസാരിച്ചു. എന്നിട്ട് പീടികകളുടെ നേർക്ക് നടന്നു.

വേണു അത്ഭുതപ്പെട്ടു. അച്ഛൻ പ്രതാപിയായി വാണു എന്നു കേട്ട നഗരം ഇതോ? നാട്ടിലെ പഴയ പടിഞ്ഞാറങ്ങാടി ഇതിലും വലുതാണല്ലോ.

താഴെ രണ്ടു കടകൾ. അതിന് മുകളിൽ നാട്ടിൽ നിന്നു കൊണ്ടുപോയ ജോലിക്കാർ താമസിച്ചിരുന്നുവത്രെ. അയാൾ അസ്വസ്ഥനായി ചുറ്റും നോക്കിക്കൊണ്ടു നിന്നു. മുകൾത്തട്ടുള്ള കെട്ടിടങ്ങൾ ആകെ രണ്ടേയുള്ളു. കറുത്ത ഓടുകൾക്ക് താഴെ ചെറിയ കുത്തഴികൾ കാണാം.

ആഷ്‌ലി തിരിച്ചുവരാൻ കുറച്ചധികം സമയമെടുത്തു. കോളറില്ലാത്ത ഷർട്ടും കള്ളിമുണ്ടും ധരിച്ച ഒരു വയസ്സൻ

കൂടെയുണ്ട്. നരച്ച വലിയ കൊമ്പൻ മീശ. പക്ഷേ അയാളുടെ കണ്ണുകൾ സൗമ്യമായിരുന്നു.

ആഷ്‌ലി പറഞ്ഞു: " എന്റെ ഫാദറിൻലോവിനെ അയാൾക്കറിയാം. ചോദിച്ചോളൂ, ഞാൻ നിങ്ങളുടെ ദ്വിഭാഷിയാവാം."

അയാൾ സംശയിച്ചു.

"പണ്ടിവിടെ ചില മലയാളികൾ ഉണ്ടായിരുന്നില്ലേ? എന്നു ചോദിക്കൂ. ഇപ്പോൾ വല്ലവരും–"

ആഷ്‌ലി ദീർഘമായി സംസാരിച്ചു. അയാൾ ഉൽക്കണ്ഠയോടെ നിന്നു. എന്നിട്ടും ആഷ് ലി പറഞ്ഞു.

"വേണൂ, ഇയാൾ പറയുന്നത് ഇപ്പോൾ കൊച്ചിയാന്മാർ ആരുമില്ലെന്നാണ്. കൊച്ചിയാൻ എന്നാ നാട്ടുകാർ നിങ്ങളെപ്പറ്റി പറയുന്നത്.

"മുമ്പ്, വളരെമുമ്പ്. ഒരു നാൽപ്പതുകൊല്ലം മുമ്പ്?"

വീണ്ടും അവർ തമ്മിൽ സംസാരിച്ചു.

"പണ്ട് ഒരു കച്ചവടക്കാരനുണ്ടായിരുന്നു. പിന്നെ ഒരു കറ്റാഡിയോ....എനുവെച്ചാൽ മന്ത്രവാദി...." അയാൾ കാണിച്ച കെട്ടിടത്തിന് മേൽത്തട്ടില്ല. ഓടിട്ട ഒരു മൂന്നുമുറി കെട്ടിടം.

കൊമ്പൻ മീശക്കാരന്റെ കൂടെ ആഷ്‌ലി വീണ്ടും അന്വേഷിക്കാൻ ഇറങ്ങിയപ്പോൾ വേണു പറഞ്ഞു: " വേണ്ട മിസ്റ്റർ ആഷ് ലി, നമുക്ക് മടങ്ങാം."

"എല്ലാ മന്ത്രവാദികളും നിങ്ങളുടെ നാട്ടുകാരായിരുന്നു."

ഒരു പക്ഷേ...

'അമ്മയുടെ ഒരാങ്ങള കുറച്ചുകാലം അച്ഛന്റെ കൂടെ ജോലി ചെയ്യാൻ പോയി. പിന്നീട് തെറ്റിപ്പിരിഞ്ഞു. വിധവയായ ഒരു ശിങ്കളത്തിയുടെ കാര്യസ്ഥനായിരുന്നുവെന്ന് കേട്ടിട്ടുണ്ട്. അയാൾ കുറച്ചുകാലം മന്ത്രവാദിയായും നടന്നുവത്രെ. അയാൾ തിരിച്ചുവന്നില്ല.

ആഷ് ലി ഇപ്പോൾ മറ്റൊരാളെ കൂട്ടിയാണ് വന്നത്. ജീൻസിട്ട ചെറുപ്പക്കാരൻ. ചുണ്ടിൽ നിന്ന് സിഗരറ്റെടുക്കാതെ ചെരുപ്പ് നിലത്തുരച്ചുകൊണ്ട് അയാൾ ആഷ് ലി പറയുന്നതിനെല്ലാം തലയാട്ടിക്കൊണ്ട് പിന്നാലെ വന്നു. അയാൾ വേണുവിനെ ഒന്നു നോകി. അവന്റെ ചിരിയിൽ അല്പം പരിഹാസമുണ്ടെന്ന് തോന്നി. ആഷ് ലിയുടെ നിർദ്ദേശമനുസരിച്ച് അയാൾ കാറിൽ മുന്നിൽക്കയറി. സിഗരറ്റ് കുറ്റി വലിച്ചെറിഞ്ഞ് മറ്റൊന്നെടുത്ത് കത്തിച്ചു. ഡ്രൈവർക്കും ഒന്ന് നീട്ടി. ഡ്രൈവർ അത് നിരസിച്ചു.

"എങ്ങോട്ടാണ് ഇനി?"

അമ്പരപ്പോടെ വേണു ചോദിച്ചു.

"അന്വേഷിക്കാതെ മിസ്റ്റർ മൊഗല്ലനൻ മടങ്ങുമോ? മിസ്റ്റർ വേണു, സ്ഥലപ്പേര് ഇതു തന്നെയാണോ?"

ഒരു രക്ഷാമാർഗ്ഗം കിട്ടിയ പോലെ പറഞ്ഞു.

"ഇപ്പോൾ എനിക്ക് സംശയം ആഷ്‌ലി, നമുക്ക് മടങ്ങാം."

"ഇയാൾ പറയുന്ന സ്ഥലം നോക്കാം. അടുത്ത് തന്നെ. ഒരു കൊച്ചിയാന്റെ ആളുകൾ ആരോ ഇവിടെയുണ്ടത്രെ."

അഞ്ചുമിനിട്ടിനകം കാറു നിർത്തി. അവർ ഇറങ്ങിയപ്പോൾ അയാൾ മനസ്സില്ലാമനസ്സോടെ കൂടെ നടന്നു. ഇടവഴിയിലേക്ക് ഇറങ്ങുന്നേടത്ത് തെങ്ങുകളിലും മരങ്ങളിലും വെള്ളത്തുണിയിലും എഴുതിയ ബാനറുകൾ വെച്ചതു കണ്ടു.

മരിച്ച വീടിന്റെ പരിസരത്ത് പരേതാത്മാവിന് അന്ത്യപ്രണാമം അർപ്പിക്കാൻ ബന്ധുക്കളും സുഹൃത്തുക്കളും ചെയ്യുന്ന ചടങ്ങാണിതെന്ന് ആഷ്‌ലി വിശദീകരിച്ചു.

അന്വേഷിച്ച് ചെല്ലുന്ന ആൾ കാണുന്നത്...മൃതദേഹം. പണ്ട് ചില കഥകളിൽ വായിച്ചത് ഓർമ്മ വന്നു.

“നമ്മൾ – നമ്മൾ മരിച്ച വീട്ടിലേക്കാണോ? വേണു പരിഭ്രമത്തോടെ ചോദിച്ചു.

“ഹേയ്, അല്ല. അതിന്റെ മൂന്നാമത്തെ വീടാ.”

മരിച്ച വീടിന്റെ പരിസരത്തിൽ ഒരുപാടു സൈക്കിളുകളും സ്ക്കൂട്ടറും. കുറച്ചാളുകൾ അവിടെ വഴിവക്കിൽ കൂടി നിൽക്കുന്നു. ചെറുപ്പക്കാരനോട് ഒരു പരിചയക്കാരൻ എന്തോ ചോദിച്ചു. മൂന്നാമത്തെ വീടും വളരെ ചെറുതായിരുന്നു. ഇടവഴിക്കും വീട്ടുവാതിലിന്നും ഇടക്കുള്ള സ്ഥലത്ത് നിറയെ ചെടികളായിരുന്നു. വീട്ടിന്റെ ഒരു വശത്തെ കുളത്തിന് വക്കിൽ ആരോ ഒരാളിരുന്ന് ഒരു തോട്ടിക്കോൽകൊണ്ട് പായൽ ശേഖരിക്കുന്നു. മുട്ടുവരെ എത്തുന്ന ഒരു ലുങ്കിയാണ് വേഷം. മുഖം കാണുന്നില്ല. ഇരുനിറത്തിലുള്ള ശരീരത്തിൽ എല്ലുകൾ എഴുന്നു നിൽക്കുന്നു. ആഷ്‌ലി യും ചെറുപ്പക്കാരനും അയാളുടെ സമീപത്തേക്ക് നടന്നു.

വേണു മുറ്റത്തേക്കുള്ള ആദ്യത്തെ ഒതുക്കിൽ തന്നെ നിന്നു. അവർ എന്തൊക്കെയോ ചോദിക്കുന്നു. അയാൾ മുഖം തിരിച്ചില്ല. മറുപടി പറയുന്നുമില്ല എന്നു മനസ്സിലാക്കാം. പായൽ വലിച്ചു കയറ്റുന്നതിൽ തന്നെയാണ് ശ്രദ്ധ. തൊട്ടടുത്ത് രണ്ടുപേരുണ്ട് എന്ന കാര്യം തന്നെ അയാൾ അറിഞ്ഞില്ലെന്ന് തോന്നുന്നു.

അവസാനം ആഷ്‌ലിയുടെ ശബ്ദം വല്ലാതെ ഉയർന്നു. ഒരു വാക്കേറ്റത്തിന്റെ തുടക്കം പോലെ. തോട്ടിക്കോൽ വലതുകൈയിൽ നിന്ന് ഇടത്തേതിലേക്ക് മാറ്റി അയാൾ

സാവധാനം സന്ദർശകരുടേ നേർക്ക് മുഖം തിരിച്ചു. അവിടവിടെ നരച്ച കുറ്റിത്താടിയുള്ള മുഖം പതറുന്ന കണ്ണുകളിൽ കോപം നീറിപ്പിടിക്കുന്നുവെന്ന് തോന്നി. അയാൾ അവരുടെ കാലിനടുത്തെത്തുംവണ്ണം ഒന്ന് നീട്ടി തുപ്പി മുകളിലേക്ക് നോക്കി എന്തോ ഉറക്കെ പറഞ്ഞു.

പിന്നെ വീണ്ടും കുളത്തിലേക്ക് തിരിഞ്ഞ് പായൽ ചുരുട്ടിക്കൂട്ടി വലിക്കാൻ തുടങ്ങി.

നാലഞ്ചു നിമിഷങ്ങൾ കൂടി നിന്ന് ആഷ്‌ലി തിരിച്ചു നടക്കാൻ തുടങ്ങി. ചെറുപ്പക്കാരൻ ഒരു സിഗരറ്റ് സൽക്കരിക്കാൻ ശ്രമിച്ചു. അയാൾ അനങ്ങാതെ ജോലി തുടർന്നപ്പോൾ ആഷ്‌ലിയുടെ അടുത്തേക്ക് ചിരിച്ചുകൊണ്ട് വന്നു.

ആഷ് ലി പറഞ്ഞു:

“അയാൾക്ക് തലക്ക് സുഖമില്ല, പാവം.”

കാറിനടുത്തേക്ക് നടന്നു പോകുമ്പോൾ വഴികാട്ടാൻ വന്ന ചെറുപ്പക്കാരൻ എന്തൊക്കെയോ പറഞ്ഞുകൊണ്ടിരുന്നു.

റോഡിലെത്തി, അയാൾക്ക് കൈ കൊടുത്ത് ആഷ്‌ലി നന്ദി പറഞ്ഞു.

കാറിൽ അവർ തനിച്ചായപ്പോൾ വേണുവിന് രണ്ടു കാര്യങ്ങൾ ചോദിക്കണമെന്നുണ്ടായിരുന്നു. ഒന്ന് ആ മനുഷ്യന്റെ പേര്. രണ്ടാമത്തെ സംശയമാണ് ആദ്യം ചോദിച്ചത്.

അയാളെന്താ ചെയ്തിരുന്നത്? പായലല്ലെ വാരിക്കൂട്ടിയിരുന്നത്?”

“ഉം. പായൽ. ഈ പായൽ ചിലർ വേവിച്ചു തിന്നും.. ചില സാധുക്കൾ.”

പേര് ചോദിക്കേണ്ടെന്ന് നിശ്ചയിച്ചു.

അൽപനേരത്തെ നിശ്ശബ്ദതക്കുശേഷം ആഷ്‌ലി പറഞ്ഞു:

“ ഇയാളുടെ അമ്മ ഒരു കൊച്ചിയാന്റെ മകളായിരുന്നുവത്രെ. കുറെ മുമ്പ് മരിച്ചു. അങ്ങാടിയിലുള്ളവർ പറഞ്ഞു. അയാൾക്കൊരു ചെറിയ കച്ചവടമുണ്ടായിരുന്നു. പേരോർമ്മയുള്ളവർ ആരുമില്ല.”

വേണു സമാധാനിക്കാൻ ശ്രമിച്ചു. ആവില്ല. ചായത്തോട്ടങ്ങളുമായി വലിയ വ്യാപാരം നടത്തിയ സ്ഥലം ഇവിടെയാകില്ല. അച്ഛൻ പ്രതാപിയായി വാണ നഗരം ഇതാവില്ല.

“അമ്മേടെ പേര്, അച്ഛന്റെ പേര്, അമ്മേടച്ഛന്റെ പേര്? പലതും ചോദിച്ചു നോക്കി. മിണ്ടണ്ടെ?” അവസാനം ഒരു കാര്യം പറഞ്ഞു, ഞാനൊച്ച വെച്ചപ്പോൾ . അതൊരു ക്ലാസിക് സ്റ്റെയ്റ്റ്മെന്റാണ്.”

“ഉം?”

“അതോ, എല്ലാ കൊച്ചിയാന്മാരും കള്ളന്മാരാണെന്ന്.”

ആഷ്‌ലി ചിരിച്ചു!

ആ ചിരിയിൽ പങ്കുകൊള്ളാൻ അയാളും ഒരു ശ്രമം നടത്തി നോക്കി.

“നിങ്ങളുടെ അച്ഛന്റെ മകളെന്ന് പറയപ്പെടുന്ന സ്ത്രീ.....അവരുടെ പേരെന്തായിരുന്നു?”

വേണു സംശയിച്ചു. എന്നിട്ട് അയാളെ നോക്കാതെ പറഞ്ഞു:

“എനിക്കറിയില്ല.”

“വാട്ട് എ ഷെയിം! എന്റെ ഫാദറിൻലോവിന്റെ ഫ്രൻസ് വേറെയും ചിലരുണ്ട് ഈ ഭാഗത്ത്. പേരറിഞ്ഞാൽ അന്വേഷിക്കാൻ എളുപ്പമായിരുന്നു. സ്ഥലം ഇതുതന്നെയല്ലേ?”

“അറിയില്ല ആഷ് ലി. ഒരുപക്ഷേ, ഒരുപക്ഷേ എനിക്ക് പേര് തെറ്റിയതാവും. ഇതാവില്ല. കഢുഗണ്ണാവ പോലെ മറ്റേതെങ്കിലും ഒരു വാക്കായിരിക്കും... നിങ്ങളുടെ ചില സ്ഥലപ്പേരുകൾ....”

അടുത്ത് കാണാവുന്ന ഒരു സ്ഥലം സർദിയേൽ എന്ന ഭയങ്കര പോക്കിരിയുമായി ഏറ്റുമുട്ടി മരിച്ച പൊലീസുകാർക്കുള്ള സ്മാരകമാണ്. അതുവേണ്ടെങ്കിൽ മെഢവെലേയിലെ മകരതോരണം. അതും വേണ്ടെങ്കിൽ....

“മതി. ഞാൻ ക്ഷീണിച്ചു പോയി. നമുക്ക് കൊളംബോവിലെത്താം.”

“കളംബോ. കൊളംബോവല്ല. ഉം.വിടാം.”

അയാൾ പുറത്തേക്ക് നോക്കി.

“ചുരത്തിൽ വേഗം ഇരുട്ടാവും. ഓ ഇന്ന് കറുത്ത വാവാണല്ലോ.”

എന്നിട്ട് കാരണമൊന്നുമില്ലാതെ ആഷ് ലി വെറുതെ പൊട്ടിച്ചിരിച്ചു.

വഴിവക്കിലെ ചില ദൃശ്യങ്ങൾ വിവരിക്കുന്ന ശബ്ദം വളരെ അകലെ എവിടെ നിന്നോ ആണെന്ന് തോന്നി. എല്ലാം കേൾക്കുന്നു, എല്ലാം കാണുന്നു എന്ന ഭാവം മുഖത്ത് വരുത്താൻ ശ്രമിച്ചുകൊണ്ട് അയാൾ ചാഞ്ഞു കിടന്നു. മനസ്സിൽ ഉരുവിട്ടുകൊണ്ടിരുന്നു.

–അതെ, പേരു തെറ്റിയതാണ്. എനിക്ക് സ്ഥലപ്പേര് തെറ്റിയതാണ്. ഉറപ്പ്. കഡുഗണ്ണാവയല്ല. മറ്റേതോ ഒരു പേര്– മറ്റേതോ..............

**എംടി വാസുദേവൻ നായർ.** പൊന്നാനി താലൂക്കിൽ കൂടല്ലൂരിൽ 1933 ജൂലൈ 15ന് ജനനം. അച്ഛൻ ടി. നാരായണൻ നായര്, അമ്മ അമ്മാളു അമ്മ. കുമരനല്ലൂർ ഹൈസ്ക്കൂൾ, പാലക്കാട് വിക്ടോറിയ കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. അധ്യാപകൻ, പത്രാധിപർ, കഥാകൃത്ത്, നോവലിസ്റ്റ്, തിരക്കഥാകൃത്ത് എന്നീ നിലകളിൽ പ്രശസ്തനായി. ധാരാളം അവാർഡുകൾക്കർഹനായി. 1996 ൽ ജ്ഞാനപീഠ പുരസ്കാരത്തിനർഹനയി. 1996 ജൂൺ 22 ന് കലിക്കറ്റ് സർവ്വകലാശാല ഓണററി ബിരുദം നൽകി ആദരിച്ചു..

**ചോദ്യങ്ങൾ**

1. ശ്രീലങ്കയിലെ ഏത് സ്ഥലമാണ് വേണുഗോപാൽ കാണാനാഗ്രഹിക്കുന്നത്? എന്തുകൊണ്ട്?
2. ആരായിരുന്നു വേണുഗോപാലിന്റെ കൊളമ്പോയിലെ സുഹൃത്ത്?
3. മരണത്തെ ക്കുറിച്ച് കെന്നഡിയുടെ അഭിപ്രായമെന്തായിരുന്നു?
4. യുദ്ധത്തെക്കുറിച്ച് ഷെല്ലി പറഞ്ഞതെന്ത്?
5. വേണുഗോപാലിന്റെ അച്ഛൻ സിലോണിലെ സ്വത്തുക്കളെല്ലാം എന്തു ചെയ്തു?
6. ‘കടുഗണ്ണാവ’ എന്ന വാക്കിന്റെ അർത്ഥമെന്ത്?
7. മലയാളികളെ പരാമർശിക്കാൻ ശ്രീലങ്കക്കാർ ഉപയോഗിച്ചിരുന്ന പദമെന്ത്?
8. പായലുകൾ വാരിക്കൊണ്ടിരുന്ന മനുഷ്യന് മലയാളികളെക്കുറിച്ചുള്ള അഭിപ്രായമെന്തായിരുന്നു?

**മൂന്നോ നാലോവാക്കിൽ ഉത്തരമെഴുതുക**

1. സിലോണിൽ നിന്ന് അച്ഛൻ നാട്ടിലെത്തിയ രാത്രിയെക്കുറിച്ച് വേണുഗോപാലിന്റെ ഓർമ്മകളെന്തെല്ലാം?
2. വന്നേരിയിലേക്ക് പോകാൻ വേണുഗോപാൽ താത്പര്യം കാണിച്ചതെന്ത് കൊണ്ട്?
3. സിലോൺ മലയാളികൾക്കിടയിൽ അച്ഛൻ പ്രസിദ്ധനായിരുന്നു എന്ന് വേണുഗോപാൽ ചിന്തിക്കാൻ കാരണമെന്ത്?
4. ആഷ്‌ലി വേണുഗോപാലിനോട് പറഞ്ഞ ശ്രീലങ്കയിലെ ആദ്യത്തെ ആക്രമണ കഥയേത്?
5. അപസർപ്പക നോവൽ പ്രിയനായ വിജയേട്ടൻ സ്വന്തം വീട്ടിൽ അത് നടപ്പിലാക്കിയതെങ്ങനെ?
6. ദത്തസേനന്റെ കഥ വേണുഗോപാലിനെ ആകർഷിക്കാൻ കാരണമെന്ത്?

**നൂറുവാക്കിൽ ഉത്തരമെഴുതുക**

1. അച്ഛന്റെ വേരുകൾ തേടി കടുഗണ്ണാവയിലെത്തുന്ന വേണുഗോപാലിന്റെ അനുഭവങ്ങൾ വിവരിക്കുക
2. നാട്ടിലെ കുട്ടിക്കാലത്തെക്കുറിച്ചും അച്ഛനെക്കുറിച്ചും വേണുഗോപാലിന്റെ മനസ്സിലൂണരുന്ന ചിന്തകൾ വിവരിക്കുക.
3. വേണുഗോപാലിന്റെ ശ്രീലങ്കൻ യാത്രക്കിടെ കാണുന്ന കാഴ്ചകളെക്കുറിച്ച് വിവരിക്കുക

# ഏകലവ്യൻ

**പറവൂർ ജോർജ്ജ്**

കഥാപാത്രങ്ങൾ
ദ്രോണാചാര്യർ
അർജ്ജുനൻ
ഏകലവ്യൻ

(ഹസ്തിനപുരിയിലെ ദ്രോണാചാര്യരുടെ വാസസ്ഥലം. നരച്ച് കൃശനായ ആചാര്യൻ ചിന്താധീനനനാണ്. സമ്മിശ്രവികാരങ്ങളുടെ മിന്നലാട്ടങ്ങൾ ആ മുഖത്ത് പ്രതിഫലിച്ചു കൊണ്ടിരുന്നു. പ്രത്യേക പ്രകാശ വലയം. മുഖം ചുവന്ന് തുടുത്ത് രൗദ്രഭാവം ഉൾക്കൊള്ളുകയാണ്.)

ദ്രോണാചാര്യൻ : (ആത്മഗതം) ദ്രുപദാ! എന്റെ മനസ്സിൽ അഗ്നി ആളിക്കത്തുകയാണ്. പ്രതികാരാവേശത്തിന്റെ ഒരഗ്നി പർവ്വതം എന്റെ ഹൃദയത്തിൽ കുടികൊള്ളുന്നത് ഒരു പക്ഷേ ആരും അറിഞ്ഞിരിക്കുകയില്ല. ഇന്നല്ലെങ്കിൽ നാളെ നിന്റെ പാഞ്ചാല രാജ്യവും സമസ്തൈശ്വര്യങ്ങളും എന്റെ മുമ്പിൽ അടിയറവു പറയേണ്ടി വരും. ഉദ്ധതനായ നിന്റെ ശിരസ്സിലെ കിരീടം എന്റെ പാദുകങ്ങൾ കൊണ്ട് ഞാൻ ചവുട്ടി അരയ്ക്കും. ഭരദ്വാജ മഹർഷിയുടെ പുത്രനായ ദ്രോണരുടെ ശബ്ദം നിന്നെ സംബന്ധിച്ചിടത്തോളം മേഘഗർജ്ജനമായിരിക്കട്ടെ. വാഗ്ദാനം നിറവേറ്റാൻ കഴിയാത്തവന്റെ വാക്കുകൾ വെറും ജല്പനങ്ങളാണെന്ന് മറ്റുള്ളവർ വിധിയെഴുതട്ടെ. യജ്ഞസേന! നീയോർക്കുന്നോ! ഒരേ കളരിയിൽ ഒത്തൊരുമിച്ച് നിന്ന് ആയുധവിദ്യ അഭ്യസിച്ചവരാണ് നമ്മൾ. എന്റെ പിതാവായ ഭരദ്വാജ മഹർഷിയുടേയും അഗ്നിവേശ മുനിയുടേയും ശിക്ഷണത്തിൽ നാം പയറ്റിത്തെളിയുകയായിരുനു. ഒടുവിൽ നീ ഉത്തര പാഞ്ചാലത്തിന്റെ അധിപതി ആകുമെന്നറിഞ്ഞപ്പോൾ എന്റെ ഉറ്റ മിത്രത്തിന്റെ സ്ഥാനലബ്ധി കേട്ട മാത്രയിൽ എന്റെ

നയനങ്ങളിൽ ആനന്ദാശ്രു പൊഴിഞ്ഞു. രാജ്യഭണ്ഡാരം യഥേഷ്ടം വിനിയോഗിക്കാനുള്ള അനുവാദവും അന്ന് നീയെനിക്ക് നൽകിയതല്ലേ? ആ അംഗീകാരം കണക്കിലെടുത്തല്ല നിന്നെ ഉൾക്കൊള്ളാനുള്ള സന്നദ്ധത നിന്നിൽ നിറഞ്ഞു നിൽക്കുമെന്നുള്ള വിശ്വാസമായിരുനു അന്നെനിക്ക്. നിന്റെ സ്ഥാനമാനങ്ങളോ ഭണ്ഡാരത്തിലെ സ്വർണ്ണ നാണയങ്ങളോ ഞാനാവശ്യപ്പെട്ടില്ല. ദാരിദ്ര്യ ദുഃഖം കൊണ്ട് വിശന്നു പൊരിയുന്ന എന്റെ പുത്രൻ അശ്വത്ഥാമാവിന് ഒരിറക്ക് പാല് കിട്ടാനുള്ള പോംവഴി തേടി ഞാനെത്തിയതാണ്. പഴയ മൈത്രീഭാവം കാണിക്കേണ്ട, ഒരു നല്ല വാക്ക് പറയാമായിരുന്നല്ലോ? നിന്റെ നിന്ദാസ്തുതികൾ അധിക്ഷിപ്തമായ എന്റെ അകതാരിൽ കൂരമ്പാണ് തറച്ചതെങ്കിലും തന്റേടത്തോടെ ആ ഓരോ ശരത്തിന്റെ മുനകളും വിഷലിപ്തമാക്കി പൂർവ്വാധികം ശക്തിയോടെ നിന്റെ നേർക്ക് തിരിച്ചയക്കുവാനുള്ള കരുത്ത് ഞാനാർജ്ജിക്കുകയായിരുന്നു. സിംഹക്കുട്ടികളുടെ ചുറുചുറുക്കുള്ള ശിഷ്യഗണങ്ങളിൽ നിന്നും ഇന്ന് ഞാനത് നേടി. അഹങ്കാരം കൊണ്ട് അന്ധനായിരിക്കുന്ന നിന്റെ പ്രതാപം ഇതോടെ അസ്തമിക്കും. എന്റെ പ്രിയങ്കരനായ ശിഷ്യൻ അർജ്ജുനന്റെ ശപഥം നിറവേറട്ടെ. കാലത്തിന് വിധിയെഴുതാൻ ഒരുപക്ഷേ കൂടുതൽ ഋതുഭേദങ്ങൾ വേണ്ടി വന്നേക്കാം. എന്റെ പ്രതിജ്ഞ നിറവേറ്റിയിട്ടേ ഈ കണ്ണുകൾ അടയൂ!

(നായാട്ടിനു പോയ അർജ്ജുനൻ വിഷാദമഗ്നനായി കടന്നു വന്നു. കൗമാര പ്രായം. കയ്യിൽ വില്ലും ആവനാഴിയിൽ ശരങ്ങളും. രാജകുമാരന് ചേർന്ന വേഷം)

അർജ്ജുനൻ: (ശബ്ദമൊതുക്കി) ആചാര്യരേ!

ദ്രോണാചാര്യർ: (ഞെട്ടിത്തിരിഞ്ഞ്) അർജ്ജുനാ! ഈ സമയമത്രയും നീ എന്റെ ചേതസ്സിൽ നിറഞ്ഞു നിൽക്കുകയായിരുന്നു. കഴിഞ്ഞ കാല സംഭവങ്ങളെപ്പറ്റിയും

ആ സംഭവങ്ങളുടെ തുടർച്ചയായി വരാനിരിക്കുന്ന അനുഭവങ്ങളെപ്പറ്റിയും ഞാൻ വൃഥാ ചിന്തിച്ചു പോയി.

അർജ്ജുനൻ: എന്റെ സാന്നിദ്ധ്യം അവിടുത്തെ ചിന്താസരണിയിൽ തടസ്സം സൃഷ്ടിച്ചതിനാൽ ഞാനത്യധികം ഖേദിക്കുന്നു.

ദ്രോണാചാര്യർ: കുമാര! നിന്റെ സാമീപ്യം എന്നിലെ ആത്മസംഘർഷത്തെ ലഘൂകരിക്കും. നിന്റെ ആവനാഴിയിലെ അസ്ത്രങ്ങളുടെ തിളക്കം എന്റെ നയനങ്ങളെ ചൈതന്യമാക്കുന്നു. പ്രഭാപ്രസരം കൊണ്ട് നീ നിൽക്കിന്നിടം തന്നെ പ്രശോഭിതമാകുമല്ലോ. (സംശയദൃഷ്ട്യാ) പക്ഷേ എന്തോ അസ്വസ്ഥത നിന്റെ മുഖത്ത് നിഴലിട്ട് നിൽപുണ്ട്. നായാട്ടിനുവേണ്ടി കാട്ടിലേക്ക് പോയ കുമാരന്മാർ ഇത്ര വേഗം തിരിച്ചെത്തുമെന്ന് ഞാൻ കരുതിയില്ല. മറ്റുള്ളവരെല്ലാം എവിടെ?

അർജ്ജുനൻ: അവരെ ഞാൻ ശ്രദ്ധിച്ചില്ല. എന്റെ പിന്നാലേ വരുന്നുണ്ടായിരിക്കും.

ദ്രോണാചാര്യർ: വനത്തിൽ വെച്ച് എന്ത് സംഭവിച്ചെന്ന് പറയൂ, അർജ്ജുനാ! നിങ്ങൾ പരസ്പരം ശണ്ഠ കൂടിയോ?

അർജ്ജുനൻ: ഞാൻ കലഹ പ്രിയനല്ല. മറ്റുള്ളവരുടെ കലാപത്തിൽ ഞാൻ ബന്ധപ്പെടുകയുമില്ല.

ദ്രോണാചാര്യർ: കൗരവപാണ്ഡവ കുമാരന്മാർ മാത്രമല്ല എന്റെ കളരിയിൽ കച്ച കെട്ടിയിട്ടുള്ളത്. നിങ്ങളോടൊപ്പം അന്ധകരും വൃഷ്ണികളും മറ്റനേകം പേരുമുണ്ട്. മറ്റെല്ലാവരെക്കാളും ഉപരിയായി ധനുർവ്വേദ വിദ്യയിലെ സർവ്വ അടവുകളും പഠിപ്പിച്ച് നിന്നെ വളർത്തി വലുതാക്കുകയായിരുന്നു എന്റെ ലക്ഷ്യം.

അർജ്ജുനൻ: സർവ്വതോന്മുഖമായ എന്റെ വളർച്ചക്കുള്ള പ്രചോദനവും അവിടുത്തെ ആത്മധൈര്യം ആയിരുന്നു. പക്ഷേ നമ്മുടെ കണക്കുകൂട്ടലുകൾ അസ്ഥാനത്തായില്ലേയെന്നുള്ള ശങ്ക എന്നെ കൂടുതൽ വ്യാകുല ചിത്തനാക്കുന്നു.

ദ്രോണചാര്യർ: നായാട്ടുവേളയിൽ നീ തൊടുത്തു വിട്ട ശരങ്ങൾ ലക്ഷ്യസ്ഥാനത്തെത്തിയില്ലെന്നുണ്ടോ?

അർജ്ജുനൻ: എന്റെ സായകങ്ങൾ ഇപ്പോൾ നിഷ്പ്രഭമാണ്. ആചാര്യമുഖ്യാ! അവിടുത്തെ മുമ്പിൽ എനിക്കുള്ള സ്ഥാനം ചോദ്യം ചെയ്യാൻ ഞാനാരേയും അനുവദിക്കുകയില്ല.

ദ്രോണാചാര്യർ: പാർത്ഥാ! നീ ഇപ്പോൾ സംസാരിച്ചു വരുന്നത് എന്റെ അഭിമാന പ്രശ്നത്തിൽ ചവുട്ടി നിന്നു കൊണ്ടാണ്.

അർജ്ജുനൻ: അങ്ങയുടെ വാക്കുകൾ കേട്ട് ഞാൻ അഹങ്കരിക്കരുതായിരുന്നു. മറ്റുള്ളവരുടെ മുമ്പിൽ തലയുയർത്തി നിൽക്കാനുള്ള തന്റേടം ഇന്നെനിക്ക് നഷ്ടപ്പെട്ടു കഴിഞ്ഞു.

ദ്രോണാചാര്യർ: അജയ്യനായ അർജ്ജുനാ!

അർജ്ജുനൻ: (ഈർഷ്യതയോടെ) ആചാര്യ! എന്നെ ഇപ്രകാരം സംബോധന ചെയ്യാതിരിക്കൂ.

ദ്രോണാചാര്യർ: നിന്നിലെ ശേഷിയും, ശേമുഷിയും മനസ്സിലാക്കിയ നിന്റെ പ്രിയപ്പെട്ട ഗുരുനാഥനാണ് ഈ ദ്രോണർ.
അർജ്ജുനൻ: എന്റെ കഴിവിൽ മറ്റുള്ളവർക്കുള്ള മതിപ്പ് ഇതോടെ അവസാനിച്ചിരിക്കുന്നു.

ദ്രോണാചാര്യർ: സംഗതികൾ മൂടിക്കെട്ടാതെ വ്യക്തമാക്കൂ വാസവാത്മജ! സ്വന്തം അഭിപ്രയങ്ങൾ വെട്ടിത്തുറന്ന് സംസാരിക്കാനുള്ള സ്വാതന്ത്ര്യത്തെ ഞാൻ ഒന്നു കൊണ്ടും തടഞ്ഞു നിർത്തിയിട്ടില്ല.

അർജ്ജുനൻ: (പ്രതിഷേധം കടിച്ചമർത്തി) കുരച്ചലറി മുന്നോട്ട് ചാടി വരുന്ന നായുടെ വായ് ബന്ധിക്കണമെങ്കിൽ എന്തു ചെയ്യണം ആചാര്യ?

ദ്രോണാചാര്യർ: ഇത്തരമൊരു ചോദ്യം ഇപ്പോൾ ചോദിക്കാൻ കാര്യം?
അർജ്ജുനൻ: എന്റെ ഗുരുനാഥനിൽ നിന്നും എനിക്കതിന് മറുപടി കിട്ടണം.

ദ്രോണാചാര്യർ: തത്സമയം കരണീയമായതെന്തോ അത് ചെയ്യണം.

അർജ്ജുനൻ: ഒറ്റ ശരം കൊണ്ട് നായുടെ വായ് ബന്ധിക്കാൻ സാധ്യമാണോ?

ദ്രോണാചാര്യർ: ധനുർവേദ വിദ്യയിൽ കുമാരന് ഇനിയും സംശയമോ?

അർജ്ജുനൻ: അഭ്യസിക്കാത്ത വിദ്യ അഭ്യസിച്ചു കണ്ടാൽ സംശയമല്ല ഉണ്ടാവുക, അത്ഭുതമാണ്.

ദ്രോണാചാര്യർ: വിശിഖ വിദ്യയിൽ അത്ഭുതം സൃഷ്ടിച്ച് മുന്നേറുന്ന കുമാരന് ഇതെല്ലാം എത്രയോ നിസ്സാരമാണ്.

അർജ്ജുനൻ: (കാര്യചിന്തകനായി) ഇത്രയും സാരമായ ഒന്ന് എന്റെ ജീവിതത്തിലിത് ആദ്യമായാണ്.

ദ്രോണാചാര്യർ: ശരപ്രയോഗം കൊണ്ട് നായുടെ വായ് ബന്ധിച്ചില്ലേ അർജ്ജുനാ?

അർജ്ജുനൻ: ഒന്നല്ല, ഏഴു ശരങ്ങൾ ഒപ്പം പ്രയോഗിച്ച് നായയുടെ വായ് മൂടിക്കെട്ടി.

ദ്രോണാചാര്യർ: (അത്ഭുത പരതന്ത്രനായി) ഏഴു ശരങ്ങളോ! ഒപ്പം പ്രയോഗിച്ചോ!

അർജ്ജുനൻ: അതെ. ഒപ്പം പ്രയോഗിച്ചു ആചാര്യർക്ക് വിശ്വാസം വരുന്നില്ല അല്ലേ?

ദ്രോണാചാര്യർ: ധനുർവ്വേദപാടവത്തിൽ അദ്വിതീയനായ അർജ്ജുനാ! നിന്റെ കഴിവിൽ ഞാനഭിമാനം കൊള്ളുന്നു.

അർജ്ജുനൻ: എന്റെ കഴിവുകേടിൽ ഒപ്പം ഞാൻ ലജ്ജിക്കുകയും ചെയ്യുന്നു.

ദ്രോണാചാര്യർ: ഈ ഭൂമുഖത്തുള്ള യതൊരുത്തനും സാധിക്കാത്ത വിദ്യയാണ് കുമാരൻ പ്രയോഗിച്ചത്. ഇത്തരം വിദ്യ സ്വായത്തമാക്കിയവനെ വെല്ലുവിളിക്കാൻ ഈ മണ്ണിൽ ഇനി ആരുണ്ട്?

അർജ്ജുൻ: ഇതേ ചോദ്യമാണ് എനിക്ക് അവിടുത്തോട് ചോദിക്കാനുള്ളത്.

ദ്രോണാചാര്യർ: ശക്രജാ!

അർജ്ജുനൻ: കേവലം ഒരു കാട്ടാള കുമാരന് നിഷ്പ്രയാസം ഇത് സാധിക്കാമെങ്കിൽ അവന്റെ മുമ്പിൽ എനിക്കുള്ള സ്ഥാനമെന്ത്?

ദ്രോണാചാര്യർ: (സ്തബ്ധനായി അവിശ്വസനീയതയോടെ) കാട്ടാള കുമാരനോ? അർജ്ജുനാ! നിനക്കെന്തു പറ്റി? നീ സ്വപ്നത്തിലോ ജാഗരത്തിലോ?

അർജ്ജുനൻ: യാഥാർത്ഥ്യങ്ങൾക്കു മുന്നിൽ കണ്ണടയ്ക്കുന്നവനല്ല ഞാൻ.

ദ്രോണാചാര്യർ: പാണ്ഡുനന്ദനാ! പരശുരാമനെ അർത്ഥശസ്ത്രങ്ങൾ വരിച്ചവനാണ് ഈ ദ്രോണർ. എന്റെ ശിഷ്യർക്കല്ലാതെ മറ്റാർക്കും ഞാനീവിദ്യ പകർന്നു കൊടുത്തിട്ടില്ല. അവരിൽ അഗ്രഗണ്യൻ നീയാണുതാനും. നിനക്കില്ലാത്തൊരു ശക്തി മറ്റൊരുത്തന് ഉണ്ടാകില്ലെന്ന് ഞാൻ

ഉറപ്പിച്ചു പറയുന്നു. കാട്ടാളകുമരന്നൻ ഏഴു ശരങ്ങൾ എയ്ത് നായുടെ വായ് മൂടിക്കെട്ടിയെന്ന് പറയുന്നത് എന്നെ സംബന്ധിച്ചിടത്തോളം മിഥ്യയാണ്.

അർജ്ജുനൻ: ആ കാട്ടാള കുമാരനും അവിടുത്തെ ശിഷ്യരിൽ ഒരാളാണ്.

ദ്രോണാചാര്യർ: എന്റെ ശിഷ്യരിൽ കാട്ടാളർക്ക് സ്ഥാനമുണ്ടാകില്ല. കാട്ടാളനെ ആയുധാഭ്യാസം ചെയ്യിപ്പിക്കുക ബ്രാഹ്മണ്യത്തിന് എതിരാണ് അർജ്ജുനാ.

അർജ്ജുനൻ: അവൻ ആചാര്യരുടെ ആജ്ഞാത ശിഷ്യനാണ്.

ദ്രോണചാര്യർ: ഞാനറിയാത്തൊരു ശിഷ്യനോ? അവനാര്?

അർജ്ജുനൻ: കാട്ടാള രാജാവായ ഹിരണ്യധനുസ്സിന്റെ പുത്രൻ, ഏകലവ്യൻ!

ദ്രോണാചാര്യർ: (നെറ്റിചുളിഞ്ഞു) ഏകലവ്യൻ? (ആ ശബ്ദം എങ്ങും പ്രതിഫലിക്കുന്നതായി തോന്നി. അസഹ്യമായ എന്തോ ഒന്ന് കേൾക്കുന്നതായ ഒരനുഭവം)

അർജ്ജുനൻ: ആയുധാഭ്യാസനം നേടുന്നതിനു വേണ്ടി ഏകലവ്യൻ ഒരിക്കൽ അങ്ങയെ സമീപിച്ചതാണ്. അവിടുന്നത് ഓർക്കുന്നുവോ?

ദ്രോണാചാര്യർ: (ആലോചനാഭാവം) അങ്ങനെയൊരു ശബര കുമാരൻ എനെ സമീപിച്ചതായി എന്തോ ഒരു ഓർമ പോലെ എനിക്ക് തോന്നുന്നു. കണ്ട മാത്രയിൽ തന്നെ സാധ്യമല്ലെന്ന് പറഞ്ഞ് ഞാൻ മടക്കിയയ്ക്കുകയും ചെയ്തു. ആ നിഷാദ കുമാരനെ പറ്റിയാണോ അർജ്ജുനാ നീ സംസാരിക്കുന്നത്? അവനാണോ ഈ പ്രശ്നങ്ങളെല്ലാം സൃഷ്ടിച്ചിരിക്കുന്നത്.

അർജ്ജുനൻ: ഒരു കാട്ടാളപയ്യൻ എനെ സംബന്ധിച്ചിടത്തോളം ഒന്നുമല്ല. പക്ഷേ അവന്റെ ചെയ്തികൾ എനിക്ക് പ്രശ്നമാണ്.

ദ്രോണാചാര്യർ: എന്റെ അനുവാദവും ആശീർവാദവും നേടാൻ കഴിയാത്ത അവനൊരിക്കലും എന്റെ ശിഷ്യനല്ലെന്ന് ഞാൻ തീർത്തു പറയുന്നു.

അർജ്ജുനൻ: ഏകലവ്യൻ വിശ്വാസത്തിൽ സത്യം കണ്ടെത്തിയവനാണ്. കളിമണ്ണ് കൊണ്ട് ആചാര്യരുടെ പ്രതിമ സൃഷ്ടിച്ചു. ഭയഭക്തി പുരസ്സരം ആ പ്രതിച്ഛായയെ താണുതൊഴുതുകൊണ്ടാണവൻ അഭ്യസനം നടത്തിയിരുന്നത്. വിശ്വാസദാർഢ്യതയിൽ നിന്ന് കൊണ്ട് അവനെല്ലാം നേടി. ലജ്ജാഭാരത്താൽ തലയും താഴ്ത്തിയാണ് ഞാനവിടെ നിന്നും തിരിച്ചത്. ഒരുചോദ്യം അപ്പോഴുമിപ്പോഴും എന്നിലവശേഷിക്കുന്നു. അവിടുത്തെ പ്രഥമ ശിഷ്യനായ എന്റെ സ്ഥാനത്ത് ഏകലവ്യനായിരുന്നെങ്കിൽ അവനാകുമായി രുന്നില്ലേ?

ദ്രോണാചാര്യർ: കാപട്യത്തിലൂടെ കാര്യസാധ്യത. ആ കാട്ടാള ബാലനെ കണ്ട് കുമാരൻ അസ്ഥാളിച്ചുവോ? മണ്ണു കൊണ്ടുണ്ടാക്കിയ എന്റെ പ്രതിമക്ക് ജീവനുണ്ടായിരുന്നുവെങ്കിൽ?

അർജ്ജുനൻ: അവിടുത്തെ സർവ്വവിധ അനുഗ്രഹവർഷവും അവന് ലഭിക്കുമായിരുന്നു.

ദ്രോണാചാര്യർ: (സാന്ത്വനസ്വരത്തിൽ) ധൈര്യമായിരിക്കൂ കൗന്തേയ, അല്പം ആലോചിക്കാനുള്ള അവസരം ഈ ആചാര്യർക്ക് തരൂ.

അർജ്ജുനൻ: ഗുരുവിന് ശിഷ്യരെല്ലം ഒരു പോലെയല്ലേ?

ദ്രോണാചാര്യർ: അല്ലെന്നുള്ളതിന് ഏറ്റവും വലിയ തെളിവല്ലേ നീ. എന്റെ പുത്രൻ അശ്വത്ഥാമാവിന് പോലും ഇത്രയും വിദ്യ ഞാൻ കാണിച്ചു കൊടുത്തിട്ടില്ല. സ്വാർത്ഥതക്ക് മുൻതൂക്കം കൊടുത്തിരുന്നുവെങ്കിൽ തീർച്ചയായും ഇങ്ങനെ സംഭവിക്കുമായിരുന്നോ?

അർജ്ജുനൻ: അവിടുത്തെ മുമ്പിൽ ഞാൻ നടത്തിയ പ്രഥമ ശപഥത്തെ പറ്റി ഈ അവസരത്തിൽ ഞാനോർത്തു പോകുന്നു. ആയുധാഭ്യസനത്തിന് മുമ്പായി ശിഷ്യരെയെല്ലാം വിളിച്ചു കൂട്ടി അങ്ങാവശ്യപ്പെട്ടാതെന്തായിരുന്നു? ശസ്ത്രാഭ്യസനം പൂർത്തിയായാൽ അങ്ങേക്കെന്തോ വലിയ സംഗതി സാധിച്ച് തരുന്നതിനെപറ്റി അങ്ങയുടെ ഉദ്ദേശം എന്തായിരുന്നുവോ അതേപ്പറ്റി ഒട്ടും ആലോചിക്കാതെ, മറ്റെല്ലാവരും മൗനം ഭജിച്ചപ്പോൾ തന്റേടപൂർവ്വം മുന്നോട്ട് വന്ന് അവിടുത്തെ ഇംഗിതം നിറവേറ്റി തരാമെന്ന് ദൃഢപ്രതിജ്ഞ ചെയ്തവനാണ് ഈ അർജ്ജുനൻ. അവിടുന്ന് വിസ്മരിച്ചുവോ?

ദ്രോണാചാര്യർ: ധനജ്ഞയ! തന്റേടപൂർവ്വം നീയെടുത്ത ശപഥമായിരുന്നു. വീരപരാക്രമശാലിയായി നിന്നെ വളർത്തിയെടുക്കാൻ എനിക്ക് നൽകിയ പ്രേരണാശക്തി. ശരാസനവിദ്യയിൽ അഗ്രണി നീയായിരിക്കണമെന്നുള്ള ശാഠ്യവും എന്റെ മാനസത്തിൽ വേരൂന്നി. (അഭിമാന പുരസ്സരം) നീയാണ് എന്റെ അദ്വിതീയ ശിഷ്യൻ.

അർജ്ജുനൻ: ദ്വിതീയനെന്നു പറയുന്നതിനാണ് പ്രസക്തി. അവിടുത്തെ വായ്മൊഴിയിൽ ഇനി അങ്ങനെ മാത്രമേ സംബോധന ചെയ്യാവൂ.

ദ്രോണാചാര്യർ: സ്ഥാനമാനങ്ങൾ നൽകുന്ന കാര്യത്തിൽ ഭരദ്വാജസുതൻ നിഷ്ക്കർഷ പാലിക്കുന്നവനാണ്.

അർജ്ജുനൻ: എന്റെ വിശ്വാസവും അതായിരുന്നു. ഏകലവ്യനെ കണ്ടുമുട്ടുന്നതു വരെ.

ദ്രോണാചാര്യർ: എന്റെ കണക്കു കൂട്ടലുകൾ തിരുത്തിക്കുറിച്ചവനാണ് നീ. അന്ധകാരത്തിൽ ഒരിക്കലും നിനക്ക് ആഹാരം നൽകരുതെന്ന് ഞാൻ അരിവെപ്പുകാരന് നിർദ്ദേശം നൽകിയിരുന്നു. ഒരിക്കലതു സംഭവിച്ചു. കാറ്റുകൊണ്ട് ദീപം അണഞ്ഞു പോയി. മറ്റു കുമാരന്മാർ പ്രകാശം വരുന്നതു വരെ ആഹാരം കഴിക്കാതിരുന്നപ്പോൾ നീ

മാത്രം ആഹാരം കഴിച്ചു. ഇരുട്ടത്തു പോലും കയ്യും വായുമായുള്ള ബന്ധം മനസ്സിലാക്കി ഭക്ഷണം കഴിച്ചവനാണ് നീ. കണ്ണടച്ചു പിടിച്ചുകൊണ്ട് ലക്ഷ്യസ്ഥാനം കേന്ദ്രമാക്കി ആയുധം തൊടുത്തു വിടാമെന്ന് നീ സ്വയം ഗ്രഹിച്ച ദിവസവും അന്നായിരുന്നു. അതോടെ എന്നിലെ ഭയവും അടിസ്ഥാനരഹിതമായി.

അർജ്ജുനൻ: എന്നെ ആലിംഗനം ചെയ്തു കൊണ്ട് എനിക്ക് തുല്യനായ മറ്റൊരു വില്ലാളി ഉണ്ടാകില്ലെന്ന് അന്നെനിക്ക് വാക്ക് നൽകിയതാണ്. എന്നിട്ടിപ്പോൾ?

ദ്രോണാചാര്യർ: അന്നും ഇന്നും എനിക്ക് വാക്കുകൾക്ക് ലംഘനമില്ല.

അർജ്ജുനൻ: ഏകലവ്യനെ കണ്ടിരുന്നെങ്കിൽ അവിടുന്ന് ഇപ്രകാരം പറയുമായിരുന്നില്ല.

ദ്രോണാചാര്യർ: അർജ്ജുനാ നിന്റെ മനോവീര്യം വീണ്ടെടുക്കേണ്ടത് നിന്റെ ബാധ്യതയാണ്. നിന്റെ തൂണീരത്തിലെ അമ്പുക്കളെ ചോദ്യം ചെയ്യാൻ ഞാൻ ആരേയും അനുവദിക്കുകയില്ല. ഏകലവ്യൻ എന്നെ അന്ധമായി ആരാധിക്കുന്നു എന്ന് പറഞ്ഞത് സത്യമല്ലേ?

അർജ്ജുനൻ: ഏകലവ്യൻ നിർമ്മിച്ച അവിടുത്തെ കളിമൺ പ്രതിമക്ക് നിമിഷനേരത്തെ ജീവൻ ഉണ്ടായിരുന്നുവെങ്കിൽ ഗുരുഭക്തിയുടെ ശക്തമായ നിദർശനം അങ്ങേക്ക് നേരിൽ ദർശിക്കാമായിരുന്നു.

ദ്രോണാചാര്യർ: (ആലോചനാപൂർവ്വം) ഞാനിപ്പോൾ ഒരു തീരുമാനത്തിലെത്തുകയാണ്. അർജ്ജുനാ! നിന്നെ നീയല്ലാതാക്കി മാറ്റിയ ആ അജ്ഞാത ശിഷ്യനെത്തേടി ഞാൻ ശബരാലയത്തിലേക്ക് പുറപ്പെടുകയാണ്. ഏകലവ്യനെ എനിക്ക് കാണണം. എന്റെ തിരിച്ചുവരവ് പ്രതീക്ഷിച്ചിട്ടേ നിന്റെ അഭിപ്രായം പൊളിച്ചെഴുതാവൂ.

(രംഗത്തെ പ്രകാശം മെല്ലെ അണയുന്നു. പൂർണ്ണമായ അന്ധകാരം. രംഗം വീണ്ടും പ്രകാശമാനമായി. കാനനമധ്യം. പക്ഷികളുടെ കളകൂജനം. ജടാധാരിയായ കൃഷ്ണാ ജിനം ധരിച്ച കാട്ടാള കുമാരൻ ഏകലവ്യന്റെ വലതുഭാഗത്തേക്ക് തിരിഞ്ഞ് ഭയഭക്തിയോടെ കൈകൾ കൂപ്പി ധ്യാനനിമഗ്നനായി നിൽക്കുന്നു. അൽപ സമയം കഴിഞ്ഞ് ദ്രോണാചാര്യർ മെല്ലെ ഏകലവ്യനെ സമീപിക്കുകയാണ്. ധ്യാനനിരതനായി നിൽക്കുന്ന കുമാരനെ സശ്രദ്ധം വീക്ഷിക്കുനു.

ദ്രോണാചാര്യർ: (സ്വരമൊതുക്കി) ഏകലവ്യാ!

ഏകലവ്യൻ: (പൂജാ വിഗ്രഹത്തിൽ തന്നെ ശ്രദ്ധ)

ദ്രോണാചാര്യർ: കുമാരാ!

ഏകലവ്യൻ: (ഉത്സുകനായ്) ഗുരുനാഥ? അവിടുത്തെ ശബ്ദം ഞാൻ ശ്രവിക്കുന്നു.

ദ്രോണാചാര്യർ: നിന്റെ ദൃഷ്ടികൾ പിന്നോട്ടു നയിക്കൂ. ഞാനിവിടെയാണ്.

ഏകലവ്യൻ: (ഞെട്ടിത്തിരിയുന്നു. അവിശ്വസനീയത. ആശ്ചര്യം കൊണ്ട് വികസിച്ച കണ്ണുകൾ) ആചാര്യരേ! അവിടുന്ന് ഇവിടെ? ഞാൻ സ്വപ്നം കാണുകയാണോ?

ദ്രോണാചാര്യർ: നീ യഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുകയാണ്.

ഏകലവ്യൻ: അങ്ങ് എങ്ങനെ ഇവിടെയെത്തി?

ദ്രോണാചാര്യർ: ആചാര്യൻ ശിഷ്യനെത്തേടിയെത്തിയതിൽ ആശ്ചര്യം തോന്നുന്നുവോ? നിന്നിലെ അതിരു കവിഞ്ഞ സാമർഥ്യം എന്നെ ഇങ്ങോട്ടു നയിച്ചു.

ഏകലവ്യൻ: അവിടുത്തേക്ക് അനിഷ്ടം തോന്നത്തക്ക വിധത്തിൽ ഞാനൊന്നും പ്രവർത്തിച്ചിട്ടില്ല. പ്രവർത്തിച്ചത്

മനഃപൂർവ്വമല്ല താനും. കൗരവ പാണ്ഡവന്മാരുടെ പട്ടിയാണെന്നറിഞ്ഞിരുന്നെങ്കിൽ ഞാൻ ഒഴിഞ്ഞു മാറുമായിരുന്നു.

ദ്രോണാചാര്യർ: എന്തുകൊണ്ട്?

ഏകലവ്യൻ: കുമാരന്മാരുടെ നിലയും വിലയും കണക്കിലെടുക്കുമ്പോൾ ഞാനാര്? മൃഗങ്ങളോടൊപ്പം കാട്ടിൽ വസിക്കുന്ന നിസ്സാരനായ ഒരു മനുഷ്യ ജീവി. പക്ഷേ കാടിളക്കി കുരച്ചിലറി തന്റെ നേർക്കു ചാടി വന്ന നായുടെ വായ് പരിസരബോധം നഷ്ടപ്പെട്ട ഞാൻ സപ്ത ശരങ്ങളാൽ ബന്ധിച്ചു.

ദ്രോണാചാര്യർ: നിന്റെ നടപടിയെ ചോദ്യം ചെയ്യാൻ കുമാരന്മാർ മുതിർന്നില്ലേ?

ഏകലവ്യൻ: എന്നെ എതിർക്കാനുള്ള തന്റേടത്തിനുപരിയായി ഞാനാരാണെന്നറിയാനുള്ള വ്യഗ്രതയായിരുന്നു അവർക്ക്. ഒരത്ഭുത ജീവിയെകാണുന്ന വിധത്തിലായിരുന്നു അവരുടെ നോട്ടം.

ദ്രോണാചാര്യർ: നിന്റെ കർമ്മകുശലതയുള്ള അസാധാരണ പ്രകടനം അവരെ വിസ്മയപ്പെടുത്തിയിരിക്കും.

ഏകലവ്യൻ: എന്തായാലും അവരെന്നെ അഭിനന്ദിച്ചില്ല. നിന്ദിച്ചതുമില്ല. പക്ഷേ എന്റെ പ്രവർത്തനം അവിവേകമായെന്നു തോന്നി. അവിടുത്തെ അനുഗ്രഹീത ശിഷ്യരുടെ മുമ്പിൽ ഞാനൊരു ചോദ്യചിഹ്നമാകരുതായിരുന്നു.

ദ്രോനാചാര്യർ: നിന്റെ തന്റേടം എന്നെ ഇവിടെ എത്തിച്ചു.

ഏകലവ്യൻ: പരാക്രമശാലികൾക്ക് മാർഗ്ഗദർശിയായ ആചാര്യമുഖ്യാ! കാടും മേടും താണ്ടി അവിടുന്ന് ഇവിടെ വരെയെത്തിയല്ലോ. അങ്ങയെ ബുദ്ധിമുട്ടിച്ചതിൽ എനിക്ക്

അതീവ ദുഃഖമുണ്ട്. എന്റെ തെറ്റ് ചൂണ്ടിക്കാട്ടി എന്നെ ശാസിക്കാനും ശിക്ഷിക്കാനും അധികാരം അങ്ങേക്കുണ്ട്.

ദ്രോണാചാര്യർ: ശ്ലാഘിക്കേണ്ട സന്ദർഭങ്ങളിൽ ശിക്ഷിക്കുകയോ? ഭോഷ്ക്ക് പറയാതിരിക്കൂ കുട്ടീ!

ഏകലവ്യൻ: അപ്പോൾ ഗുരുനാഥൻ എന്നെ കുറ്റപ്പെടുത്തുന്നില്ലേ?

ദ്രോണാചാര്യർ: ആത്മാർത്ഥമായ പ്രശംസക്ക് പാത്രീഭൂതനാണ് നീ.

ഏകലവ്യൻ: അനിർവ്വചനീയമായ ആനന്ദത്താൽ എന്റെ മാനസം നിറഞ്ഞ് നിൽക്കുന്നു. എന്റെ അകതളിരിൽ അവിടുത്തേക്ക് സ്ഥായിയായ സ്ഥാനമുണ്ട്. (ഒരു വശത്തേക്ക് ചൂണ്ടി) മറ്റുള്ളവരുടെ ദൃഷ്ടിയിൽ ഞാൻ നിർമ്മിച്ചിരിക്കുന ഈ കളിമൺ പ്രതിമാനത്തിന് ഒരു വിലയും കല്പിച്ചിലെന്ന് വരും. പക്ഷേ എന്റെ ഗുരുനാഥൻ ഈ പ്രതിബിംബത്തിൽ കുടികൊള്ളുന്നുവെന്ന സത്യത്തിൽ അടിയുറച്ചു വിശ്വാസമുള്ള എനിക്ക് ആയോധനമുറകളിൽ ഒന്നിനൊന്ന് കയറ്റമായിരുന്നു.

ദ്രോണാചാര്യർ: ധിഷണാശാലിയായ രാജകുമാര! നിന്നെ കണ്ടുമുട്ടാൻ ഞാൻ വൈകരുതായിരുന്നു.

ഏകലവ്യൻ: ഇതുവരെ ഞാൻ അങ്ങയെ അന്വേഷിക്കുകയായിരുന്നു.

ദ്രോണാചാര്യർ: നിന്റെ ഗുരുഭക്തിയെപ്പറ്റി കേട്ടറിഞ്ഞ മാത്രയിൽ നിന്നെ കാണണമെന്നുള്ള ആവേശമായിരുന്നു എനിക്ക്.

ഏകലവ്യൻ: അങ്ങയുടെ ഇംഗിതം അറിഞ്ഞിരുന്നുവെങ്കിൽ അവിടുന്ന് എവിടെയാണോ അവിടെ ഈയുള്ളവൻ പാഞ്ഞെത്തുമായിരുന്നു.

ദ്രോണാചാര്യർ: സാമർത്ഥ്യവും വിനയവും ശിഷ്യർക്കുണ്ടായിരിക്കേണ്ട ഗുണങ്ങളാണ്. എന്റെ രൂപം നിന്റെ ചിത്തത്തിൽ സ്പഷ്ടമായിരിക്കുന്നുവെന്ന് എനിക്കറിയാം. ഒരിക്കൽ മാത്രം കണ്ടതായ എന്നെ നീ ഈ കളിമൺ പ്രതിമയിൽ എത്ര ഭംഗിയോടെ രൂപപ്പെടുത്തിയിരിക്കുന്നു. നിന്റെ കരകൗശലത്തെ ഞാനിവിടെ പുകഴ്ത്തട്ടെ.

ഏകലവ്യൻ: (ആത്മനിർവൃതിയോടെ) ഇന്നെങ്കിലും അങ്ങയെ കണ്ടുമുട്ടാൻ കഴിഞ്ഞല്ലോ. ഞാൻ ധന്യരിൽ ധന്യനാണ്.

ദ്രോണാചാര്യർ: (വിഷാദത്തോടെ) ശിഷ്യത്വം സ്വീകരിക്കുവാൻ നിർവ്വാഹമില്ലെന്ന് പറഞ്ഞ് ഒരിക്കൽ ഞാൻ നിന്നെ തിരിച്ചയച്ചു. അതെത്രയോ മൗഢ്യമാണെന്നുള്ള ബോധം എന്നെ ഇപ്പോൾ അസഹ്യമാം വിധം അലട്ടുന്നു. നിന്റെ വിസ്രംഭണത്തിന് മുമ്പിൽ ഞാനാരുമല്ലായെന്നൊരു തോന്നൽ.

ഏകലവ്യൻ: അവിടുന്ന് എന്നെ അനുഗ്രഹിച്ചാലും.

ദ്രോണാചാര്യർ: (ചിന്താധീനനായി) ആശീർവ്വാദത്തിനു വേണ്ടി ശിഷ്യൻ ഗുരുനാഥനെ സമീപിക്കുന്നു. അതിന് മുമ്പായി ഗുരുവിനോട് ശിഷ്യൻ ചെയ്യേണ്ട ചില കടപ്പാടുകളുണ്ട്.

ഏകലവ്യൻ: അവിടുന്ന് പറഞ്ഞു വരുന്നത്?

ദ്രോണാചാര്യർ: പ്രഹരണാഭ്യസനത്തിൽ പ്രാവീണ്യം നേടിയ നിനക്ക് ഗുരുവിന് കാഴ്ചവെക്കാൻ ഒന്നുമില്ലേ?

ഏകലവ്യൻ: ഗുരുദക്ഷിണ!

ദ്രോണാചാര്യർ: അത് കുമാരൻ വിസ്മരിച്ചുവോ?ഗുരുത്വം നേടിയവനേ സാദരണീയനാവൂ.

ഏകലവയൻ: (വർദ്ധിച്ച സന്തോഷത്തോടെ) നേരിൽ കണ്ട് ഗുരുദക്ഷിണ നൽകാനുള്ള അവസരം എനിക്ക്

കൈവന്നിരിക്കുന്നു. ഞാൻ ഭാഗ്യവാനാണ്. പൊൻ നാണ്യങ്ങളോ വിലപിടിപ്പുള്ള രത്നങ്ങളോ സമർപ്പിക്കാൻ എന്റെ കൈവശമില്ല.

ദ്രോണാചാര്യർ: അതൊന്നും ഞാനാവാശ്യപ്പെട്ടില്ല.

ഏകലവ്യൻ: ഞാൻ എന്നെത്തന്നെ അങ്ങേക്ക് കാഴ്ച വെക്കുനു.

ദ്രോണാചാര്യർ: ഏകലവ്യാ! അത്രയും വലിയ ത്യാഗത്തിനൊരുങ്ങണമെന്നില്ല. നിറഞ്ഞ മനസ്സോടെ നീ നൽകുന്ന കാഴ്ച എന്തായാലും ഞാനതു സ്വീകരിക്കും.

ഏകലവ്യൻ: എന്റെ ചാപവും അങ്കുശവും അവിടുത്തേക്ക് നൽകട്ടെ.

ദ്രോണാചാര്യർ: ഗുരുദക്ഷിണ ചോദിച്ചു വാങ്ങാൻ പാടില്ലാത്തതാണ്. ഗുരുവിന്റെ അഭിലാഷമറിഞ്ഞ് ദക്ഷിണ നൽകാൻ ശിഷ്യൻ തയ്യാറാകണം.

ഏകലവ്യൻ: (വിനയാന്വിതനായി) ചോദിക്കുന്നതിൽ അവിടുന്ന് കോപിക്കരുതേ! തെറ്റിദ്ധരിക്കരുതേ! അവിടുന്ന് കാംക്ഷിക്കുന്നതെന്തും നൽകാൻ ഞാൻ സന്നദ്ധനാണ്.

ദ്രോണാചാര്യർ: ഞാനാവശ്യപ്പെടുന്നതെന്തും നൽകാൻ നിനക്ക് മടിയില്ല അല്ലേ?

ഏകലവ്യൻ: ആചാര്യരേ! അവിടുന്ന് അറിയിച്ചാലും.

ദ്രോണാചാര്യർ: എത്ര വിലയേറിയ വസ്തുക്കളായാലും ഞാനാവശ്യപ്പെട്ടാൽ നീയെനിക്ക് നൽകും എനെനിക്കുറപ്പുണ്ട്. പക്ഷേ, നിന്റെ കഴിവിന്റെ പരിമിതി ഗണിച്ചേ എന്റെ ആവശ്യങ്ങൾ ഞാൻ ഉന്നയിക്കാവൂ, അല്ലേ ഏകലവ്യാ!

ഏകലവ്യൻ: അവിടുത്തെ ഇഷ്ടം.

ദ്രോണാചാര്യർ: (പറയാനുള്ള വിമുഖത) ഇന്നുവരെ ഒരു ഗുരുനാഥനും ആവശ്യപ്പെടാത്ത ഒരു ദക്ഷിണ ഞാനാവാശ്യപ്പെടുന്നു. നിന്നിൽ നിന്നും ഞാനതുമാത്രമേ പ്രതീക്ഷിക്കുന്നുള്ളു. നീയെനിക്കതു നല്കണം.

ഏകലവ്യൻ: മടി കൂടാതെ ചോദിക്കൂ ഗുരുനാഥാ!

ദ്രോണാചാര്യർ: (സാകൂതം, ഗാംഭീര്യം നഷ്ടപ്പെടാതെ) നിന്റെ വലതുകരത്തിന്റെ പെരുവിരൽ മുറിച്ച് ദക്ഷിണയായി എനിക്ക് സമർപ്പിക്കൂ.

ഏകലവ്യൻ: (ഞെട്ടലോടെ) ഗുരുനാഥാ!

ദ്രോണാചാര്യർ: (നിസ്സാരഭാവം) നിന്റെ കരങ്ങളിലെ പത്തു വിരലുകളിൽ ഒന്നു മാത്രമേ ഞാനാവശ്യപ്പെടുന്നുള്ളൂ. നിന്റെ വലതു കരത്തിന്റെ തള്ളവിരൽ മാത്രം. എന്റെ ഇച്ഛ അനുസരിച്ച് എന്തും നൽകാൻ തയ്യാറായവനാണ് നീ. അംഗുലികളിൽ ഒന്നു നഷ്ടപ്പെടുമല്ലോയെന്നോർത്ത് നിന്റെ ചിത്തം പതറുകയാണോ?

ഏകലവ്യൻ: എന്റെ ശിരസ്സാണ് അവിടുന്ന് ആവശ്യപ്പെടുന്നതെങ്കിൽ അതിനും ഞാനൊരുക്കമൊണ്.

ദ്രാഓണാചാര്യർ: അത്രയ്ക്കുള്ള ഹൃദയ കാഠിന്യം എന്നിലില്ല ഏകലവ്യാ! എന്റെ പ്രതികാരത്തിനും പ്രതിജ്ഞക്കും നിന്റെ സഹായം കൂടിയേ തീരൂ. നിന്റെ പുരോഗതിയുടെ പാതയിൽ ഇതൊരു വിലങ്ങു തടിയാണെന്നെനിക്കറിയാം. ഗുരുനാഥന്റെ വാക്ക് പാലിക്കാൻ ഉത്തമനായ ശിഷ്യന് നൽകാവുന്ന ഏറ്റവും വലിയ ഉപഹാരം. നിനക്ക് വിസമ്മതമെങ്കിൽ വേണ്ട.

ഏകലവ്യൻ: വിസമ്മതമോ? ഒരിക്കലുമില്ല ഗുരുദേവാ!

ദ്രോണാചാര്യർ: എന്നാൽ ഗുരുദക്ഷിണ സ്വീകരിക്കാൻ ഞാൻ തയ്യാറായിക്കഴിഞ്ഞു. വേഗമാകട്ടെ.

ഏകലവ്യൻ: (കൈ മുന്നോട്ടാഞ്ഞ് പെരുവിരൽ മാത്രം ഉയർത്തി ഉറച്ച തീരുമാനത്തോടെ) എന്റെ ഗുരുനാഥനു വേണ്ടി ഇതുവരേയും ഞാൻ കാത്തു സൂക്ഷിച്ചിരുന്ന ഗുരുദക്ഷിണ. (വിരൽ ചുംബിക്കുന്നു. ഏകലവ്യൻ ആചാര്യനെ നോക്കി മന്ദസ്മിതം തൂകി. ആ മുഖത്ത് എന്തെന്നില്ലാത്ത ചൈതന്യം. മെല്ലെ ആവനാഴിയിൽ നിന്നും ഒരു അസ്ത്രം വലിച്ചൂരുന്നു. എതിർഭാഗത്തേക്ക് തിരിഞ്ഞു. ഉൽക്കണ്ഠാകുലമായ നിമിഷങ്ങൾ. ദ്രോണാചാര്യരുടെ മുഖത്ത് വിവിധ വികാരങ്ങൾ സ്ഫുരിച്ചു. ഏകലവ്യൻ അസ്ത്രം പ്രയോഗിച്ച് വിരൽ മുറിക്കുകയാണ്. രക്തം തറയിൽ തുള്ളി തുള്ളിയായി വീണു കൊണ്ടിരിക്കുന്നു. അന്തരീക്ഷമാകെ രക്തവർണ്ണം. മുറിച്ച് അടക്കിപ്പിടിച്ച വിരലുമായി ഏകലവ്യൻ ഗുരുനാഥന്റെ നേരെ തിരിഞ്ഞു. രക്തം അപ്പോഴും വാർന്നുകൊണ്ടിരിക്കുകയാണ്.

ദ്രോണാചായർ: (ഗദ്ഗദത്തോടെ) ഏകലവ്യാ!

ഏകലവ്യൻ: (വേദന കടിച്ചമർത്തി, സംതൃപ്ത ഹൃദയത്തോടെ) ആചാര്യരേ! ഇതാ എന്റെ ഗുരുദക്ഷിണ. അവിടുന്ന് ഇത് സ്വീകരിച്ച് ഈ എളിയ ശിഷ്യനെ അനുഗ്രഹിച്ചാലും! നമ്രശിരസ് ക്കനായി ദ്രോണാചാര്യരുടെ പാദങ്ങളെ താണു തൊഴുന്നു)

ദ്രോണാചാര്യർ: (കരങ്ങൾ ഉയർത്തി വിറയാർന്ന സ്വരത്തിൽ) നിസ്തുലമായ ത്യാഗത്തിന്റേയും അവിസ്മരണീയമായ അർപ്പണ മനോഭാവത്തിന്റേയും അനിതര സാധാരണമായ ധാർമ്മിക ധീരതയുടേയും മകുടോദാഹരണമാണ് നീ. ഏകലവ്യാ ജീവരക്തം കൊണ്ട് നീ നൽകിയ ഈ ഗുരുദക്ഷിണ ഈ വിശ്വം നില നിൽക്കുന്നിടത്തോളം മാനവ ഹൃദയങ്ങളിൽ നിനക്കുള്ള സ്ഥിര പ്രതിഷ്ഠയായിരിക്കട്ടെ! (കണ്ണുകൾ ഈറനണിഞ്ഞു.)

**ചോദ്യങ്ങൾ**

1. നായാട്ടിന് പോയ പാണ്ഡവർ പെട്ടന്ന് തിരിച്ചെത്താൻ കാരണമെന്ത്?
2. ആരായിരുന്നു ഏകലവ്യൻ
3. എങ്ങിനെയാണ് ഏകലവ്യൻ നായയുടെ വായ് ബന്ധിച്ചത്?
4. ഗുരുദക്ഷിണയായി ദ്രോണർ ഏകലവ്യനോട് ആവശ്യപ്പെട്ടതെന്ത്?
5. ഗുരു ദക്ഷിണ ആവശ്യപ്പെട്ടപ്പോൾ ഏകലവ്യന്റെ പ്രതികരണം എന്തായിരുന്നു?

**മൂന്നോനാലോ വാക്യത്തിൽ ഉത്തരമെഴുതുക**

1. കാട്ടിൽ നിന്ന് തിരിച്ചെത്തിയ അർജ്ജുനൻ വിഷാദവാനായി കാണപ്പെട്ടതെന്തുകൊണ്ട്
2. ഏകലവ്യൻ അസ്ത്രവിദ്യ പഠിച്ചതെങ്ങിനെ?
3. കാട്ടിൽ ദ്രോണാചാര്യരെ കണ്ടപ്പോൾ ഏകലവ്യന്റെ പ്രതികരണം എന്തായിരുന്നു?
4. ഏകലവ്യന് ആചാര്യനിൽ നിന്നും കിട്ടിയ അനുഗ്രഹം എന്തായിരുന്നു?

**നൂറുവാക്കിൽ ഉത്തരമെഴുതുക**

1. ഏകലവ്യന്റെ ഗുരുഭക്തി, നിശ്ചയദാർഢ്യം, ധൈര്യം എന്നിവ നിഴലിക്കുന്ന നോവൽ എന്ന നിലയിൽ ഏകലവ്യൻ എന്ന നാടകത്തെ വിലയിരുത്തുക
2. ദ്രോണാചാര്യരുടെ പ്രതിജ്ഞയുടെയും പ്രതികാരത്തിന്റെയും പ്രതിഫലനമെന്ന നിലക്ക് ഏകലവ്യൻ എന്ന നാടകത്തെ വിലയിരുത്തുക

# പ്രകൃതിരമണീയമായ സ്വിറ്റ്സർലണ്ടിൽ

**എസ്.കെ.പൊറ്റക്കാട്ട്**

അത്ഭുതകരമായ വളരെയധികം വൈരുദ്ധ്യങ്ങളും വൈവിദ്ധ്യങ്ങളും ഒട്ടിപ്പിടിച്ച് നിൽക്കുന്ന ഒരു ചെറിയ രാജ്യമാണ് സ്വിറ്റ്സർലണ്ട്. അവിടെ അതുല്യങ്ങളായ പ്രകൃതിവിലാസങ്ങൾക്കിടയിൽ പഴയ മാതൃകയിലുള്ള പ്രജാധിപത്യം വേരുറച്ചു തഴച്ചു നിൽക്കുന്നു. ഇന്നത്തെ യൂറോപ്പിൽ സമാധാനവും സുഭിക്ഷതയും സ്വാതന്ത്ര്യവും സാമ്പത്തികഭദ്രതയും കളിയാടുന്ന ഒരു നാടുണ്ടെങ്കിൽ അത് സ്വിറ്റ്സർലണ്ട് മാത്രമാണ്.

ലോകവ്യാപകമായ ചെങ്കുരിശു സംഘങ്ങളുടെയും ഹിമക്രീഡാരംഗങ്ങളുടെയും വില്ല്യം ടെല്ലിന്റെയും പാൽക്കട്ടിയുടെയും സഹകരണ പ്രസ്ഥാനത്തിന്റെയും ഹിമഗിരിശകടങ്ങളുടെയും എംബ്രോയ്ഡറിയുടെയും ഘടികാരങ്ങളുടെയും ഓവൽടിന്നിന്റെയും ഡീസൽ എഞ്ചിന്റെയും നാടാണത്. പ്രകൃതിയും മനുഷ്യനും സഹകരിച്ചുകൊണ്ട് ഭൂലോകത്തിൽ നിർമ്മിച്ച ഒരു സൗന്ദര്യശാലയാണത്. സഞ്ചാരികളുടെ സാക്ഷാൽ സ്വർഗ്ഗഭൂമി.

യൂറോപ്പിന്റെ മോന്തായമാണ് സ്വിറ്റ്സർലണ്ട്. ആല്പ്സ് പർവ്വതനിരകളിലെ ഏറ്റവും ഉയർന്ന 'മോൻതിറോസാ' ഗിരിശൃംഗം 15,216 അടി ഉയരത്തിൽ അവിടെ നിലകൊള്ളുന്നു. പക്ഷെ, സ്വിറ്റ്സർലണ്ടിലെ 'മഗ്ഗ്യോറെ' തടാകതീരത്തിലെ നിലങ്ങൾക്ക് സമുദ്രവിതാനത്തിൽ നിന്നുള്ള ഉയരം 650 അടി മാത്രമാണ്. ശീതോഷ്ണ സ്ഥിതികളും ഭിന്നമാണ്. ഉത്തര ധ്രുവത്തിലെ കൊടും തണുപ്പും മദ്ധ്യധരണിപ്രദേശത്തെ ഇളം ചൂടും അവിടെ ഓരോ ഭാഗങ്ങളിലായി അനുഭവപ്പെടും.

ജർമ്മനി, ലെച്ച്ട്ടെൻസ്റ്റിൻ, ആസ്ത്രിയ, ഇറ്റലി, ഫ്രാൻസ് എന്നീരാജ്യങ്ങൾക്കിടയിൽ ഭദ്രമായി നിലകൊള്ളുന്ന ഒരു

സ്വതന്ത്ര രാജ്യമാണത്. സ്വയം ഭരണാവകാശമുള്ള 22 കാന്റൺ(ജില്ല)കളുടെ ഒരു സമാഹാരമാണ് സ്വിസ്സ് നാട്. സ്വിറ്റ്സർലണ്ടിന്റെ വിസ്തീർണ്ണം 16000 ചതുരശ്രമൈലാണ്. ഉപരി തലത്തിന്റെ അഞ്ചിൽ മൂന്നുഭാഗവും ആല്പ്സ്മലനിരകളിൽ മൂടിക്കിടക്കുകയാണ്. ധ്രുവപ്രദേശങ്ങളുടെ തനിപ്പകർപ്പായ ഹിമപ്പരപ്പുകളും ഹിമഗിരിശൃംഖലകളും ചേർന്ന ഈ നാടും പലേടത്തും അടർന്നു വീഴാറായ സ്ഫടികക്കൊട്ടാരങ്ങളുടെ ചിത്രമാണ് നമ്മിലങ്കുരിപ്പിക്കുന്നത്.

പടിഞ്ഞാറുഭാഗത്ത് മരതക പ്രഭ ചിതറുന്ന വനഭൂമികൾ നിറഞ്ഞ 'ജൂറാ' പർവ്വതം സ്വിറ്റ്സർലണ്ടിനെ അലങ്കരിക്കുന്നു. പ്രളയകാലത്തെ കൂറ്റൻ തിരമാലകളുടെ സ്മരണകൾ സദാ ഹൃദയത്തിൽ വഹിച്ചുനിൽക്കുന്ന ഇളം നീലത്തടാകങ്ങൾ അവിടവിടെ തങ്ങിക്കിടക്കുന്നു. ലൂസേൺ, ലെമൻ (ജനീവ) കോൺസ്റ്റൻസ് ന്യൂഷേറ്റൽ തുടങ്ങിയ ആ തടാകങ്ങളോരോന്നും, ആകൃതി കൊണ്ടും ഭാവം കൊണ്ടും പരിസരസ്വഭാവം കൊണ്ടും വ്യത്യസ്തമായ വ്യക്തിത്വം കലർന്നവയാണ്.

ഇവിടെ യൂറോപ്പിന്റെ മോന്തായത്തിലെ ഹിമസങ്കേതങ്ങൾ, ഫ്രാൻസിന്റെയും ജർമ്മനിയുടെയും ഇറ്റലിയുടെയും നേർക്ക് കനിഞ്ഞ് മൂന്നു നദികളായി ഒഴുകുന്നു. റോൺ നദി ഫ്രാൻസിലേക്കും റൈൻ നദി ജർമ്മനിയിലേക്കും ടിച്ചിനോ നദി ഇറ്റലിയിലേക്കും തിരിഞ്ഞുപോകുന്നു.

അങ്ങനെ മഞ്ഞുമലകളും മലർക്കാടുകളും മരതക മൈതാനങ്ങളും മണിത്തടാകങ്ങളും നിറഞ്ഞ ആ മായാഭൂമിയെ അധിവസിക്കുന്ന ജനങ്ങൾ അവിടത്തെ പ്രകൃതി സൗന്ദര്യത്തിന്റെ അടിമകളായി അലസജീവിതം നയിക്കുന്നവരല്ല. ആധുനിക ശാസ്ത്രത്തിന്റെ സകല കഴിവുകളും അവരവിടെ പ്രയോഗിച്ചിട്ടുണ്ട്. സ്വിസ്സ്ഭാഷ എന്നൊന്നില്ല. സ്വിറ്റ്സർലണ്ടിന്റെ തെക്കൻ ദിക്കുകളിൽ ജനങ്ങൾ ഇറ്റാലിയൻ ഭാഷയും പടിഞ്ഞാറൻ

പ്രാന്തങ്ങളിലുള്ളവർ ഫ്രഞ്ചും വടക്കർ ജർമ്മനും കിഴക്കുള്ളവർ റൊമാൻഷും സംസാരിക്കുന്നു. ഇവ നാലും സ്വിറ്റ്സർലണ്ടിലെ ദേശീയ ഭാഷകളായി അംഗീകരിക്കപ്പെട്ടവയാണെങ്കിലും ജനങ്ങളിൽ 72 ശതമാനവും ജർമ്മൻ ഭാഷയാണ് സംസാരിക്കുന്നത്. റൊമാൻഷ് സംസാരിക്കുന്നവർ ഒരു ശതമാനം മാത്രമേയുള്ളൂ.

സ്വിറ്റ്സർലണ്ട് ഒരു പഴയ കാർഷിക രാജ്യമാണെങ്കിലും ഇന്നത്തെ സ്വിസ്സുകാർ യന്ത്രശാലകളിലേക്ക് തിരിഞ്ഞിരിക്കുകയാണ്. അവിടെ ഇന്ന് ജനസംഖ്യയിൽ കാലംശം മാത്രമേ കൃഷിപ്പണി ചെയ്യുന്നുള്ളൂ. അൻപത് ശതമാനം ആളുകളും യന്ത്രശാലകളേ ആശ്രയിച്ചു കഴിയുന്നവരാണ്. സ്വിറ്റ്സർലണ്ടിലെ ജനസംഖ്യ 43 ലക്ഷമാണ്. അവരിൽ 50000ൽപരം ജനങ്ങൾ വാച്ച് നിർമ്മാണവേലകൾ കൊണ്ടാണ് കഴിയുന്നത്.

സ്വിറ്റ്സർലണ്ടിന്റെ സമീപത്തൊന്നും സമുദ്രങ്ങളില്ല. പക്ഷെ, ലോകത്തിലെ മികച്ച ആവിക്കപ്പൽ യന്ത്രങ്ങൾ നിർമ്മിക്കുന്നത് സ്വിറ്റ്സർലണ്ടിലെ യന്ത്രശാലകളിൽ നിന്നാണ്. തെക്കേ അമേരിക്കയിലും ചീനയിലും നോർവെയിലും സഞ്ചരിക്കുന്ന കപ്പലുകളിൽ സ്വിസ്സ് യന്ത്രങ്ങളുടെ മിടിപ്പാണ് കേൾക്കുന്നത്. രണ്ടു ലോക മാഹായുദ്ധങ്ങളും സ്വിറ്റ്സർലണ്ടിനെ സ്പർശിച്ചിട്ടില്ലെന്ന് മാത്രമല്ല, ഇക്കഴിഞ്ഞ രണ്ടു നൂറ്റാണ്ടിനിടയിൽ ഒരൊറ്റ യുദ്ധം പോലും സ്വിസ്സ് നാടിനെ വ്യണപ്പെടുത്തിയിട്ടില്ല. (ഹിറ്റ്ലർ പോലും സ്വിസ്സ് നാടിനെ വ്യണപ്പെടുത്തിയാലുണ്ടാകുന്ന ഭവിഷ്യത്തിനെയോർത്ത് പടം മടക്കുകയാണുണ്ടായത്). എന്നാലും അവിടെ ഓരോ പൗരനും സൈനിക സേവനം നിർബന്ധമാണ്. സേവനത്തിന്റെയും സമാധാനത്തിന്റെയും ആ നാട് തന്നെയാണ് ഇക്കഴിഞ്ഞ യുദ്ധത്തിൽ പടക്കോപ്പുകളും യുദ്ധയന്ത്രങ്ങളും വിറ്റ് ഏറ്റവുമധികം പണം സമ്പാദിച്ചത്.

ഭാഷകൊണ്ടു മാത്രമല്ല സ്വഭാവം കൊണ്ടും ആചാരങ്ങൾ കൊണ്ടും ദേഹ പ്രകൃതികൊണ്ടും തമ്മിൽ പൊരുത്തമില്ലാത്ത ജനങ്ങളാണ് അവിടെ ചിന്നിച്ചിതറിക്കിടക്കുന്നത്. മേച്ചിൽ പുറങ്ങൾ നിറഞ്ഞ മലമേടുകളിലെ ഇടയൻമാർ പരുക്കൻമട്ടുകാരായ പടുകൂറ്റൻമാരാണ് അവർ സംഭാഷണപ്രിയരല്ല, പശ്ചിമ സ്വിറ്റ്സർലണ്ടിലെ മലമുകളിലെ ഗ്രാമങ്ങളിൽ പാർക്കുന്നവരും ഒരു തരം മിണ്ടാപ്രാണികളാണ്. അവർക്കും മിണ്ടാൻ നേരമില്ല. ഒരു കണ്ണും അടച്ച് കൊണ്ട്, സൂച്യഗ്രത്തിലിരിക്കുംപോലെ അനങ്ങാതെ, ഏകാഗ്രതയോടെ വാച്ചിന്റെ സൂക്ഷ്മ യന്ത്രങ്ങൾ രാകിയും മുറിച്ചും ഘടിപ്പിച്ചും പകൽ മുഴുവനും വേല ചെയ്യുന്ന പാരമ്പര്യത്തൊഴിലുകാരാണ് അവർ. ആ ഗ്രാമങ്ങൾ മുഴുവനും സഹകരണ സംഘങ്ങളായി പ്രവർത്തിക്കുന്ന കുടിൽവ്യവസായ ശാലകളാണെന്ന് പറയാം. വാച്ചിന്റെ വിവിധ യന്ത്രഭാഗങ്ങളാണ് അവിടെ നിർമ്മിച്ചുവരുന്നത്.

ഫലപുഷ്ടിയുള്ള താഴ്വരകളിലെ കൃഷിയിടങ്ങളിലേക്ക് പ്രവേശിച്ചാൽ ഉന്മേഷശാലികളും വിനോദപ്രിയരുമായ ജനങ്ങളെയാണ് നാം കാണുന്നത്. അവരുടെ ഉത്സവങ്ങളും ദേശീയ നൃത്തങ്ങളും സംഗീതങ്ങളും സ്വിസ്സ് നാട്ടിലെ പ്രകൃതി വിലാസങ്ങൾ പോലെ തന്നെ വിചിത്രമാണ്. ചിത്രശലഭങ്ങളുടെയും മറ്റും ആകൃതിയിലുള്ള വർണ്ണത്തൊപ്പികൾ ധരിച്ച പെൺകിടാങ്ങളെയും കാതിൽ കടുക്കൻ തൂക്കി, കുടുങ്ങിയ കാലുറകളും ധരിച്ചു നടക്കുന്ന പുരുഷൻമാരെയും ആ മലയോര ഗ്രാമങ്ങളിൽ നിങ്ങൾക്ക് കാണാം.

നഗരങ്ങളിലെ യന്ത്രശാലകളിൽ ജോലി ചെയ്യുന്ന നീലക്കാലുറഷർട്ട് ധരിച്ച പുള്ളികളും നമ്മെ ആകർഷിക്കുന്നു. ഈ യന്ത്രത്തൊഴിലാളികളിൽ വലിയൊരു ഭാഗം ഇറ്റലിക്കാരാണ്. ഒരു ലക്ഷത്തിൽപ്പരം ഇറ്റലിസ്വദേശികൾ സ്വിസ്സ് നാട്ടിലെ യന്ത്രശാലകളിൽ വേലചെയ്തു വരുന്നുണ്ടത്രെ.

സ്വിസ്സുകാർ എല്ലാവരു ഒരേമതക്കാരല്ല. 60ശതമാനവും പ്രൊട്ടസ്റ്റന്റുകാരാണ്. കത്തോലിക്കർ 30 ശതമാനമേയുള്ളൂ.

ഇങ്ങനെയെല്ലാമുള്ള വൈരുദ്ധ്യങ്ങൾക്കിടയിലും ഒരു നേഷൻ എന്ന നിലയിൽ അവിടത്തെ 43ലക്ഷം ജനങ്ങളും അഭിമാനം കൊള്ളുന്നു. ആ നേഷന്റെ പഴയ രീതിയിലുള്ള സ്വാതന്ത്ര്യവും ജനാധിപത്യ സമ്പ്രദായവും വ്യക്തിത്വവും നിലനിർത്തി കൊണ്ടുവരാൻ അവർ യഥാസ്ഥിതിക മനോഭാവത്തോടെ ഉറച്ചു നിൽക്കുകയും ചെയ്യുന്നു.

സ്വിറ്റ്സർലണ്ടിലെ യന്ത്രശാലകൾക്കും മറ്റും ആവശ്യമായ അസംസ്കൃതപദാർത്ഥങ്ങൾ മുഴുവനും അവർക്ക് അന്യനാടുകളിൽ നിന്ന് ഇറക്കുമതി ചെയ്യേണ്ടി വരുന്നു. ഭക്ഷണസാധനങ്ങളുടെ കാര്യത്തിലും അങ്ങനെ തന്നെ. എന്നിട്ടും ആ നാട് സമ്പൽസമൃദ്ധമായി തന്നെ നിലകൊള്ളുന്നു. പ്രകൃതി ശക്തിയെ മെരുക്കി ഉപയോഗപ്പെടുത്തുന്നതിലുള്ള വൈദഗ്ദ്ധ്യവും ശാസ്ത്രീയമായ പുരോഗതിയുമാണ് അവരുടെ സാമ്പത്തിക ദൃഢതക്ക് കാരണം.

സ്വിറ്റ്സർലണ്ടിലെ മലകളിൽ ആയിരക്കണക്കിൽ ജലപാതങ്ങളുണ്ട്. അവയുടെ സന്ദര്യത്തിന്റെ വശം സന്ദർശകന്മാർക്ക് വിൽക്കുകയും അവയുൾക്കൊള്ളുന്ന ശക്തിയെ തുരത്തിയെടുത്ത് വിദ്യുച്ഛക്തിയാക്കി മാറ്റി ഉപയോഗപ്പെടുത്തുകയുമാണ് അവർ ചെയ്യുന്നത്. രണ്ടാം ലോകമഹായുദ്ധകാലത്ത് എണ്ണയും കൽക്കരിയും കിട്ടാതായപ്പോൾ ദേശീയ ശക്തിയാണ് അവരുടെ യന്ത്രശാലകളെ സ്തംഭിപ്പിക്കാതെ പ്രവർത്തിപ്പിച്ചത്.

പ്രകൃതി സൗന്ദര്യത്തെ ശാസ്ത്രീയമായി പരിഷ്ക്കരിച്ച് പ്രദർശിപ്പിച്ചു സന്ദർശകന്മാരുടെ പണം ആകർഷിച്ചെടുക്കാനും അവർ മിടുക്കരാണ്. സ്വിറ്റ്സർലണ്ടിലെ മലകളിലും

മലയിടുക്കുകളിലും അങ്ങനത്തെ അനേകം അത്ഭുത രംഗങ്ങൾ അവർ സൃഷ്ടിച്ചു വെച്ചിട്ടുണ്ട്.

മധ്യസ്വിറ്റ്സർലണ്ടിലെ 'ഇന്റർലേക്കൺ' എന്ന സ്ഥലത്തിനടുത്ത് ഒരു മായാവെള്ളച്ചാട്ടം ഞാൻ സന്ദർശിക്കുകയുണ്ടായി. ഇവിടെ ആൽപ്സ്നിരകളിലെ 'ലാറ്റർബ്രുണ്ണ'നടുത്ത ഒരു മലയിൽ ഗംഭീരമായ ഒര് പാറപ്പിളർപ്പിൽ ആയിരം കുതിരശക്തിയുള്ള ഒരു വെള്ളച്ചാട്ടം ഒളിഞ്ഞുകിടക്കുന്നുണ്ടായിരുന്നു. അവരതു കണ്ടെത്തിയപ്പോൾ, അതിനെയൊന്ന് പരിഷ്ക്കരിച്ച് കാശാക്കാൻ തന്നെ തീരുമാനിച്ചു. ആദ്യമായി മലമുകളിലേക്ക് യാത്രക്കാരെ വഹിച്ചു കൊണ്ടുപോകാനുള്ള ഒരു 'ഇലക്ട്രിക് ലിഫ് റ്റാ'ണുണ്ടാക്കിയത്. മുപ്പതാളുകൽക്ക ഒരേ സമയത്തു കടന്നു നിൽക്കാവുന്ന ഒരു ലിഫ്റ്റാണിത്. പിന്നെ വെള്ളച്ചാട്ടത്തിന്റെ പല കോണുകളിലേക്കും പാറയുടെ ഉള്ളിൽ പല പതനങ്ങളിലും അവർ പാതകളും തിണ്ണകളും വെട്ടിയുണ്ടാക്കിക്കൊടുത്തു. അവിടെയും നിന്നില്ല. പാറക്കുള്ളിൽ അവിടവിടെ ശക്തിയുള്ള വൈദ്യുതഫ്ലാഷ് വിളക്കുകൾ, പല വർണ്ണത്തിലും ഘടിപ്പിച്ചു വെച്ച് ആ വെള്ളച്ചാട്ട ത്തെ അത്ഭുതകരമായി നിറം പിടിപ്പിക്കുകയും ചെയ്തു.

ലിഫ്റ്റിൽ നിന്ന് ആദ്യമായി ഗുഹക്കകത്തേക്ക് പ്രവേശിച്ചു. മുമ്പിലെ ഇരുണ്ട പാറപ്പിളർപ്പിൽ അതിഭയങ്കരനായ ഒരു വെള്ളിനാഗത്തെപ്പോലെ ചീറ്റിപ്പിടയുന്ന ആ വെള്ളച്ചാട്ടം ഒന്നു നോക്കുമ്പോൾ ആരും പേടിച്ചരണ്ടു പോകും. ഏറ്റവും മുകളിലായി നേരിയ സൂര്യപ്രകാശത്തിൽ ജലപാതത്തിന്റെ നീരാവി പടലത്തിൽ നൃത്തം ചെയ്യുന്ന മഴവില്ലുകളെയാണ് നാം കാണുന്നത്. മറ്റൊരു ഗുഹാമാർഗ്ഗത്തിലൂടെ കുറേക്കൂടി താഴോട്ടിറങ്ങിയാൽ ചെന്നു മുട്ടുന്നത് പുതിയൊരു കാഴ്ചതിണ്ണയിലാണ്. ചുവന്ന വിദ്യുൽ പ്രകാശത്തിൽ ഇവിടെ വെള്ളച്ചാട്ടം ചോരച്ചാട്ടമായി മാറുന്നു. മറ്റൊരു കോണിൽ നിന്ന് നോക്കിയാൽ കണ്ണഞ്ചിപ്പിക്കുന്ന കനകപ്രഭ. നീലരത്നങ്ങൾ

ചൊരിഞ്ഞിടുന്ന ഒരു പ്രതീതിയാണ് വേറൊരിടത്ത്. തടവിലിട്ട ആ വെള്ളച്ചാട്ടത്തിന്റെ ഗർജ്ജനം കർണ്ണതന്തുക്കളെ മരവിപ്പിക്കും. പ്രപഞ്ചം പിളർക്കുന്നതുപോലുള്ള ആ ശബ്ദവും മായാവർണ്ണങ്ങളും കൂടിച്ചേരുമ്പോൾ ഒരു തലചുറ്റലുണ്ടാകും. ഈ ഭയപ്പെടുത്തുന്ന സൗന്ദര്യക്കാഴ്ച കാണാൻ സ്ത്രീകൾ ദുർലഭമായേ വരാറുള്ളുവത്രേ.

'ട്രമ്മൽ ബാച്ച്' എന്നു പേരായ ഈ വെള്ളച്ചാട്ടം കാണാൻ 2 രൂപ പ്രവേശനഫീസ് കൊടുക്കണം. മുകളിൽ കയറിയാൽ വെള്ളച്ചാട്ടം മാത്രമല്ല, ആൽപ്സ് പർവ്വതനിരകളുടേയും സ്വിസ്സ് താഴവാരങ്ങളുടേയും വിസ്മയാവഹമായ കാഴ്ചയും മുകളിലെ ഉദ്യാനത്തറയിൽ നിന്നു നിങ്ങൾക്ക് ലഭിക്കും.

സന്ദർശകന്മാരുടെ കാഴ്ചയിൽ നിന്നു മറച്ചു വെച്ച ഒരു ചെറിയ യന്ത്രശാലയും ഇവിടെ ഗൂഢമായി പ്രവർത്തിച്ചു വരുന്നുണ്ട്. അത് ഈ വെള്ളച്ചാട്ടാത്തിൽ നിന്നും വിദ്യുച്ഛക്തിയുടെ ജീവൻ വേർതിരിച്ചെടുത്തു സംഭരിക്കുന്നു യന്ത്രശാലയാണെന്നും പറയേണ്ടതില്ലല്ലോ.

മലമുകളിലേ യാത്രക്കാരെ വഹിച്ചുകൊണ്ടുപോകുന്ന വൈദ്യുത വാഹനങ്ങളാണ് നമ്മെ ആകർഷിക്കുന്ന മറ്റൊരു കാഴ്ച. ഇവിടെ നാലുതരം വാഹനങ്ങളാണ് ഗിരിസഞ്ചാരങ്ങൾക്കുപയോഗപ്പെടുത്തി വരുന്നത്. ഒന്നാമതായി, മൗണ്ടൻ റെയിൽവേ (മല ചുറ്റിക്കയറി ഓടുന്ന വൈദ്യുതവാഹനങ്ങൾ). വിദ്യുത്ച്ഛക്തി കമ്പികളെ സ്പർശിച്ചുകൊണ്ട് ഈർച്ചവാൾ ദണ്ഡുകൾ ഘടിപ്പിച്ച റെയിൽപ്പാളങ്ങളിലൂടെ സഞ്ചരിക്കുന്ന ഈ വണ്ടികൾ, മലപ്പിളർപ്പുകളുടെയും ഹിമവാഹിനികളുടേയും മീതെ കെട്ടിയ ഇടുങ്ങിയ പാലങ്ങളിലൂടേയും തുരങ്കങ്ങളിലൂടേയും ഗിരിമുനമ്പുകളിലൂടെയും അരിച്ചു കയറിപ്പോകുന്നത് അത്ഭുതാവഹമായ ഒരു കാഴ്ചയാണ്. ചുറ്റുപാടുകളും നരച്ച ഹിമക്കട്ടകളും പാറക്കെട്ടുകളുമാണ്. പലപ്പോഴും പെട്ടെന്നുള്ള

ഹിമപാതം റെയിൽ മാർഗ്ഗത്തെ മൂടിക്കളയും. റെയിലിനെ തടസ്സപ്പെടുത്തുന്ന ഹിമം കോരിയെറിഞ്ഞു കളയുന്ന ഉപകരണങ്ങളോടു കൂടിയ ട്രോളികൾ ഈ വണ്ടികൾക്കു മുമ്പിൽ നീങ്ങിക്കൊണ്ടിരിക്കും.

സ്വിറ്റ്സർലണ്ടിലെ റെയിൽവേകളിൽ എല്ലാം കൂടി 4,922 പാലങ്ങളും 667 തുരങ്കങ്ങളും നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ടത്രേ.

രണ്ടാമത്തേത് 'ഫുണീക്കുലർ' എന്നു പറയുന്ന വാഹനമാണ്. ഇതു മലയുടെ മൂർദ്ധാവിലേക്ക് കുത്തനെ കയറിപ്പോകുന്ന വൈദ്യുത വണ്ടിയാണ്. മലയുടെ അടിയിൽ നിന്ന് മുകളിലേക്ക് നേർവരയിൽ റെയിൽ സ്ഥാപിച്ചിരിക്കും. മധ്യത്തിൽ സർപ്പക്കെട്ടുപോലെ റെയിൽ മാർഗ്ഗങ്ങൾ ഘടിപ്പിച്ചുണ്ടാകും. റെയിലിനരികിൽ ചെറിയ ഇരുമ്പു കപ്പികളിലൂടെ ഒരിരുമ്പു കയറും മേൽപോട്ടു കെട്ടിയിരിക്കും. മലയുടെ മുകളിലും താഴത്തും വലിയ ബസ്സുപോലുള്ള ഓരോ വാഹനം, ഈ ഇരുമ്പുകയറിന്റെ ഓരോ അറ്റത്തും ബന്ധിച്ചു നിർത്തിയിട്ടുണ്ടാകും. ഈ രണ്ടു വാഹനങ്ങളും ഒരേ സമയത്താണ് നീങ്ങുക. ഒന്ന് മേൽപ്പോട്ടും മറ്റേത് താഴോട്ടും. കപ്പിയും കയറും ചലിക്കുന്ന ആ തത്ത്വം തന്നെയാണ് ഇവിടെയും ഉപയോഗപ്പെടുന്നത്. മുകളിലത്തെ വണ്ടി താഴോട്ടു നീങ്ങുമ്പോൾ കയർ താഴത്തെ വണ്ടിയെ മേലോട്ടു വലിച്ചു കയറ്റുന്നു. മാർഗ്ഗമധ്യത്തിലെ ആ സർപ്പക്കെട്ടിൽ വെച്ച് വണ്ടികൾ അന്യോന്യം വഴി മാറിക്കൊടുക്കുകയും ചെയ്യുന്നു. ഇത്തരം വാഹനങ്ങളിൽ മുപ്പത് മുപ്പത്തഞ്ച് ആളുകൾക്ക് ഒരേ സമയം സഞ്ചരിക്കാൻ കഴിയും.

മൂന്നാമത്തേത് 'ടെലിഫെറിക്ക്' എന്നു പറയുന്ന ഏർപ്പാടാണ്. താഴ്വരയിൽ നിന്ന് പർവ്വതശിഖരത്തിലേക്ക് ഒരു കൂറ്റൻ കമ്പികെട്ടി, ആ കമ്പിയിൽ തൂങ്ങിക്കൊണ്ട് ആകാശത്തിലൂടെ കയറിപ്പോകുന്ന വാഹനമാണ് 'ടെലിഫെറിക്ക്'. നാലാമത്തെ ഏർപ്പാട് ആകാശക്കസേരയാണ്.

ഒരു കൊടുമുടിയുടെ മുകളിൽ നിന്ന് അടുത്ത കൊടുമുടിയുടെ മുകളിലേക്കോ, താഴവരയിലേക്കോകമ്പിമാർഗ്ഗമായി വഴുതിപ്പോകുന്ന ഒരു വൈദ്യുതക്കസേര. ഈ തൊട്ടിക്കസേരയിൽ രണ്ടുപേർക്കിരിക്കാം.

സ്വിസ്സ്കാരുടെ ഉയർന്ന ജീവിതത്തോടാണ് നമ്മെ ഒന്നാമതായി ആകർഷിക്കുന്നത്. അവിടെ ദാരിദ്ര്യവും തൊഴിലില്ലായ്മയും ഇല്ലെന്നു തന്നെ പറയാം. ജനീവയിൽ താമസിക്കുന്ന ഒരിന്ത്യൻ സ്നേഹിതൻ എന്നോട് പറയുകയുണ്ടായി. “രണ്ടു വർഷം കഴിഞ്ഞ് നിങ്ങൾ ജനീവയിൽ വീണ്ടും വരികയാണെങ്കിൽ , ഇന്ന് കാണുന്ന ട്രാം പാതയിലൂടെയായിരിക്കില്ല നിങ്ങളുടെ സഞ്ചാരം. ജനങ്ങൾക്ക് തൊഴിലുണ്ടാക്കാൻ വേണ്ടി മാത്രം അധികൃതർ പഴയ വഴികൾ ഉപേക്ഷിച്ച് പുതിയ ട്രാം പാതകൽ നിർമ്മിച്ചു കഴിഞ്ഞിട്ടുണ്ടായിരിക്കും”.

ജനീവയിലെ യു.എൻ,ഒ ആപ്പീസിൽ, ഒരു സാധാരണ ടൈപ്പിസ്റ്റ് പെൺകിടാവിന് കിട്ടുന്ന ശമ്പളം മാസത്തിൽ 1,000 സ്വിസ്സ് ഫ്രാങ്കാണ്*. ഇതിനു പുറമേ ഒരുപേജിന് രണ്ട് ഫ്രാങ്ക് വീതം ചാർജ്ജ് ചെയ്ത് അവൾ പുറമേയുള്ള ആപ്പീസുകളിലെ വേലയും ഏറ്റെടുത്ത് സമ്പാദ്യം വർദ്ധിപ്പിക്കുന്നു.

ഒരു വീട്ടു വേലക്കാരിക്ക് കൂലി നിശ്ചയിക്കുന്നത് മണിക്കൂറുകൾ കണക്കാക്കിയിട്ടാണ്. മണിക്കൂറൊന്നിന് അവൾക്ക് ചുരുങ്ങിയത് 2 ഫ്രാങ്ക് കൊടുക്കണം.

സ്വിറ്റ്സർലണ്ടിന്റെ ഗണ്യമായ വരുമാനം സന്ദർശകന്മാരിൽ നിന്നാണ്. ധനികരായ അമേരിക്കൻ സന്ദർശകന്മാർക്ക് മാത്രമേ അവിടെ പൊറുപ്പിക്കനൊക്കൂ. യൂറോപ്പിലെ ഏറ്റവും ഭദ്രമായതും വിലപിടിച്ചതുമായ നാണ്യമാണ് സ്വിസ്സ് ഫ്രാങ്ക്. ഇറ്റലിയിൽ ലീറകളുടെ ലക്ഷപ്രഭുവായി സഞ്ചരിച്ചുകൊണ്ടിരുന്ന ഞാൻ ജനീവാ

സ്റ്റേഷനിലിറങ്ങി അവശേഷിച്ച ലീറകൾ സ്വിസ്സ്ഫ്രാങ്കായി മാറ്റിക്കിട്ടിയത് എണ്ണിനോക്കിയപ്പോൾ എനിക്കുണ്ടായ തരിപ്പിനെപറ്റി പറയാത്തതാണ് നല്ലത്. 4,250 ലീറകൾക്ക് ലഭിച്ചത് 25 സ്വിസ്സ് ഫ്രാങ്കാണ്. അതിൽ പത്തു ഫ്രാങ്ക് എന്റെ സാമാനങ്ങൾ ഹോട്ടലിലേക്ക് കൊണ്ടു പോകാൻ ടാക്സിക്കാരന് കൊടുക്കേണ്ടതായും വന്നു.

സ്വിറ്റ്സർലണ്ട് ഹാർഡ് കറൻസി ഏരിയയിൽപ്പെട്ട ഒരു രാജ്യമാണ്. ഇന്ത്യാഗവൺമെന്റ് ഒരിന്ത്യൻ സഞ്ചാരിക്ക് ഹാർഡ് കറൻസി രാജ്യങ്ങളിലെല്ലാം കൂടി ചെലവഴിക്കാൻ അനുവദിക്കുന്നഎക്സ്ചേഞ്ച് 80 പവൻ മാത്രമാണ്(ഏതാണ്ട് 1,060 ക). ഇത് സ്വിസ്സ് നാണ്യമാക്കുമ്പോൾ 960 ഫാങ്ക് കിട്ടും. ഒരു ബ്രിട്ടിഷുകാരന് സ്വിറ്റ്സർലണ്ടിൽ ചെലവഴിക്കാൻ അനുവദിക്കുന്ന എക്സ്ചേഞ്ച് 40 പവൻ മാത്രമാണ്. പക്ഷേ അമേരിക്കക്കാരന് നിയന്ത്രണമൊന്നുമില്ല.

960 ഫ്രാങ്ക് കൊണ്ട്, നിങ്ങൾക്കവിടെ രണ്ടുമൂന്നാഴ്ചകളിലധികം താമസിക്കാൻ സാധിക്കയില്ല. സ്വിറ്റ്സർലണ്ടിൽ വളരെ ആദായത്തിൽ ലഭിക്കുന്ന വാച്ച്, ബൈനോക്കുലർസ് മുതലായ സാധനങ്ങൾ വാങ്ങണമെങ്കിൽ ഈ പണം ഉപയോഗപ്പെടുത്താതെ നിർവ്വാഹമില്ല. സ്വിസ്സ് ഹോട്ടലുകളിൽ രാത്രിയിലത്തെ കിടപ്പിനും കാലത്തെ പ്രാതലിനും മാത്രം ചുരുങ്ങിയത് 10 ഫ്രാങ്ക് കൊടുക്കണം. ഭക്ഷണച്ചാർജ്ജ് വേറെയും. ഒരു കപ്പ് ചായക്ക് 10 ണ കൊടുക്കണം. ട്രാമിൽ 4 ണ യിൽ ചുരുങ്ങിയ ചാർജ്ജില്ല. ലോകത്തിലേക്ക് വെച്ച് ഏറ്റവും കൂടിയ നിരക്കാണ് സ്വിസ്സ് റെയിൽവേ വസ്സൂൽ ചെയ്യുന്നത്. പിക്ച്ചർ കാർഡുകളും പാലും മാത്രമേ അവിടെ ആദായവിലക്ക് കിട്ടുകയുള്ളു. ഒരു കുപ്പി 'പാസ്ചറൈസ്ഡ്' പാലിന് 35 സന്റിം (7ണ ) മാത്രമേ വിലയുള്ളൂ.

അഞ്ചാഴ്ചകൾ ഞാൻ സ്വിറ്റ്സർലണ്ടിന്റെ വിവിധ ഭാഗങ്ങളിൽ സഞ്ചരിച്ചുകൊണ്ട് കഴിച്ചു കൂട്ടി. എന്റെ സ്വന്തം 960 ഫ്രാങ്കുകൊണ്ട് യാത്രാച്ചെലവുകൾ ഒപ്പിക്കാൻ സാധിച്ചില്ല. എന്റെ മലയാളി സുഹൃത്ത് മി.സി.ബി. കുമാർ കടം തന്ന് സഹായിച്ച 200 ഫ്രാങ്ക് കൊണ്ടും എന്റെ സ്വിസ്സ് സുഹൃത്തുക്കളുടെ ആതിഥ്യങ്ങൾ കൊണ്ടുമാണ് സ്വിറ്റ്സർലണ്ട് ഏതാണ്ട് മുഴുവനും കണ്ടു തീർക്കാൻ എനിക്ക് സാധിച്ചത്.

എസ്.കെ.പൊറ്റക്കാട്ട്: 1913 മാർച്ച് 14 ന് കോഴിക്കോട്ട് ജനിച്ചു. യാത്രാവിവരണ ഗ്രന്ഥകാരൻ നോവലിസ്റ്റ്, കഥാകൃത്ത്. 1949ൽ കപ്പൽമാർഗ്ഗം ആദ്യത്തെ വിദേശ യാത്ര നടത്തി. ഒരു പാട് വിദേശ രാജ്യങ്ങളിൽ സഞ്ചരിച്ചു. ഒരു തെരുവിന്റെ കഥ, ഒരു ദേശത്തിന്റെ കഥ തുടങ്ങി ഒരു പാട് പ്രശസ്ത നോവലുകൾ രചിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഡോക്ടറേറ്റ് നൽകി ആദരിച്ചു. 1982 ഓഗസ്റ്റ് ന്നന് അന്തരിച്ചു.

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക**

1. സ്വിറ്റ്സർലണ്ടിൽ ഏത് തരത്തിലുള്ള ഭരണരീതിയാണുള്ളത്?
2. 'യൂറോപ്പിന്റെ മോന്തായം' എന്നറിയപ്പെടുന്ന രാജ്യമേത്?
3. സ്വിറ്റ്സർലണ്ടിന്റെ അയൽ രാജ്യങ്ങളേതെല്ലാം?
4. സ്വിറ്റ്സർലണ്ടിലെ ദേശീയ ഭാഷകൾ ഏതെല്ലാം?
5. എന്താണ് 'ട്രമ്മൽ ബാച്ച്'?
6. 'ഫൂണീക്കുലർ' എന്നാലെന്ത്?
7. 'ടെലിഫെറിക്' എന്നാലെന്ത്?
8. എന്താണ് സ്വിറ്റർലണ്ടിന്റെ പ്രധാന വരുമാന മാർഗ്ഗം?

**രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക**

1. സ്വിറ്റ്സർലണ്ടിനെ സഞ്ചാരികളുടെ സ്വപ്ന ഭൂമിയെന്ന് വിളിക്കാൻ കാരണമെന്ത്?
2. സ്വിറ്റ്സർലണ്ടിൽ നിന്നുത്ഭവിക്കുന്ന നദികളേതെല്ലാം അവ എങ്ങോട്ടൊഴുകുന്നു?
3. പശ്ചിമ സ്വിറ്റ്സർലണ്ടിലെ മലമുകളിൽ താമസിക്കുന്നവരുടെ പ്രത്യേകതകൾ എന്തെല്ലാം?
4. സ്വിറ്റ്സർലണ്ട് സാമ്പത്തിക ദൃഢതയുള്ള രാജ്യമാകാൻ കാരണമെന്ത്?

**നൂറു വാക്കിൽ ഉത്തരമെഴുതുക**

1. പ്രകൃതിരമണീയതയെ സമ്പത്താക്കി മാറ്റുന്നിടത്താണ് സ്വിറ്റ്സർലണ്ടിന്റെ വിജയം– ഉദാഹരണ സഹിതം വിവരിക്കുക
2. സ്വിറ്റ്സർലണ്ടിൽ പൊറ്റക്കാട്ട് കാണുന്ന കാഴ്ചകൾ ചുരുക്കി വിവരിക്കുക

# പുഴ പുഴയാകുന്നത് എപ്പോൾ?

**പി.എൻ. ദാസ്**

'ജലത്തിലത്രെ അമൃതത്വം,
ജലത്തിലത്രെ രോഗശമനകാരിത്വം,
അപ്രകാരമത്രെ ജല പ്രശസ്തി
ഇങ്ങനെയുള്ള ജല പ്രശസ്തി ഇന്നെവിടെയെത്തി?

വേൾഡ് വാച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഇറക്കിയ വൈറ്റൽ സൈൻസ്' എന്ന രേഖയിൽ പറയുന്നു: മനുഷ്യരാശി ഇന്നഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നം ഊർജ്ജപ്രതിസന്ധിയോ യുദ്ധങ്ങളോ വർഗ്ഗീയതയോ വംശീയ കലാപങ്ങളോ ഭക്ഷ്യപ്രശ്നമോ അല്ല, മറിച്ച് കുടിനീരിന്റെ പ്രശ്നമാണ്.

ഒരാൾക്കൊരു ദിവസത്തേക്ക് ആയിരം മുതൽ രണ്ടായിരം ക്യുബിക് മീറ്റർ ജലം നൽകിയാലേ ആ രാജ്യത്ത് ജലക്ഷാമമില്ലെന്ന് പറയാനാവൂ. ജലവിഹിതം ആളോഹരി ആയിരം ക്യുബിക് മീറ്ററിൽ കുറഞ്ഞാൽ ആ രാജ്യത്ത് ജലപ്രതിസന്ധിയുണ്ടെന്ന് പറയാം. 26 രാജ്യങ്ങൾ ഈ വിധം ജല പ്രതിസന്ധിയിലാണ്. ജലദൗർലഭ്യവും ജലം വഴിയുള്ള രോഗാണുബാധയും മൂലം ദിനംതോറുമം 25,000 ജനങ്ങൾ മരിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ അരനൂറ്റാണ്ടിനിടയ്ക്കുണ്ടായ സാങ്കേതിക ശാസ്ത്ര പുരോഗതിയുടെ ഫലം ഒറ്റവാക്യത്തിലെന്തായിരുനു? ഭൂമിയിലെ മുഴുവൻ പുഴകളും ഭാഗികമായോ പൂർണ്ണമായോ വിഷമയമായി.

പുരാതനേന്ത്യയിൽ മഴവെള്ളം ടാങ്കുകളിലും കുളങ്ങളിലും സംഭരിച്ചു വെക്കുന്ന പതിവുണ്ടായിരുന്നു. ബ്രിട്ടീഷ് ഭരണകൂടത്തിന്റെ വരവോടെ ആ കഥ കഴിഞ്ഞു. സ്വതന്ത്ര ഇന്ത്യൻ ഭരണകൂടം ജലത്തെ വിവേകത്തോടെ സംരക്ഷിക്കുന്നതിനു പകരം വൻകിട ജലസേചന

പദ്ധതികളെന്ന കാഴ്ചപ്പാടിലൂടെ അയുക്തികമായ ഒരു വികസന സങ്കല്പത്തെ ഇവിടെ സ്ഥാപിക്കുകയും ചെയ്തു. ഇന്ത്യയുടെ മൂന്നു ശതമാനം കരപ്രദേശത്ത് ടാങ്കുകൾ പണിയുകയാണെങ്കിൽ മഴവെള്ളത്തിന്റെ നാലിലൊന്ന് സംഭരിച്ചു നിർത്താമെന്ന് ജല മാനേജ്മെന്റ് വിദഗ്ദ്ധർ പറയുന്നു.

വൻകിട ഡാമുകളും ആണവനിലയങ്ങളും താപനിലയങ്ങളും സാങ്കേതിക –പാരിസ്ഥിതിക രാഷ്ട്രീയ മാനവിക കാരണങ്ങളാൽ അപ്രസക്തമാകാൻ തുടങ്ങിയത് എത്ര വേഗമാണ്! പർവ്വതങ്ങളെ വെട്ടിനീക്കിയ വിഡ്ഢിയായ വൃദ്ധനെപ്പോലെ ഒരാൾ, മേധാപട്ക്കർ നർമ്മദയിൽ നടത്തി വരുന്ന സമരം മനുഷ്യരാശി ഇന്ന് കീഴ്പ്പെട്ടു കിടക്കുന്ന തെറ്റായ വികസന സങ്കല്പത്തിനെതിരെ, പുരുഷ പ്രധാനമായ പാരിസ്ഥിതിക ചൂഷണത്തിനെതിരെ, സ്ത്രീ പ്രധാനമായ പാരിസ്ഥിതിക വീക്ഷണം നടത്തുന്ന സമരമാണ്. 'ഒരു മേഘത്തെ സ്വർണ്ണ ചെപ്പിലടയ് ക്കാനാവില്ല' എന്ന് ലോകബാങ്കിനോടും സർവ്വശക്തമായ അധികാരവ്യവസ്ഥയോടും പതിഞ്ഞ സ്വരത്തിൽ പറയാൻ മേധാപട്ക്കറെ പ്രചോദിപ്പിച്ച മഹത്തായ അറിവെന്തെന്നറിയലാണ് മനുഷ്യവംശത്തിന് അതിജീവനത്തിനുള്ള ഒരേയൊരു വഴി.

പുനർനവീകരിക്കാനാകാത്ത ഉപഭോഗവസ്തുക്കൾ അനിവാര്യമാണെങ്കിൽ മാത്രം ഉപയോഗിക്കുകയും സംരക്ഷണമെന്നത് അത്രമേൽ പരിഗണിക്കപ്പെടുകയും ചെയ്യുന്ന ഒരു പുതിയ ബോധം, പുതിയ മനസ്സ് ആവിർഭവിക്കേണ്ടതുണ്ട്. അത്തരം മനസ്സുള്ള ഒരാൾ വൈദ്യുതി, കടലാസ്, വെള്ളം, പെട്രോളിയം ഉൽപ്പന്നങ്ങൾ എല്ലാം ആവശ്യത്തിനു മാത്രം ഉപയോഗിക്കുന്ന ഒരാളായിരിക്കും. ആവശ്യമുള്ളതു മാത്രം വേണ്ടത്ര അളവിൽ വിലക്കു വാങ്ങുന്ന അത്തരമൊരാൾ പൂവിനെ നോവിക്കാതെ

അതിന്റെ ദളങ്ങളെ അൽപ്പം പോലും വികലമാക്കാതെ തേൻ നുകരുന്ന തേനീച്ചയെപ്പോലെ ജിവിതാവശ്യങ്ങൾ നിറവേറ്റുന്ന ഒരാളായിരിക്കും. നമ്മുടെ ഉപഭോഗ സംസ്ക്കാരത്തിൽ നിന്ന് ഇത്തരം ഒരു സംസ്ക്കാരത്തിലേക്കുള്ള ദൂരം മാവോയിസത്തിൽ നിന്ന് താവോയിസത്തിലേക്കുള്ളതിലുമധികമാണ്.

ഒന്ന് എന്ന് എഴുതാതെ രണ്ട്, മൂന്ന്, നാല് എന്നെഴുതാൻ പ്രയാസമാണ്. എന്നാൽ ഒന്ന് എന്നെഴുതി രണ്ട്, മൂന്ന്, നാല് എന്നെഴുതുക വളരെ എളുപ്പവും. മനുഷ്യന്റെ പ്രതിവിധികളുമായ് ബന്ധപ്പെട്ട വിഷയങ്ങളിലെല്ലാം ഒന്ന് എന്നെഴുതുന്നതിന് മുമ്പ് ബാക്കി അക്കങ്ങളെല്ലാം നിലതെറ്റി വരുന്നത് ഭൂകമ്പത്തേക്കാൾ വലിയ ദുരന്തമത്രേ. നൂറിലധികം ചെറു ഭൂചലനങ്ങളിലൂടെ വരാനിരിക്കുന ഒരു വൻദുരന്തത്തെപ്പറ്റി മുന്നറിയിപ്പുണ്ടായിട്ടും അതിനെ അവഗണിക്കുകയും ഒരു പ്രത്യേകദിവസം ലാത്തൂരിൽ ദുരന്തം അരങ്ങേറിയതിനു ശേഷം രണ്ട്, മൂന്ന്, നാല് എന്നെണ്ണിക്കൊണ്ടിരിക്കുകയും ചെയ്യുന്ന നമുക്ക് അടിസ്ഥാനപരമായിത്തന്നെയുള്ള ആ തകരാറെന്താണ്? ഭൂമി തന്ന മുന്നറിയിപ്പുകൾ വിവേകത്തോടെ ശ്രദ്ധിക്കുകയും അപ്പോൾത്തന്നെ ദുരന്തമുണ്ടായ പ്രദേശങ്ങളിലെ മുഴുവൻ മനുഷ്യരേയും ദീർഘദൃഷ്ടിയോടെ പുനരധിവസിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ ആ വൻഭൂകമ്പം ഒരു ദുരന്തമേ ആകാതെ മാറുമായിരുന്നില്ലേ? നാമിപ്പോൾ ഇതിനുവേണ്ടി ചെലവിടുന്നതിലും പത്തിലൊന്നു കൊണ്ട് അത് സാദ്ധ്യമാവുമായിരുന്നില്ലേ?

1975 ൽ ഒരു ലക്ഷത്തിലേറെപ്പേർ കൊല്ലപ്പെടുമായിരുന്ന ഹായ്ച്ചങ് ഭൂകമ്പത്തെ ചൈനയിലെ ഗവൺമെന്റിന്റെ മുന്നൊരുക്കങ്ങൾ കാരണം ഒഴിവായത് ലോകത്തിന്റെ മുന്നിലുണ്ട്. അന്ന്, വരാനിരിക്കുന്ന ഭൂകമ്പത്തിന്റെ സാധ്യതകൾ കൃത്യമായി മനസ്സിലാക്കി ഒരു ദശലക്ഷത്തിലേറെ ജനങ്ങൾ സുരക്ഷിതസ്ഥാനത്തേക്ക് ഒഴിച്ചു നീക്കപ്പെട്ടു.

ഹായ്ച്ചങ് ഒരു മൂവായിരം വർഷത്തിനുള്ളിൽ കണ്ടതിൽ വെച്ച് ഏറ്റവും വലിയ ഭൂകമ്പം സംഹരതാണ്ഡവമാടുന്നതിന് കൃത്യം രണ്ടരമണിക്കൂറിനുമുമ്പ് മുൻകരുതൽ നടപടികൾ പൂർത്തിയാക്കി ജനങ്ങൾ ഭൂകമ്പത്തെ കാത്തിരുന്നു. റെക്ടർ സ്കെയിലിൽ 7.3 ശക്തി രേഖപ്പെടുത്തിയ ആ ഭൂകമ്പത്തിൽ ജനസാന്ദ്രതയേറിയ ആ പ്രദേശത്തെ കെട്ടിടങ്ങൾ നൂറുശതമാനവും തകർന്നടിഞ്ഞു പോയി. ഈ സംഭവം കഴിഞ്ഞ് 28 വർഷങ്ങൾ കഴിഞ്ഞിട്ടും നമ്മുടെ ഭരണകൂടം ജനലക്ഷങ്ങളുടെ നേർക്ക് കാണിച്ച കുറ്റകരമായ ഉദാസീനത സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ ഏറ്റവും വലിയ ഭരണകൂടപാതകമായിരുനു.

മനുഷ്യരാശിയുടെ സേവകരെന്നു നാം പറയാറുള്ള ‘വലിയ മനുഷ്യരെ’ല്ലാം അവരുടെ അറിവും സ്നേഹവും സമയവുമെല്ലാം മനുഷ്യബന്ധങ്ങളിലെ ആതുരതയെ ചികിത്സിക്കാനായി ശ്രമിക്കുകയായിരുന്നു. മിത്ത്, മതം, കല, സാഹിത്യം എന്നിവയിലെല്ലാം കാടുകളും പുഴകളും വരാതിരുന്നില്ല. എങ്കിലും മനുഷ്യർ തന്നെയായിരുന്നു പ്രധാനം. ഭൂതലം മണ്ണ്, വെള്ളം എന്നിവയെ ആശ്രയിച്ചു കൊണ്ട് ഒരു വൃക്ഷം അതിന്റെ വേരുകളെ ആഴത്തിലോടിക്കുകയും ഒപ്പം സൂര്യവെളിച്ചത്തേയും വായുവിനേയും സ്വാംശീകരിച്ചുകൊണ്ട് ആകാശത്തിനു നേരെ മുഖമുയർത്തി വളരുകയും ചെയ്യുന്നു. വൃക്ഷവും ആകാശവുമായുള്ള ബന്ധം പോലെ മനുഷ്യന്റെ ബാഹ്യവും സാമൂഹ്യവുമായ പാരസ്പര്യവും, വൃക്ഷവും മണ്ണുമായുള്ള ബന്ധം പോലെ മനുഷ്യന്റെ ആന്തരികവും പാരിസ്ഥിതികവുമായ ഉദ്ഗ്രഥനവും സാധ്യമാക്കുന്ന ഒരു പുതിയ കാഴ്ചയിലേ നാമിന്നെവിടെയെത്തിയെന്ന് അറിയാൻ പോലുമാവുകയുള്ളു. തകർന്ന് മുഖം കുത്തി വീണുകിടക്കുന്ന നമ്മുടെ സാമൂഹ്യ രാഷ്ട്രീയ – മതബോധങ്ങളുടെ അവശിഷ്ടങ്ങൾക്കിടയിൽ ‘തോൽവിയടഞ്ഞ ഒരു ജീവിവർഗ്ഗമെന്ന് നിലയിൽ നാമെങ്ങനെ പുലരുന്നുവെന്നും

നാമെങ്ങനെ ലോകത്തെ കാണുന്നുവെന്നുമുള്ള അടിസ്ഥാന പ്രശ്നങ്ങളെ ഒരൽപ്പം പോലും കണ്ണടയ്ക്കാതെ കാണേണ്ടിയിരിക്കുന്നു.

അടിയന്തരാവസ്ഥയിൽ ജയിലടക്കപ്പെടുന്നതിന് മുമ്പ് ഒരുമാസത്തിലധികം എനിക്ക് പോലീസിന്റെ മർദ്ദനക്യാമ്പിൽ കഴിയേണ്ടി വന്നു. ഏതാണ്ട് മുഴുപ്പട്ടിണിയോടടുത്ത ആ ദിവസങ്ങളിൽ കക്കൂസിൽ പോകുമ്പോൾ മാത്രമാണ് അവിടെയുള്ള അഴുകിയ ബക്കറ്റിൽ ഒരൽപ്പം വെള്ളം കാണുക. ക്യാമ്പിൽ മറ്റു വസ്ത്രങ്ങളൊന്നും പാടില്ല. മാസങ്ങളോളം വിയർപ്പും മൂത്രവുമൊക്കെ പുരണ്ട് നാറുന്ന ട്രൗസറിട്ട ഞങ്ങൾ തടവുകാർ പരസ്പരം കാണുമ്പോൾ ഞങ്ങൾക്കൊന്നും തോന്നിയിരുന്നില്ല.

വൈകുന്നേരങ്ങളിൽ വിശന്ന വയറോടെ മരവിച്ച മനസ്സുമായി ഇരിക്കാറുള്ള എന്റെ മുറിയിലേക്ക് ഒരു കാവൽ പോലീസുകാരൻ പതിവായി വന്നിരുന്നു. ദയ തോന്നിയിട്ടാവണം എന്തെങ്കിലും കൊണ്ടുവരട്ടേയെന്ന് പലവട്ടം വളരെ രഹസ്യമായി അയാൾ ചോദിച്ചപ്പോൾ ഒരു പ്രത്യേക വസ്തു ആവശ്യപ്പെടാമെന്നുറച്ചു; ഒരു ചെറിയ കഷണം അലക്കു സോപ്പ്. പിറ്റേന്നയാൾ 501 ബാർ സോപ്പിന്റെ ഒരു കഷണം അതിരഹസ്യമായി കൊണ്ടുവന്നു. അന്നുരാത്രി അതുമായി ഞാൻ കക്കൂസിൽ പോയി. ആ രാത്രിയിൽ തണുത്ത വെള്ളത്തിൽ സോപ്പ് പതച്ച് കൈകാലുകളും മുഖവും കഴുകിയപ്പോഴുണ്ടായ നിർമ്മലതയും ശാന്തിയും ഞാൻ മറക്കില്ല. 'വേദനിപ്പിക്കുന്ന അനുഭവങ്ങൾ കൊണ്ട് പഠിച്ചാൽ മാത്രമേ മനുഷ്യന് വെള്ളത്തിന്റെ യഥാർഥ മൂല്യം മനസ്സിലാവൂ' എന്ന് ലോർഡ് ബൈറൺ എഴുതിയതിന്റെ പിന്നിലുള്ള അനുഭവയാഥാർത്ഥ്യം വാക്കുകൾക്ക് പകരാനാവില്ല. 'ആനന്ദകരമായ അനുഭവങ്ങൾ കൊണ്ടുകൂടി പഠിക്കുമ്പോഴേ വെള്ളമെന്നാൽ എന്തെന്നറിയാനാവൂ.' എന്ന് ഉണർത്തിയ അനുഭവങ്ങളും ഇത്തിരി ഇടം കിട്ടാൻ വെമ്പിവരുന്നു.

അഞ്ചു വർഷങ്ങൾ ഒരു പുഴക്കരയിൽ, ജലത്തിന്റെ നിറസമൃദ്ധിയിൽ, അതിനെ നന്നായറിഞ്ഞുകൊണ്ട് കഴിയാനെനിക്കവസരമുണ്ടായി. ജർമ്മൻ പ്രകൃതി ചികിത്സകൻ ലൂയികുനിയുടെ ജലചികിത്സയെക്കുറിച്ച് 20 വർഷം മുമ്പൊരു പുസ്തകത്തിൽ നിന്നറിഞ്ഞത് സ്വന്തം ശരീരത്തിൽ പരീക്ഷിച്ചറിഞ്ഞ ആ കാലം വെള്ളത്തിന്റേയും മണ്ണിന്റേയും രോഗശമനശക്തികൾ എനിക്ക് വെളിപ്പെടുത്തി തന്നു. പൈതൃകമായിക്കിട്ടിയ ഗുരുതരമായ എന്റെ ആസ്ത്മയെ ജലചികിത്സ വഴി നിയന്ത്രിക്കാൻ സാധിച്ച ഭാരതപ്പുഴയുടെ തീരത്ത് താമസിച്ച അഞ്ചു വർഷങ്ങൾ പരിസ്ഥിതിയോടും മനുഷ്യരോടുമെല്ലാം പുതിയ ഒരു മനസ്സോടെ അടുക്കാൻ ഇടതന്നു.

ചന്ദ്രൻ മേഘങ്ങൾക്കിടക്ക് മറയുകയും സൂര്യൻ ഉദിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതിന് താഴെ ധാരാളം കിളികളുടെ ഒച്ചകൾക്കിടയിൽ, ശാന്തമായൊഴുകുന്ന ഭാരതപ്പുഴയിൽ മണിക്കൂറുകളോളം ഏകനായ് കുളിച്ചുകൊണ്ടിരുന്ന ഓർമ്മ ഉള്ളിലുണ്ട്.

നിലാവുള്ള രാത്രികളിൽ പുഴ ഞങ്ങളെ കാത്തു നിന്നു. അതിർ കാണാത്ത മണപ്പുറങ്ങൾക്കിടയിൽ പുഴ ഒഴുകി. വളരെ വൈകും വരെ കെ.ജി ശങ്കരപ്പിള്ള ടാഗോറിന്റെ ‘വസുന്ധര’, ‘അരുവിയുണരുന്നു’, എന്നീ കവിതകൾ നിറഞ്ഞ വാത്സല്യത്തോടെ ചൊല്ലിത്തന്നതും പിന്നീടവിടെ മണപ്പുറത്തുതന്നെ പുലരും വരെ കിടന്നുറങ്ങിയതുമായ ആ കാലത്തിൽ നിന്ന്, അതിനുമെത്രയോ വിദൂരകാലത്തിൽനിന്ന് ഒഴുകിക്കൊണ്ടിരിക്കുന്ന ആ പുഴയുടെ ഓജസ്സും ജീവനും നമ്മുടെ വികസന സംസ്ക്കാരം എത്ര വേഗമാണ് വിലക്കെടുത്തത്?

ദിനോദയത്തിൽ അനന്തതയിലേക്ക് പ്രവഹിച്ചുകൊണ്ടിരിക്കുന്ന പുഴ. വിരാമമില്ലാത്ത ജലമർമ്മരം. അകലേക്ക് നീങ്ങുന്ന വള്ളം. അതിന്റെ മിനുസമായ മുനമ്പിൽ

തല ചായ് ച്ചുകൊണ്ട് നിങ്ങൾ കമിഴ്ന്നു കിടക്കുന്നു. നിങ്ങൾ അതിരാവിലെ ആ വഞ്ചിയിൽ നിന്നുണർന്നതും പുഴയുടെ ഒഴുക്കിന്റെ ഒച്ച കേട്ടുകൊണ്ടിരിക്കുന്നതും ഒന്നിച്ചാണ്. പിന്നെ, വഞ്ചി ഇളകുകയും, മുന്നോട്ട് മുന്നോട്ട് ചലിക്കുകയും പുഴ ഒഴുകുകയും പുഴയുടെ നാളങ്ങൾ വിരാമമില്ലാതെ സ്വകാര്യമായ ആമന്ത്രണങ്ങളുരുവിടുകയും ചെയ്തുകൊണ്ടേയിരിക്കുന്നു. പുഴ ഒഴുകുന്നു. വഞ്ചി ഒഴുകുന്നു. ഓളങ്ങളൊഴുകുന്നു, ആകാശമൊഴുകുന്നു, കരയൊഴുകുന്നു, നിങ്ങളൊഴുകുന്നു. നിങ്ങളുടെ ബോധമൊഴുകുന്നു. വിരാമമില്ലാത്ത, ഭൂതമില്ലാത്ത, നാശമില്ലാത്ത അനശ്വര വർത്തമാനത്തിന്റെ മാന്ത്രികമായ ഒഴുക്ക് മാത്രം. ദുഃഖങ്ങൾ അറ്റു പോകുന്നത് ഇപ്പോളാണ്. സംഘർഷങ്ങൾ ഇല്ലാതാകുന്നത് ഇപ്പോളാണ്. ഭീതി മാഞ്ഞുപോകുന്നത് ഇപ്പോഴാണ്. സ്നേഹം സ്നേഹമാകുന്നത് ഇപ്പോഴാണ്. പുഴ പുഴയാകുന്നത് ഇപ്പോഴാണ്...

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. എന്താണിന്ന് മനുഷ്യരാശി അനുഭവിക്കുന്ന ഏറ്റവും വലിയ പ്രശ്നം?
2. എപ്പോഴാണ് രാജ്യത്ത് ജലക്ഷാമമില്ലെന്ന് പറയാനാവുക?
3. ലോകബാങ്കിനോടും അധികാരവ്യവസ്ഥയോടും മേധാപട്ക്കർ പറഞ്ഞതെന്ത്?
4. ഏതു ഭൂകമ്പമാണ് മുന്നൊരുക്കങ്ങൾ മൂലം ചൈന അപകടരഹിതമാക്കിയത്? എങ്ങനെ?
5. വെള്ളത്തിന്റെ മൂല്യത്തെ കുറിച്ച് ലോർഡ് ബൈറൺ പറഞ്ഞതെന്ത്?

**മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക:**

1. ഇന്ത്യൻ ഭരണകൂടം ജലസംഭരണത്തിന്റെ കാര്യത്തിൽ അയുക്തികമാണെന്ന് പറയാൻ കാരണമെന്ത്?
2. ഏതു തരത്തിലുള്ള പുതിയ ബോധവും പുതിയ മനസ്സുമാണ് ലേഖകൻ ആഗ്രഹിക്കുന്നത്?

3. എപ്പോഴാണ് ലേഖകന് പരിസ്ഥിതിയോടും മനുഷ്യരോടുമെല്ലാം പുതിയ മനസ്സോടെ അടുക്കാൻ കഴിഞ്ഞത്?
4. വെള്ളം വിലപിടിപ്പുള്ള വസ്തുവാണെന്ന് ലേഖകന് സ്വന്തം അനുഭവത്തിൽ നിന്ന് ബോധ്യപ്പെട്ടതെപ്പോൾ?

**നൂറുവാക്കിൽ ഉത്തരമെഴുതുക:**

1. ജലവിനിയോഗത്തിലെ താളപ്പിഴകൾ ജീവിതത്തെ ദുരിതപൂർണ്ണമാക്കും എന്ന മുന്നറിയിപ്പാണ് 'പുഴ പുഴയാകുന്നത് എപ്പോൾ' എന്ന ലേഖനത്തിൽ കാണുന്നത്. പരിശോധിക്കുക.
2. ഭാവിയിലെ അപകടങ്ങൾ മുൻകൂട്ടി കാണാനാവാത്ത ഇന്ത്യൻ ഭരണകൂടത്തിന്റെ കഴിവു കേടുകളെ സൗമ്യമായി ചൂണ്ടിക്കാണിക്കുകയാണ് 'പുഴ പുഴയാകുന്നതെപ്പോൾ' എന്ന ലേഖനം. വിവരിക്കുക.

BLUE PRINT OF THE QUESTION PAPER

| OBJECTIVES CONTENTS | | KNOWLEDGE അറിവ് | | | COMPREHENSION ഗ്രഹണം | | | EXPRESSION പ്രയോഗം | | | APPRECIATION ആസ്വാദനം | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| SL. NO | TOPICS | VERY SHORT | SHORT ANSWER | ESSAY | VERY SHORT | SHORT ANSWER | ESSAY | VERY SHORT | SHORT ANSWER | ESSAY | VERY SHORT | SHORT ANSWER | ESSAY |
| 1 | POETRY പദ്യം | 4 | | | | 4 | | 3 | | 7 | | 4 | 7 |
| 2 | PROSE ഗദ്യം | 3 | | | | 4 | | 3 | 3 | | | 4 | 7 |
| 3 | NON-DETAILED ഉപ പാഠം | 3 | | | | 3 | | | 4 | | | | 7 |
| 4 | GRAMMAR വ്യാകരണം | 1 | 2 | | 1 | | | | | | | | |
| 5 | COMPOSITION രചന | 1 | 3 | | | 2 | | 2 | 2 | 3 | | 3 | |

MAX MARKS 90

| Level of Difficulties | ESSAY 25% | AVERAGE 55% | DIFFICULT 20% |
|---|---|---|---|

The total teaching hours for I PUC Malayalam is 120 hours

## I. Poetry

| | |
|---|---|
| a) Text | 40 hours |
| b) Exercise | 10 hours |
| Total | 50 hours |

## II Prose

| | |
|---|---|
| a) Text | 30 hours |
| b) Exercise and Grammar | 10 hours |
| Total | 40 hours |

## III Non Detailed

| | |
|---|---|
| a) Text | 10 hours |
| b) Exercise | 10 hours |
| Total | 20 hours |

## IV Internal Assessment 10 hours

Internal Assessment is considered such as Attendance, Class test, Poetry reciting , Quiz , General essay writing etc..

# MODEL QUESTION PAPER

Time 3Hrs                                        Max-Marks 90

Total no of Questions 40

Total No of Pages   05

**I ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക:**                **10x1=10**

1. മനുഷ്യജീവിതത്തിന്റെ ക്ഷണികതയെ ശ്രീരാമൻ വ്യക്തമാക്കുന്നതെങ്ങനെ?
2. കൃഷ്ണന്റെ ഓടക്കുഴൽ രാഗത്തെ കേട്ടപ്പോൾ കാളിന്ദി എന്തു ചെയ്തു?
3. വെൺ മുകിൽ തുണ്ടുകളെ മാലാഖമാരോടുപമിച്ചതിന്റെ സാരസ്യമെന്ത്?
4. വെള്ളമൊഴിച്ചു കൊടുത്തതിന് ശേഷമുള്ള മുല്ലവള്ളിയുടെ മാറ്റത്തെ കവി എങ്ങനെ വിശേഷിപ്പിക്കുന്നു?
5. അരിസ്റ്റോട്ടിലിന്റെ അഭിപ്രായത്തിൽ ഹാസ്യത്തിന്റെ ഹേതുവെന്ത്?
6. ഗെഥെക്ക് കാളിദാസശാകുന്തളത്തിന്റെ മാഹാത്മ്യം എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിഞ്ഞതിന്റെ കാരണമെന്ത്?
7. ജന്തുശാസ്ത്രത്തെക്കുറിച്ച് സാധാരണക്കാരന്റെ ധാരണയെന്ത്?
8. ജീവിതത്തിൽ ആദ്യമായി സൈക്കിളിൽ കയറിയ വിടിയുടെ അനുഭവം എങ്ങനെയായിരുന്നു?
9. ശ്രീലങ്കയിലെ ഏത് സ്ഥലമാണ് വേണുഗോപാൽ കാണാനാഗ്രഹിക്കുന്നത്? എന്തുകൊണ്ട്?
10. സ്വിറ്റ്സർലണ്ടിലെ ദേശീയ ഭാഷകൾ ഏതെല്ലാം?

**II മൂന്നോ നാലോ വാക്യത്തിൽ ഉത്തരമെഴുതുക 10x2=20**

11. കേകി നിരകൾ വേണുഗാനം ആസ്വദിച്ചതെങ്ങനെ?

12. ദരിദ്രന്റെ നിർജ്ജീവമായ പെട്ടി കൊണ്ടുപോകുന്നതിനെ കവിതയിൽ വർണ്ണിക്കുന്നതെങ്ങനെ?

13. കാളിയന്റെ പത്തിയിൽ കണ്ണൻ നൃത്തമാടിയതെങ്ങനെ?

14. കാലക്രമേണ മകന്റെ കൈകൾ എന്തിനുതകുമെന്നാണ് കവയത്രി പറയുന്നത്?

15. വാടകവീടിന്റെ മുറ്റത്ത് നിൽക്കുന്ന മുല്ലവള്ളിയുടേ ശോഷിച്ച അവസ്ഥയെ കവി വിവരിക്കുന്നതെങ്ങനെ?

16. വികാരം ഹാസ്യത്തിന്റെ ശത്രുവാണെന്ന് പറയാൻ കാരണമെന്ത്?

17. വാത്മീകിരാമായണം ഏകലോക വീക്ഷണത്തെ പ്രകീർത്തിക്കുന്നത് എങ്ങനെയെല്ലാം?

18. പാതായ്ക്കര ശക്തന്മാരെ പരീക്ഷിക്കാനെത്തിയ പരദേശിബ്രാഹ്മണനുണ്ടായ അനുഭവമെന്ത്?

19. ജന്തുക്കളെക്കുറിച്ചുള്ള പഠനം കൊണ്ട് ചരിത്രാതീതകാലത്തുണ്ടായ പ്രയോജനമെന്ത്?

20. നായക്കുട്ടി വന്ന ശേഷം രാമുവിന്റെ ദിനചര്യ എന്തായിരുന്നു?

21. കാട്ടിൽ ദ്രോണാചാര്യരെ കണ്ടപ്പോൾ ഏകലവ്യന്റെ പ്രതികരണം എന്തായിരുന്നു?

22. ഇന്ത്യൻ ഭരണകൂടം ജലസംഭരണത്തിന്റെ കാര്യത്തിൽ അയുക്തികമാണെന്ന് പറയാൻ കാരണമെന്ത്?

**III ഒരു ഖണ്ഡികയിൽ സന്ദർഭവും ആശയവും വ്യക്തമാക്കുക**

**(നാലെണ്ണത്തിന് ) 4x3=12**

23. ‘രോഗങ്ങളായുള്ള ശത്രുക്കളും വന്നു

ദേഹം നശിപ്പിക്കുമേവനും നിർണ്ണയം’

24. 'പക്ഷികൾ പാടിയില്ലാടിയില്ലാലില–
യിക്ഷിതി തന്നെ മരവിച്ച പോലെയായ്'

25. രോഗമൂർച്ഛയിൽ നിന്നും ക്ഷണമാത്ര
മോചനത്തിന്നമൃതം കിനിയുമോ?

26. നീഗ്രോവിന്റെയും ഇംഗ്ലീഷുകാരന്റെയും ഉള്ളിലെ നിറം ഏതാണെന്ന്
ചിത്രീകരിക്കുമ്പോഴേ അയാൾ സാഹിത്യകാരനാകുന്നുള്ളൂ'

27. 'കൊതുകിന്റെ കുഞ്ഞുങ്ങളുടെ ശ്വാസോച്ഛ്വാസ സമ്പ്രദായ
ങ്ങൾ മനസ്സിലാക്കുവാൻ ജന്തുശാസ്ത്രജ്ഞൻമാർ ശ്രമിച്ചി
ല്ലായിരുന്നെങ്കിൽ ഈ രഹസ്യം വെളിപ്പെടുമായിരുന്നില്ല'

28. അലക്കിക്കൊണ്ടുവന്ന വസ്ത്രഭാണ്ഡത്തിൽ നിന്നും ഘ്രാണ
ശക്തികൊണ്ട് അതാതാളുകളുടെ വസ്ത്രങ്ങൾ തിരിച്ചറിയാനുള്ള
കഴിവുകൂടി അവൾ പ്രകടിപ്പിച്ചിരുന്നു'

**IV നൂറുവാക്കിൽ ഉത്തരമെഴുതുക (നാലെണ്ണത്തിന്) 4x7=28**

29. തിന്മയുടെ മേൽ നന്മയുടെ വിജയമാണ് 'കർമ്മഭൂമിയുടെ
പിഞ്ചുകാൽ' എന്ന കവിത. പരിശോധിക്കുക.

30. സ്നേഹബന്ധങ്ങൾ വേർപെടുന്നത് വേദനാജനകമാണെന്ന് ഈ
കവിതയെ മുൻനിർത്തി കവി സമർത്ഥിക്കുന്നത്
എങ്ങനെയെല്ലാം?

31. ഹാസ്യത്തിന്റെ ഉൽപ്പത്തികാരണത്തെക്കുറിച്ചുള്ള
സിദ്ധാന്തങ്ങൾ വിവരിക്കുക

32. പാതായ്ക്കരമനയിലെ ജീവിതത്തിന് 'മറക്കാത്ത നിമിഷങ്ങൾ'
എന്ന വിശേഷണം ഏതെല്ലാം വിധത്തിലാണ് യോജിക്കുന്നത്?

33. അച്ഛന്റെ വേരുകൾ തേടി കടുഗണ്ണാവയിലെത്തുന്ന
വേണുഗോപാലിന്റെ അനുഭവങ്ങൾ വിവരിക്കുക

34. ദ്രോണാചാര്യരുടെ പ്രതിജ്ഞയുടെയും പ്രതികാരത്തിന്റെയും
പ്രതിഫലനമെന്ന നിലക്ക് 'ഏകലവ്യൻ' എന്ന നാടകത്തെ
വിലയിരുത്തുക

**V ആശയം വിശദമാക്കി ഒരു ഖണ്ഡിക എഴുതുക (ഒന്നിന്)**

**1x4=4**

35. 1) മിന്നുന്നതെല്ലാം പൊന്നല്ല'

2)ബന്ധുര കാഞ്ചനക്കൂട്ടിലാണെങ്കിലും

ബന്ധനം ബന്ധനം തന്നെ പാരിൽ'

36. **a) പദം പിരിച്ച് സന്ധി നിർണ്ണയിക്കുക (നാലു പദങ്ങൾക്ക്)**

**4x½=2**

1)കുശലമാരംഭിച്ചു, 2) പൊക്കിയെടുത്തു 3) പണ്ടൊരു

4) വിശാലമായ 5) അവധിയെടുത്തു 6) കാണാതായി.

**b) വിഗ്രഹിച്ച് സമാസം നിർണയിക്കുക ( നാലു പദങ്ങൾക്ക്)**

**4x½=2**

1)പൂമുഖപ്പടി 2)ചവിട്ടു വണ്ടി 3)പിഞ്ചു ഹൃദയം

4)തരുലതാദികൾ 5)കരിംകുരങ്ങ് 6)വാസനാ വൈഭവം

**37. a) വിപരീത പദമെഴുതുക (രണ്ടു പദങ്ങൾക്ക്) 2x½=1**

1) ശക്തി ,2) മന്ദം, 3)പുരോഗതി, 4) വളർത്തുക,

38. **b) രണ്ടു പര്യായം വീതമെഴുതുക(രണ്ടു പദങ്ങൾക്ക്) 2x½=1**

1മരം, 2) പെണ്ണ്, 3) മഴ

**38** a) **വൃത്തം നിർണ്ണയിക്കുക (ഒന്നിന്) 1x3=3**

1) വെള്ളത്തിൻ തുള്ളികളൊട്ടൊട്ടു നിന്നാടീ,
വെള്ളിയലുക്കുകളെന്ന പോലെ

2) രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറ–
ത്തുണ്ടായൊരാ മഹാത്യാഗത്തെയിപ്പോഴും

b) **അലങ്കാരം നിർണ്ണയിക്കുക (ഒന്നിന്)** **1x3=3**

1) പാതവക്കത്തെ മരത്തിൻ കരിനിഴൽ
പ്രേതം കണക്കെ ക്ഷണത്താൽ വളരവെ,

2) വെണ്ണിലാവൊളിയെണ്ണ പുരട്ടിയ
വെൺമലർത്തിരി നീട്ടിച്ചിരിച്ചു നീ!

**39 പദങ്ങൾ പിരിച്ചെഴുതുക.** **2**

4. പക്ഷികൾ പാടിയില്ലാടിയില്ലാലില–
യിക്ഷിതി തന്നെ മരവിച്ച പോലെയായ്

**40 വാക്യത്തിൽ പ്രയോഗിക്കുക: (നാല് പദങ്ങൾ)** **4x½=2**

1) നിസ്തുലം, 2) വിലസുക, 3) നിലയുറപ്പിക്കുക,
4) ഉദയംകൊള്ളുക, 5) പരിപാലിക്കുക, 6) ഉൾവലിയുക.